തിരുവിതാംകൂർ സർവ്വകലാശാല

ഭാഷാഗ്രന്ഥാവലി—൩൩



തന്ത്രസമുച്ചയം

ഭാഷാവ്യാഖ്യാനസഹിതം

(രണ്ടാംഭാഗം)

[൭ മുതൽ ൧൨ വരെ പടലങ്ങൾ]

ഗ്രന്ഥകർത്താ

ചേന്നാസ്സുമനയ്ക്കൽ നാരായണൻനമ്പൂതിരിപ്പാട്.

വ്യാഖ്യാതാ

കുഴിക്കാട്ടു മഹേശ്വരൻ ഭട്ടതിരിപ്പാട്.

പ്രസാധകൻ:

വൈദ്യശാസ്ത്രനിപുണൻ, എൽ. എ. രവിവർമ്മാ,

ആണററി ഡയറക്റ്റർ, ഓറിയൻറൽ മാനസ്ക്രിപ്റ്റ്സ്

ലൈബ്രറി, യൂനിവേഴ്സിററി ആഫ് ട്രാവൻകൂർ,

തിരുവനന്തപുരം.

തിരുവനന്തപുരം:

തിരുവിതാംകൂർ സർക്കാരച്ചുക്കൂടത്തിൽ അച്ചടിച്ചത്:

൧൯൪൧—൧൧൧൬

 [വില ക. ൧; ണ. ൪,

UNIVERSITY OF TRAVANCORE

MALAYĀLAM SERIES No. 66.



THE TANTRASAMUCCAYA

with Malayāḷam commentary

(PART II)

[5 to 8 Paṭalās].

AUTHOR :

Cēnnās Maṇakkal Nārāyaṇan Nampūtirippād.

COMMENTATOR :

Kuzhikkāṭṭu Mahēśvaran Bhaṭṭatirippad.

EDITED BY

Vaidyaśāstranipuṇaḥ, L. A. Ravi Varmā,

Honorary Director, Oriental Manuscripts Library,

University of Travancore,

Trivandrum.

TRIVANDRUM :

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1942.

[Price—Rs. 1-8-0.

മുഖവുര.

ഭാഷാവ്യാഖ്യാനത്തോടുകൂടിയ "തന്ത്രസമുച്ചയ"ത്തിന്റെ രണ്ടാംഭാഗമാണ് ഇപ്പോൾ പ്രകാശിപ്പിക്കുന്നതു്. ഇതിൽ ൫ മുതൽ ൮ വരെയുള്ള നാലു പടലങ്ങൾ അടങ്ങിയിരിക്കുന്നു. ബാക്കി നാലുപടലങ്ങൾ ൩-ാംഭാഗമായി വഴിയേ പുറപ്പെടുന്നതാണ്. ഗ്രന്ഥകർത്താവിനെയും മറ്റുംപറ്റി, ഒന്നാംഭാഗത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു്, ഇവിടെ ആവർത്തിക്കുന്നില്ല. ഇതിന്റെ പൂർവ്വഭാഗം 'തിരുവിതാംകൂർ ഭാഷാഗ്രന്ഥാവലി' ൬൪-ാം നമ്പരായി പ്രകാശിപ്പിച്ചിട്ടുള്ളതാണ്.

ഹസ്തലിഖിതഗ്രന്ഥശാലാ,
തിരുവനന്തപുരം,
൧൦-൧൧-൧൧൭.

ഓണററി ഡയറക്ടർ,
ഡോക്ടർ എൽ. എ. രവിവർമ്മാ.



ശ്രീ

തന്ത്രസമുച്ചയം

(രണ്ടാംഭാഗം)

ഭാഷാവ്യാഖ്യാനസഹിതം

പഞ്ചമപടലം

അനന്തരം അഞ്ചാമത്തെ പടലംകൊണ്ടു ധ്യാനാധിവാസത്തെ പറയുന്നു; —

സ്നാത്വാ ഗുരുഃ കൃതദിനാന്തവിധിഃ സുവാസാഃ
സ്വാചമ്യ നവ്യവസനേന കൃതോത്തരീയഃ
ബിംബാഗ്രതഃ സമുപവിശ്യ പവിത്രപാണി-
ർവന്ദേത സാഞ്ജലിരഥോ ഗുരുവിഘ്നരാജാൻ. ൧

ഗുരുഃ സ്നാത്വാ - ആചാൎയ്യൻ തദൎത്ഥമായിട്ട് മന്ത്രസ്നാനത്തെച്ചെയ്ത്, കൃതദിനാന്തവിധിഃ - വൈകുന്നേരത്തെ സന്ധ്യാവന്ദനാദിനിത്യകൎമ്മത്തെച്ചെയ്കയാൽ, സുവാസാഃ സ്വാചമ്യ - കോടിവസ്ത്രത്തെ ഉടുത്ത് മന്ത്രാചമനത്തെയും ചെയ്ത്, നവ്യവസനേന കൃതോത്തരീയഃ - കോടിവസ്ത്രംകൊണ്ട് ഉത്തരീയത്തെയുമിട്ട്, ബിംബാഗ്രതഃ സമുപവിശ്യ - ദേവന്റെ മുമ്പിൽ തെക്കഭാഗത്തായിട്ടു [സ്വാസനത്തിങ്കൽ വടക്കോട്ടോ താൻ കിഴക്കോട്ടായിട്ടാണിരിക്കേണ്ടത്]; പവിത്രപാണിഃ - തദൎത്ഥമായി സ്വൎണ്ണപവിത്രത്തെ കൈയിന്മേൽ ധരിച്ച്, സാഞ്ജലിഃ ഗുരുവിഘ്നരാജാൻ വന്ദേത - അഞ്ജലിമുദ്രകൊണ്ടു ശിവാദികളായിരിക്കുന്ന ഗുരുക്കന്മാരെയും ഗണപതിയെയും പരമാത്മാവിനെയും വന്ദിപ്പൂ. ശിവാദിശ്രീഗുരുഭ്യോ നമഃ; ശ്രീമഹാഗുരുഭ്യോ നമഃ; ഗം ഗണപതയേ നമഃ; പം പരമാത്മനേ നമഃ ഇങ്ങനെ ശിരോഹൃദയവാമദക്ഷിണസ്തനഹൃദയങ്ങളിൽ ഗുരുവന്ദനയുടെ മന്ത്രങ്ങളാം.

G. P. T. 2591, 500. 4-12-116.

ദേഹേ ച ന്യസ്യ ഹുതാശകൢപ്തതലപൃഷ്ഠവ്യാപകന്യാസതോ
മൂലാദ്യൈ പദതന്ത്രമൂർത്തി മന്ത്രമപി ഷഡംഗസ്യ സമൂലം ച
ന്യസ്യാന്യാസനാഗാതന്ത്രപരിധിപ്രാകാരേണ ഷഡംഗാദ്യം
നാന്ത്യന്തരമതാത് ത്രിതാലദശദിഗ്ബന്ധാഗ്നിപ്രാകാരൈഃ.

[൧

സ്വാന്തസ്ഥഹുതാശകൢപ്തതലപൃഷ്ഠവ്യാപകന ഷഡംഗ
ഷഡ്ധാ - തന്റെ അന്തരാത്മമന്ത്രമായിരിക്കുന്ന അഗ്നിതേജസ്സു
കൊണ്ടു കൈകളുടെ അഗ്രത്തും പുറത്തും വ്യാപകന്യാസംചെയ്തു
[മൂർത്തിപൂജ] ന്യാസാദികളും ഷഡംഗങ്ങളായി ചെയ്തിട്ടു, അതിനു
ശേഷം വ്യാപകന്യാസം അപ്രകാരം തന്നെയും ഷഡംഗം സമൂലം ചെയ്തു -
തന്റെ മൂലമന്ത്രം ന്യാസാഗ്രങ്ങളിൽ പുറവും വ്യാപകം ചെയ്തു
മന്ത്രമയങ്ങളായിട്ടു വേറ്റേറെ ന്യാസാഗ്രങ്ങളെ ഉണ്ടാക്കിയ പ്രകാ
രവും ധ്യാനിച്ചു; ന്യസ്താർണാദി തന്ത്രാന്തരപരിധിപ്രാകാരേണ
ഷഡംഗാദ്യം - മുകളിൽ കഴിഞ്ഞ ശ്ലോകത്തിൽ പറയുന്നതുപോലെ
മൂലാക്ഷരങ്ങളും അംഗങ്ങളും ന്യസിച്ചു അംഗുഷ്ഠാദികളിൽ ന്യാസ
മന്ത്രത്തെയും ന്യസിച്ചു തന്റെ ചൈതന്യംകൊണ്ടു ശോഭിച്ചിരിക്കുന്ന
കൈകളെ രണ്ടിനെയും കൊണ്ടു, ത്രിതാലദശദിഗ്ബന്ധാഗ്നിപ്രാ
കാരൈഃ അന്തരമതാത് - താലത്രയത്തെയും പിന്നെ ഇടങ്ങളി
പത്തുദിക്കിലും ദിഗ്ബന്ധനത്തെയും അഗ്ന്യാഗ്നികൊണ്ടു വൃത്താ
കാരമായ അഗ്നിപ്രാകാരം മൂന്നിനെയും ചെയ്വൂ.

മാർത്താണ്ഡാവരതാരജാപപവനായാമക്രമോന്മേഷിതേ
സ്വാന്തസ്ഥൻ ദ്യുമണി നാമരൂപപവനസ്ഥൂർജാസമസ്ത്യാത്മനി
ആധാരാദ്യന്തസമീരണാമവിധിനാ സംശോധ്യ നാഡീത്രയം
താരാംശത്രിതയാനുരോധവിധിനാ വാ(യ്വ)ഗ്നിതത്ത്വശുദ്ധിം ചരേത്. ൨

മാർത്താണ്ഡാവരതാരജാപപവനായാമക്രമോന്മേഷിതേ -
(കരന്യാസങ്ങൾ) പന്ത്രണ്ടു ഉരു പ്രണവം ജപിച്ചു പ്രാണായാമം
ചെയ്തു (അതിന്റെ ക്രമത്താൽ) പ്രകാശിതമായിരിക്കുന്ന, നാമ
രൂപബലവന്മൂർജാസമസ്ത്യാത്മനി സ്വാന്തസ്ഥൻ ദ്യുമണി ആധാരം -
ശബ്ദാത്മമയമായിരിക്കുന്ന രൂപത്തിന്റെ വർദ്ധനമായി സമഷ്ടി
സ്വരൂപമായിരിക്കുന്ന തന്റെ ആത്മാവിങ്കൽ (ഐശ്വര്യാതിശ
യത്തിങ്കൽ) സ്ഥിതിചെയ്യുന്നു ധ്യാനിച്ചു; ആധാരാന്തസമീരണാമ
വിധിനാ വാ താരാംശത്രിതയാനുരോധവിധിനാ വാ - അസ്ത്രമന്ത്ര

പ്രാണായാമംകൊണ്ട് എല്ലാം പറഞ്ഞവയിൽ പ്രാണായാമം
കൊണ്ടിരിക്കണം, നാഡിത്രയം സംശോധ്യ - പിംഗളയെയും ഇഡ
യെയും സുഷുമ്നയെയും ഈ മൂന്നു നാഡികളെയും ശുദ്ധി വരുത്തി
യാൽ, അഥ - അതിന്റെശേഷം ചരേത് - പിന്നെ ജീവാത്മാവിന്നു
പരമാത്മസംയോഗം വരുന്ന ശ്രമത്തെയും ചെയ്യൂ.

നാഡീശുദ്ധിയെ പറയുന്നു:—

നാഡ്യാ ദക്ഷിണയാ ത്രിവാരമുദിതേനാമാ വിശുദ്ധ്യാനിലം
ഷഡ്വാരേണ തയാ പ്രപൂര്യ്യ പരികുംഭ്യ ദ്വാദശാവൃത്തിതാ
വ്യാമുഞ്ചേദിഡയാ തഥൈവ പരിശോധ്യൈവം പുനഃ മാരുതം
മുഞ്ചേത് പിംഗലയാ തതസ്ത്വിഡയൈവാപൂരയേദ്ധീരധീഃ. ൪

ത്രിവാരം മുദിതേന അമാ ദക്ഷിണയാ നാഡ്യാ അനിലം
വിശുദ്ധ്യ - ഓം എന്ന മന്ത്രം ജപിച്ച് പ്രാണായാമം ചെയ്തു് പിം
ഗളാഖ്യമായിരിക്കുന്ന വലത്തെ മൂക്കിൽകൂടെ ശ്വാസത്തെ കളഞ്ഞു്,
ഷഡ്വാരേണ തയാ പ്രപൂര്യ്യ - അവണ്ണംതന്നെ ആറു് ഉരു ജപിച്ചു
വലത്തെ മൂക്കിൽ ശ്വാസം കരേറി, ദ്വാദശാവൃത്തിതാ പരികുംഭ്യ -
ഓം എന്നു പന്ത്രണ്ടു് ഉരു ജപിച്ചു് പിംഗലയിൽ കുംഭകിച്ചു്,
ഇഡയാ വ്യാമുഞ്ചേത് - ഇഡാഖ്യമായ ഇടത്തെ മൂക്കിൽ കൂടെ
ശ്വാസത്തെ കളയൂ. തഥാ ഏവം പുനഃ ഇഡയാ പരിശോധ്യ -
അപ്രകാരം തന്നെ ഓം എന്ന മന്ത്രം ജപിച്ചു ഇടത്തെ മൂക്കിൽ
ശ്വാസം കളഞ്ഞു് ആറുരു കരേറി പന്ത്രണ്ടുരു ജപിച്ചു കുംഭകിച്ചു്,
പിംഗലയാ മാരുതം മുഞ്ചേത് - വലത്തെ മൂക്കിൽ കൂടെ ശ്വാസ
ത്തെ കളയൂ. തതഃ ഇഡയാ ഏവ ആപൂരയേത - പിന്നെ
വലത്തേതിൽ ഓം എന്നും ഇടത്തേതിൽ ഓം എന്നും ആറാറുരു
ജപിച്ചു് ശ്വാസത്തെ കരേറൂ.

നാഡീദ്വന്ദ്വവിപൂർണ്ണം മരുതമുഭയരന്ധ്രാന്തരാലോത് സുഷു-
സുഷുമ്നാമാകൃഷ്യ തദാജ്ഞമിതി പരിജപന്നംശവാരം പ്രപൂര്യ്യ
സന്ധാര്യ്യാമിതവാരം വിമലിതസകലഗ്രന്ഥികാം ശുദ്ധനാഡീം
ദേവ്യാം ശോധയിത്വാ ബഹിരപി മരുതം രേചയേദ്ധൃത്തിയത്നേ.
[൩

നാഡീദ്വന്ദ്വവിപൂർണ്ണം മരുതം - രണ്ടു നാഡികളിലും കരേ
റിയിരിക്കുന്ന വായുവിനെ, ഉഭയരന്ധ്രാന്തരാലോത് സുഷു
സുഷുമ്നാം ആകൃഷ്യ - രണ്ടുമാർഗ്ഗത്തിൽനിന്നും ആകർഷിച്ചു സുഷു

നാഡിയുടെ മൂലത്തിങ്കലെ സുഷിരത്തിൽ വരുത്തി, തദുപരി രം ഇതി അംശവാഹം പരിജപൻ പ്രപൂര്യ – മുമ്പിലെപ്പോലെ രം എന്ന് ആറുരു ജപിച്ച് സുഷുമ്നയിൽ കയററി, ആദിത്യവാരം സന്ധാര്യ – രം എന്ന മന്ത്രം ...ഉരു ജപിച്ചു കുംഭിച്ചിട്ട്, വിദലിത നിഖിലഗ്രന്ഥികാം ബ്രഹ്മനാഡീം അപി ഏവ ശോധയിത്വാ – ബ്രഹ്മനാഡിയിങ്കലെ ഷഡാധാരചക്രഗ്രന്ഥികളെ മെലിച്ചു ശുദ്ധമായിരിക്കുന്ന പ്രകാരം കല്പിച്ച്, ബഹിഃ വ്യുത്ക്രമേണ മരുതം രേചയേത് – പുറത്തു വലത്തെതിൽ കയററിയതു് എടത്തായിട്ടും എടത്തെതിൽ കയററിയതു വലത്തായിട്ടും ശ്വാസത്തെ കളവൂ.

പ്രഭഞ്ജനം പിംഗലയാ ബഹിസ്ത്യജേ-
ദ്വികാരസംഖ്യൈഃ പ്രണവൈരഥേഡയാ
പ്രപൂരയേത്തദ്ദ്വിഗുണൈശ്ചതുർഗ്ഗുണൈഃ
പ്രപൂരിതം ബ്രഹ്മപഥേ പ്രകുംഭയേത്. ൩

വികാരസംഖ്യൈഃ പ്രണവൈഃ പ്രഭഞ്ജനം പിംഗലയാ ബഹിഃ ത്യജേത് – പതിനാറുരു പ്രണവം ജപിച്ചു പ്രാണായാമത്തെച്ചെയ്തു് ശ്വാസത്തെ വലത്തെ നാസികയിൽകൂടി കളവൂ. ഇതു രേചകം. അഥ ഇഡയാ തദ്ദ്വിഗുണൈഃ പ്രപൂരയേത് – പിന്നെ പ്രണവം മുപ്പത്തിരണ്ടുരു ജപിച്ചു പ്രാണായാമം ചെയ്തു് ഇടത്തെ നാസികയിൽ കൂടെ ശ്വാസത്തെ കേററൂ. ഇതു് പൂരകം. ചതുർഗ്ഗുണൈഃ പ്രപൂരിതം തം ബ്രഹ്മപഥേ പ്രകുംഭയേത് – പ്രണവം അറുപത്തിനാലുരു ജപിച്ച് പ്രാണായാമംചെയ്തു നിറച്ചിരിക്കുന്ന ശ്വാസത്തെ സുഷുമ്നാനാഡിയിൽ കുംഭിപ്പൂ. ഇതു കുംഭകം.

ഈ രേചകപൂരകകുംഭകങ്ങളുടെ താൽപര്യത്തെ പറയുന്നു:-

മൂലാദ്ബ്രഹ്മപഥപ്രസാരിപരമാത്മാഗ്നിസ്ഫുലിംഗാപാത (1)ജ-
ന്യാതന്മാദ്ബോധവിരോധിമോഹനമിഷദ്ഗ്രാസനാപഗ്രസനാ
ദ്ധ്വാപാ രേചകകർമ്മ പൂരക(2)മപി ജ്ഞാനാഗ്നിസമ്പാദകം
തന്വന്യേവം വിദധീത ഭ്രമണി സുധീരാത്മസ്ഥാപകം കുംഭകം. ൪

1. 'ജന്യാദ്ഗ്രന്ഥിപ്രപൂരകവിദാഹ' 2. 'വിധൗ സംനിധാനേ [illegible] കുംഭകകർമ്മണാ [illegible] സുധീർ [illegible] [illegible]

ശുദ്ധബ്രഹ്മപഥപ്രസാരിപരമാത്മാച്ഛിദ്രുലപാതജന്യാത്താൽ ബോധവിരോധിമോഹനമിഷദ്ദുർവ്വാസനാപാസനം രേചകകർമ്മ കൃത്വാ - പ്രാണായാമംകൊണ്ടു ശുദ്ധിവന്നിരിക്കുന്ന സുഷുമ്നാനാഡിയിൽ പ്രസരിക്കശീലമായിരിക്കുന്ന പരമാത്മാവിന്റെ തേജഃകലയുടെ പതനം ഹേതുവായിട്ടു ജന്യമായിരിക്കുന്ന ആത്മബോധത്തിന്റെ വിരോധിയായി മോഹനത്തിനായിക്കൊണ്ടു മിഷന്തിയായിരിക്കുന്ന ദുർവ്വാസനയുടെ അവസാനമാകുന്ന രേചകകർമ്മത്തെച്ചെയ്തിട്ട്, ജ്ഞാനാദിസമ്പാദകം പൂരകം അപി - ജ്ഞാനാദിയെ സമ്പാദിക്കുന്ന പൂരകത്തെയുംചെയ്തു, സുധീഃ അസ്യ ശ്രമനിരാസ്ഥാപകം കുംഭകം ച വിദധീത - പ്രസന്നബുദ്ധിയായിരിക്കുന്ന ആചാര്യൻ ആത്മാവിന് പരമാത്മസമാനമായ ഐശ്വര്യത്തെ ഉറപ്പിക്ക എന്നു സങ്കല്പിച്ച് കുംഭകത്തെയും ചെയ്‌വൂ.

ഉന്നീയ ഹംസമനുനാഽധരചക്രതസ്തു-
മർക്കാംബുജസ്ഥപരമാത്മനി സംഗമയ്യ
വ്യാഖ്യാസ്യമാനവിധിനാ വസുധാദിതത്ത്വ-
ജാതം വിലാപ്യ തനയാത്തനുശോഷണാദ്യം. ൭

ഹംസമന്ത്രനാ അധരചക്രതഃ തം ഉന്നീയ – 'ഓം ഹംസഃ' എന്നു ജപിച്ചു ത്രികോണമായിരിക്കുന്ന മൂലാധാരചക്രത്തിങ്കൽനിന്ന് ആ ജീവാത്മാവിനെ ഉയർത്തീട്ട്, അർക്കാംബുജസ്ഥപരമാത്മനി സംഗമയ്യ – സുഷുമ്നാഗ്രസ്ഥിതമായിരിക്കുന്ന ദ്വാദശാന്തപത്മത്തിങ്കൽ പരമാത്മാവിങ്കൽ യോജിപ്പിച്ച്, വ്യാഖ്യാസ്യമാനവിധിനാ വസുധാദിതത്ത്വജാതം വിലാപ്യ – ഇവിടെ ധ്യാനാധിവാസത്തിങ്കൽ പറയുന്നപോലെ പൃഥിവ്യാദികളായ പഞ്ചവിംശതത്ത്വങ്ങളെ സംഹരിച്ച്, തനുശോഷണാദ്യം തനയാത് – സ്ഥൂലശരീരത്തിങ്കലെ ശോഷണദഹനപ്ലാവനങ്ങളെ ചെയ്‌വൂ.

സ്വസ്വാർഹനാഡ്യാ ഗുപദാന്തവർണ്ണ-
സംഖ്യാസമഭ്യസ്തനിജാർഹ(1) ബീജൈഃ
കുര്യാത് ക്രമാദ്രേചകപൂരകൌ ച
സകുംഭകൌ ശോഷണപൂർവ്വകേഷു. ൮

ശോഷണപൂർവ്വകേഷു – ശോഷണദഹനപ്ലാവനങ്ങളിൽ, സ്വസ്വാർഹനാഡ്യാ – തന്റെ തന്റെ നാഡികളുടെ, ഗുപദാന്ത

1. 'ബീജം' പാഠഭേദം.

വർണ്ണസംഖ്യാസമദ്ര്യസ്തനിവാർഹബീജഃ – പതിനാറും മുപ്പത്തിരണ്ടും അറുപത്തിനാലും ഉരുവായിട്ട് തന്റെ തന്റെ ബീജങ്ങളെക്കൊണ്ടു പ്രാണായാമങ്ങളെ ച്ചെയ്യു, ക്രമാത് രേചകപൂരകകുംഭസംജ്ഞകൈഃ ച കുര്യാത് - ക്രമേണ പതിനാറു ജപിച്ച് രേചകത്തെയും മുപ്പത്തിരണ്ടു ജപിച്ച് പൂരകത്തെയും അറുപത്തിനാലു ജപിച്ച് കുംഭകത്തെയും ചെയ്‌വൂ. ഇവിടെ വർണ്ണശബ്ദം അറുപത്തിനാലാകുന്നു

ഇഡാമുഖേ നാഭിസരോരുഹേ ച
ധൂമ്രം വിചിന്ത്യാനിലമണ്ഡലേ യം
സംയോജ്യ തദ്യോഗജവായുനാംഗം
സംശോഷ്യ തം പിംഗലയാ പ്രമുഞ്ചേത്. ൧൦

ഇഡാമുഖേ നാഭിസരോരുഹേ ച – ഇഡാമുഖമാകുന്ന ഇടത്തെ നാസികയിങ്കലും നാഭിയിങ്കലും, അനിലമണ്ഡലേ ധൂമ്രം യം - വായുമണ്ഡലത്തിങ്കൽ ധൂമ്രവർണ്ണമായിരിക്കുന്ന 'യം' ബീജത്തെ ധ്യാനിച്ച് രേചകം ചെയ്തു സംയോജ്യ – ആ വായുമണ്ഡലങ്ങളെ അന്യോന്യം യോജിപ്പിച്ചു പൂരകത്തെ ച്ചെയ്തു, തദ്യോഗജവായുനാ അംഗം സംശോഷ്യ – തദ്യോഗജനിതമണ്ഡലവായുക്കളെക്കൊണ്ടു സ്ഥൂലശരീരത്തെ ശോഷിപ്പിച്ച്; തം പിംഗലയാ പ്രമുഞ്ചേത – പിംഗലയിലൂടെ ശ്വാസത്തെ പുറത്തു കളവൂ.

ഏതന്മുഖേ ഹൃത്കമലേ ച വഹ്നേർ-
ബിംബേഽരുണം രം സുമതിർവിചിന്ത്യ
സംയോജ്യ തദ്യോഗജവഹ്നിനാംഗം
സന്ദഹ്യ മുഞ്ചേദിഡയാ ബഹിസ്തം. ൧൧

ഏതന്മുഖേ ഹൃത്കമലേ ച – പിംഗലാമുഖമാകുന്ന വലത്തെ നാസാഗ്രത്തിങ്കലും ഹൃദയത്തിങ്കലും – വഹ്നേഃ അരുണേ ബിംബേ – അഗ്നിയുടെ രക്തവർണ്ണമായ ബിംബത്തിങ്കൽ, രം വിചിന്ത്യ – രം എന്ന് അഗ്നിബീജത്തെ ധ്യാനിച്ചു രേചകം ചെയ്തു, സംയോജ്യ – ആ അഗ്നികളെ യോജിപ്പിച്ച് പൂരകത്തെയും ചെയ്തു, തദ്യോഗജവഹ്നിനാ അംഗം സന്ദഹ്യ – തദ്യോഗവഹ്നികൊണ്ട് സ്ഥൂലശരീരത്തെ ദഹിപ്പിച്ച്, ഇഡയാ ബഹിഃ തം മുഞ്ചേത് - ഇഡയിലൂടെ ശ്വാസത്തെ പുറത്തു കളവൂ.

ഇഡാമുഖേഽർക്കാംബുജഷഹേ ച ബിംബേ
സൗധാപ്ലിഷേ വം പരിചിന്ത്യ ശുഭ്രം
സംയോജ്യ തസ്മാത് പരചിത്സുധാംബു-
പൂരം പ്രവർഷേത് ഭുവനാപ്ലവാർഹം. ൨൧

ഇഡാമുഖേ അർക്കാംബുജഷഹേ ച - ഇഡാമുഖങ്ങളിലും ദ്വാദശാന്തപത്മങ്ങളിലും, സൗധാപ്ലിഷേ ബിംബേ - അമൃതമയമായിരിക്കുന്ന ചന്ദ്രമണ്ഡലങ്ങളിൽ, ശുഭ്രം വം പരിചിന്ത്യ - ധവളമായിരിക്കുന്ന വം എന്ന അമൃതബീജത്തെ ധ്യാനിച്ച്, സംയോജ്യ - അച്ചന്ദ്രമണ്ഡലങ്ങളെ യോജിപ്പിച്ച്, തസ്മാത് ഭുവനാപ്ലവാർഹം പരചിത്സുധാംബുപൂരം പ്രവർഷേത് - ആ ദ്വാദശാന്തചന്ദ്രമണ്ഡലങ്ങളിൽനിന്ന് സകലമഹാപ്ലാവനയോഗ്യമായിരിക്കുന്ന പരചൈതന്യരൂപമായിരിക്കുന്ന അമൃതവർഷത്തെയും ധ്യാനിപ്പൂ.

കാഠിന്യരന്ധ്രീകരണേ വിധായ
സ്വബീജതഃ സോഽഹമിതി ബ്രുവാണഃ
ആയോജ്യ ജീവം തദുപാധിതത്ത്വ-
സൃഷ്ട്യബ്ദവൃദ്ധ്യാദിവിധിം വിദധ്യാത്. ൨൨

സ്വബീജതഃ കാഠിന്യരന്ധ്രീകരണേ വിധായ - കം എന്നും ഹം എന്നും ഇരുപതങ്ങളുടെ പ്രാണായാമം ചെയ്ത് കാഠിന്യത്തെയും സുഷിരീകരണത്തെയും ചെയ്താൽ, സോഽഹം ഇതി ബ്രുവാണഃ ജീവം ആയോജ്യ - സോഽഹം എന്നു ജപിച്ചു ജീവനെ ഹൃദയത്തിങ്കൽ യോജിപ്പിച്ച്, തദുപാധിതത്ത്വസൃഷ്ട്യബ്ദവൃദ്ധ്യാദിവിധിം വിദധ്യാത് - ആ ജീവന് ആശ്രയമായിരിക്കുന്ന തത്ത്വസൃഷ്ടിയെയും സംവത്സരോഷിതത്തെയും അണ്ഡമേലത്തെയും ചെയ്വൂ.

ലിപ്യാ നിയമ്യാസുമിനാബ്ജമധ്യാ-
ദാദ്യച്ചിദ്രൂപാമൃതവാരിധാരാം
സ്വസ്യോത്തമാംഗേ പരിപാത്യ ദേഹ-
മാപ്ലാവ്യ തന്വീത തയാ ശരീരം. ൨൩

ലിപ്യാ അസും നിയമ്യ - ലിപികൊണ്ടു മൂന്നു പ്രാണായാമത്തെച്ചെയ്ത്, ഇനാബ്ജമധ്യാത് - ദ്വാദശാന്തപത്മങ്ങളിൽനിന്ന്, ആദ്യച്ചിദ്രൂപാമൃതവാരിധാരാം സ്വസ്യോത്തമാംഗേ പരിപാത്യ -

അകാരാദ്യക്ഷരരൂപമായിരിക്കുന്ന അമൃതജലധാരയെ തന്റെ ശിരസ്സുമുതൽ പതിപ്പിച്ച്, ദേഹം ആപ്ലാവ്യ-ശരീരത്തെ നിറച്ച്, തയാ ശരീരം തന്വീത - അതുകൊണ്ട് ലിപിമയമായ ശരീരത്തെ ഉണ്ടാക്കുക.

ഇവിടെ ഒരു പക്ഷാന്തരത്തെപ്പറയുന്നു:—

ഭൂതാനി പഞ്ച പരമാത്മനി സംവിലാപ്യ
ശോഷാദിപഞ്ചകവിധിം പ്രവിധായ ജീവം
ആയോജ്യ ചാത്മനി ഇമാനി വിയന്മുഖാനി
സൃഷ്ട്വാ ലിപിന്യസനപദ്ധതിമാചരേദ്വാ. ൰൧

പഞ്ചഭൂതാനി പരമാത്മനി സംവിലാപ്യ - തത്വസംഹാരം ചെയ്തിട്ട് പൃഥിവ്യാദി പഞ്ചഭൂതങ്ങളെ സംഹരിച്ച്, ശോഷാദി പഞ്ചകവിധിം പ്രവിധായ - ശോഷണദഹനാപ്ലാവനകാഠിന്യസ്പഷ്ടീകരണങ്ങളെ അഞ്ചിനേയും ചെയ്ത്, ജീവം ആയോജ്യ - ജീവനെ ഹൃദയത്തിങ്കൽ യോജിപ്പിച്ച്, വിയന്മുഖാനി ഇമാനി സൃഷ്ട്വാ - ആകാശാദികളായ ഇവ അഞ്ചിനേയും സൃഷ്ടിച്ച്, ലിപിന്യസനപദ്ധതിം ആചരേദ് വാ - ലിപിന്യാസാവസാനത്തോളം ചെയ്കിലുമാം.

പൂർവ്വോക്തരേചകമുഖൈഃ പരമാത്മഭാവ-
മാലംബ്യ ശോഷദഹനാപ്ലവനം യഥോക്തം
ആധായ ചിന്മയസുധാംബുഭിരാത്മദേഹം
കുർവീത വാ ലിപിമയം ലഘുസമ്പ്രയോഗേ. ൰൨

പൂർവോക്തരേചകമുഖൈഃ പരമാത്മഭാവം ആലംബ്യ - മുമ്പിലത്തെ രേചകപൂരകകുംഭകങ്ങളെക്കൊണ്ട് പരമാത്മഭാവത്തെ ആശ്രയിച്ചാൽ, യഥോക്തം ശോഷദഹനാപ്ലവനം ആധായ - യഥാ പ്രകാരം പറഞ്ഞ ശോഷണദഹനാപ്ലാവനങ്ങളെ ചെയ്ത്, ചിന്മയസുധാംബുഭിഃ ലിപിമയം ആത്മദേഹം കുർവീത വാ - അക്ഷരാമൃതജലങ്ങളെക്കൊണ്ട് ലിപിമയമായിരിക്കുന്ന ജീവദേഹത്തെ ഉണ്ടാക്കുകയുമാം. ഇങ്ങനെ മൂന്നുപ്രകാരം പക്ഷാന്തരങ്ങളെപ്പറഞ്ഞു.

അനന്തരം ലിപിന്യാസത്രയമാഹ:—

ഷഡ്ഭിർദോസ്ഥലപൃഷ്ഠപാർശ്വയുഗളേ വ്യാപ്യ വ്യതിഹാരതോ
ജ്യേഷ്ഠാദ്യേഷ്വംഗുലീഷു സപരൈരാദ്യൈഃ പരൈഃ സവ്യാസവ്യക്രമാത്
തർജ്ജന്യാദിതലേഷു ച ന്യസതു പശ്ചാദഗ്രേഷു കാദീൻ ഹള—
ക്ഷാർണ്ണാന്തി പ്രഥമായുഗേ യുഗപദംഗാനി പ്രസിദ്ധക്രമാത്. ൧൦

ദോസ്ഥലപൃഷ്ഠപാർശ്വയുഗളേ ഷഡ്ഭിഃ സപരൈഃ വ്യതിഹാരതഃ വ്യാപ്യ — കൈകളുടെ അകത്തും പുറത്തും രണ്ടുപുറത്തും കൂടിയും, 'അന്നമഃ ആന്നമഃ ഇന്നമഃ ഈന്നമഃ ഉന്നമഃ ഊന്നമഃ' ഈ ആറ് അക്ഷരങ്ങളെ വലത്തും ഇടത്തും ആയിട്ട് വ്യാപകമായി ന്യസിച്ചാൽ, ജ്യേഷ്ഠാദ്യേഷ്വംഗുലീഷു പരൈഃ സപരൈഃ സവ്യാപസവ്യക്രമാത് — അംഗുഷ്ഠാദികളായ വിരലുകളിൽ 'ഋന്നമഃ' എന്നതുടങ്ങി 'അം നമഃ' എന്ന കഴിവോളമുള്ള പത്ത് അക്ഷരങ്ങളെ വലത്തും ഇടത്തുമായിട്ടും ന്യസിപ്പൂ. തർജ്ജന്യാദിതലേഷു പശ്ചാദഗ്രേഷു കാദീൻ — വലത്തെക്കയ്യിന്മേൽ ചൂണ്ടാണിവിരൽ തുടങ്ങി ഇടത്തെകയ്യിന്മേൽ തർജ്ജനി അവസാനമായിട്ട് എട്ടുവിരലുകളുടെയും മടക്ക് മൂന്നിലും അഗ്രത്തിലും നാന്നാല് അക്ഷരങ്ങളെക്കൊണ്ട് 'കന്നമഃ' എന്ന തുടങ്ങി 'സന്നമഃ' എന്ന കഴിവോളമുള്ള മുപ്പത്തിരണ്ടിനെയും, പ്രഥമായുഗേ യുഗപത് ഹളക്ഷാർണ്ണാനാം — പെരുവിരലുകൾ രണ്ടിലും ഒരുമിച്ച്, ഹന്നമഃ, ളന്നമഃ, ക്ഷന്നമഃ ഈ മൂന്നിനെയും ചുവട്ടിലും നടുവിലും അഗ്രത്തിലും ന്യസിച്ച്, പ്രസിദ്ധക്രമാത് അംഗാനി ച ന്യസേത്, അംഗുഷ്ഠാദിതലാന്തം പ്രസിദ്ധക്രമേണ ലിപിയുടെ അംഗങ്ങളെയും ന്യസിപ്പൂ.

ആദ്യാം മൂർത്തിം സ്വരസ്പർശവ്യാപകാഖ്യലിപ്യാ ക്രമാത്
ആകേശാദാപാദാന്തമീശം ലിപ്യാ സംവ്യാപയേത്തനൌ. ൧൧

ആദ്യാം മൂർത്തിം — ഈ കൈകളെക്കൊണ്ട്, സ്വരസ്പർശവ്യാപകാഖ്യലിപ്യാ — അകാരാദി പതിനാറുകൊണ്ടും ക എന്ന തുടങ്ങി മ എന്ന കഴിവോളമുള്ള ഇരുപത്തിയഞ്ചുകൊണ്ടും, യ എന്ന തുടങ്ങി ശേഷം പത്തുകൊണ്ടും, ക്രമാത് — ക്രമേണ, തനൌ ആകേശാത് ആപാദാന്തമീശം ലിപ്യാ സംവ്യാപയേത് — ശരീരത്തുകൽ തലയിൽ തുടങ്ങി പാദാഗ്രത്തോളം ലിപികൊണ്ട് മൂന്ന് വ്യാപകത്തെച്ചെയ്‌വൂ.

ന്യസേ ന്യത് കാനാന്ത്യവൃത്തദൃക്ശ്രവണനാസാഗണ്ഡോഷ്ഠദന്തമൂർ-
ദ്ധാസ്യേഷു കരാംഘ്രിസന്ധിഷു സഹാഗ്രേഷു ക്രമാന്മാതൃകാം
പാർശ്വപൃഷ്ഠനാഭിജഠരേ ഹൃത്കക്ഷപദോർഗ്ഗളേ
സവ്യേ കക്ഷതലേ ഹൃദാദികരപാദാന്താനനേ മന്ത്രവിത്. ൧൯

കാനാന്ത്യവൃത്തദൃക്ശ്രവണനാസാഗണ്ഡോഷ്ഠദന്തമൂർദ്ധാസ്യേഷു - ശിരസ്സിലും മുഖവൃത്തത്തിങ്കലും കണ്ണു രണ്ടിലും കർണ്ണം രണ്ടിലും നാസിക രണ്ടിലും കവിൾത്തടം രണ്ടിലും അധരങ്ങൾ രണ്ടിലും ദന്തപങ്ക്തി രണ്ടിലും ശിരസ്സിങ്കലും ആസ്യത്തിങ്കലും ഇങ്ങനെ അച്ച് പതിനാറിനേയും, കരാംഘ്രിസന്ധിഷു സഹാഗ്രേഷു - കൈകൾ രണ്ടിന്റേയും കാലുകൾ രണ്ടിന്റേയും സന്ധികളിലും അഗ്രത്തിലുമായിട്ട് ഇരുപത് അക്ഷരങ്ങളേയും, പാർശ്വപൃഷ്ഠനാഭിജഠരേ - പാർശ്വം രണ്ടിലും പൃഷ്ഠത്തിങ്കലും നാഭിയിങ്കലും വയററിലും, ഹൃത്കക്ഷപദോർഗ്ഗളേ - ഹൃദയത്തിങ്കലും കക്ഷത്തിങ്കലും കഴുത്തിന്റെ പിറകിലും, സവ്യേ കക്ഷതലേ - ഇടത്തെ കക്ഷത്തിങ്കലും ഹൃദാദികരപാദാന്താനനേ ച - ഹൃദയത്തിങ്കൽ തുടങ്ങി കൈകൾ രണ്ടിലും കാലുകൾ രണ്ടിലും ഹൃദയാദി ലിംഗാന്തവും ഹൃദയാദി മുഖാന്തവും, മന്ത്രവിത് മാതൃകാം ന്യസേൽ - മന്ത്രജ്ഞനായ ആചാര്യൻ ലിപിയെ ന്യസിപ്പൂ.

അനപുംസകവിഷമസമസ്വരഷട്കയുഗാന്തരസ്ഥഷഡ്വർഗ്ഗൈഃ
അംഗാനി ബ്രഹ്മാ ഗായത്ര്യൃഷ്യാദ്യാസ്സരസ്വതീ ചാസ്യാഃ. ൨൦

അനപുംസകവിഷമസമസ്വരഷട്കയുഗാന്തരസ്ഥഷഡ്വർഗ്ഗൈഃ അംഗാനി - ഋ ൠ ഌ ൡ ഈ നാലും കൂടാതെയുള്ള അച്ചുകൾ പന്ത്രണ്ടിൽ ഈരണ്ട് അക്ഷരങ്ങളുടെ നടുവിൽ കകാരാദിവർഗ്ഗങ്ങൾ ആറും കൂട്ടി അംഗങ്ങൾ ഭവിക്കും. അം ക ഖ ഗ ഘ ങ, ആം ഹൃദയായ നമഃ, ഇം ച ഛ ജ ഝ ഞ, ഈം ശിരസേ സ്വാഹാ, ഉം ട ഠ ഡ ഢ ണ, ഊം ശിഖായൈ വഷട്, എം ത ഥ ദ ധ ന, ഐം കവചായ ഹും, ഓം പ ഫ ബ ഭ മ, ഔം നേത്രത്രയായ വൌഷട്; അം യ ര ല വ ശ ഷ സ ഹ ള ക്ഷ അഃ അസ്ത്രായ ഫട്; ഇങ്ങനെ അസ്ത്രങ്ങൾ.

ബ്രഹ്മാ ഗായത്രീ സരസ്വതീ ച അസ്യാഃ ഋഷ്യാദ്യാഃ - ബ്രഹ്മാ ഋഷിഃ, ഗായത്രീച്ഛന്ദഃ സരസ്വതീ ദേവതാ. ഇങ്ങനെ ഋഷിച്ഛന്ദോദേവതകൾ.

നിജവിഹിതസരണ്യാ ന്യസ്യ സാംഗാദികാം താം
പ്രജപതു ലിപിമേനാം വിഷ്ണുബീജാദികം ച
തദനു പവനയാമാദ്യർച്ചനാദ്യാന്യമാനഃ
ക്രമത ഇഹ മന്ത്രാന്താ ഭാവനാ ഭാവയേത ൨. ൭

നിജവിഹിതസരണ്യാ സാംഗാദികാം താം ന്യസ്യ — തനിക്കു പറഞ്ഞ സ്ഥാനങ്ങളിൽ ലിപിയെയും അംഗങ്ങളെയും ന്യസിച്ച്, ഏനാം ലിപിം വിഷ്ണുബീജാദികം ച പ്രജപതു — ഈ സംപൂജയും ചെയ്ത് മൂന്നു ലിപിയെയും 'ഗന്നമഃ' എന്നും 'ഗണാനാന്ത്വാ' എന്ന ഋക്കും മൂർത്തിയുടെ മൂലമന്ത്രം രണ്ടും ജപിച്ച് ലിപിയുടെ അംഗന്യാസവും ചെയ്‌വൂ. തദനു പവനയാമാദ്യർച്ചനാദ്യാന്യമാനക്രമതഃ — പിന്നെ മന്ത്രോദയപ്രാണായാമാദികൾ പൂജാപടലത്തിങ്കൽ പറയുന്നപോലെ ചെയ്ക, മന്ത്രാന്താ ഭാവനാ ഭാവയേത — തത്തന്മൂലമന്ത്രന്യാസാദികളെയും കൂടെ ചെയ്‌വൂ.

അത്ര സ്വംഭജിതി വിഷ്ണുഭാവനാം ചാദധീത നിജഭാവനോപരി
ശംഖപൂരണമഥാത്മഗുർവ്വിഭാസ്യാർച്ചനാനി ച കരോതു സർവ്വതഃ.
[൨. ൮.

അത്ര സ്വംഭജിതി — ഈ ധ്യാനാധിവാസങ്ങളുടെ മൂർത്തിയിങ്കൽ, നിജഭാവനോപരി വിഷ്ണുഭാവനാം ച ആദധീത — തനിക്കു വേണ്ടുന്ന ദേഹശുദ്ധി ചെയ്താൽ വൈഷ്ണവാത്മാക്ഷരം കൊണ്ടും കൂടെ ദേഹശുദ്ധിയെച്ചെയ്‌വൂ. സർവ്വതഃ ശംഖപൂരണം അഥ ആത്മഗുർവ്വിഭാസ്യാർച്ചനാനി ച കരോതു — പിന്നെ എല്ലാ ദേവന്മാരിലും ശംഖപൂരണത്തെയും ആത്മാരാധനയെയും ഗുരുഗണപതിപൂജയെയും ചെയ്‌വൂ.

അനന്തരം ധ്യാനാധിവാസത്തെ പറയുന്നു :—

കൃത്വാ പാണിതലേ ജലം പ്രണവമാവർത്ത്യാഷ്ടശോ/ഽഥാമുനാ
ബിംബം പ്രോക്ഷ്യ ഫഡന്തിതേന പരിരക്ഷ്യാസ്ത്രത്രിതാലേന ച
ഭൂയഃ പ്രോക്ഷ്യ തഥാ/ഭിമൃശ്യ ഹൃദയേ ജപ്ത്വാഷ്ട/വാരം ധ്രുവം
ജീവവ്യാപ്തിമിഹാനയേദഖിലതോ വിദ്വാൻ വികൃഷ്യാംഗതഃ. ൨. ൯.

പാണിതലേ ജലം കൃത്വാ അഷ്ടശഃ പ്രണവം ആവർത്ത്യ — കൈയിൽ വെള്ളത്തെ എടുത്ത് എട്ടുരു പ്രണവത്തെ ജപിച്ച്, ഫഡന്തിതേന അമുനാ ബിംബം പ്രോക്ഷ്യ — ഫഡന്തപ്രണവം

കൊണ്ടു ബിംബത്തെ തളിച്ച്, അസ്ത്രതാലാദിനാ പരിരക്ഷ്യ – അസ്ത്രംകൊണ്ടും താലത്രയാദികൊണ്ടും രക്ഷിച്ച്, ഭൂയഃ തഥാ പ്രോക്ഷ്യ – പിന്നെയും അസ്ത്രാരംതന്നെ ജപിച്ചു തളിച്ച്, ഹൃദയേ അഷ്ടവാരം ധ്രുവം ജപ്ത്വാ – ഹൃദയത്തിങ്കൽ പുല്ലുകൊണ്ടുതൊട്ട് എട്ടുരു പ്രണവത്തെ ജപിച്ച്, അഖിലതഃ അംഗതഃ വികൃഷ്യ – സകലാവയവത്തിങ്കൽനിന്നാകർഷിച്ച്, ജീവവ്യാപ്തിം ഇഡാ നയേത് – ജീവചൈതന്യത്തെ ഹൃദയത്തിങ്കലാക്കൂ.

നാഡീസന്ധാനകൃത് സ്വാത്മനി കസുമയുജാ ദോര്യുജാ ബ്രഹ്മ
[നാഡ്യാ
തച്ചൈതന്യം പ്ലുതേന പ്രണയതു മപരേണോൽക്രമയ്യാണു
[ബിംബാത്
താരേണായമ്യ വായും സമരസമിദമാകല്പയേത്തത്ര തസ്മിൻ
ബിംബേ സ്വാപാദതത്വാദ്യഖിലവിശുദ്ധ്യാദികം ചാദധീത.
[൨൪

നാഡീസന്ധാനകൃത് – പിന്നെ ത്രിമാത്രപ്രണവം ജപിച്ച് ബിംബത്തിന്റെ പിംഗലയും തന്റെ ഇഡയും ഒന്നാക്കിക്കല്പിപ്പൂ. ബിംബത്തിന്റെ ഇഡയും തന്റെ പിംഗലയും ത്രിമാത്രപ്രണവംകൊണ്ടു ഒന്നാക്കൂ. ചതുർമാത്രപ്രണവം ജപിച്ച് സുഷുമ്നകളെ ഒന്നാക്കൂ. ഇതു പറഞ്ഞിട്ടുമുണ്ട്:—

"ബിംബപിംഗലയാ സ്വേഡാം ബിംബേഡാം ച സ്വയാന്യയാ
സുഷുമ്നയാ സുഷുമ്നാം ച സന്ദധീത ധിയാ ഗുരുഃ.
ത്രിമാത്രപ്രണവൈനൈക്യം ഇഡാപിംഗലയോർദ്വയോഃ
ചതുഷ്പാദാദിമാത്രേണ സന്ധാനം സ്യാത്സുഷുമ്നയോഃ."

ഇങ്ങനെ, നാഡീസന്ധാനത്തെച്ചെയ്താൽ, കസുമയുജാ ദോര്യുജാ – രണ്ടു കൈയിലും ഗന്ധപുഷ്പാക്ഷതത്തെ പൂട്ടിട്ടുകൊണ്ട്, ബ്രഹ്മനാഡ്യാ – സുഷുമ്നാനാഡിയിൽക്കൂടെ, പ്ലുതേന മപരേണ – പ്ലുതമായിരിക്കുന്ന പ്രണവംകൊണ്ട്, തച്ചൈതന്യം ഉൽക്രമയ്യ സ്വാത്മനി പ്രണയതു – ദേവന്റെ ഹൃദയഗതമായിരിക്കുന്ന ചൈതന്യത്തെ ഉദ്വസിപ്പിച്ച് തന്റെ ഹൃദയത്തിങ്കൽ യോജിപ്പിപ്പൂ. താരേണ വായും ആയമ്യ തത്ര ഇദം സമരസം ആകല്പയേത് – പ്രണവപ്രാണായാമം ചെയ്തു ഈ ചൈതന്യത്തെ സ്വഹൃദയത്തിങ്കൽ യോജിപ്പിപ്പൂ. തസ്മിൻ ബിംബേ സ്വാപാദിതത്വാ

സൃജവിലയവിശുദ്ധ്യാദികം ച ആദധീത – പിന്നെ ബിംബത്തുങ്കൽ ആശ്രയമായിരിക്കുന്ന തത്ത്വസംഹാരത്തെയും ശോഷണാദിയെയും ചെയ്വൂ.

> പാദാഗ്രനാഭിഹൃദയാംബുജശിരോധിതാലു-
> ദേശസ്ഥിതാനി പൃഥിവീപ്രമുഖാനി പഞ്ച
> താലൂർദ്ധ്വതശ്ച ചതുരംഗുലകാദികേഷ്വപ്പ-
> സ്ഥാനേഷു കല്പയതു ചാത്ര മനോമുഖാനി. വ. ൫

പാദാഗ്രനാഭിഹൃദയാംബുജശിരോധിതാലുദേശസ്ഥിതാനി – പാദാഗ്രങ്ങളിലും നാഭിയിങ്കലും ഹൃദയപത്മങ്ങളിലും കണ്ഠത്തിങ്കലും താലുദേശങ്ങളിലും, പൃഥിവീപ്രമുഖാനി പഞ്ച – പൃഥിവിയെയും അപ്പിനെയും തേജസ്സിനെയും വായുവിനെയും ആകാശത്തെയും ഈ പഞ്ചഭൂതങ്ങളെ [illegible] തൊട്ടുകല്പിച്ച്, താലൂർദ്ധ്വതശ്ച ചതുരംഗുലകാദികേഷ്വപ്പസ്ഥാനേഷു മനോമുഖാനി ച കല്പയതു – പിന്നെ താലുവിങ്കൽനിന്ന നാലുവിരല്മുകളിൽ തുടങ്ങി മേല്പോട്ട മനസ്സിനെയും അഹംകാരത്തെയും ബുദ്ധിയെയും പ്രാണനെയും കല്പിപ്പൂ.

> ഘ്രാണോപസ്ഥസ്വരശഗുണാഢ്യാം ധരിത്രീം സജിഹ്വാ-
> പായുമനാല്ഗുണമുദകമക്ഷ്യംഘ്രിഹവ്യാല്ഗുണാഢ്യം
> തേജസ്ത്വക്പാണിസർശിഗുണസഹിതം മാരുതം ശ്രോത്രവാഗ്ഭ്യാം
> യുക്തം ശബ്ദൈകഗുണമപി ഖം കല്പയേത്സംജിഹീർഷുഃ. വ. ൬

സംജിഹീർഷുഃ – തത്ത്വസംഹാരത്തെ ചെയ്വാൻ ഇച്ഛിച്ചിരിക്കുന്ന ആചാര്യൻ, ധരിത്രീം ഘ്രാണോപസ്ഥസ്വരശഗുണാഢ്യാം – പൃഥിവിയെ ഘ്രാണത്തോടും ഉപസ്ഥത്തോടും ശബ്ദസ്പർശരൂപരസഗന്ധങ്ങളാകുന്ന അഞ്ചിനോടുംകൂടിയിരിക്കുന്ന എന്നും, ഉദകം സജിഹ്വാപായുമനാല്ഗുണം – അപ്പിനെ ജിഹ്വയോടും പായുവിനോടും ശബ്ദസ്പർശരൂപരസങ്ങൾ നാലിനോടും കൂടീട്ടും, തേജഃ അക്ഷ്യംഘ്രിഹവ്യാല്ഗുണാഢ്യം – തേജസ്സിനെ ചക്ഷുസ്സിനോടും പാദത്തോടും ശബ്ദസ്പർശരൂപത്തോടും കൂടീട്ടും, മാരുതം ത്വക്പാണിസർശിഗുണസഹിതം – വായുവിനെ ത്വക്കിനോടും ഹസ്തത്തിനോടും ശബ്ദസ്പർശങ്ങളോടും കൂടീട്ടും, ഖം ശ്രോത്രവാഗ്ഭ്യാം യുക്തം ശബ്ദൈകഗുണം – ആകാശത്തെ ശ്രോത്രത്തിനോടും വാക്കിനോടും ശബ്ദം ഒന്നിനോടും കൂടീട്ടും കല്പിപ്പൂ.

പഞ്ച പ്രാണാനഥ പഞ്ചതത്ത്വമനുബീജാദ്യൈഃ പൃഥിവ്യാത്മനേ
ഹൂംഫട്പൂർവ്വകമന്ത്രകൈഃ സ്വഗുണസംഖ്യാതോ നിയമ്യാനിലം
തന്മാത്രാസു വിലാപ്യ തത്ത്വമനുഭിഃ സംഹാരതോ വ്യാപയം-
സ്തന്മാത്രാശ്ച വിലാപയേത്സജനകേ തത്ത്വേ ക്രമാന്മന്ത്രവിത്.
[വ. ൧

അഥ മന്ത്രവിത് - അനന്തരം മന്ത്രജ്ഞനായിരിക്കുന്ന ഗുരു, പഞ്ചതത്ത്വമനുബീജാദ്യൈഃ - തന്റെ തന്റെ പഞ്ചതത്ത്വത്തിന്റെ ബീജങ്ങളും ഓരോന്നിനോടും 'നമഃ പരായ' എന്നും ആദികളോടുകൂടി, പൃഥിവ്യാത്മനേ ഹൂംഫട്പൂർവ്വകമന്ത്രകൈഃ - പൃഥിവ്യാത്മനേ ഹൂംഫട്, അബാത്മനേ ഹൂംഫട്, തേജആത്മനേ ഹൂംഫട്, വായ്വാത്മനേ ഹൂംഫട്, ആകാശാത്മനേ ഹൂംഫട് ഇങ്ങനെ അഞ്ചു മന്ത്രങ്ങളെക്കൊണ്ടും, പ്രാണാൻ പഞ്ച - ആദ്യങ്ങളായ പഞ്ചഭൂതങ്ങളെ, സ്വഗുണസംഖ്യാതഃ അനിലം നിയമ്യ - തന്റെ തന്റെ ശബ്ദാദിഗുണങ്ങളുടെ സംഖ്യയെ അനുസരിച്ച് പ്രാണായാമങ്ങളെച്ചെയ്ത്, തന്മാത്രാസു വിലാപ്യ - ഗന്ധതന്മാത്രാദികളിൽ ലയിപ്പിച്ച്, തത്ത്വമനുഭിഃ സംഹാരതഃ വ്യാപയൻ - അതതു പഞ്ചതത്ത്വംകൊണ്ടു സംഹാരക്രമേണ വ്യാപകംചെയ്ത്, തന്മാത്രാഃ സജനകേ തത്ത്വേ ക്രമാത് വിലാപയേത് - ഗന്ധതന്മാത്രാദികളെ തത്കാരണമായിരിക്കുന്ന തത്ത്വത്തിങ്കൽ ലയിപ്പിപ്പൂ. ഇങ്ങനെ പൃഥിവ്യാദികളോടുകൂടി ഗന്ധതന്മാത്രാദികളെയും ശ്രോത്രാദിജ്ഞാനേന്ദ്രിയങ്ങളെയും വാഗാദികർമ്മേന്ദ്രിയങ്ങളെയും സംഹരിപ്പൂ.

തത്തദ്ബീജോർദ്ധ്വസംസ്ഥപ്രണതിയുതപരായാർണ്ണവത്താഖി
[ലേഷ്വാ
തത്ത്വാവൃത്തിപ്രജപ്തസ്വമനുരഭിഹിതൈകാസ്യയാമക്രിയാ ച
ത്തത്തത്തത്ത്വാസ്പദസ്യക്പ്രചരത്തു പവനായാമമത്രോക്തക്ലൃപ്ത്യാ
തത്സ്ഥാനാദൂർദ്ധ്വതത്ത്വാസ്പദചരമമപി വ്യാപകം യോഗേന.
[വ. വ്യ

അത്ര തത്തദ്ബീജോർദ്ധ്വസംസ്ഥപ്രണതിയുതപരായാർണ്ണവത്താ - അതതു ബീജങ്ങളുടെ മുകളിൽ 'നമഃ പരായ' എന്ന അക്ഷരത്തോടുകൂട്ടിച്ചൊല്ലുക, അഖിലേഷ്വാ - എല്ലാ മന്ത്രങ്ങളിലും വേണം. തത്ത്വാവൃത്തിപ്രജപ്തസ്വമനുഃ - ഇരുപത്തഞ്ചുത അതതു മന്ത്രം ജപിക്കുന്നേടത്ത്, ഏകാ അസ്യയാമക്രിയാ ച - ഒരു

പ്രാണായാമമാകുന്നു. തത്തത്തത്ത്വസ്ഥാനസ്പൃക് പവനായാമം പ്രചരേത് - അതാതു തത്ത്വത്തിന്റെ സ്ഥാനത്തു പൂരകംകൊണ്ടുതൊട്ട് പ്രാണായാമത്തെച്ചെയ്‌വൂ. ഉത്ക്രമപ്രാ തത്സ്ഥാനാത് - പറഞ്ഞ സ്ഥാനക്രമേണ തത്തൽ സ്ഥാനങ്ങളിൽനിന്നു തുടങ്ങി, ഊർദ്ധ്വതത്ത്വാന്തഗോചരം - മേലെ തത്ത്വത്തിന്റെ സ്ഥാനം അവസാനമായിരിക്കവേണ്ടും, ദോർവ്വ്യാസേന വ്യാപകം ച - കൈകൾ രണ്ടും കൂട്ടി മേല്പോട്ടു വ്യാപകത്തെയും ചെയ്‌വൂ.

അനന്തരം സംഹാരക്രമേണ പഞ്ചതത്ത്വങ്ങളെ പറയുന്നു:—

വിഷ്ണൗ സർവ്വനിവൃത്തിവിശ്വപുരുഷാൻ പഞ്ചപ്രതീപക്രമാ-
ദ്ധ്യായേത് പരമേഷ്ഠിനം ച സകലത്ത്വാത്മാനി തത്ത്വാനി ദു-
ഗ്ദ്ധാർണ്ണാനി വിയത്പദോല്ലസിതമജ്ജാനി ക്ഷിതിയാന്തിമാ-
നന്താദ്ധ്യോജ്ജ്വലിതാനി തേഷു സലവാന്ത്യകാനി ബീജാനി ച.
[൫൯

വിഷ്ണൗ പ്രതീപക്രമാത് - വിഷ്ണുവിങ്കൽ സംഹാരക്രമേണ, സർവ്വനിവൃത്തിവിശ്വപുരുഷാൻ പരമേഷ്ഠിനം ച സകലത്ത്വാത്മാനി പഞ്ച തത്ത്വാനി - സർവ്വാത്മനേ, നിവൃത്ത്യാത്മനേ, വിശ്വാത്മനേ, പുരുഷാത്മനേ, പരമേഷ്ഠ്യാത്മനേ ഇങ്ങനെ പഞ്ചതത്ത്വങ്ങൾ. വിയത്പദോല്ലസിതമജ്ജാനി ദുഗ്ദ്ധാർണ്ണാനി ക്ഷിതിയാന്തിമാനന്താദ്ധ്യോജ്ജ്വലിതാനി ബീജാനി ച - ലാം വഃ രാം യം ഷോ ഇവ അഞ്ചും തത്ത്വങ്ങളുടെ ബീജങ്ങൾ. ലാനമഃ പരായ സർവ്വാത്മനേ നാരായണായ നമഃ എന്നു വരും. മൂർത്തിമന്ത്രങ്ങൾകൂടെ വേണമെന്നു മേൽപറയും. നാരായണായ നമഃ, അനിരുദ്ധായ നമഃ, പ്രദ്യുമ്നായ നമഃ, സംകർഷണായ നമഃ, വാസുദേവായ നമഃ ഇത് അഞ്ചും മൂർത്തിമന്ത്രങ്ങൾ.

സർവ്വരൂപാ നിവൃത്തിസ്തഥാ വിശ്വയാ
പൌരുഷീ ശ്രേഷ്ഠ്യയാ ചാപി ശക്ത്യാത്മനാ
വിഷ്ണുതത്ത്വാഖ്യബീജൈസ്സഹൌമാത്രൈഃ
സംഹൃതൌ പഞ്ചതത്ത്വാനി സ്വംഭേചിഷി. ന. ൬

സ്വംഭേചിഷി - ദുർഗ്ഗയിങ്കൽ, സംഹൃതൌ - സംഹാരത്തിങ്കൽ, ഔമാത്രൈഃ വിഷ്ണുതത്ത്വാഖ്യബീജൈഃ - ഊകാരത്തോടുകൂടിയിരിക്കുന്ന വിഷ്ണുവിങ്കലെ പഞ്ചതത്ത്വബീജങ്ങളോട

കൂട്ടീട്ട്, ലൌം വൌം രൌം യൌം ഷൌം ഇങ്ങനെ ബീജങ്ങളും നമഃ പരായ എന്നും ചൊല്ലിയാൽ; സർവ്വരൂപാ നിവൃത്തിസ് വിശ്വയാ പൌരുഷീ ശ്രേഷ്ഠയാ ച ശക്ത്യാത്മനാ പഞ്ചതത്വാനി - സർവ്വരൂപാ ശക്ത്യാത്മനേ നമഃ നിവൃത്തിരൂപാ ശക്ത്യാത്മനേ നമഃ വിശ്വരൂപാ ശക്ത്യാത്മനേ നമഃ പൌരുഷീ ശക്ത്യാത്മനേ നമഃ ശ്രേഷ്ഠാ ശക്ത്യാത്മനേ നമഃ ഇങ്ങനെ പഞ്ചതത്വങ്ങളും. ലൌന്നമഃ പരായ സർവ്വരൂപാ ശക്ത്യാത്മനേ നമഃ ഇത്യാദി അഞ്ചും ചൊല്ലൂ.

ഹ്ലാം ഹ്ലീം ഹ്ലൂം ഹ്ലൈം ഹ്ലൌം നിവൃത്തിഃ പ്രതിഷ്ഠാ
വിദ്യാ ശാന്തിഃ ശാന്ത്യതീതാത്മനേന്താഃ
ഈശേ ബീജാനീതി തത്വാന്യപീതൌ
യോജ്യം ചൈതേഷാം പരാംശേ ശിവാർണം. ന. പ്ര

ഈശേ അപീതൌ - ശിവങ്കൽ സംഹാരത്തിങ്കൽ, ഹ്ലാം ഹ്ലീം ഹ്ലൂം ഹ്ലൈം ഹ്ലൌം ഇതി ബീജാനി, നിവൃത്തിഃ പ്രതിഷ്ഠാ വിദ്യാ ശാന്തിഃ ശാന്ത്യതീതാ ആത്മനേന്താഃ ഇതി തത്വാനി - ഇങ്ങനെ ബീജങ്ങളും തത്വങ്ങളും ഭവിക്കും. ഏതേഷാം പരാംശേ ശിവാർണം - ഈ തത്വങ്ങൾക്ക് ഒക്കെയും പര എന്നു ഉള്ളേടത്ത് ശിവ എന്നു വേണം. അപ്പോൾ ഹ്ലാം നമഃ ശിവായ നിവൃത്ത്യാത്മനേ നമഃ ഇത്യാദി പഞ്ചതത്വങ്ങൾ വരും.

മൂലാന്താദിതബീജമജ്ഝിരസമൈർവ്വിക്ലീബകൈർഭേദിതം
ബീജം ശാസ്തൃഗണേശയോസ്സ്വിവഹരൌ തത്സാജിതം
[കീർത്തിതം
മൂലാഷ്ടാനി ഗൃഹേ മഹേശവിഹിതാന്യേവൈഷു തത്വാന്യഥ
സ്യുഃ സദ്യാദിവശിന്നവിഷ്ണുവിഹിതാന്യക്താനി ശർവ്വാച്യുതേ.
[ന. പ.

ശാസ്തൃഗണേശയോഃ - ശാസ്താവിങ്കലും ഗണപതിയിങ്കലും വിക്ലീബകൈഃ അസമൈഃ അജ്ഝിഃ ഭേദിതം ഋ ൠ ഌ ൡ ഈ നാലും കൂടാതെയുള്ള അച്ചുകൾ പന്ത്രണ്ടിൽ ഒററപ്പെട്ടിരിക്കുന്ന അച്ചുകൾ അഞ്ചിനോടുംകൂടീട്ട് മൂലത്തിങ്കലെ ബീജങ്ങൾ ബീജങ്ങളായിരിക്കും. അപ്പോൾ ശാസ്താവിങ്കൽ ഹ്ലം ഹ്ലിം ഹ്ലും ഹ്ലെം ഹ്ലൊം ഇങ്ങനെ അഞ്ചും, ഗണപതിയിങ്കൽ ഗം ഗിം ഗും

ഗ്രം ഗ്രോം ഇങ്ങനെ അഞ്ചും പഞ്ചതത്വബീജങ്ങൾ. ശിവഹരൌ തൽസാദൃശ്യാത് കീർത്തിതം — ശങ്കരനാരായണങ്കൽ ആ മൂലത്തുങ്കലെ ബീജാക്ഷരത്തിൽ വിഷ്ണുവിങ്കലെ തത്വങ്ങളുടെ ബീജം കൂട്ടിച്ചൊല്ലണം. അപ്പോൾ ഹാം ലാം ഹിം വാം ഹൂം രാം ഹൈം യാം ഹൌം ഷാം ഇങ്ങനെ ഈരണ്ടു ബീജങ്ങളായി വരും. ഗുഹേ മൂലാർണ്ണാനി — സുബ്രഹ്മണ്യങ്കൽ വം ചം ഭും വേം നം ഇങ്ങനെ അഞ്ചു മൂലാക്ഷരങ്ങൾ ബീജങ്ങൾ. ഏഷു തത്വാനി മഹേശവിഹിതാനി ഏവ — ഈ നാലു ദേവന്മാരിലും ശിവങ്കൽ പറഞ്ഞ നിവൃത്തിഃ പ്രതിഷ്ഠാ വിദ്യാ ശാന്തിഃ ശാന്ത്യതീതാ ച ഇത്യേതാഃ ഈ അഞ്ചും തന്നെ തത്വങ്ങൾ. അപ്പോൾ ശാസ്താവിങ്കൽ ഹ്രൂം നമഃ പരായ നിവൃത്ത്യാത്മനേ നമഃ ഇത്യാദി അഞ്ചും ഗണപതിയിങ്കൽ ഗം നമഃ പരായ നിവൃത്ത്യാത്മനേ നമഃ ഇത്യാദി അഞ്ചും സുബ്രഹ്മണ്യങ്കൽ വം നമഃ പരായ നിവൃത്ത്യാത്മനേ നമഃ ഇത്യാദി അഞ്ചും തത്വങ്ങൾ. ശിവാച്യുതേ — ശങ്കരനാരായണങ്കൽ, സദ്യാദിഭിർന്നവിഷ്ണുവിഹിതാനി ഉക്താനി — സദ്യോജാതായ വാമദേവായ അഘോരായ തത്പുരുഷായ ഈശാനായ ഈ അഞ്ചു മൂർത്തിമന്ത്രങ്ങളോടുംകൂടീട്ട് വിഷ്ണുവിന്റെ തത്വങ്ങളും കൂട്ടിച്ചൊല്ലൂ. അപ്പോൾ ഹം ലാം നമഃ പരായ സർവ്വാത്മനേ സദ്യോജാതായ നാരായണായ നമഃ ഇത്യാദി പഞ്ചതത്വങ്ങൾ ഭവിക്കും.

ചിത്താഹംകൃതിപൂർവ്വകേഷു കവചാസ്ത്രാന്തോ മനുസ്താരകോ
ഹ്രൂംഫട്കാരയുതാഃ സ്വകീയമനവോ വാ വായുസംരോധനേ
പ്രാണായാമവിധിസ്സകൃത് സകൃദിഹ സ്യാന്മാനസാദ്യർച്ചയേ
സർവ്വസ്മിന്നിഹ ഹാർദ്ദമുദ്രിതവിരാമോ വ്യാപകേ താരകഃ. ൩൨

ചിത്താഹംകൃതിപൂർവ്വകേഷു — മനോഹംകാരബുദ്ധിപ്രാണങ്ങളിൽ, വായുസംരോധനേ — പ്രാണായാമത്തിങ്കൽ, കവചാസ്ത്രാന്തഃ താരകഃ മനുഃ — ഓം ഹ്രൂം ഫട് എന്നതന്നെ മന്ത്രം നാലിന്നുമാകുന്നു. ഹ്രൂംഫട്കാരയുതാഃ സ്വകീയമനവഃ വാ — ഹ്രൂംഫഡന്തമായിരിക്കുന്ന തത്വമന്ത്രങ്ങളുമാം. ആ പക്ഷത്തിങ്കൽ ഹം നമഃ പരായ മന ആത്മനേ ഹ്രൂംഫട് ഹം നമഃ പരായാഹംകാരാത്മനേ ഹ്രൂംഫട് ഹം നമഃ പരായ ബുദ്ധ്യാത്മനേ ഹ്രൂംഫട് ഹം നമഃ പരായ പ്രാണാത്മനേ ഹ്രൂംഫട് ഇങ്ങനെ വരും. ഇഹ മാനസാദ്യർച്ചയേ പ്രാണാ

യാമവിധിഃ സകൃത് സകൃത് സ്യാത് - ഇവിടെ മന്ത്രതത്വാദികളുടെ സംഹാരത്തിങ്കൽ പ്രാണായാമം ഓരോന്നായിട്ടുതന്നെ ഭവിക്കും. സർവ്വസ്യാപി വ്യാപകേ - എല്ലാവ്യാപകത്തിലും, ഹാർദ്ദമൂർദ്ധ്നിതവിരാമഃ താരകഃ - നാദാന്തമായിരിക്കുന്ന പ്രണവംതന്നെ ഓം നമഃ എന്ന വരും.

സംഹൃത്യൈവം ഭുവം വാരി തദനല ഇദം മാതരിശ്വാനമമും ഖേ
തച്ചിത്തേ തന്നു ശർവ്വേ തമധിയി ധിയമവ്യാകൃതേ തത് പരസ്മിൻ
പ്രാണായാമൈഃ ക്രിയാദിത്രിതയമപി വിലാപ്യാദിക്ലൃപ്തൈഃ പ്രസ്ത[സ്തം
സ്വാത്മാനം സുപ്രശാന്തം പുരുഷമപി ബുധോ ഭാവയേതാഖി[ലേഷു. ൩൮

അഖിലേഷു - എല്ലാ ദേവന്മാരിലും, ഏവം ഭുവം വാരി - ഈ പറഞ്ഞപ്രകാരം ഭൂമിയെ അപ്പിങ്കലും, തത് അനലേ - അപ്പിനെ തേജസ്സിങ്കലും, ഇദം മാതരിശ്വനി - തേജസ്സിനെ വായുവിങ്കലും, അമും ഖേ - വായുവിനെ ആകാശത്തിങ്കലും, തത് ചിത്തേ - ആകാശത്തെ മനസ്സിങ്കലും, തത് ശർവ്വേ - മനസ്സിനെ അഹംകാരത്തിങ്കലും, തം ധിയി - അഹംകാരത്തെ ബുദ്ധിയിങ്കലും, ധിയം അവ്യാകൃതേ - ബുദ്ധിയെ പ്രാണനിലും, തത് പരസ്മിൻ - പ്രാണനെ ജീവനിലും, സംഹൃത്യ - സംഹരിച്ചിട്ട്, ആദിക്ലൃപ്തൈഃ പ്രാണായാമൈഃ ക്രിയാദിത്രിതയം അപി വിലാപ്യ - മൂന്നു പ്രണവപ്രാണായാമങ്ങളെക്കൊണ്ടു ക്രിയയേയും ജ്ഞാനത്തെയും ഇച്ഛയേയും സംഹരിച്ചാൽ, ബുധഃ തം സ്വാത്മാനം സുപ്രശാന്തം പുരുഷം ഭാവയേത - ബുധനായിരിക്കുന്ന ആചാര്യൻ ആ ജീവനെ സ്വാത്മാരാമനായി സുപ്രശാന്തനായിരിക്കുന്ന വിരാട്പുരുഷനായിട്ട് ധ്യാനിപ്പൂ.

അവ്യാകൃതാന്തേ പുരുഷാദിതത്ത്വ-
ജാതം വിലാപ്യാഥ ശിവേ പരസ്മിൻ
പ്രാഗപ്യത് ക്രിയാദിത്രിതയം ച ഹൃത്വാ
ശിവേ ശിവം കേവലമാദധീത. ൩൯

ശിവേ അവ്യാകൃതാന്തേ - ശിവനാൽ പ്രാണതത്വസ്ഥാനത്തെ ഉണ്ടാപ്രകൃതിതത്വാദാത്ത പുരുഷതത്വത്തിങ്കലും പിന്നെ പുരുഷാദിതത്വങ്ങളെ പതിനൊന്നിനെയും ക്രമേണ മേല്പോട്ടു സംഹരിപ്പൂ. പുരുഷാദിതത്വജാതം ശിവേ വിലാപ്യ - ഒടുക്കത്തെ ശക്തി

തത്വത്രയം ശിവതത്വാന്തങ്ങൾ ലയിപ്പിച്ചിട്ട്, പ്രാഗുക്ത ക്രിയാ വിധാനത്രയം — അതായത് — വിഷ്ണുവിങ്കൽ പറഞ്ഞതുപോലെ പ്രണവ പ്രാണായാമത്രയംകൊണ്ട് ക്രിയാജ്ഞാനേച്ഛകളെ സംഹരിച്ച്, കേവലം ശിവം ആദധീത — നിർവികാരമായിരിക്കുന്ന പരബ്രഹ്മ സ്വരൂപമായിട്ടു ധ്യാനിപ്പൂ.

* ശോഷദ്ദാഹാപ്ലവനമപി കുര്യാദ്യഥോക്തം സബീജൈ-
സ്സർവസ്വന്താദിഷു ഹരികമലാദ്യോസ്തു [illegible] പീതേ
ശോഷദ്ദാഹാപ്ലവനമവനേഃ ശോഷദാഹൌ തതോഽപാം
ശോഷം വഹ്നേസ്തദനു സ്വീകാരമിത്ഥം കുര്യാത്. ൨൬

അഥ സർവസ്വന്താദിഷു — ശിവൻ സുബ്രഹ്മണ്യൻ ശങ്കര നാരായണൻ ഗണപതി ശാസ്താവ് ഈ അഞ്ചു ദേവന്മാരിലും, സബീജൈഃ യഥോക്തം ശോഷദ്ദാഹാപ്ലവനം കുര്യാത് — യം രം വം ഈ മൂന്നു ബീജങ്ങളെക്കൊണ്ട് പ്രാണായാമങ്ങളെച്ചെയ്ത് യഥോക്തമായ ശോഷണത്തെയും ദഹനത്തെയും പ്ലാവനത്തെയും ചെയ്വൂ. വിധാൻ ഹരികമലാദ്യോഃ അപീതൌ തു — വിധാനായിരിക്കുന്ന ആചാര്യൻ വിഷ്ണുവിന്റെയും ശ്രീയുടെയും സംഹാരത്തിങ്കൽ തന്നെ, അവനേഃ ശോഷദ്ദാഹാപ്ലവനം — പൃഥിവീമന്ത്രം കൊണ്ടു പ്രാണായാമം അഞ്ചും ചെയ്ത് ശോഷണദഹനപ്ലാവനങ്ങളും ചെയ്ത് നാല്പതാം വ്യാപകം ചെയ്ത് പൃഥിവിയെ അപ്പുങ്കൽ സംഹരിപ്പൂ. അപാം തു ശോഷദാഹൌ — അപ്പിനെ സംഹരിക്കുമ്പോൾ ശോഷണദഹനത്തേയും ചെയ്തു വ്യാപകം ചെയ്ത് അപ്പിനെ സംഹരിപ്പൂ. വഹ്നേഃ ശോഷം — തേജസ്സിനെ സംഹരിക്കുന്നേടത്ത് സ്വമന്ത്രപ്രാണായാമങ്ങൾ മൂന്നും ശോഷണവും ചെയ്തു തേജസ്സിനെ സംഹരിപ്പൂ. തദനു ഇത്ഥം സ്വീകാരം അപി കുര്യാത് — പിന്നെ വായുവിനെ സംഹരിക്കുന്നേടത്ത് തന്മന്ത്രപ്രാണായാമം രണ്ടും യം എന്ന പ്രാണായാമം ചെയ്തു സ്വീകരണവും കല്പിച്ച് വായുവിനെ ആകാശത്തിങ്കൽ സംഹരിപ്പൂ. പിന്നെ ആകാശാദി പ്രാണതത്വാന്തം സംഹരിച്ച് ക്രിയാജ്ഞാനേച്ഛകളെയും സംഹരിച്ച് സുപ്രശാന്തനായിരിക്കുന്ന പുരുഷനായിട്ടു ധ്യാനിപ്പൂ. പിന്നെ സംഹാരസമ്പാതത്തെ ബിംബങ്ങളിൽ സ്പർശിക്കുകയും വേണം.

* 'ഹരികമലാദിഷു' ഇത്യപി പാഠഃ മുദ്രിതപാഠങ്ങളിൽ.

തതസ്ത്രിഭിസ്താരസമീരരോധനൈ-
രിച്ഛാമയീം ജ്ഞാനമയീം ക്രിയാമയീം
തിസ്രോ/സ്യ ശക്തീരനയോർവിഭാവയേത്
പരേഷു താഃ പ്ലാവനകർമ്മതഃ പരം. ൩൧

തതഃ ത്രിഭിഃ താരസമീരരോധനൈഃ – പിന്നെ മൂന്നു പ്രാണായാമങ്ങളെച്ചെയ്തു്, അസ്യ ഇച്ഛാമയീം ജ്ഞാനമയീം ക്രിയാമയീം തിസ്രഃ ശക്തീഃ വിഭാവയേത് – ഈ പരമാത്മാവിന്റെ സൃഷ്ട്യാരംഭത്തിങ്കലെ ഇച്ഛാശക്തിയേയും ജ്ഞാനശക്തിയേയും ക്രിയാശക്തിയേയും ധ്യാനിപ്പൂ. പരേഷു – ശിവാദി അഞ്ചു ദേവന്മാരിലും, പ്ലാവനകർമ്മതഃ പരം താഃ വിഭാവയേത് – ശോഷണദഹനപ്ലാവനാനന്തരം പ്രണവപ്രാണായാമംകൊണ്ടു് ഇച്ഛാജ്ഞാനക്രിയാശക്തികളെ സൃഷ്ടിപ്പൂ.

ഏകദ്വിത്രിചതുഃശ്രീമുഖമിതാൻ പ്രാണാന്തരോധാംശ്ചരൻ
മൂർത്ത്യന്തർഭൂതതത്ത്വകൈസ്സൃജേന്മൂർത്തീർവ്വാസുദേവാദികാഃ
പൂർണ്ണജ്ഞാനകൃതേഃ പ്രജാപതിസമാഖ്യാന്നാരായണാ-
ദണ്ഡോ/പൂർവ്വമയം സൃജേത് പ്രണവതോ ലക്ഷ്മീശസംഹാരിണോഃ.
[൩൨

ലക്ഷ്മീശസംഹാരിണോഃ – വിഷ്ണുവിങ്കലും ദുർഗയിങ്കലും, മൂർത്ത്യന്തർഭൂതതത്ത്വകൈഃ – വാസുദേവാദി പഞ്ചമൂർത്തികളോടു കൂടിയിരിക്കുന്ന പഞ്ചതത്ത്വങ്ങളെക്കൊണ്ടു്, സൃഷ്ടിക്രമേണ; ഏകദ്വിത്രിചതുശ്ശ്രീമുഖമിതാൻ പ്രാണാന്തരോധാൻ ചരൻ – ഒന്നാമത്തെ തത്ത്വംകൊണ്ടു് ഒന്നും – ഒരിക്കലും – രണ്ടാം തത്ത്വംകൊണ്ടു് രണ്ടും മൂന്നാം തത്ത്വംകൊണ്ടു് മൂന്നും നാലാം തത്ത്വംകൊണ്ടു് നാലും അഞ്ചാം തത്ത്വംകൊണ്ടു് അഞ്ചും പ്രാണായാമങ്ങളെച്ചെയ്തു്, വാസുദേവാദികാഃ മൂർത്തീഃ സൃജേത് – വാസുദേവസങ്കർഷണപ്രദ്യുമ്നാനിരുദ്ധനാരായണന്മാരാകുന്ന അഞ്ചു മൂർത്തികളേയും ഉണ്ടാക്കുക. പൂർണ്ണജ്ഞാനകൃതേഃ പ്രജാപതിസമാഖ്യാന്നാരായണാത് – പൂർണ്ണജ്ഞാനക്രിയകളോടും കൂടി പ്രജാപതി എന്ന പേരോടും കൂടിയിരിക്കുന്ന നാരായണൻപോക്കൽനിന്നു്; പ്രണവതഃ അപൂർവം അണ്ഡം സൃജേത് – പ്രണവപ്രാണായാമം ചെയ്തു് കാരണജലത്തെ ഉണ്ടാക്കുക.

തയ്യാരപൂർവ്വാംഭസി ഭൂമിബീജതഃ
പരേഷ്വപി പ്ലാവനവാരി ഭാവയേത്
തദ്ബുദ്ബുദാഭം ജഗദണ്ഡമുത്ഥിതം
ഭൂതാത്മകം തദ്ദ്യുതിമദ്ധിരണ്മയം. ൩൯

തയ്യാഃ അപൂർവ്വാംഭസി – വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും അകാരണജലങ്ങളിലും, പരേഷു പ്ലാവനവാരി അപി – ശിവാദി അന്യദേവന്മാരിലും പ്ലാവനജലത്തിങ്കലും, ഭൂമിബീജതഃ – ലംബീജംകൊണ്ട് അഞ്ചു പ്രാണായാമങ്ങളെ ചെയ്ത്, തദ്ബുദ്ബുദാഭം – ആ ജലത്തിങ്കലെ കുമിളപോലെ, ഭൂതാത്മകം ദ്യുതിമത് – പഞ്ചഭൂതാത്മകമായി ഏററവും പ്രകാശത്തോടുകൂടി, ഹിരണ്മയം ജഗദണ്ഡം – സ്വർണ്ണമയമായിരിക്കുന്ന ബ്രഹ്മാണ്ഡത്തെ, ഉത്ഥിതം ഭാവയേത് – ഉണ്ടായപ്രകാരം ധ്യാനിപ്പൂ.

തദേതദണ്ഡം പ്രണവേന ബിംബം
പ്രകല്പ്യ തത്രൈവ നിജാത്മനീതാം
തജ്ജീവശക്തിം പ്രതിസംക്രമയ്യ
സതാരശക്ത്യാ പ്രണയേത്തദൈക്യം. ൪൦

ഇവിടെ ബ്രഹ്മാണ്ഡത്തിന്റെ പഞ്ചഭൂതങ്ങളെ ഉണ്ടാക്കുന്നതിന് തന്റെ തന്റെ പഞ്ചതത്വങ്ങളെക്കൊണ്ട് ഏകോത്തരിചതുഷ്ടയപ്രാണായാമങ്ങളെച്ചെയ്ത് പഞ്ചഭൂതങ്ങളെ സൃഷ്ടിക്കുന്നു ചിലർ. പിന്നെ; തത് അണ്ഡം ഹൃതദ്ബിംബം പ്രണവേന പ്രകല്പ്യ – പിന്നെ ഒരിക്കൽ പ്രണവപ്രാണായാമത്തെച്ചെയ്ത് ആ ബ്രഹ്മാണ്ഡത്തെ ഈ ബിംബമായി കല്പിപ്പൂ. പിന്നെയും ഹം എന്ന പ്രാണായാമം ചെയ്ത് സുഷിരീകരണത്തെയും കല്പിപ്പൂ. തത്ര ഏവ നിജാത്മനീതാം തജ്ജീവശക്തിം പ്രതിസംക്രമയ്യ – പിന്നെ ബിംബഹൃദയത്തിങ്കൽ പത്മമാത്രം പീഠം കല്പിച്ച് പ്ലുത പ്രണവങ്ങളെക്കൊണ്ട് ഗന്ധപുഷ്പാക്ഷതങ്ങളെ കൈയിലെടുത്തു മുമ്പിൽ തങ്കൽ യോജിപ്പിച്ചിരിക്കുന്ന ബിംബശക്തിയെ ബിംബത്തിങ്കൽ യോജിപ്പിച്ച് വ്യാപകാംഗവും ന്യസിച്ച്, സതാരശക്ത്യാ തദൈക്യം പ്രണയേത് – പ്രണവയുക്തയായ ഭുവനേശ്വരിയെക്കൊണ്ട് പ്രാണായാമത്തെച്ചെയ്ത് ആ ജീവശക്തിയെ ബിംബത്തിങ്കൽ യോജിപ്പൂ.

ജീവാന്തൈഃ സകലേഷു ശൂലിനി ശിവാദ്യൈർവക്ഷ്യമാണക്രമാ-
ത്തത്തത്സംഖ്യയാ നിയമ്യ മരുതം സ്വൈസ്തത്ത്വമന്ത്രൈഃ
[പൃഥക്
തത്സ്ഥം ജീവമവാപ്തകാര്യകരണോന്മേഷം വിഭാവ്യാഥ തം
ഷഷ്ഠ്യാദ്യഷ്ടത്രിശതദ്രുവാസുയമനേനാഭ്യുക്ഷിതം ഭാവയേത്.
[൪൫

സകലേഷു ജീവാന്തൈഃ – എല്ലാ ദേവന്മാരിലും ജീവതത്ത്വം ഒടുക്കീട്ടും, ശൂലിനി ശിവാദ്യൈഃ – ശിവങ്കൽ ശിവതത്ത്വം തുടങ്ങീട്ടും, വക്ഷ്യമാണക്രമാത് – ഇവിടെ പറയുന്ന ക്രമേണ, തത്തത്സംഖ്യയാ സ്വൈഃ തത്ത്വമന്ത്രൈഃ പൃഥക് അനിലം നിയമ്യ – ശരീരതത്ത്വങ്ങളെ സൃഷ്ടിക്രമേണ ധ്യാനിച്ചുംകൊണ്ട് തന്റെ തന്റെ തത്ത്വങ്ങളെക്കൊണ്ട് ഓരോന്നും വെവ്വേറെ ഓരോരോ പ്രാവശ്യം പ്രാണായാമങ്ങളെച്ചെയ്ത് തത്ത്വങ്ങളെ മുഴുവനുമുണ്ടാക്കിയാൽ, തത്സ്ഥം ജീവം അവാപ്തകാര്യകരണോന്മേഷം വിഭാവ്യ – ആ ബിംബഗതജീവനെ പ്രാപ്തസർവാവയവമായി ധ്യാനിച്ച്, ഷഷ്ഠ്യാദ്യഷ്ടത്രിശതദ്രുവാസുയമനേന അഭ്യുക്ഷിതം ഭാവയേത് – മുന്നൂററി അറുപത്ത് ഉരുപ്രണവപ്രാണായാമത്തെച്ചെയ്ത് സംപ്രോക്ഷിതനായും കല്പിപ്പൂ.

ഫട്കാരാന്തനിരഞ്ജനേന പരിഭിദ്യാണ്ഡം സ്മരേദ്രോദസീ
ചോഭേ തച്ഛകലേ തദന്തരവിരാജന്തം പ്രജാനാം പതിം
ഏനം വിശ്വജനീനമേവ പുരുഷം ധ്യാത്വാ നിയമ്യാനിലം
ലിപ്യാ ന്യസ്യ മന്ത്രമയാദിനിജപീഠന്യാസനിഷ്ഠം ചരേത്. ൪൬

ഫട്കാരാന്തനിരഞ്ജനേന അണ്ഡം പരിഭിദ്യ – ഓം ഫട് എന്നു ജപിച്ച് അണ്ഡഭേദത്തെ കല്പിച്ച്, തച്ഛകലേ ഉഭേ രോദസീ സ്മരേത്, അണ്ഡത്തിന്റെ ശകലങ്ങളെ രണ്ടിനേയും ദ്യാവാപൃഥിവികളായിട്ട് കല്പിപ്പൂ. തദന്തർവിരാജന്തം ഏനം – അവററിന്റെ ഉള്ളിൽ ബാലാകൃതിയായിട്ട് ശോഭിച്ചിരിക്കുന്ന ദേവനെ, പ്രജാനാം പതിം വിശ്വജനീനം പുരുഷം ഏവ ധ്യാത്വാ – പ്രജാരക്ഷണകർത്താവും പ്രപഞ്ചസൃഷ്ടികർത്താവും ആയിരിക്കുന്ന പുരുഷനായിട്ടുതന്നെ ധ്യാനിച്ച്, ലിപ്യാ അനിലം നിയമ്യ ന്യസ്യ – ലിപിപ്രാണായാമവും ലിപിന്യാസവും ചെയ്ത്, മന്ത്രമയാദിനിജപീഠന്യാസനിഷ്ഠം ചരേത് – പൂജാപടലത്തിൽ പറയുന്നപോലെ മന്ത്രമയപ്രാണായാമവും പീഠന്യാസവും ചെയ്‌വൂ.

മൂലാണുനാസു[1]നിയമം പ്രവിധായ തേന
വ്യാപയ്യ താരപുടിതേന [2]ത്രിവാരം
ന്യസ്യാർണ്ണതത്ത്വമന്ത്രവർണ്ണതനംഗകാനി
യോഗാസനാർച്ചനമപി പ്രകരോതു തസ്മിൻ. ൪൬

മൂലാണുനാ അസുനിയമം പ്രവിധായ - പിന്നെ മൂലംകൊണ്ട് ഒരു പ്രാണായാമത്തെച്ചെയ്തു്, താരപുടിതേന തേന ത്രിവാരം വ്യാപയ്യ - പ്രണവപുടിതമായിരിക്കുന്ന മൂലമന്ത്രംകൊണ്ട് മൂന്നു വ്യാപകത്തെച്ചെയ്തു്, തത്ത്വ അർണ്ണതത്ത്വമന്ത്രവർണ്ണതനംഗകാനി ന്യസ്യ - പിന്നീട് മൂലപുടിതലിപിന്യാസവും തത്ത്വന്യാസവും മൂലാക്ഷരന്യാസവും അംഗന്യാസവും ചെയ്തു്, ഏതസ്മിൻ യോഗാസനാർച്ചനം അപി പ്രകരോതു - ആ ബിംബങ്ങളിൽ പീഠപൂജയേയും ചെയ്യൂ. ഇവിടെ തത്ത്വസൃഷ്ടികഴിഞ്ഞാൽ സൃഷ്ടിതത്ത്വഹോമത്തിന്റെ സമ്പാതം ബിംബങ്ങളിൽ സ്പർശിച്ചു് ഒരിക്കൽ തത്ത്വന്യാസവും ചെയ്യണം.

ബിംബേ സ്വമൂർത്തിയുജി തത്ര പൃഥക് പ്രസൂനൈ-
സ്തത്ത്വാനി താനി മന്ത്രവിത് ക്രമശോഽഭിവാഹ്യ
വ്യാപയ്യ തത്ത്വമനുനാ വിതനോതു തേന
തേന പ്രസൂനയജനം സുസമാഹിതാത്മാ. ൪൭

മന്ത്രവിത് സുസമാഹിതാത്മാ - മന്ത്രജ്ഞനായിരിക്കുന്ന ആചാര്യൻ സമാഹിതാത്മാവായിട്ട്, സ്വമൂർത്തിയുജി തത്ര ബിംബേ - മൂർത്ത്യാവാഹനം ചെയ്തു പൂജിച്ചു് പുഷ്പാഞ്ജലി ചെയ്താൽ, വിദ്യാമൂർത്തിയേയും ആവാഹിക്കണമെന്നു പക്ഷമുണ്ടെങ്കിൽ ആദ്യമേ ആവാഹിച്ചു പൂജിച്ചിരിക്കുന്ന ബിംബങ്ങളിൽ, താനി തത്ത്വാനി ക്രമശഃ അഭിവാഹ്യ - എല്ലാവർക്കും ജീവതത്ത്വം തുടങ്ങിയുള്ള തത്ത്വങ്ങളേയും ശിവനു ശിവതത്ത്വം തുടങ്ങിയുള്ള തത്ത്വങ്ങളേയും ക്രമേണ ഓരോന്നായിട്ട് ആവാഹിച്ചു്, തേന തത്ത്വമനുനാ വ്യാപയ്യ - ആ തത്ത്വംകൊണ്ടു വ്യാപകത്തേയും ചെയ്തു്, തേന പ്രസൂനയജനം ച വിതനോതു - ആ തത്ത്വംകൊണ്ടു പുഷ്പങ്ങളെ ആരാധിപ്പൂ.

1. 'മനോഃ' ക. പാഠം. 2. 'സുധീഃ' ക. പാ.

തത്ത്വങ്ങളെ പറയുന്നു:—

തത്ത്വാനി ഷട്കൃതിമിതാനി ശിവേ ശിവശ്ച
ശക്തിഃ സദാശിവയുതേശ്വരശുദ്ധവിദ്യേ
മായാ ച കാലനിയതീ ച കലാപ്യശുദ്ധ-
വിദ്യാ ച രാഗപുരുഷൌ ച ഗുണപ്രകൃത്യാ. ൪൩

ശിവേ ഷട്കൃതിമിതാനി തത്ത്വാനി — ശിവങ്കൽ മുപ്പത്തിയാറു തത്ത്വങ്ങൾ ഉണ്ടാകും. അവററ പറയുന്നു: ശിവഃ ശക്തിഃ — ശിവാത്മനേ നമഃ, ശക്ത്യാത്മനേ നമഃ; സദാശിവയുതേശ്വരശുദ്ധവിദ്യേ — സദാശിവാത്മനേ നമഃ ഈശ്വരാത്മനേ നമഃ ശുദ്ധവിദ്യാത്മനേ നമഃ; മായാ കാലനിയതീ — മായാത്മനേ നമഃ കാലാത്മനേ നമഃ നിയത്യാത്മനേ നമഃ; കലാ അശുദ്ധവിദ്യാ — കലാത്മനേ നമഃ അശുദ്ധവിദ്യാത്മനേ നമഃ; രാഗപുരുഷൌ — രാഗാത്മനേ നമഃ പുരുഷാത്മനേ നമഃ, ഗുണപ്രകൃത്യാ ച — ഗുണപ്രകൃത്യാത്മനേ നമഃ ഇങ്ങനെ പതിമൂന്നു തത്ത്വങ്ങൾ.

സബുദ്ധ്യഹംകാരമനാംസി മാത്രാ-
ജ്ഞാനക്രിയാഖ്യേന്ദ്രിയപഞ്ചകാനി
ഭൂതാനി പഞ്ചേതി സമീരിതാനി
താനീഹ മാത്രാദിഗണാൻ വദാമി. ൪൪

സബുദ്ധ്യഹംകാരമനാംസി — ബുദ്ധ്യാത്മനേ നമഃ, അഹംകാരാത്മനേ നമഃ, മന ആത്മനേ നമഃ ഇതു മൂന്നും; പിന്നെ; മാത്രാഃ - ശബ്ദാദിതന്മാത്രകൾ അഞ്ചും, ജ്ഞാനക്രിയാഖ്യേന്ദ്രിയപഞ്ചകാനി — പിന്നെ ശ്രോത്രാദിജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും വാഗാദികർമ്മേന്ദ്രിയങ്ങളഞ്ചും; ഭൂതാനി പഞ്ച — ആകാശാദി പഞ്ചഭൂതങ്ങളും ഇങ്ങനെ ഇരുപത്. ഇതി താനി സമീരിതാനി — ഇപ്രകാരം തത്ത്വങ്ങളുടെ ക്രമം പറയപ്പെട്ടു. മാത്രാദിഗണാൻ വദാമി — ഇനി തന്മാത്രാദി അയ്യഞ്ചിനെയും പറയുന്നു:—

ശബ്ദസ്പർശൌ രൂപം രസഗന്ധൌ ചാപി തന്മാത്രാഃ
ശ്രോത്രത്വക്ചക്ഷുരഥോ ജിഹ്വാ ഘ്രാണം ച ബുദ്ധികരണാനി. [൪൫

വാക്പാണിപാദപായൂപസ്ഥാന്യേതാനീഹ കർമ്മകരണാനി
ആകാശവായുതേജാംസ്യാപഃ പൃഥിവീ ച പഞ്ചഭൂതാനി. ൪൬

ശബ്ദസ്പർശൌ - ശബ്ദതന്മാത്രാത്മനേ നമഃ സ്പർശതന്മാത്രാത്മനേ നമഃ, രൂപം - രൂപതന്മാത്രാത്മനേ നമഃ രസഗന്ധൌ ച - രസതന്മാത്രാത്മനേ നമഃ ഗന്ധതന്മാത്രാത്മനേ നമഃ, അപി പഞ്ചതന്മാത്രാഃ - ഇതു് അഞ്ചും തന്മാത്രകളാകുന്നവ. ശ്രോത്രത്വക് ചക്ഷുഃ - ശ്രോത്രാത്മനേ നമഃ ത്വഗാത്മനേ നമഃ ചക്ഷുരാത്മനേ നമഃ, അഥോ ജിഹ്വാ ഘ്രാണം ച - പിന്നെ ജിഹ്വാത്മനേ നമഃ ഘ്രാണാത്മനേ നമഃ; ഇതു് അഞ്ചും, ബുദ്ധികരണാനി - ജ്ഞാനേന്ദ്രിയങ്ങളാകുന്നവ. വാക്പാണിപാദപായൂപസ്ഥാഖ്യാനി - വാഗാത്മനേ നമഃ പാണ്യാത്മനേ നമഃ പാദാത്മനേ നമഃ പായ്വാത്മനേ നമഃ ഉപസ്ഥാത്മനേ നമഃ, ഇഹ കർമ്മകരണാനി - ഇവിടെ ഇവ അഞ്ചും കർമ്മേന്ദ്രിയങ്ങളാകുന്നവ. ആകാശവായുതേജാംസി - ആകാശാത്മനേ നമഃ വായ്വാത്മനേ നമഃ തേജ ആത്മനേ നമഃ; ആപഃ പൃഥിവീ ച - അബാത്മനേ നമഃ, പൃഥിവ്യാത്മനേ നമഃ; ഇതി പഞ്ചഭൂതാനി - ഇങ്ങനെ പഞ്ചഭൂതങ്ങളാകുന്നവ.

ഈ തത്ത്വങ്ങളുടെ ആദിയിൽ വേറെ ചില തത്ത്വങ്ങളെക്കൂടി ചിലർ കല്പിക്കുന്നു:—

നാദം ബിന്ദുസദാശിവൌ പ്രഥമതഃ ശുദ്ധവിദ്യാഭിധം
തത്ത്വം പഞ്ചമമാത്മതത്ത്വമഥ മായാകാലതത്ത്വേ കലാം
തത്ത്വം ചാന്യത് സമാമനന്തി നിയതിം ചാശുദ്ധവിദ്യാം പരേ
രാഗാവ്യക്തഗുണാത്മകാന്യഥ ച ബുദ്ധ്യാദിത്രയോവിംശതിം.

[48

പരേ - മറ്റു ചില ആചാര്യന്മാർ, അത്ര പ്രഥമതഃ - ഈ തത്ത്വങ്ങളുടെ ആദിയിൽ, നാദം - നാദാത്മനേ നമഃ, ബിന്ദുസദാശിവൌ - ബിന്ദ്വാത്മനേ നമഃ സദാശിവാത്മനേ നമഃ - അഥ ശുദ്ധവിദ്യാഭിധം തത്ത്വം - പിന്നെ ശുദ്ധവിദ്യാത്മനേ നമഃ, പഞ്ചമം ആത്മതത്ത്വം - അഞ്ചാമത്തേതു് ആത്മതത്ത്വാത്മനേ നമഃ, അഥ മായാകാലതത്ത്വേ - പിന്നെ മായാത്മനേ നമഃ കാലതത്ത്വാത്മനേ നമഃ, കലാം - കലാത്മനേ നമഃ, നിയതിം - നിയത്യാത്മനേ നമഃ, അശുദ്ധവിദ്യാം - അശുദ്ധവിദ്യാത്മനേ നമഃ, രാഗാവ്യക്തഗുണാത്മകാനി - രാഗാത്മനേ നമഃ അവ്യക്താത്മനേ നമഃ ഗുണപ്രകൃത്യാത്മനേ നമഃ - അഥ ബുദ്ധ്യാദിത്രയോവിംശതിം - ആദി പതിമൂന്നു കഴിഞ്ഞാൽ ബുദ്ധ്യഹംകാരാദിപൃഥിവ്യന്തം; തത്ത്വാനി ആമനന്തി - തത്ത്വങ്ങളെ ഇങ്ങനെ കല്പിക്കുന്നു ചിലർ.

അനന്തരം തത്ത്വങ്ങളുടെ ബീജാക്ഷരങ്ങളെ പറയുന്നു:—

നാദഃ ശിവേ ക്ഷാദികപഞ്ചമാനി
ശേഷേഷു ബീജാന്യഥ വായ്വന്തൈർവർണ്ണൈഃ
ശുദ്ധേഷു ഹൌം ഹ്രീമജപാവരണൈശ്ച ച
ഷാദ്യന്ത്യതത്ത്വൈര്യഗുണികേ ത്രിഭിർഹ്ലാം. ൧൦

ശിവേ നാദഃ - ശിവതത്ത്വത്തിന്ന ഹൌം എന്ന് പ്രാസാദമന്ത്രം ബീജം. ശേഷേഷു ക്ഷാദികപഞ്ചമാനി – പിന്നെ ശക്തിതത്ത്വം ഇങ്ങിനെ പൃഥിവീതത്ത്വം കടിയോളമുള്ള മുപ്പത്തിമൂന്ന തത്ത്വങ്ങൾക്ക് ക്ഷം ളം ഹം എന്ന തുടങ്ങി പിന്നോട്ട് ഗം ഖം കം എന്ന ചൊല്ലിയോളമുള്ള മുപ്പത്തിമൂന്ന് അക്ഷരങ്ങളും ബീജങ്ങൾ. വായവാ – എന്നിട്ട് പക്ഷാന്തരം; ശുദ്ധേഷു അനന്തരങ്ങൾ ഹൌം ഹ്രീം സം ഹരണൈശ്ച ച – ശുദ്ധവിദ്യയാകുന്ന താഴെയുള്ള തത്ത്വങ്ങളോളം ഹ ഹ ഹൌം ഹം ഹ്രീം ശം ഷം സം വാം സഃ ഇങ്ങിനെ പത്താംതത്ത്വത്തിന്റെ അക്ഷരങ്ങളോടും കൂടി ഹൌം ഹ്രീം ബീജങ്ങൾ. അന്ത്യതഃ ഷാദി – പിന്നെ മായാതത്ത്വം തുടങ്ങി മുപ്പത്തിയൊന്നിന്നും ഷം എന്ന തുടങ്ങി കം എന്ന ചൊല്ലിയോളം മുമ്പിൽ പറഞ്ഞതുതന്നെ. ത്രൈഗുണ്യകേ ത്രിഭിർഹ്ലം – ഗുണപ്രകൃതിക്ക് ഹ്രാം ഹ്രീം ഹ്രൂം എന്ന മൂന്ന ബീജാക്ഷരം കൂട്ടീട്ട വേണം.

ജീവപ്രാണൌ പുംസ്പ്രകൃത്യന്തരങ്ങളൌ
ബുദ്ധ്യാദീനി സ്യുസ്ത്രയോവിംശതിശ്ച
തത്ത്വാദീന്യന്യേഷു തത്ത്വാന്തിതാനി
ബീജാന്യേഷാം മാദികാന്താക്ഷരാണി. ൧൧

അന്യേഷു – വിഷ്ണു മുതലായി ആറു ദേവന്മാരിലും, പുംസ്പ്രകൃത്യന്തരങ്ങളൌ ജീവപ്രാണൌ – പുരുഷതത്ത്വത്തിന്റെയും പ്രകൃതിതത്ത്വത്തിന്റെയും പകരമായിട്ട ജീവതത്ത്വവും പ്രാണതത്ത്വവും ആകുന്നു. ജീവാത്മനേ നമഃ പ്രാണാത്മനേ നമഃ എന്ന തത്ത്വങ്ങൾ. ബുദ്ധ്യാദീനി ത്രയോവിംശതിഃ ച സ്യുഃ – പിന്നെ ബുദ്ധ്യാത്മനേ നമഃ എന്ന തുടങ്ങി, പൃഥിവ്യാത്മനേനമഃ എന്ന ചൊല്ലിയോളം ഇരുപത്തിമൂന്ന തത്ത്വങ്ങളും ഉണ്ടാകും. ഇതി

തത്ത്വാത്മിതാനി തത്ത്വാനി - ഇപ്രകാരം ഇരുപത്തിയഞ്ചു തത്ത്വങ്ങൾ. എട്ടാമതു മാളികാന്താക്ഷരങ്ങൾ ബീജാനി - ഈ തത്ത്വങ്ങൾക്ക് മ എന്നു തുടങ്ങി കീഴ്പോട്ടു ക എന്നു കവോളം ഇരുപത്തിയഞ്ചു ബീജങ്ങളും ഭവിക്കും. ഈ തത്ത്വങ്ങൾക്ക് ബീജാന്തത്തിങ്കൽ 'നമഃ പരായ' എന്ന് എല്ലാറ്റിനും വേണം. ശിവങ്കൽ നമഃ ശിവായ എന്നു വേണം. പിന്നെ തത്ത്വങ്ങളും കൂട്ടിക്കൊള്ളണം.

ഹൃത്പുണ്ഡരീകമിതശം ഹം സം രമിതാനി മണ്ഡലാന്യഖിലേ
സ്യുഃ സൂര്യസോമവഹ്ന്യാദീന്യർക്കവികാരളികലാവന്തി. ൧൨

അഖിലേ - സർവ്വദേവന്മാരിലും, ഇതശം ഹൃത്പുണ്ഡരീകം- ശം നമഃ പരായ ഹൃത്പുണ്ഡരീകാത്മനേ നമഃ; ഹം സം രം ഇതാനി സൂര്യസോമവഹ്നീനി മണ്ഡലാനി അർക്കവികാരളികലാവന്തി സ്യുഃ - ഹം നമഃ പരായ സൂര്യമണ്ഡലായ ദ്വാദശകലാത്മനേ നമഃ, സം നമഃ പരായ സോമമണ്ഡലായ ഷോഡശകലാത്മനേ നമഃ, രം നമഃ പരായ വഹ്നിമണ്ഡലായ ദശകലാത്മനേ നമഃ ഇങ്ങനെ നാലു തത്ത്വങ്ങൾ ഭവിക്കും. ശിവങ്കൽ നമഃ ശിവായ എന്നുകൂടി കൂട്ടിക്കൊള്ളണം.

പ്രാഗത്ര്യവ പഞ്ച പരമേഷ്ഠിമുഖാനി വിഷ്ണൗ
സേശാദികാനി ശിവശാർങ്ഗിണി തത്ര സ്യുഃ
ശ്രേഷ്ഠാദികാനി മഹിഷഘ്നി ശാന്ത്യതീതാ-
ദ്യാദീനി ശേഷവിബുധേഷ്വിഹ തത്ത്വകാനി. ൧൩

വിഷ്ണൗ പ്രാഗ്വത് പരമേഷ്ഠിമുഖാനി - വിഷ്ണുവിങ്കൽ 'ഷോം നമഃ പരായ പരമേഷ്ഠ്യാത്മനേ' ഇത്യാദി മുമ്പിൽ പറഞ്ഞ പഞ്ചതത്ത്വങ്ങളും, ശിവശാർങ്ഗിണി സേശാദികാനി താനി - ശങ്കരനാരായണങ്കൽ 'ഹ്രാം ഹ്രീം ഷോം നമഃ പരായ ഈശാനായ പരമേഷ്ഠ്യാത്മനേ' ഇത്യാദി അഞ്ചും, മഹിഷഘ്നി ശ്രേഷ്ഠാദികാനി - ദുർഗ്ഗയിങ്കൽ 'ഷോം നമഃ പരായ ശ്രേഷ്ഠാശക്ത്യാത്മനേ' ഇത്യാദി അഞ്ചും, ശേഷവിബുധേഷു - തന്റെ തന്റെ ബീജങ്ങളോടുകൂടി ശാന്ത്യതീതാത്മനേ ഇത്യാദി ശിവാദി നാലു ദേവന്മാരിലും പഞ്ചതത്ത്വങ്ങൾ, ഇഹ തത്ത്വാനി സ്യുഃ - ഇവിടെ തത്ത്വങ്ങൾ ഭവിക്കും.

സാഗ്നിമന്ത്യസ്വരബിന്ദുപൂരിതാന്ത്യാർണ്ണകബീജമജിതാദ്യൗ
കഥയന്തി കോപമയം ച ന്യാസമതേ നാരസിംഹമപി തത്ത്വം.
[൨൪

അജിതാദ്യൗ കഥയന്തി – വിഷ്ണുവിങ്കലും മൂർത്തിയിങ്കലും ശങ്കരനാരായണനാലും, അന്ത്യ – ഒടുക്കത്ത്, സാഗ്നിമന്ത്യസ്വരബിന്ദുപൂരിതാന്ത്യാർണ്ണകബീജം – രേഫത്തോടും ഔകാരത്തോടും അനുസ്വാരത്തോടും കൂടിയ ഒടുക്കത്തെ അക്ഷരം 'ക്ഷ്റൌം' എന്ന ബീജാക്ഷരയുതമായി; കോപമയം നാരസിംഹമപി തത്ത്വം സ്യാത് – 'ക്ഷ്റൌം നമഃ പരായ കോപതത്ത്വാത്മനേ നൃസിംഹായ നമഃ' എന്ന കോപതത്ത്വം ഭവിക്കും.

സ്വമൂലഷഷ്ഠവർണ്ണേന യുക്തം ക്ഷേത്രജ്ഞസംജ്ഞിതം
പഞ്ചതത്ത്വാന്തതോ യോജ്യം തത്ത്വം ശരവണോദ്ഭവേ. ൨൫

ശരവണോൽഭവേ – സുബ്രഹ്മണ്യങ്കൽ, പഞ്ചതത്ത്വാന്തതഃ – പഞ്ചതത്ത്വത്തിന്റെ ഒടുക്കത്തിങ്കൽ, സ്വമൂലഷഷ്ഠവർണ്ണേന യുക്തം – മന്നമഃ പരായ എന്നും, ക്ഷേത്രജ്ഞസംജ്ഞിതം തത്ത്വം യോജ്യം – ക്ഷേത്രജ്ഞതത്ത്വാത്മനേ നമഃ എന്നും കൂട്ടിക്കൊള്ളേണം.

തത്ത്വാന്യപോൾബലകേന സ്വകീയമഹസാ സ്വയോജ്യ മൂലേന
ത്രിർവ്യാപ്യ തത്ത്വകാനി സ്വമൂലവർണ്ണാംഗകാനി ച ന്യസ്യേത്.
[൨൬

തത്ത്വാന്യപോൾബലകേന സ്വകീയമഹസാ മൂലേന സ്വയോജ്യ – ഈ തത്ത്വങ്ങളെ ആവാഹിച്ചിരിക്കുന്ന ചൈതന്യത്തോടു തന്റെ തന്റെ മൂലമാവാഹിച്ച് ആവാഹനമുദ്രകളെ കാട്ടി, ത്രിഃ വ്യാപ്യ തത്ത്വകാനി സ്വമൂലവർണ്ണാംഗകാനി ച ന്യസ്യേത് – മൂന്നു വ്യാപകങ്ങളെച്ചെയ്തു ഈ തത്ത്വങ്ങളേയും മൂലാക്ഷരാംഗങ്ങളേയും ന്യസിപ്പൂ.

സർവ്വാംഗീണം പ്രകൃതിചരമം ബുദ്ധിപൂർവ്വത്രയം ച,
മദ്ധ്യേ ശബ്ദാദികഗുണഗണം കാസ്യഹൃൽഗുഹ്യപാദേ.

സ്വീയേ സ്വീയേ ന്യസേത്തു ച പദേ ശ്രോത്രവാഗാദികാക്ഷ-
ഗ്രാമം വ്യോമാദികമപി ഗണം കാസ്യഹൃദ്ഗുഹ്യപാദേ. ൭൭

പ്രകൃതിചരമം സൎവ്വാംഗീണം — ശിവങ്കൽ പ്രകൃതിതത്ത്വം കഴിവോളമുള്ള പതിമൂന്നു തത്ത്വങ്ങളേയും, വിഷ്ണുവിങ്കൽ പ്രാണതത്ത്വാന്തം രണ്ടും വ്യാപകമായി സൎവ്വാംഗങ്ങളിലും ന്യസിപ്പൂ. ഹൃന്മദ്ധ്യേ ബുദ്ധിപൂൎവ്വത്രയം — ഹൃദയമദ്ധ്യത്തിൽ ബുദ്ധ്യാദിമൂന്നു തത്ത്വങ്ങളേയും, കാസ്യഹൃദ്ഗുഹ്യപാദേ ശബ്ദാദിഗുണഗണം — ശിരസ്സിലും മുഖത്തിലും ഹൃദയത്തിലും ഗുഹ്യത്തിലും പാദാഗ്രങ്ങളിലും ശബ്ദസ്പൎശാദി അഞ്ചിനേയും, സ്വീയേ സ്വീയേ പദേ ശ്രോത്രവാഗാദികാക്ഷഗ്രാമം — തന്റെ തന്റെ സ്ഥാനങ്ങളിൽ ശ്രോത്രാദിജ്ഞാനേന്ദ്രിയങ്ങളേയും വാഗാദികൎമ്മേന്ദ്രിയങ്ങളേയും, കാസ്യഹൃദ്ഗുഹ്യപാദേ — വ്യോമാദികം ഗണം അപി ച ന്യസേത് — ശിരോവദനഹൃദയഗുഹ്യപാദാഗ്രങ്ങളിൽ ആകാശാദി അഞ്ചിനേയും ന്യസിപ്പൂ.

ഹൃത്പുണ്ഡരീകാദിചതുഷ്ടയം തു
ഹൃദീഷ്ടതത്ത്വാനി ച കാദികാനി
കോപാഖ്യമേനാ വ്യാപകമേതരേ
ക്ഷേത്രജ്ഞതത്ത്വേന ഗുഹേ ച കുൎയ്യാത്. ൭൮

ഹൃദി — ഹൃത്പുണ്ഡരീകാദിചതുഷ്ടയം — ഹൃദയത്തിങ്കൽ ഹൃത്പുണ്ഡരീകാദി നാലുതത്ത്വങ്ങളേയും, കാദികാനി ഇഷ്ടതത്ത്വാനി — ശിരോവദനഹൃദയഗുഹ്യപാദാഗ്രങ്ങളിൽ പഞ്ചതത്ത്വങ്ങളേയും ന്യസിപ്പൂ. ഏതരേ കോപാഖ്യമേനാ വ്യാപകം — വിഷ്ണ്വാദി മൂവരും കോപതത്ത്വംകൊണ്ട് വ്യാപകത്തെയും, ഗുഹേ ക്ഷേത്രജ്ഞതത്ത്വേന ച കുൎയ്യാത് — സുബ്രഹ്മണ്യങ്കൽ ക്ഷേത്രജ്ഞതത്ത്വംകൊണ്ട് വ്യാപകത്തേയും ചെയ്വൂ.

തസ്മിൻ വ്യാസസമാസാത്മകൈൎന്നിജൈഃ പഞ്ചതത്ത്വൈൎമ്മന്ത്രീ
പരികല്പ്യ ലിംഗദേഹം വ്യാപ്യ കരോതു സ്വാത്മ്യമുപഹിതമപി. ൭൯

മന്ത്രീ — വ്യഷ്ടിഭാവനയുടേയും സമഷ്ടിഭാവനയുടേയും മന്ത്രങ്ങളെ ഉപദേശക്രമേണ അറിഞ്ഞിരിക്കുന്ന ആചാൎയ്യൻ,

തസ്മിൻ - സ്ഥൂലാത്മകമായിരിക്കുന്ന തന്ത്രാരാധന ചെയ്യേണ്ടിരിക്കുന്ന ബിംബത്തിൽ, വ്യാസസമാസാത്മകൈഃ നിജൈഃ പഞ്ചതത്ത്വൈഃ സംഗൃഹ്യാംഗം പരികല്പ്യ - വ്യഷ്ടിസ്വരൂപമായിട്ടും സമഷ്ടിസ്വരൂപമായിട്ടും ഇരിക്കുന്ന തന്റെ പഞ്ചതത്ത്വങ്ങളെക്കൊണ്ട് സൂക്ഷ്മശരീരമായിട്ട് ആവാഹനാദികളെച്ചെയ്ത്, വ്യാപ്യ സ്വമന്ത്രമഖിലമപി കരോതു - വ്യാപകമന്ത്രംകൊണ്ട് വ്യാപകവും മൂലാക്ഷരന്യാസങ്ങളും ചെയ്ത് വെവ്വേറെ പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ.

> താരോപചാരസഹിതേന നിജേന മൂലേ-
> നാവാഹ്യ തത്ര പരിമർശ്യ തദീയമുദ്രാഃ
> വ്യാപ്യാമുനാ ന്യസതു മൂലഷഡംഗകാദ്യം
> സംപൂജയേച്ച കഥയാമി ഷഡധ്വനോഽഥ ൩൦

തത്ര താരോപചാരസഹിതേന നിജേന മൂലേന ആവാഹ്യ - ആ ബിംബത്തിൽ പ്രണവത്തോടുപചാരങ്ങളോടുംകൂടിയ തന്റെ മൂലംകൊണ്ട് ആവാഹിച്ച്, തദീയമുദ്രാഃ പരിമർശ്യ - ആവാഹനാദി മുദ്രകളെയും കാട്ടി, അമുനാ വ്യാപ്യ - മൂലംകൊണ്ട് വ്യാപകത്തെ ചെയ്ത്, മൂലഷഡംഗകാദ്യം ന്യസതു സംപൂജയേത് ച - തന്റെ തന്റെ മൂലമന്ത്രവാച്യമായിരിക്കുന്ന ഷഡംഗന്യാസാദിയെ ചെയ്ത് അർഘ്യാദ്യുപചാരങ്ങളെക്കൊടുത്ത് സപരിവാരമായി പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയെയും ചെയ്വൂ. അഥ ഷഡധ്വനഃ കഥയാമി - അനന്തരം ഞാൻ ഷഡധ്വന്യാസത്തെ പറയുന്നു. ഇങ്ങനെ ധ്യാനാധിവാസക്രിയ.

> അർത്ഥാഃ കലാതത്ത്വജഗത്സ്വരൂപാഃ
> ശബ്ദാസ്ത്രയോ വർണപദാണുരൂപാഃ
> ഏതേ ഷഡധ്വാന ഇഹാഖിലേഷു-
> തന്ത്രേഷു സ്മൃതാസ്തത്ത്വകലാക്രമാത്തേ. ൩൧

കലാതത്ത്വജഗത്സ്വരൂപാഃ - കലകളും തത്ത്വങ്ങളും ഭുവനങ്ങളും ഈ മൂന്നും, അർത്ഥാഃ - അർത്ഥപ്രധാനങ്ങളാം. വർണപദാണുരൂപാഃ ത്രയഃ ശബ്ദാഃ - വർണങ്ങളും പദങ്ങളും മന്ത്രവും ഈ മൂന്നും ശബ്ദപ്രധാനങ്ങളാം. ഏതേ അഖിലേഷു ഷഡധ്വാനഃ സ്മൃതാഃ - ഇവയാറും സകലതന്ത്രങ്ങളിലും ഷഡധ്വാക്കളായി

പറയപ്പെട്ടു. അഥ ഏകൈകം തത്ത്വകലാക്രമാത് ന്യസ്തം - ചില ആചാര്യന്മാരാൽ ആ ഷഡധ്വാചാരം തത്ത്വം കലാ ഇങ്ങനെ ക്രമമായിട്ടും പറയപ്പെട്ടു.

ഹൌമദ്ദീശശേഷൂതത്ത്വപ്രഥമകഥിതബീജൈഃ ക്രമാച്ഛാന്ത്യതീതാം
ശാന്തിം വിദ്യാം പ്രതിഷ്ഠാം ന്യസതു ച സകലാദ്യാത്മനേ ഏനി [വൃത്തിം

കാദിസ്ഥാനേ കലാധ്വായമഖിലവിബുധേഷു ക്രമാത് പഞ്ചകം ത-
ന്നാദാത്മാദ്യൈർന്നമോന്തഃ പ്രാങ് നരകജിദി യുതം വാസുദേവാദിഭി-
[ശ്ച. ന്യ.

അഖിലവിബുധേഷു - സകലദേവന്മാരിലും, ഹൌമദ്ദീശശേഷൂതത്ത്വപ്രഥമകഥിതബീജൈഃ - ഹൌം ഹൈം ഹ്രൂം ഹ്രീം ഹ്ളാം ഇങ്ങനെ ശിവന്റെ പഞ്ചതത്ത്വങ്ങളിൽ പറഞ്ഞ ബീജങ്ങളോടുകൂടിട്ട്, ശാന്ത്യതീതാം ശാന്തിം വിദ്യാം പ്രതിഷ്ഠാം നിവൃത്തിം സകലാദ്യാത്മനേ ഏന്ത് - ശാന്ത്യതീതകലാത്മനേ നമഃ ശാന്തികലാത്മനേ നമഃ വിദ്യാകലാത്മനേ നമഃ പ്രതിഷ്ഠാകലാത്മനേ നമഃ നിവൃത്തികലാത്മനേ നമഃ ഇങ്ങനെയും കാദിസ്ഥാനേ ന്യസതു - ശിരോവദനഹൃദയഗുഹ്യപാദങ്ങളിൽ ന്യസിപ്പൂ. അയം കലാധ്വാ-ഇതു കലാധ്വാവ്. നരകജിതി തത് പഞ്ചകം നമോന്തഃ പ്രാക് നാദാത്മാദ്യൈഃ വാസുദേവാദിഭിഃ ച യുതം - വിഷ്ണുവിങ്കൽ ഈ അഞ്ചിനേയും നാദാത്മാദികളോടും വാസുദേവാദികളോടും കൂടി ന്യസിക്കണം. ഹൌം ശാന്ത്യതീതകലാത്മനേ നാദാത്മനേ വാസുദേവായ നമഃ ഹൈം ശാന്തികലാത്മനേ ബിന്ദ്വാത്മനേ സങ്കർഷണായ നമഃ ഹ്രൂം വിദ്യാകലാത്മനേ മകാരാത്മനേ പ്രദ്യുമ്നായ നമഃ ഹ്രീം പ്രതിഷ്ഠാകലാത്മനേ ഉകാരാത്മനേ അനിരുദ്ധായ നമഃ ഹ്ളാം നിവൃത്തികലാത്മനേ അകാരാത്മനേ നാരായണായ നമഃ; ഈ അഞ്ചിന്നും നമഃ പരായ എന്നു കൂട്ടീട്ടും പക്ഷമുണ്ട്.

തത്ത്വാനാം തസ്കൃത്യാ ശരകൃത്യാ വാഽത്ര തത്ത്വാധ്വാ
വർണ്ണാധ്വാ ച സമിഷ്ടഃ പഞ്ചാശദ്വർണ്ണവിന്യാസഃ ന്യ.

തത്ത്വാനാം തസ്കൃത്യാ ശരകൃത്യാ വാ അത്ര തത്ത്വാധ്വാ-ഇവിടെ ശിവങ്കൽ മുപ്പത്തിആറു തത്ത്വങ്ങളെക്കൊണ്ടും ശേഷമെല്ലാവക്കും പഞ്ചവിംശതിതത്ത്വങ്ങളെക്കൊണ്ടുമുള്ള തത്ത്വന്യാസം തന്നെ തത്ത്വാധ്വാവ് ആകുന്നത്. പഞ്ചാശദ്വർണ്ണവി

ന്യാസഃ വർണ്ണാത്മാ ച സമീരിതഃ - മുലപുടിതമായ ലിപിന്യാസം തന്നെ വർണ്ണാത്മാവ് ആകുന്നത്.

ഗാം ഗീം ഗൂം ഗണരാജി വാമപി വാം വീം വൂം പ്രഭാവല്ലഭേ
ഹ്രാം ഹ്രീം ഹ്രൂമിതി വർണ്ണകൈഃ പ്രണവജൈരീശേഽഖിലേ വാ/ഥ
[തൈഃ
വ്യാപ്യ ന്യസ്യേദ്ഭൂർഭുവഃ സ്വരിതി മന്ത്രാന്തരാലോകാത്മനേ
ഹൃല്ലേഖാന്തപദാന്വിതാംശ്ചരണതോ വക്ത്രാന്തലോകാത്മകാൻ.
[൩൪

ഗണരാജി ഗാം ഗീം ഗൂം - ഗണപതിയിങ്കൽ ഗാം ഗീം ഗൂം എന്നും, വാമപി വാം വീം വൂം - സുബ്രഹ്മണ്യനിൽ വാം വീം വൂം എന്നും, പ്രഭാവല്ലഭേ ഹ്രാം ഹ്രീം ഹ്രൂം - (ശാസ്താവിൽ ഹ്രാം ഹ്രീം ഹ്രൂം) എന്നും, ഈശേ പ്രണവജൈഃ വർണ്ണകൈഃ - ശിവങ്കൽ അം ഉം മം എന്നും ഉള്ള പ്രണവാക്ഷരങ്ങളും, അഖിലേ തൈഃ സർവ്വേ വാ - എല്ലാവരിലും പ്രണവാക്ഷരങ്ങളുമാകാം. ഈ ബീജങ്ങളെക്കൂട്ടി 'ലോകാത്മനേ ഹൃല്ലേഖാന്ത ഭൂർഭുവഃ സ്വഃ' ഇതി മന്ത്രാൻ - അം ഭൂർലോകാത്മനേ നമഃ, ഉം ഭുവർലോകാത്മനേ നമഃ, മം സ്വർല്ലോകാത്മനേ നമഃ ഇങ്ങനെ മൂന്നു മന്ത്രങ്ങളെ; ചരണാന്തരാദിവക്ത്രേഷു വ്യാപ്യ ന്യസ്യേത് - കാലുകളിലും കട്യാദികണ്ഠാന്തവും മുഖത്തുമെല്ലാം വ്യാപകമായിട്ട് ന്യസിപ്പൂ. ഗണപതിക്ക് ഗാം ഭൂർലോകാത്മനേ ഇത്യാദി. സുബ്രഹ്മണ്യന്ന വാം ഭൂർലോകാത്മനേ ഇത്യാദി. ശാസ്താവിങ്കൽ ഹ്രാം ഭൂർലോകാത്മനേ ഇത്യാദിയുമാം. ഏഷ ലോകാത്മന്യാസഃ - ഇതു ഭുവനാത്മാവ്. ഇതു കഴിഞ്ഞാൽ വർണ്ണാത്മാവിനെ പറഞ്ഞതുപോലെയും ന്യസിക്കണം.

ന്യസ്യേത് കടിമേഢ്രസജാനുജംഘാ-
ഗുല്ഫാംഗുലീപാദതലേഷ്വഥാതിലാം
തഥാ സുതലാം ച മഹാതലാം
തലാതലം പാതാളമപി ക്രമേണ. ൩൫

കടിമേഢ്രസജാനുജംഘാഗുല്ഫാംഗുലീപാദതലേഷു - കടിമധ്യപാർശ്വങ്ങളിലും തുട രണ്ടിലും മുട്ട് രണ്ടിലും കണങ്കാൽ രണ്ടിലും കാൽമുട്ട് രണ്ടിലും വിരൽകൾ രണ്ടിലും ഉള്ളംകാൽ രണ്ടിലും കൂടെ ഏഴു സ്ഥാനങ്ങളിൽ, അതലം സുതലം മഹാതലം തലാതലം പാതാളം അപി ക്രമേണ ന്യസ്യേത് - അതലമായ

നമഃ വിതലായ നമഃ സുതലായ നമഃ നിതലായ നമഃ മഹാതലായ നമഃ രസാതലായ നമഃ പാതാളായ നമഃ ഇങ്ങനെ ഏഴിനേയും ക്രമേണ ന്യസിപ്പൂ.

ഭൂരാദിസത്യചരമാനപി സപ്തലോകാ-
നാധാരനാഭിഹൃദയേഷു ഗളാസ്യയോശ്ച
മദ്ധ്യഭ്രു മൂർദ്ധനി ച വിന്യസതു ദ്വിസപ്ത-
ലോകാധിപകാ/മജിതേ കചചിദന്യതശ്ച. ൨൨

ആധാരനാഭിഹൃദയേഷു ഗളാസ്യയോഃ ച മദ്ധ്യഭ്രു മൂർദ്ധനി ച – മൂലാധാരത്തിങ്കലും നാഭിയിങ്കലും ഹൃദയത്തിങ്കൽ കഴുത്തിങ്കലും മുഖത്തിങ്കലും ഭ്രൂമദ്ധ്യത്തിങ്കലും തലയിലും ഈ ഏഴു സ്ഥാനങ്ങളിൽ, ഭൂരാദിസത്യചരമാൻ സപ്തലോകാൻ അപി വിന്യസതു – ഭൂർല്ലോകാത്മനേ നമഃ ഭുവർല്ലോകാത്മനേ നമഃ സ്വർല്ലോകാത്മനേ നമഃ മഹർല്ലോകാത്മനേ നമഃ ജനലോകാത്മനേ നമഃ തപോലോകാത്മനേ നമഃ സത്യലോകാത്മനേ നമഃ ഈ ഏഴു ലോകങ്ങളേയും ന്യസിപ്പൂ. അജിതേ അന്യതഃ കചചിത് ച അയം ദ്വിസപ്തലോകാധിപകഃ – വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും ഈ ചതുർദ്ദശഭുവനങ്ങളെ ന്യസിക്കണം.

തുരീയപൂർവ്വാണി ഹരാവുമേശേ
വ്യോമാണജാതാനി നിസ്സുംഭഹന്ത്ര്യാം
ജാതാദിജാതാനി പദാദികാനി സ്യുഃ
പദാനി ശേഷേഷു ജിനാർണ്ണജാനി. ൨൩

ഹരൌ തുരീയപൂർവ്വാണി – വിഷ്ണുവിങ്കൽ തുരീയപദാത്മനേ ഇത്യാദി നാലും, ഉമേശേ വ്യോമാണജാതാനി – ശിവങ്കൽ മഹാവ്യോമവ്യാപിയുടെ പദങ്ങളും, നിസ്സുംഭഹന്ത്ര്യാം ജാതാദിജാതാനി – ദുർഗ്ഗയിങ്കൽ ജാതവേദസേ ഇത്യാദിയുടെ പദങ്ങളും, ശേഷേഷു ജിനാർണ്ണജാനി പദാനി – ശേഷം ശങ്കരനാരായണാദികളിൽ തന്റെ ഗായത്രിയുടെ പദങ്ങളും, പദാദികാനി സ്യുഃ – പദാദ്യാവിങ്കൽ ഭവിക്കും.

പാദാജ്ജീവപരാത്മശക്തിമപരം കൃത്വാ ഹൃദഃ കണ്ഠതോ
ജാഗ്രത്സ്വപ്നസുഷുപ്തിഭിഃ സഹ തുരീയേണാപി യുക്തം ക്രമാത്
ന്യസ്യേദ്വ്യാപ്യ പദാത്മനോ/ർണ്ണമനിശംവൈവ്യാപ്യുതത്ഥീനമോ-
ന്തമെഷ്വശേഷേതി ലയേ തുരീയമനപൂർവ്വശേഷാദയേ/യം ക്രമഃ. ൨൪

ജീവപരാത്മശക്തിമപരാം-ഓം ഹ്രീം ഹംസഃ സോഽഹം സ്വാഹാ എന്ന് ആത്മാഷ്ടാക്ഷരമന്ത്രം. ഇതിന്റെ ഈരണ്ട് അക്ഷരങ്ങളോടുകൂടി ഇരിക്കാറ്; ജാഗ്രത്സ്വപ്നസുഷുപ്തിതുരീയങ്ങളെന്ന അവസ്ഥകൾ – ജാഗ്രത് എന്നും സ്വപ്നം എന്നും സുഷുപ്തി എന്നും തുരീയം എന്നും കൂട്ടി, പരാത്മനേ അഷ്ടം – പിന്നെ ഇത നാലിനും പരാത്മനേ എന്നും കൂട്ടി, ചതുർത്ഥിനമോന്തങ്ങളായി അനിരുദ്ധാദ്യൈഃ ച – അനിരുദ്ധായ, പ്രദ്യുമ്നായ, സങ്കർഷണായ, വാസുദേവായ ഇവ നാലും ചേർത്തുകൊണ്ടായി കൂട്ടി. ഓം ഹ്രീം ജാഗ്രത് പരാത്മനേ അനിരുദ്ധായ നമഃ, ഹംസഃ സ്വപ്നപരാത്മനേ പ്രദ്യുമ്നായ നമഃ, സോഽഹം സുഷുപ്തിപരാത്മനേ സങ്കർഷണായ നമഃ, സ്വാഹാ തുരീയപരാത്മനേ വാസുദേവായ നമഃ ഈ നാലുമന്ത്രങ്ങളെ – പാദാത് കട്യാം ഹൃദി കണ്ഠതഃ വ്യാപ്യ ന്യസേത് – കാൽചുവട്ടിൽ തുടങ്ങി അരയിങ്കലോളവും അരയിൽ തുടങ്ങി ഹൃദയത്തോളവും ഹൃദയത്തിൽ തുടങ്ങി കണ്ഠത്തോളവും കണ്ഠത്തിൽ തുടങ്ങി മേല്പോട്ടും വ്യാപകമായി ന്യസിപ്പൂ. ഇതി ക്രമേ – ഇപ്രകാരം സംഹാരത്തിങ്കൽ, തുരീയമന്ത്രപൂർവഃ ഉദയേ ച – സ്വാഹാ തുരീയപരാത്മനേ വാസുദേവായ നമഃ എന്നു തുടങ്ങി കീഴ്പോട്ട് സൃഷ്ടിയിങ്കലും ന്യസിപ്പൂ. അയം ക്രമഃ. ഇങ്ങനെ വിഷ്ണുവിങ്കൽ ക്രമം ഭവിക്കും.

കേ പ്രാച്യാദിദിശാസ്യ ഫാലചിബുകദൃക്‌ശ്രുത്യനഃകപോലാസ്യകേ
കാസ്യാത്മാന്ധുപദേഷ്വഥോ കരപദസന്ധ്യഗ്രശാഖാസു ച
വാമേ കർണ്ണാംസപാർശ്വകടിഷു വ്യുൽക്രമാന്തേഽന്യത്ര കേ-
പത്സ്വേവോർന്നപി കേ ച ദോർമ്മൂർദ്ധ്നി പദൈർവ്യോമാർണ്ണൈർവിന്യ-
[സേത്. ന്യൻ

[രക്ഷാം. ൪൰൩

സർവ്വത്ര ആചമ്യ - എല്ലാ ദേവന്മാരിലും പറഞ്ഞപോലെ ബലിതൂകിയാൽ കാലും കഴുകി ആചമിച്ച് നൈവേദ്യവിസർജ്ജനാദ്യം നിർവ്വർത്ത്യ - നിവേദ്യവിസർജ്ജനാദിയെ രണ്ടിടത്തും ചെയ്ത്, സമുക്തനീത്യാ പ്രസന്നപൂജാം അപി സംവിധായ - പറഞ്ഞിരിക്കുന്നപ്രകാരം പ്രസന്നപൂജയേയും ചെയ്ത്, മന്ത്രാൻ പ്രജപ്യ രക്ഷാം പ്രകരോതു - പ്രതിഷ്ഠാനന്തരം ജപിപ്പാൻ പറയുന്ന മന്ത്രങ്ങളെ ജപിച്ചു രക്ഷിപ്പൂ.

രത്നാദികം ച ശയനേ വിനിധായ വായു-
വഹ്ന്യാദിബീജപവനായമനൈർവിശോധ്യ
സംപൂജ്യ ച സ്വഹവനോദിതമന്ത്രകേണ
താരേണ വൈഷു സകലേഷ്വധിവാസ്യ രക്ഷേത്. ൪൰൪

ഏഷു സകലേഷു - എല്ലാ ദേവന്മാരിലും, ശയനേ രത്നാദികം ച വിനിധായ - ശയ്യയിങ്കൽ നപുംസകശിലയിങ്കൽ ന്യസിപ്പാനുള്ള രത്നാദിദ്രവ്യങ്ങളെ ഒരു പാത്രത്തിലാക്കിവച്ച്, വായുവഹ്ന്യാദിബീജപവനായമനൈഃ വിശോധ്യ - ശോഷണദഹനപ്ലാവനങ്ങളെ ചെയ്തു ശുദ്ധമാക്കി, സ്വഹവനോദിതമന്ത്രകേണ താരേണ വാ ഇഷ്ട്വാ - പകഹോമമന്ത്രംകൊണ്ടുതാൻ പ്രണവംകൊണ്ടുതാൻ പൂജിച്ച്, അധിവാസ്യ രക്ഷേത് - വസ്ത്രംകൊണ്ട് മൂടി അധിവസിച്ചു രക്ഷിപ്പൂ.

ഇതിഹാസപുരാണനൃത്തഗീതാദിഭിരാഘോഷ്യ മഹോത്സവം
[സമന്താത്
രജനീമപി ജാഗ്രദേവ ശേഷാം ഗമയേത്തത്ര പദസംവിമർശി-
[ചേതാഃ. ൪൰൫

സമന്തത് - മണ്ഡപത്തിന്റെ ചുറ്റും വിളക്കുകളും വച്ച്, ഇതിഹാസപുരാണനൃത്തഗീതാദിഭിഃ മഹോത്സവം ആഘോഷ്യ - ഭാരതാദിപുരാണശ്രവണങ്ങളെക്കൊണ്ടും കൊട്ട് പാട്ട് നൃത്തം

ഭൃത്യാദികളെക്കൊണ്ടും ഉത്സവം മുതലായതു ഘോഷിച്ച്, തത്ഫലസംവി-
മർശിച്ചതു - ആചാര്യൻ ദേവന്റെ സ്വരൂപത്തെ മനസ്സിൽ
ധ്യാനിച്ചുംകൊണ്ട്, ദേവന്റെ മുന്നിൽ ജാഗ്രത്തായി ശയനമേത് -
ശേഷമുള്ള രാത്രിയെ ഉറക്കമില്ലാതെ ശയ്യാസമീപത്തിങ്കൽ ഇരുന്നു
കഴിച്ചു.

ഇതി തന്ത്രസമുച്ചയേ സമാപ്തിം സമവാപ്തഃ പടലോഽത്ര പഞ്ചമോഽയം
[യോഗ്യത്
നിജധാമമന്ത്രബിംബപീഠാദ്യധിവാസാർച്ചനതദ്യുതാലിയുക്തഃ
[൫ ൽ വ്വ

അത്ര തന്ത്രസമുച്ചയേ - ഈ തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തിങ്കൽ, നിജധാമമന്ത്രബിംബപീഠാദ്യധിവാസാർച്ചനതദ്യുതാലിയുക്തഃ - തന്റെ ദേഹശുദ്ധ്യാദിയോടും മന്ത്രബിംബത്തിന്റെ പീഠത്തോടും നപുംസകശിലയുടെ ധ്യാനാധിവാസത്തോടും തത്പൂജകളോടും ഹോമങ്ങളോടും കൂടിയിരിക്കുന്ന, പഞ്ചമഃ പടലഃ - അഞ്ചാമത്തെ പടലം, ഇതി സമാപ്തിം സമവാപ്തഃ അഭൂത് - ഇപ്രകാരം സമാപ്തിയെ പ്രാപിച്ചതായി ഭവിച്ചു.

ഇതി തന്ത്രസമുച്ചയവ്യാഖ്യായാം
പഞ്ചമഃ പടലഃ സമാപ്തഃ.

ഷഷ്ഠപടലം.

അനന്തരം ആറാമത്തെ പടലംകൊണ്ടു പ്രതിഷ്ഠയെപ്പറയുന്നു:—

പ്രത്യൂഷ ഏവ കൃതസാമ്പ്രതികക്രിയോഽഥ
പീഠാധിവാസസമയേ വിഹിതാധിവാസം
സംശോധ്യ ദേവവപുഷം പുരുഷം വിഭൂഷ്യ
സംസ്ഥാപ്യ സാധു മഹിതം വിതനോതു മന്ത്രീ. ൧

അഥ മന്ത്രീ പ്രത്യൂഷേ ഏവ കൃതസാമ്പ്രതികക്രിയഃ - ധ്യാനാധിവാസാനന്തരം പിറേറദിവസം ആചാര്യൻ ഉദയത്തിന്നു മുമ്പിൽ തന്നെ കുളിച്ച് സന്ധ്യാവന്ദനാദിനിത്യകർമ്മങ്ങളെ ചെയ്തു, പീഠാ-

ധിവാസസമയേ വിഹിതാധിവാസം ഉപ ററപൂർവ്വ വൃതാഷം സം-
ശോധ്യ - കലശാധിവാസം പീഠാധിവാസം ചെയ്യുമ്പോഴും പ്രാസാദ
ത്തിന്നു ഭൂതസംഹാരവും ശോഷണാദിയും ഭൂതസൃഷ്ടിയും ലിപി
ന്യാസവും മന്ത്രാദിമപീഠന്യാസവും ചെയ്തു പൂജിച്ച് സമ്പാതപ്പക
ന്നവും ചെയ്ത് അധിവസിച്ചിരിക്കുന്ന പ്രാസാദമൂർത്തിയാകുന്ന
ദേവനെ മൃത്സ്നാദിധൂപദീപാന്തമായ പ്രാസാദശുദ്ധിയേയും ചെയ്ത്,
വിഭൂഷ്യ - വസ്ത്രാദികൊണ്ട് അലങ്കരിച്ച്, സാധു സംസ്ഥാപ്യ
മഹിതം വിതതോരു - സോപാനത്തോടുകൂടിയിരുന്ന പീഠം പൂജിച്ച്
തൊട്ടു ജപിച്ചു പ്രാസാദത്തെ മനസാ പ്രതിഷ്ഠിച്ചു ആവാഹിച്ചു
പൂജിപ്പൂ. ശിവന്ന് ഹൗം എന്ന പ്രാസാദമന്ത്രം. ശേഷമെല്ലാ
വർക്കും തന്റെ മൂലംതന്നെ പൂജിപ്പാൻ.

ഇവിടെ ശിവങ്കൽ വിശേഷത്തെ പറയുന്നു:—

സ്മരജിതി മതലിംഗേ മണ്ഡലേ ചാർച്ചയിത്വാ
ദധിമധുഘൃതമിശ്രം പായസാന്നം നിവേദ്യ
ബലിമപി പരിതോഷ്ടാശാക്രമാത് സമ്പ്രദായ
പ്രചരതു ഗുഹയാഗം ദേവദേവം പ്രസാദ്യ. ൫

സ്മരജിതി - ശിവങ്കൽ, മതലിംഗേ മണ്ഡലേ ച അർച്ചയി-
ത്വാ, ശൈവങ്ങളായ ശിവലിംഗത്തിങ്കലും മണ്ഡലത്തിങ്കലും പീഠപൂജ
ചെയ്ത് ആവാഹിച്ചു മൂർത്തിപൂജയും ചെയ്തിട്ട്, ദധിമധുഘൃതമിശ്രം
പായസാന്നം നിവേദ്യ - തയിരും തേനും നെയ്യും കൂടിയ പായസ
ത്തെ നിവേദിച്ച്, പരിതഃ അഷ്ടാശാക്രമാത് ബലിം സമ്പ്രദായ -
മണ്ഡപത്തിന്റെ ചുറ്റും എട്ടു ദിക്കിലും [illegible]കൊണ്ടു ബ
ലിയേയും തൂകി കാലും കഴകി, ദേവദേവം പ്രസാദ്യ - നിവേദ്യം
വിടർത്തു പ്രസന്നപൂജയും ചെയ്താൽ, ഗുഹയാഗം പ്രചരതു - പറ
ഞ്ഞപോലെ മൃത്സ്നാദിശോധനകളെച്ചെയ്ത് പ്രാസാദത്തെ പ്രതി
ഷ്ഠിപ്പൂ.

ദേവഭൂതപിശാചാശ്ച ഗന്ധർവ്വാ യക്ഷസംജ്ഞകാഃ
പിശിതാശാശ്ച നാഗാശ്ച കാംക്ഷന്തേ മാതരോ ബലിം. ൬

ദേവഭൂതപിശാചാഃ - ദേവഗ്രഹേഭ്യോ നമഃ ഭൂതഗ്രഹേഭ്യോ
നമഃ പിശാചഗ്രഹേഭ്യോ നമഃ, ഗന്ധർവ്വാഃ യക്ഷസംജ്ഞകാഃ -

ഗന്ധർവ്വഗ്രഹേഭ്യോ നമഃ, യക്ഷഗ്രഹേഭ്യോ നമഃ; പിശിതാശാഃ - രാക്ഷസഗ്രഹേഭ്യോ നമഃ, നാഗാഃ - നാഗഗ്രഹേഭ്യോ നമഃ മാതരഃ - മാതൃഗ്രഹേഭ്യോ നമഃ, ബലിം കാംക്ഷന്തഃ - ഈ ഗ്രഹങ്ങൾ ബലിയെ പ്രതിഗ്രഹിക്കുന്ന എന്നു പറകകൊണ്ടു് ഇങ്ങനെ മന്ത്രങ്ങൾ. ഈ ശ്ലോകംകൊണ്ടുതന്നെ എട്ടു ദിക്കിലും തൂകുന്നു ചിലർ.

അനന്തരം രത്നന്യാസം ചെയ്യേണ്ട പ്രകാരത്തെ —

ആചാര്യോ/ഥ സവസനോഷ്ണീഷീ ഗർഭഗേഹം പ്രവിഷ്ടഃ
സ്വിഷ്ടാത്മാഭ്യർച്ചിതഗുരുഗണാധീശനാന്ദീസ്വപിത്വാ
കൃത്വാ പുണ്യാഹമിഹ കൃതരത്നാദ്യനുബന്ധാനുബന്ധം
പീഠപ്രാജ്യം ചരതു ച പിതേ പിണ്ഡികാസ്ഥാനഗർത്തേ. ൮

അഥ ആചാര്യഃ സവസനോഷ്ണീഷീ - പിന്നെ ഈ ആചാര്യൻ കോടിവസ്ത്രത്തെ ഉടുത്തു ഉഷ്ണീഷവുമിട്ടു് കാലും കഴുകി ആചമിച്ചാൽ, ഗർഭഗേഹം പ്രവിഷ്ടഃ - ഗർഭഗൃഹത്തിൽ ചെന്നു പൂജാസ്ഥാനത്തു് ഇരുന്നു, സ്വിഷ്ടാത്മാ - ദേഹശുദ്ധിചെയ്തു പൂരണാത്മാരാധനകളെ ചെയ്തു്, അഭ്യർച്ചിതഗുരുഗണാധീശനാന്ദീസ്വപിത്വാ - ഗുരുവിനേയും ഗണപതിയേയും പൂജിച്ചു നിവേദിച്ചു് നാന്ദീമുഖമായി നാലു ഭാഗങ്ങളെ ചെയ്തു് ദേവതകളെയും പ്രസാദിപ്പിച്ചാൽ, ഇഹ കൃതരത്നാദ്യനുബന്ധാനുബന്ധം പുണ്യാഹം കൃത്വാ - ഇവിടെ രത്നാദിദ്രവ്യങ്ങൾക്കും അനുബന്ധത്തിനും കൂടി "രത്നാദ്യനുബന്ധദേവതാഃ പ്രീയന്താം" എന്നുകൂട്ടി പുണ്യാഹപ്രോക്ഷണത്തെ ചെയ്തു്, പിണ്ഡികാസ്ഥാനഗർത്തേ - നപുംസകശിലയെ വയ്ക്കുന്ന കുഴിയിൽ പ്രതിഷ്ഠാസ്ഥാനത്തു്, പീഠപ്രാജ്യം ചരതു - പീഠപൂജയെ ചെയ്യൂ.

ഇഷ്ട്വാ ബ്രഹ്മശിലാം സുധീഃ പ്രണവതോ
ന്യസ്യാർത്ഥമയേത്താം സ്ഥിതം-
മന്ത്രാഭ്യാം പ്രഥമാർത്ഥിതാമവരതോ
ന്യസ്യൈതയാ സ്ഥാപിതാം
മന്ത്രേണ പ്രഥമേന വാർത്തനയതു തദ്-
ഗർത്താൻ ഹരേഃ ശോധയേത്
ഗന്ധൈർഗന്ധജലൈശ്ച വസ്ത്രചിതലിപി-
ർഭ്യാം മൂലതോ/ന്യേഷ്ടപാതഃ. ൯

സുധീഃ - നല്ലബുദ്ധിയായിരിക്കുന്ന ആചാര്യൻ, ബ്രഹ്മശിലാം പ്രണവതഃ ഇഷ്ട്വാ - നപുംസകശിലയെ പ്രണവംകൊണ്ടു് ആവാ

ഹിച്ചു പൂജിച്ചാൽ, ന്യസ്യ ത്വാം സ്ഥിതാം മന്ത്രാഭ്യാം അർത്ഥയേത് – പ്രണവംകൊണ്ടു പ്രതിഷ്ഠിച്ച് ധ്രുവാദ്യൈരിത്യാദി ജപിച്ച് പിന്നെയും പ്രണവംകൊണ്ട് ആവാഹിച്ചു പൂജിച്ചു 'ത്വമേവ പരമാ' എന്നും 'സ്ഥിതാ ചരാചരം' എന്നും രണ്ടു മന്ത്രങ്ങളെക്കൊണ്ട് പ്രാർത്ഥിപ്പൂ.. പ്രഥമാർത്ഥിതാം അഥവാ ന്യസ്യേത് വാ – ത്വമേവ എന്നതുകൊണ്ട് പ്രാർത്ഥിച്ച് സ്ഥിതം ചരാചരം എന്നതുകൊണ്ട് പ്രതിഷ്ഠിച്ചു പൂജിക്കിലുമാം. തദാ സ്ഥാപിതാം പ്രഥമേന മന്ത്രേണ അർത്ഥയേദ്വാ – 'സ്ഥിതം ചരാചരം' എന്നതുകൊണ്ടു പ്രതിഷ്ഠിച്ച് 'ത്വമേവ പരമാ' എന്നതുകൊണ്ടു പ്രാർത്ഥിച്ചു പൂജിക്കിലുമാം. ഇങ്ങനെ നപുംസകശിലയെ പ്രതിഷ്ഠിച്ചാൽ, ഹരൌ വസാപിനാഭി പി ഭ്യാം ഗവ്യൈഃ ഗന്ധജലൈശ്ച തദ്ഗർത്താൻ ശോധയേത് – വിഷ്ണുവിങ്കൽ അഷ്ടാക്ഷരംകൊണ്ടും പഞ്ചഗവ്യങ്ങളെക്കൊണ്ടും ദ്വാദശാക്ഷരങ്ങളെക്കൊണ്ടും അഷ്ടഗന്ധജലംകൊണ്ടും നപുംസകശിലയിങ്കലെ കുഴികളെ കഴുകൂ. അന്യേഷു–ശിവാദികൾക്ക്, മൂലതഃ മൂലംകൊണ്ടുതന്നെ ഗവ്യഗന്ധജലങ്ങളെക്കൊണ്ടു കഴുകൂ.

ത്വമേവ പരമാ ശക്തിസ്ത്വമേവാസനധാരികാ
ദേവാജ്ഞയാ ത്വയാ ദേവി! സ്ഥാതവ്യമിഹ സർവ്വദാ. ൩
സ്ഥിതം ചരാചരം യസ്യാം രത്നാനാം നിധിരവ്യയഃ
സാ ത്വം ധ്രുവശിലാരൂപാ തിഷ്ഠാത്ര ധരണീ സ്ഥിരാ. ൪

ഇവ രണ്ടും ഇവിടെ പറഞ്ഞ മന്ത്രങ്ങൾ.

പരിതോഽഷ്ടസു ദിക്ഷു തദ്ഗർത്താൻ പ്രവിധായാവരണക്രമാത്
[തദന്തഃ
അപരം ച നപുംസകാശ്മനീഹ സംഹൃതാജ്യോജ്ജ്വലമർപ്പയേദ്-
[ദൃശി. ൫

ഇഹ നപുംസകാശ്മനി – ഈ നപുംസകശിലയിങ്കൽ, പരിതഃ അഷ്ടസു ദിക്ഷു ആവരണക്രമാത് – ചുറ്റും എട്ടു ദിക്കുകളിലും ദ്രവ്യന്യാസക്രമംപോലെയും, തദന്തഃ അപരം ച ഗർത്താൻ പ്രവിധായ – അതിന്റെ നടുവിൽ വേറെ ഒന്നും കുഴികളെ ഉണ്ടാക്കിയിരിക്കുന്നേടത്ത്, അമൂനി സംഹൃതാജ്യോജ്ജ്വലം അർപ്പയേത – ഈ വക്ഷ്യമാണങ്ങളായിരിക്കുന്ന ദ്രവ്യങ്ങളെ ഗായത്രീസമ്പാതത്തോടുകൂടുംവണ്ണം ന്യസിപ്പൂ.

രത്നാനീശാദ്രൌ സബീജമണിധാതുസ്വർണ്ണപൂർവാണ്യഥോ
ദുർഗ്ഗാശാസ്തൃഹരിഷ്വഥോ താനി ഗണനാഥേ രത്നബീജക്രമാത്
ഗൌരീശേ മണിധാതുബീജസവൃഷാസ്ത്രസ്വാമലോഹക്രമാത്
സേനാന്യാം മണിധാതുലോഹഗണബീജാസ്ത്രക്രമാദ്വിന്യസേത്. ൯

ഈശകോണേ രത്നാനി - ശങ്കരനാരായണങ്കൽ രത്നങ്ങളെത്തന്നെയും, ദുർഗ്ഗാശാസ്തൃഹരിഷു സബീജമണിധാതുസ്വർണ്ണപൂർവ്വാണി - ദുർഗ്ഗയിങ്കലും ശാസ്താവിങ്കലും വിഷ്ണുവിങ്കലും ബീജങ്ങളെയും രത്നങ്ങളെയും ധാതുക്കളെയും സ്വർണ്ണാദിലോഹങ്ങളെയും, ഗണനാഥേ രത്നബീജക്രമാത് താനി - ഗണപതിയിങ്കൽ രത്നങ്ങളെയും ബീജങ്ങളെയും ധാതുക്കളെയും ലോഹങ്ങളെയും, ഗൌരീശേ മണിധാതുബീജസവൃഷാസ്ത്രസ്വാമലോഹക്രമാത് - ശിവങ്കൽ രത്നങ്ങളെയും ധാതുക്കളെയും ബീജങ്ങളെയും വൃഷാദികളായ ആയുധങ്ങളെയും ലോഹങ്ങളെയും, സേനാന്യാം മണിധാതുലോഹഗണബീജാസ്ത്രക്രമാത് - സുബ്രഹ്മണ്യങ്കൽ രത്നങ്ങളെയും ധാതുക്കളെയും ലോഹങ്ങളെയും ബീജങ്ങളെയും ആയുധങ്ങളെയും, വിന്യസേത് - ഇങ്ങനെ ദ്രവ്യങ്ങളെ ന്യസിപ്പൂ.

ശ്രീശേ മൂലാർണ്ണൈർന്ന്യസേത്തു നവസു ദിക്ഷു ക്രമാദന്തരന്ത-
സ്ഥലേ താരേണ താനി സ്മരമുരമഥനേ തേന സംഗൃഹ്യ വിഘ്നേ
മൂലേനാന്യേഷു തേനൈവ തു മഹിഷരിപാവാദ്യയാ തത്ര ദിക്ഷു
ദ്രവ്യാണീശേതരേഷു പ്രഥമമഥ ശിവേ ദ്രവ്യമന്ത്രാംശ്ച വക്ഷ്യേ.
[൭൦

ശ്രീശേ മൂലാർണ്ണൈഃ നവസു ദിക്ഷു അന്തഃ അന്തഃ താനി ന്യസേത്തു - വിഷ്ണുവിങ്കൽ മൂലാക്ഷരംകൊണ്ടു പുറത്ത് എട്ടുദിക്കിലും മൂലംകൊണ്ടു നടുവിലും ഇങ്ങനെ ഒമ്പതു ദിക്കുകളിലും അകത്ത് ഒടുക്കമായിട്ട് ആ ദ്രവ്യങ്ങളെ ന്യസിപ്പൂ. സ്മരമുര-മഥനേ താരേണ തദ്വത് - ശങ്കരനാരായണങ്കൽ പ്രണവംകൊണ്ട് വിഷ്ണുവിങ്കൽ പറഞ്ഞപോലെ ന്യസിപ്പൂ. വിഘ്നേ തേന സംഗൃഹ്യ മൂലേന - ഗണപതിയിങ്കൽ പ്രണവംകൊണ്ടു ദ്രവ്യങ്ങളെ എടുത്ത് മൂലംകൊണ്ടു ന്യസിപ്പൂ. അന്യേഷു - ശാസ്താവിങ്കലും സുബ്രഹ്മണ്യങ്കലും, തേനൈവ - മൂലംകൊണ്ടുതന്നെ ന്യസിപ്പൂ. മഹിഷരിപൌ തത്ര ദിക്ഷു ആദ്യയാ - ദുർഗ്ഗയിങ്കൽ പുറത്ത് എട്ടുദിക്കുകളിൽ ത്രിഷ്ടുപ്പുകൊണ്ടും നടുവിൽ മൂലംകൊണ്ടും

ദ്രവ്യങ്ങളെ ന്യസിപ്പൂ. പ്രഥമം ഈശേതരേഷു ദ്രവ്യാണി - മുമ്പിൽ ശിവനൊഴികെയുള്ള ദേവന്മാരുടെ ദ്രവ്യങ്ങളെയും, അഥ ശിവേ ദ്രവ്യമന്ത്രാൻ ച വക്ഷ്യേ - പിന്നെ ശിവന്റെ ദ്രവ്യങ്ങളേയും ന്യസിക്കുന്ന മന്ത്രങ്ങളെയും പറയും.

ദുർഗ്ഗാശാർങ്ഗിഗൃഹതോർന്യസേദിഹ യവവ്രീഹീ സനിഷ്പാവകൌ
ബീജാനി ക്രമശഃ പ്രിയംഗുതിലമാഷാംശ്ചാപി നീവാരകാൻ
ശാലീസർഷപശാലിനസ്തിലപദശ്യാമാൻ ഗണാധീശ്വരേ
ശാലീരാജിമുഖശ്ചാ,ഥ വൈണവവരതോ മദ്ധ്യേ ഖിലാംശ്ചാന്ത്യകേ.

[൧൧

ഇഹ ദുർഗ്ഗാശാർങ്ഗിഗൃഹതോഃ - ഇവിടെ ദുർഗ്ഗയിങ്കലും ശ്രീനാരായണങ്കലും, യവവ്രീഹീ സനിഷ്പാവകൌ - യവവും നെല്ലും തുവരയും, പ്രിയംഗുതിലമാഷാൻ - തിനയും എള്ളും ഉഴുന്നും, നീവാരകാൻ - വരിനെല്ലും, ശാലീസർഷപശാലിനഃ - നെല്ലും കടുകും ഇവറ്റെ ഒമ്പതിനെയും ന്യസിപ്പൂ. ഗണാധീശ്വരേ തിലപദശ്യാമാൻ - ഗണപതിയിങ്കൽ അഞ്ചാമത്തെ എള്ളു വേണ്ടു. അവിടെ ചാമ വേണം. അന്ത്യകേ ശാലിരാജിമുഖഃ-ശാസ്താവിങ്കൽ ഒടുക്കത്തെ നെല്ലും കടുകും വേണം. വൈണവവരതഃ മദ്ധ്യേ അഖിലാൻ ച - എട്ടാമത്തെ മുളനെല്ലും ഒമ്പതാമതു നടുവിൽ എല്ലാം കൂടെയും വേണം. ക്രമശഃ ബീജാനി ന്യസതു - ഇങ്ങനെ ക്രമേണ ബീജങ്ങളെ ന്യസിപ്പൂ.

രത്നധാതുനവകം നിജഗർഭന്യാസമിഷ്ടമിഹ വിഷ്ണുഗണേശേ
രത്നകാനി നവ വിഷ്ണുസമൂകതാന്യേവ ശാസ്തരി ച ശുംഭ -

[രിപൌ ച. ൧൨

ഇഹ വിഷ്ണുഗണേശേ - ഇവിടെ വിഷ്ണുവിങ്കലും ഗണപതിയിങ്കലും, രത്നധാതുനവകം നിജഗർഭന്യാസമിഷ്ടം - രത്നങ്ങൾ ഒമ്പതും 'ധാതുക്കൾ ഒമ്പതും' തന്റെ ഗർഭന്യാസത്തിങ്കൽ പറഞ്ഞിരിക്കുന്നതു തന്നെ. അവിടെ 'ന്യസേന്മനോഹരാ' ഇത്യാദി ധാതുക്കൾ; വജ്രം മൌക്തികമിത്യാദിരത്നങ്ങൾ; ശാസ്തരി ശുംഭരിപൌ ച രത്നകാനി നവ വിഷ്ണുസമൂകതാനി ഏവ - ശാസ്താവിങ്കലും ദുർഗ്ഗയിങ്കലും രത്നങ്ങൾ ഒമ്പതും വിഷ്ണുവിങ്കൽ പറഞ്ഞിരിക്കുന്നതു തന്നെ.

പുളകം വിദ്രുമമഞ്ജനസംജ്ഞിതം ശ്യാമം സസീസകം ന്യസതു
ആഗ്നേയകമാരുതയോഃ സമനശ്ശിലഹരിതാലം സഗൈരികം സരസം. ൫൬

ആഗ്നേയകമാരുതയോഃ — ശാസ്താവിങ്കലും ദുർഗ്ഗയിങ്കലും, പുളകം — പവിഴക്കൊടി, വിദ്രുമം — പവിഴം, അഞ്ജനസംജ്ഞിതം — അഞ്ജനക്കല്ല്, ശ്യാമം — പച്ച, സീസകം — ഈയം, മനശ്ശിലാഹരിതാലം — മനയോലയും അരിതാരവും. ഗൈരികം — കാവിക്കല്ല്, സരസം — രസത്തോടുകൂടിയത് ഇവ ഒമ്പതു ധാതുക്കളെ ന്യസിപ്പൂ.

ദുർഗ്ഗാസ്ത്രവിഘ്നബലിവിദിക്ഷു ജാതരൂപം
രൂപ്യം ച താമ്രകമയസ്ത്രപു പശ്ചിമാന്തം
ന്യസ്യാജിതേ ന്യസതു ശേഷദിശാസു സീസം
സ്വർണ്ണോദ്ഭവം കമഠശംഖപയോരുഹം ച. ൫൭

ദുർഗ്ഗാസ്ത്രവിഘ്നബലിവിദിക്ഷു — ദുർഗ്ഗയിങ്കലും ശാസ്താവിങ്കലും ഗണപതിയിങ്കലും, (വിഷ്ണുവിങ്കലും) ജാതരൂപം — പൊന്നിനേയും, രൂപ്യം — വെള്ളിയേയും, താമ്രകം — ചെമ്പിനേയും, അയഃ — ഇരിമ്പിനേയും, ത്രപു — വെളുത്തീയത്തേയും, പശ്ചിമാന്തം ന്യസ്യ — ഈ അഞ്ചിനേയും പടിഞ്ഞാറേ ദിക്കിലോളം ഒരുപോലെ ന്യസിച്ചാൽ, പിന്നെ വേറെ തന്നെ ന്യസിക്കണം:— അജിതേ ശേഷദിശാസു — വിഷ്ണുവിങ്കൽ വായുകോണാൽ തുടങ്ങി, സീസം — ഈയത്തെയും സ്വർണ്ണോദ്ഭവം കമഠശംഖപയോരുഹം ച ന്യസതു — പൊന്നുകൊണ്ടു ഉണ്ടാക്കിയ ആമയേയും ശംഖിനേയും താമരപ്പൂവിനേയും ന്യസിപ്പൂ.

സീസം താർക്ഷ്യാരകൂടാവിതരദിശി മുരാരീഷ്ടചാപാസിശൂലം
പാശം ദണ്ഡം ച മദ്ധ്യേ മഹിഷജിതി സസീസാരകൂടം ച കാംസ്യം
സ്വർണ്ണം ച ന്യസ്യ ദിക്ഷു ദിതരവരമുരോധാരകൂടം സ്വപാത്രം
കാംസ്യം ന്യസ്യേൽ ത്രിദിക്ഷു സപദ്മകമഠം പാഷാണബീജം ഹൈമമന്ത്രാഃ ൫൮

മഹിഷജിതി ഇതരദിശി — ദുർഗ്ഗയിങ്കൽ വായവ്യാദി മൂന്നു ദിക്കുകളിൽ, സീസം — ഈയത്തെയും, താർക്ഷ്യാരകൂടൌ — ഗന്ധ

ശിലയേയും ആരക്കൂടത്തേയും ന്യസിച്ച്, മദ്ധ്യേ ഹരീഷുചാപാസി
ശൂലം പാശം ദണ്ഡം ച - ശംഖിനേയും ചക്രത്തേയും ശരത്തേയും
വില്ലിനേയും വാളിനേയും ശൂലത്തേയും കയറിനേയും ദണ്ഡത്തേയും
ഈ എട്ടിനേയും പൊന്നുകൊണ്ടു ഉണ്ടാക്കി ന്യസിപ്പൂ. ആഗ്നേ
യന്ത്യദിക്ഷു - ശാസ്താവാങ്കൽ വാസ്ത്വാദി ദിക്കുകളിലും നടുവിലും,
സസീസാരകൂടം ച കാംസ്യം ച സ്വർണ്ണം ച - ഈയത്തേയും ആര
ക്കൂടത്തേയും വെള്ളോട്ടിനേയും സ്വർണ്ണത്തേയും ന്യസിപ്പൂ. ചിരദ
വരമുഖേ ത്രിദിക്ഷു - ഗണപതിയ്ക്കിങ്കൽ വായവ്യാദി മൂന്നു ദിക്കുകളിൽ
ആരക്കൂടം സ്വപിത്തം കാംസ്യം - ആരക്കൂടത്തേയും പിച്ചളയേയും
വെള്ളോട്ടിനേയും ന്യസിച്ച്, അന്തഃ ഹൈമം സ്വഭ്രകമഠചാഷാ
ബ്ജം ച ന്യസ്യേത - പൊന്നുകൊണ്ട് ഉണ്ടാക്കിയ തന്റെ കൊ
മ്പിനേയും ആമയേയും എലിയേയും താമരപ്പൂവിനേയും ന്യസിപ്പൂ-

ഇന്ദ്രനീലമണിഗാരുഡവൈഡൂര്യാഖ്യമൌക്തികസവിദ്രുമവജ്രം
പുഷ്യരാഗമപി ദിക്ഷു ഹരീശേ ന്യസ്യ വിന്യസതു കാഞ്ചനമ
[ന്തഃ. ൧൬.

ഹരീശേ ദിക്ഷു - ശങ്കരനാരായണങ്കൽ കിഴക്കുതുടങ്ങി എട്ടു
ദിക്കുകളിലും, ഇന്ദ്രനീലം - അതുതന്നെ, മണി - മാണിക്യം, ഗാ
രുഡം - ഗരുഡശില, വൈഡൂര്യം - അതുതന്നെ, മൌക്തികം -
മുത്ത്, സവിദ്രുമവജ്രം - പവിഴവും വൈരവും, പുഷ്യരാഗം -
അതുതന്നെയും, (ന്യസ്യ) ന്യസിച്ച്, അന്തഃ കാഞ്ചനം വിന്യ
സതു - അകത്തു സ്വർണ്ണത്തെ ന്യസിപ്പൂ.

ന്യസ്യതു രത്നാനി ഗുഹേ വജ്രം വൈഡൂര്യമിന്ദ്രനീലം ച
ശംഖം സ്ഫടികം പുഷ്യം മുക്താഫലവിദ്രുമാബ്ജരാഗം ച. ൧൭

ഗുഹേ - സുബ്രഹ്മണ്യങ്കൽ, വജ്രം - വൈരം, വൈഡൂര്യം -
അതുതന്നെ, ഇന്ദ്രനീലം - അതുതന്നെ, ശംഖം - അതുതന്നെ,
സ്ഫടികം - അതുതന്നെ, പുഷ്യം - പുഷ്യരാഗം, മുക്താ
ഫലം - മുത്ത്, വിദ്രുമം - പവിഴം, അബ്ജരാഗം - പത്മരാഗം,
രത്നാനി - ഈ ഒമ്പതു രത്നങ്ങളേയും പുറവും അകവും ആയിട്ടു
ന്യസിപ്പൂ.

ധാതൂൻ മനശ്ശിലാമിഹ ഹരിതാലം ചാഞ്ജനം തഥാ ശ്യാമം
സൌരാഷ്ട്രീം സഹ ഗോരോചനമാക്ഷികഗൈരികം ന്യസേത്
[സരസം. ൧൮

ഇഹ മനശ്ശിലാം - മനയോലയേയും, ഹരിതാലം - അരിതാരത്തേയും, അഞ്ജനം - അഞ്ജനക്കല്ലിനേയും, ശ്യാമം - പച്ചയേയും, സൌരാഷ്ട്രീം - തിരുവട്ടപ്പശയേയും, ഗോരോചനമാക്ഷികഗൈരികം - ഗോരോചനയേയും മാക്ഷികക്കല്ലിനേയും കാവിക്കല്ലിനേയും, സരസം - രസത്തോടുകൂടി, ധാതൂൻ തഥാ ന്യസേത് - ഈ ധാതുക്കളെ ഒമ്പതിനേയും അകത്തു ഒടുക്കമായിട്ടു ന്യസിപ്പൂ.

സ്വർണ്ണം രജതം താമ്രം പിത്തളസംജ്ഞം ത്രപു ന്യസേത് തദ്വത്
സീസായസീ സകാംസ്യേ ദിക്ഷ്വഷ്ടാസ്വന്തരഷ്ടലോഹാനി. ൧൯

തദ്വത് അഷ്ടാസു ദിക്ഷു - മുമ്പിലത്തെ എട്ടുദിക്കുകളിൽ, സ്വർണ്ണം - പൊന്ന്, രജതം - വെള്ളി, താമ്രം - ചെമ്പ്, പിത്തളസംജ്ഞം - പിച്ചള, ത്രപു - ചെമ്പ്രാക്കൊട്ടി, സീസായസീ - ഈയവും ഇരിമ്പും, സകാംസ്യേ - ഓട്ടും ഇവ എട്ടിനേയും ന്യസിച്ചാൽ, അന്തഃ അഷ്ടലോഹാനി - നടുവിൽ ഈ ലോഹങ്ങളെ എട്ടിനേയുംകൂടി, ന്യസേത് - ന്യസിപ്പൂ.

യവഗോധൂമകമാഷാൻ സഹ തിലമുദ്ഗപ്രിയംഗുസിദ്ധാർത്ഥാൻ
ശാലീമപി വിന്യസ്യേദ്ദിക്ഷ്വഷ്ടാസു മധ്യതോഽഷ്ടബീജാനി. ൨൦

അഷ്ടാസു ദിക്ഷു - എട്ടു ദിക്കുകളിൽ, യവഗോധൂമകമാഷാൻ - യവത്തെയും ഗോതമ്പിനേയും ഉഴുന്നിനേയും, തിലമുദ്ഗപ്രിയംഗുസിദ്ധാർത്ഥാൻ - എള്ളിനേയും ചെറുപയറിനേയും തിനയേയും കടുകിനേയും, ശാലീം അപി വിന്യസ്യേത - നെല്ലിനേയും ന്യസിപ്പൂ. മധ്യതഃ അഷ്ടബീജാനി - നടുവിൽ ഈ ബീജങ്ങളെ എട്ടിനേയും കൂടി ന്യസിപ്പൂ.

പദ്മം ഗജം മയൂരം ശക്തിം വജ്രം ച കർക്കടം ചാപി
അന്തർന്ന്യസ്യ ഹൈമാൻ ദ്രവ്യന്യസനം ഇഹേ
[വിധേയമിതി. ൨൧

അന്തഃ ഹൈമാൻ - പിന്നെ നടുവിൽ പൊന്നുകൊണ്ടു് ഉണ്ടാക്കിയിരിക്കുന്ന, പത്മം - താമരപ്പൂവിനേയും, ഗജം - ആനയേയും, മയൂരം - മയിലിനേയും, ശക്തിം - വേലിനേയും, വജ്രം - വജ്രത്തെയും, കുക്കുടം - കോഴിയേയും, ന്യസ്യ - ന്യസിപ്പൂ. ഇതി ഗുഹേ ദ്രവ്യന്യസനം വിധേയം - ഇങ്ങനെ സുബ്രഹ്മണ്യന്റെ ദ്രവ്യന്യാസത്തെ വിധിച്ചിരിക്കുന്നു.

അനന്തരം ശിവന്റെ ദ്രവ്യന്യാസത്തെയും മറ്റുള്ളതിനെയും കൂടി പറയുന്നു:—

സദ്യോജാതകലാഭിരഷ്ടഭിരിതോ ഽന്ദ്രാദീശനിഷ്ഠം ശിവേ
വജ്രം മൗക്തികപുഷ്യരാഗഹരിനീലാഖ്യാന്യഥ സ്ഫാടികം
വിന്യസ്യേച്ച വിദൂരജം മരതകം നീലോല്പലം ച ക്രമാ-
ന്മധ്യേ ന്യസ്യ പത്മരാഗമപി സദ്യോജാതവിദ്യാം ജപൻ. ൨൮

ഇഹ ശിവേ - ഇവിടെ ശിവങ്കൽ, സദ്യോജാതകലാഭിഃ അഷ്ടഭിഃ - സദ്യോജാതകലകൾ എട്ടുകൊണ്ടും, ഇന്ദ്രാദീശനിഷ്ഠം - കിഴക്കുതുടങ്ങി ഈശകോൺ അവസാനമാകുംവണ്ണം, വജ്രം - വൈരത്തെയും, മൗക്തികപുഷ്യരാഗഹരിനീലാഖ്യാനി - മുത്തിനേയും പുഷ്യരാഗത്തെയും ഇന്ദ്രനീലത്തെയും, സ്ഫാടികം - സ്ഫടികത്തെയും, വിദൂരജം - വൈഡൂൎയ്യത്തെയും, മരതകം - മരതകത്തെയും, നീലോല്പലം - നീലരത്നത്തെയും, ക്രമാത് ന്യസ്യേത് - ക്രമേണ ന്യസിപ്പൂ. അഥ മധ്യേ സദ്യോജാതവിദ്യാം ജപൻ പത്മരാഗം അപി - പിന്നെ നടുവിൽ സദ്യോജാതമന്ത്രത്തെ ജപിച്ച് പത്മരാഗത്തെയും ന്യസിപ്പൂ.

തഥാ മനോഹ്വാം ഹരിതാലകം ന്യസേത്
സൗരാഷ്ട്രികാം വിദ്രുമരോചനേ പുനഃ
പ്രവാളകം സാഞ്ജനമാക്ഷികം രസം
കലാസമസ്താത്മകവാമവിദ്യയാ. ൨൯

കലാസമസ്താത്മകവാമവിദ്യയാ തഥാ - ദിക്കുകളിൽ വാമദേവകലകൾ എട്ടുകൊണ്ടും, ശേഷം കലകൾ അഞ്ചും വാമദേവമന്ത്രവുംകൊണ്ട് നടുവിലും, മനോഹ്വാം - മനയോലയേയും, ഹരിതാലകം - അരിതാരത്തെയും, സൗരാഷ്ട്രികാം - തിരുവട്ടപ്പശയേയും, വിദ്രുമരോചനേ - പവിഴത്തെയും ഗോരോചനയേയും,

പ്രവാളകം - പവിഴക്കൊടിയേയും, സാഞ്ജനമാക്ഷികം - അഞ്ജനക്കല്ലിനേയും മാക്കീരക്കല്ലിനേയും, രസം - നടുവിൽ രസത്തേയും, ന്യസേത് - ഈ ഒമ്പതിനേയും ന്യസിപ്പൂ.

ശാലിയവൌ ഗോധൂമപ്രിയംഗുമാഷാംസ്തിലം ച നീവാരം
നിഷ്പാവസർഷപൌ ച ന്യസേത്തതഃ സകലഭിന്മമന്ത്രേണ. ൨൪

തതഃ സകലഭിന്മന്ത്രേണ - പിന്നെ അന്ത്യാക്ഷരകലകളെക്കൊണ്ട് എട്ടു ദിക്കുകളിലും അന്ത്യാക്ഷരനെക്കൊണ്ടു നടുവിലും, ശാലിയവൌ - നെല്ലിനേയും യവത്തേയും, ഗോധൂമപ്രിയംഗുമാഷാൻ - ഗോതമ്പിനേയും തിനയേയും ഉഴുന്നിനേയും, തിലം നീവാരം ച - എള്ളിനേയും വരിനെല്ലിനേയും, നിഷ്പാവസർഷപൌ ച ന്യസേത് - തുവരയേയും കടുകിനേയും ഈ ഒമ്പതിനേയും ന്യസിപ്പൂ.

കലാഭിർന്നാഭിർവൃഷപരശ്വക്ഷവലയം
ത്രിശൂലം ദിക്ഷ്വന്തഃ കമലമപി പുംസാ കനകജം
വിദിക്ഷ്വൈശാനീഭിർന്ന്യസേദ് രജതായസ്ത്രപു യഥാ-
ക്രമം താമ്രം മദ്ധ്യേ സകലമനുനാ കാഞ്ചനമപി. ൨൫

ദിക്ഷു നാഭീഭിഃ കലാഭിഃ - പിന്നെ കിഴക്കുതുടങ്ങി നാലുദിക്കുകളിൽ തത്പുരുഷകലകളെ നാലുകൊണ്ടും, കനകജം - പൊന്നുകൊണ്ട് ഉണ്ടാക്കിയ, വൃഷപരശ്വക്ഷവലയം ത്രിശൂലം - കാളയേയും വെൺമഴുവിനേയും അക്ഷമാലയേയും ത്രിശൂലത്തേയും ന്യസിച്ച്, അന്തഃ പുംസാ കമലം അപി - അകത്തു പൊന്നുകൊണ്ട് ഉണ്ടാക്കിയ താമരപ്പൂവിനെ തത്പുരുഷനേക്കൊണ്ട് ന്യസിപ്പൂ. വിദിക്ഷു ഐശാനീഭിഃ രജതായസ്ത്രപു താമ്രം ച യഥാക്രമം - അഗ്ന്യാദികോണുകളിൽ ഈശാനകലകളിൽ നാലുകൊണ്ട് വെള്ളിയേയും ഇരുമ്പിനേയും ചെമ്പ്രാതൊട്ടിയേയും ചെമ്പിനേയും ക്രമേണ ന്യസിച്ച്, മദ്ധ്യേ സകലമനുനാ കാഞ്ചനം അപി ന്യസേത് - നടുവിൽ ഒടുക്കത്തെ കലയും ഈശാനനും കൂട്ടിക്കൊണ്ട് പൊന്നിനേയും ന്യസിപ്പൂ. ഇങ്ങനെ ശിവാഗ്രേ രത്നന്യാസം.

സമ്പാതർദ്ധ്യോഷ്ണാ ഭവനാദിനാഭിഷ്ട്യാണിമാദ്യഷ്ടകരൂപമേതത്
ഇഷ്ട്വാഭിനന്ദ്യോപരി പീഠമിഷ്ടം സംസ്ഥാപയേത സാശ്രുഗാത-
[ത്രാപശക്ത്യാ. ൨൬

സമ്പാതമോജ്ജ്വാ ഹവനാന്തേ താമഭിമൃശ്യ - പിന്നെ ഗായത്രി സമ്പാതത്തെ കൈയിൽ രണ്ടിലും പിരട്ടി ഹോമമന്ത്രം ജപിച്ചു നപുംസകശിലാരത്നങ്ങളെ തൊട്ടു, അണിമാദ്യഷ്ടകരൂപം ഹൃതത്- അണിമാദികളായ അഷ്ടൈശ്വര്യങ്ങളോടുകൂടിയ ഇതിനെ, ആദിനാ ഇഷ്ട്വാ-പ്രണവംകൊണ്ടു ആവാഹിച്ചു പൂജിച്ച് മാനസ പൂജയും ചെയ്തു നീരാജനത്തെ ഉഴിഞ്ഞാൽ, അസ്യ ഉപരി - ഈ നപുംസകശിലയുടെ മുകളിൽ, ഇഷ്ട്വാ പീഠം - പീഠത്തിങ്കൽ ശക്തിയെ ആവാഹിച്ചു തത്പൂജയും ചെയ്തിരിക്കുന്ന പീഠത്തെ, സാങ്ഗഗതത്വശക്ത്യാ സംസ്ഥാപയേത് - പ്രണവശക്ത്യാദിപീഠ മന്ത്രവും ശക്തിപുടിതപഞ്ചതത്വവും ശക്തിപ്രണവങ്ങളും ജപിച്ച് പീഠത്തെ പ്രതിഷ്ഠിച്ചു പ്രണവവ്യാപകം ചെയ്തു, ധ്രുവാ ദ്യൌരിത്യാദിസൂക്തം ജപിപ്പൂ.

ശക്തിം സ്വബീജകസുമാർപ്പണതോഽത്രവേശ്യ
ന്യസ്യാർണ്ണപീഠമനുബീജതദംഗശക്തീ
ഇഷ്ട്വാ പ്രതിഷ്ഠിതികൃതേ പരിപൂജ്യ പീഠം
ബിജ്ജാച്ഛിതം പരിവൃതം വസനേന രക്ഷേത്. വ. ൧

സ്വബീജകസുമാർപ്പണതഃ ശക്തിം അത്രവേശ്യ, - പിന്നെ തങ്ങളുടെ പീഠശക്തിയെ ആവാഹിച്ച്, അർണ്ണപീഠമനുബീജതദംഗശക്തിഃ ന്യസ്യ ഇഷ്ട്വാ - ആവാഹനമുദ്ര കാട്ടിയാൽ മുമ്പിൽ പറഞ്ഞപോലെ ലിപിന്യാസവും ധർമ്മാദിപീഠമന്ത്രന്യാസവും ശക്തിബീജവും തദംഗന്യാസവും ചെയ്തു അർഘ്യാദി പൂജിച്ച് അർഘ്യം വീത്തി മാനസപൂജയും ചെയ്താൽ, പ്രതിഷ്ഠിതികൃതേ പീഠം പരിപൂജ്യ - ബിംബപ്രതിഷ്ഠാർത്ഥമായിട്ടു നപുംസകശിലയിങ്കൽ ലിപിപങ്കജമന്ത്രംകൊണ്ടും പീഠത്തിങ്കൽ പീഠമന്ത്രംകൊണ്ടും പീഠത്തെ പൂജിച്ച്, ബിജ്ജാച്ഛിതം വസനേന പരിവൃതം രക്ഷേത്- ശക്തിയെ ആവാഹിച്ചു പൂജിച്ചാൽ രക്തവസ്ത്രംകൊണ്ടു പീഠത്തെ മൂടി താലത്രയാദികൊണ്ടു രക്ഷിപ്പൂ.

രത്നന്യാസക്രമസ്യമഹിതേ സ്ഥാപിതേ സ്ഥാപനാർത്ഥം
ബ്രഹ്മഗ്രാവ്ണി പ്രചരതു ശിവേ പീഠപൂജാം യഥോക്താം
പീഠേ യന്ത്രോപരി പരിഗതേ ച സ്വപീഠീയശക്തിം
സങ്കല്പ്യൈതത് സമുദിതദിശാ ന്യസ്യ സമ്പൂജ്യ രക്ഷേത്. വ. ൨

M

ശിവേ - ശിവങ്കലെ വിശേഷം. തത്ത്വന്യാസക്രമസമഹിതേ സ്ഥാപിതേ ധ്രുവഗ്രാവ്ണി - തത്ത്വന്യാസങ്ങളും പൂജയും ചെയ്തു പ്രതിഷ്ഠിച്ചിരിക്കുന്ന നപുംസകശിലയിങ്കൽ, സ്ഥാപനാൎത്ഥം യഥോക്താം പദപൂജാം പ്രചരേൽ - ലിംഗപ്രതിഷ്ഠയ്ക്കായി പറഞ്ഞ ലിപിപത്മപൂജയും പീഠപൂജയും ശക്തിപൂജയും ചെയ്‌വൂ. യന്ത്രോപരി പരിഗതേ പീഠേ ച - അവിടെ തന്നെ മുകളിൽ യന്ത്രത്തിൽ ചേൎക്കിവെച്ചിരിക്കുന്ന പീഠത്തിങ്കൽ, സ്വപീഠീയ ശക്തിം സങ്കല്പ്യ ഏതത്സമുദിതലിപി ന്യസ്യ സമ്പൂജ്യ രക്ഷേത് - ശക്തിയെ ആവാഹിച്ച് ലിപിന്യാസാദി ക്രിയയും ചെയ്ത് പൂജിച്ച് രക്ഷിപ്പൂ.

അനന്തരം വിഘ്നാദികളെ പരിഹാരം ചെയ്‌വാൻ പറയുന്നു.

പ്രാസാദം പരിതോഷ്ടദിക്ഷു സികതാക്ൢപ്തേഷ്വഥ [സ്ഥണ്ഡിലേ-
ഷ്വാധായാജിതപാവകം ശിഖിമുഖം കൃത്വാ സകംഭാൎച്ചനം
ജുഹ്വാദഷ്ടശതം പലാശസമിധോ മൂലേന താവദ് ഘൃതം
ഗായത്ര്യാ ച ഹരിത്ക്രമാദിഹ സമിദ്ദ്രവ്യേഷ്വഥവാ ഗൃഹ്യതാം. [ഫൻ

പ്രാസാദം പരിതഃ - പ്രാസാദത്തിന്റെ ചുറ്റും, അഷ്ടദിക്ഷു സികതാക്ൢപ്തേഷു സ്ഥണ്ഡിലേഷു - കിഴക്കുതുടങ്ങി എട്ടുദിക്കുകളിലും മണലിട്ട് മെഴുകി കിറിയതിൽ, അജിതപാവകം ആധായ - ഒരിടത്ത് അഗ്നിജനനം ചെയ്തിരിക്കുന്ന തീയെ തന്നെ ആചാൎയ്യകുണ്ഡത്തിലെ തീയെ കുറഞ്ഞൊന്നു എടുത്തുകൊണ്ടുതാൻ കത്തിച്ചു എട്ടുദിക്കിലുമായി വിഭജിച്ചു ഇട്ടാൽ, സകംഭാൎച്ചനം ശിഖിമുഖം കൃത്വാ - ആജ്യസംസ്കാരം കഴിഞ്ഞാൽ തെക്ക സ്വസ്തികത്തിൽ ഓരോ കലശത്തെയും പൂജിച്ച് അഗ്നിയെ അലങ്കരിച്ചു ഹോമങ്ങൾ പീഠപൂജാദി നിവേദ്യത്തോളം ചെയ്തു ചമത ഇട്ടു പ്രണവവ്യാഹൃതി തുടങ്ങി മൂലാഷ്ടാജ്യാഹുതി കഴിഞ്ഞാൽ, മൂലേന പലാശസമിധഃ അഷ്ടശതം - മൂലംകൊണ്ടു പ്ലാശുചമതയെ നൂറെട്ടിനും, ഗായത്ര്യാ താവത് ഘൃതം ച ജുഹ്വാത് - ഗായത്രികൊണ്ടു നൂറിയെട്ടു നെയ്യിനെയും ഹോമിച്ചു വ്യാഹൃതി പ്രണവാദിഹോമം മുടിച്ചു പ്രസന്നപൂജയുംചെയ്തു വ്‌ളാംകി ആരാധിച്ച് ഉദ്വാസിച്ച് സമ്പാതം കലശത്തിലാക്കൂ. ഇഹ ഹരിത്ക്രമാത് സമിദ്ദ്രവ്യേഷു അഥവാ ഗൃഹ്യതാം - ഇവിടെ ശിവന്റെ

അധിവാസഹോമത്തിങ്കൽ ദിക്കുകളിലേക്ക പറഞ്ഞിരിക്കുന്ന ചമതകളെ ഹോമിക്കിലുമാം. അന്വാധാനാദിയായി ഇധ്മവും പകപവും കൂടിയ വലിയ ഹോമംപോലെയെങ്കിലുമാം.

ഏവം ശാർങ്ഗധരേ വിധായ പരിഹോമാംസ്താമ്രകുംഭം പരം
തത്സമ്പാതഘടോദകൈഃ സമിതിപൂർണ്ണാഷ്ടാർണ്ണവർണ്ണൈഃ ക്രമാത്
ഏകീഭൂതചിതിം സ്വമൂലമനുനാ സങ്കല്പ്യ തസ്മിൻ വിഭും
പ്രാർച്ച്യാവേഷ്ട്യ നവാംശുകേന കരഗം മണ്ഡപാന്തർന്നയേത്.
[൩൦

ശാർങ്ഗധരേ ഏവം പരിഹോമാൻ വിധായ - വിഷ്ണുവിങ്കൽ ഇപ്രകാരം പരിഹോമത്തെച്ചെയ്തു്, തത്സമ്പാതഘടോദകൈഃ അഷ്ടാർണ്ണവർണ്ണൈഃ ക്രമാത് പരം താമ്രകുംഭം പരിപൂർയ്യ - തത്സമ്പാതയുക്തമായ കലശങ്ങളും എട്ടിനേയും മൂലാക്ഷരംകൊണ്ടു് ക്രമേണ, വേർവിട്ട ഒരു ചെമ്പുകുടത്തെ പൂജിച്ചു തങ്കൽ നിറച്ചു്, തസ്മിൻ സ്വമൂലമനുനാ ഏകീഭൂതചിതിം വിഭും സങ്കല്പ്യ - ആ കലശത്തിൽ ഒന്നായി കല്പിച്ചു മൂലംകൊണ്ടു് ആവാഹിച്ചു പൂജിച്ചു നിവേദിച്ചു് പ്രസന്നപൂജയും ചെയ്തു്, നവാംശുകേന ആവേഷ്ട്യ കരഗം തം മണ്ഡപാന്തഃ നയേത് - വസ്ത്രംകൊണ്ടു് മൂടി രക്ഷിച്ചു് ആ കലശത്തെ മണ്ഡപത്തിൽ കൊണ്ടുപോയി സ്വസ്തികപത്മത്തിൽ പീഠം പൂജിച്ചുവയ്പൂ.

അഥാധിബിംബം പരിപൂജ്യ പീഠ-
മാവാഹ്യ മൂലേന കൃതാംഗക്ളൃപ്തിഃ
അർഘ്യാദി ദത്വാ പരിഹോമസിദ്ധ-
തോയേന സിഞ്ചേത് സ്നപനേ ധ്രുവേണ. ൩൧
സർവ്വേഷു തത്തന്മനുഭിഃ സമുക്ഷ്യ
വിദ്യേശകുംഭോപഹൃതാഭിരദ്ഭിഃ
സംസ്ഥാപ്യ വാ താമ്രഘടാംശുകാദ്യൈഃ
സംസ്രാവ്യ സംപൂജയതൂപചാരൈഃ. ൩൨

അഥ അധിബിംബം പീഠം പരിപൂജ്യ - പിന്നെ ബിംബത്തിങ്കൽ പീഠത്തെ പൂജിച്ചു്, മൂലേന ആവാഹ്യ- മൂലംകൊണ്ടു[1] ദേവന്മാരിലും സ്നാനകാലത്തു വിദ്യേശ്വരകലശജലങ്ങളെക്കൊണ്ടും

1. ഇവിടെ കുറച്ചു വിട്ടുപോയതായി തോന്നുന്നു.

അത്രത്തു മന്ത്രങ്ങളെക്കൊണ്ടും പ്രോക്ഷിച്ചു. താഭിഃ സംസ്നാപ്യ വാ- എന്നിട്ടു ബിംബം എടുത്തു ഭദ്രപീഠത്തിങ്കൽ എഴുന്നെള്ളിച്ച് മൂലംകൊണ്ട് ആട്ടുകിലുമാം. അഥ അംശുകാദ്യൈഃ സംഭൂഷ്യ ഉപചാരൈഃ സമ്പൂജയേത് – പിന്നെ വസ്ത്രാദികളെക്കൊണ്ട് അലങ്കരിച്ചു ജലഗന്ധാദി ഉപചാരങ്ങളെക്കൊണ്ടു പൂജിച്ച് നിവേദിച്ച്, പ്രസന്നപൂജയും ചെയ്‌വൂ.

തതോ മണ്ഡലേ ദീപ്യമാനേ ച വഹ്നൌ
വിധായ പ്രസൂനാഞ്ജലിം പ്രീണയിത്വാ
ചിതിം തോരണാദിസ്ഥിതാം കുണ്ഡസംസ്ഥാം
സമുച്ചാരയേന്മണ്ഡലസ്ഥാം ച ബിംബേ. ൩൩

തതഃ മണ്ഡലേ ദീപ്യമാനേ വഹ്നൌ ച പ്രസൂനാഞ്ജലിം വിധായ - പിന്നെ മണ്ഡലപൂജ ചെയ്തിരിക്കുന്ന ദേവങ്കലും കത്തിച്ചിരിക്കുന്ന ആചാര്യകുണ്ഡാഗ്നിയിങ്കലും പൂർണ്ണ പുഷ്പാഞ്ജലിയെ ചെയ്ത് പ്രസാദിപ്പിച്ച്; തോരണാദിസ്ഥിതാം കുണ്ഡസംസ്ഥാം മണ്ഡലസ്ഥാം ചിതിം ബിംബേ സമുച്ചാരയേത് - തോരണങ്ങളുടേയും ധ്വജങ്ങളുടേയും ദ്വാരകലശാദികളുടേയും മണ്ഡപത്തിന്റെയും പ്രാഗാദി ദിക്കുകളുടേയും ആചാര്യകുണ്ഡത്തിങ്കലെയും മണ്ഡലത്തിങ്കലെയും ചൈതന്യത്തെ ബിംബത്തിങ്കൽ ഉദ്വസിപ്പൂ.

കുംഭേശനിദ്രാകലശയോർവിധായ
പുഷ്പാഞ്ജലിം തത്ത്രയപീഠശക്തിം
ദ്വയോഃ സമുച്ചാര്യ ലയാംഗകൃത് ചൈവ
നീരാജ്യ ന്യധാത്ത്യ ച മൂർത്തിപാഭ്യാം. ൩൪

കുംഭേശനിദ്രാകലശയോഃ പുഷ്പാഞ്ജലിം വിധായ - പിന്നെ കുംഭേശകലശത്തിങ്കലും നിദ്രാകലശത്തിങ്കലും പുഷ്പാഞ്ജലികളെച്ചെയ്ത്, തത്ത്രയപീഠശക്തിം ദ്വയോഃ സമുച്ചാര്യ - അവ രണ്ടിന്റെയും പീഠശക്തിയെ അവരറിലുദ്വാസിച്ചു, ലയാംഗകൃത് നീരാജ്യ- ലയാംഗന്യാസത്തെച്ചെയ്ത് നീരാജനമുഴിഞ്ഞ്, ദ്വൌ മൂർത്തിപാഭ്യാം ന്യധാത്ത്യ ച - ആ കലശങ്ങളെ രണ്ടിനേയുമെടുത്തു രണ്ടു പരികർമ്മികളുടെ കൈയിൽ കൊടുത്തു കർക്കരിയേയും നീരാജനം ഉഴിഞ്ഞ് എടുപ്പിപ്പൂ.

ഘൃതാദിപാത്രാണി പരൈർവിധാപ്യ ച
ദ്വിജൈസ്തതോ മംഗലബീജരോഹഗാം
ശയ്യാഗതാം ചാപി വിലാപ്യ ചേതനാം
വ്യാപത്യ ബിംബേ വിലയാംഗമാചരേത്. ൩൭

പരൈഃ ദ്വിജൈഃ ഘൃതാദിപാത്രാണി വിധാപ്യ – വേറെ ബ്രാഹ്മണരെക്കൊണ്ട് ഘൃതാദിപാത്രങ്ങളേയും അഷ്ടമംഗലങ്ങളേയുമെടുപ്പിച്ച്, തതഃ മംഗലബീജരോഹഗാം ശയ്യാഗതാം ച അപി ചേതനാം ബിംബേ വിലാപ്യ – പിന്നെ ബീജാങ്കുരപാത്രശക്തികളേയും ശയ്യാഗതമായ ശക്തിയേയും ബിംബങ്ങളിൽ ലയിപ്പിച്ച്, വ്യാപത്യ വിലയാംഗം ആചരേത് – വ്യാപകത്തെച്ചെയ്തു ലയാംഗത്തെയും ന്യസിപ്പൂ.

നീരാജ്യാർഘ്യമപി പ്രദായ ശയനാദുത്തിഷ്ഠമന്ത്രം ജപ-
ന്നുത്ഥാപ്യ പ്രതിമാം നിധായ മണവിദ്യാനേ വിനിർഗത്യ ച
വാദ്യൈഃ ശാകുനജാപകൈഃ പരിജപൻ സ്വസ്ത്യാദിയുക്തൈ തഥാ-
തോ ദേവാദി നിജം പ്രദക്ഷിണഗതിഃ പ്രാസാദമാസാദയേത്. ൩൮

നീരാജ്യ അർഘ്യം അപി പ്രദായ – പിന്നെ നീരാജനത്തെ ഉഴിഞ്ഞു അർഘ്യത്തെക്കൊടുത്ത് പുഷ്പാഞ്ജലിയും ചെയ്ത്, ഉത്തിഷ്ഠമന്ത്രം ജപൻ പ്രതിമാം ശയനാത് ഉത്ഥാപ്യ – "ഉത്തിഷ്ഠ ബ്രഹ്മണസ്പതേ" ഇത്യാദി ജപിച്ച് ബിംബത്തെ ശയ്യയിങ്കൽ നിന്ന് എടുത്തു, മണവിത് യാനേ നിധായ – തദ്യോഗ്യമന്ത്രത്തെ ജപിച്ചായിട്ട് ഡോളിയാനങ്ങളിൽ ഉറപ്പായിട്ടുവെച്ച് ബ്രാഹ്മണരെക്കൊണ്ട് എടുപ്പിപ്പൂ. വാദ്യൈഃ ശാകുനജാപകൈഃ സ്വസ്ത്യാദിയുക്തൈ പരിജപൻ – വാദ്യഘോഷങ്ങളോടുംകൂടി കനിക്രദദിത്യാദി ശാകുനസൂക്തങ്ങളും സ്വസ്തിസൂക്തത്തേയും ജപിച്ച്, തഥാ അതോ ദേവാദി നിജം ച – അതോ ദേവാദി തന്റെ തന്റെ സൂക്തങ്ങളേയും ജപിച്ച്, പ്രദക്ഷിണഗതിഃ – നാലമ്പലം പ്രാസാദം ഇവററിനു പ്രദക്ഷിണമായി ഗമിച്ച്, പ്രാസാദം ആസാദയേത് – പ്രാസാദത്തിന്റെ നടവിൽ വരൂ.

ന്യസ്യാന്നീരാജനമഗ്രതഃ കരകധാരാർഘ്യം വഹൻ ദേശികോ
ബിംബസ്യാപ്യഥ ഘടേശയജ്ഞമാനൗ ച തിര്യാനേ ക്രമാ-
ത്തൈഃ ദ്വാസ്ഥ്യുപചാരകൃതാർഘ്യമുപനീയ ന്യസ്യ ദ്വാസനേ
പശ്ചാത് ത്രിഃ കരകോദകേന പരിഷിഞ്ചേദ് ബിംബമത്ര–

[പീഠികേ. ൩൯

വാദനം – ബിംബത്തെ കൊണ്ടുപോകുന്നേടത്തു്, അഗ്രതഃ നീരാജനം – മുമ്പിൽ നീരാജനം, കരകധാരാ – പിന്നെ കക്കരിവെള്ളം വീഴ്ത്തുന്ന ആളു്, അർഘ്യം വഹൻ ദേശികഃ – പിന്നെ അർഘ്യത്തെ എടുത്തുംകൊണ്ടു് ആചാര്യൻ, ബിംബസ്ഥാപകഃ ദ്വയൌ – പിന്നെ ബിംബത്തിന്റെ പാർശ്വങ്ങളിൽ ഛത്രാദിപാത്രങ്ങളും അഷ്ടമംഗലങ്ങളും പിന്നെ നിദ്രാകലശം, ഏകദേശജ്ഞമാനൌ – പിന്നെ കുംഭേശകലശം പിന്നെ ഉത്സവൻ, ഇതി ക്രമഃ സ്യാത് – ഇങ്ങനെ ക്രമമായിട്ടു ഗമിക്കണം. ദ്വാരി ഗത്വാ – പ്രാസാദത്തിന്റെ നടയിൽ ചെന്നാൽ, ഉപചാരതഃ അർഘ്യം ദത്വാ – ഉപചാരം കൊണ്ടു ദേവന്നു് അർഘ്യം കൊടുത്തു്, ഉപനീയ – അകത്തു് എഴുന്നള്ളിച്ചു്, ഭദ്രാസനേ ന്യസ്യ – പീഠത്തിന്റെ പിറകിൽ പീഠം പൂജിച്ചുവെക്കുന്ന ഭദ്രപീഠത്തുമ്മൽ ബിംബത്തെ വച്ചു കുംഭേശ നിദ്രാകലശങ്ങളേയും സ്വസ്തികങ്ങളിൽ പീഠം പൂജിച്ചേടത്തു മാറാതെ വച്ചിട്ടു്, പശ്ചാത് കരകോദകേന ബിംബത്ത് പീഠഞ്ച കേന്ദ്രഃ പരിഷിഞ്ചേത് – പിന്നെ കക്കരിധാരകൊണ്ടു് ബിംബത്തെയും പീഠത്തെയും പുറത്തെയും ചുററായിട്ടു മൂന്നുപ്രാവശ്യം ജലധാരയേ ഒഴിക്കൂ.

അനന്തരം പ്രതിഷ്ഠാകുംഭത്തെ സംബന്ധിച്ചുകൊണ്ടു തെളിച്ചു പറയുന്നു:—

തത്രോപവിശ്യ സകളീകൃതചർച്ചിതാത്മാ
സമ്പ്രീണിതസ്വഗുരുവര്യഗണാധിനാഥഃ
വിപ്രാൻ പ്രതർപ്യ തപനീയഗവാദി ദത്വാ
മൌഹൂർത്തികോത്തമസമുക്തവിവിക്തലഗ്നേ. ൩൮

മൂലാദിമൂർത്തിലിപിതത്വഷഡംഗകാദി-
ന്യാസാർച്ചനാസ്വമഹിതം മന്ത്രബിംബമേതത്
ധ്യാത്വാ വിരാജമപി ഖം ച തഥൈവ പീഠം
ബീജാർച്ചിതം പ്രകൃതിരൂപമിളാത്മകം ച. ൩൯

ഭസ്മനൈജ്ഞസാ തളമയം വ്യതിഷജ്യ തിഷ്ഠ-
ന്നീരാജ്യ ചാസ്ത്രഹൃതപീഠപദോഽഗ്രസംസ്ഥഃ
തത്തത് പ്രതിഷ്ഠിതിസമുക്തമനപ്രജാപീ
കൃത്വാ പരിഭ്രമണമായതനോപരി ത്രിഃ. ൪൦

ദോർഭ്യാം ഗൃഹീതമന്ത്രബിംബമിമം സ്വപീഠേ
ന്യസ്യേന്നപുംസകശിലാകലിതാബ്ജനാളം
പ്രാക് പ്രത്യപാർഷ്ണികനിജാണ്ഡഗുണാദിഹൃതി-
മൂലാഹിതാപഘനഭാവിതപാരമാത്മ്യം. ൪൧

സ്മൃത്യുദ്ഭവാർഹമന്ത്രപഞ്ചദശാദിവാഹ-
വ്യാപ്തിസ്വമൂലമഹിതീകൃതിജാഗരൂകം
താരോപചാരമന്ത്രതാരപദൈഃ പ്രതിഷ്ഠാ-
മന്ത്രോഽന്ത്യദശരതത്ത്വപരൈര്യുവാന്തഃ. ൪൨

തത്ര ഉപവിശ്യ സകളീകൃതചർച്ചിതാത്മാ - ആ ഗർഭഗൃഹത്തിങ്കൽ പൂജാസ്ഥാനത്ത് പൂർവ്വോക്ത ദേഹശുദ്ധിയും ആത്മാരാധനയും ചെയ്തു, സമ്പ്രീണിതസ്വഗുരുവർഗ്ഗഗണാധിനാഥഃ - ഗുരുവിനേയും ഗണപതിയേയും വന്ദിച്ചു പ്രസാദിപ്പിച്ച്, പ്രാക്പ്രത്യ പാർഷ്ണികനിജാണ്ഡഗുണാദിഹൃതിമൂലാഹിതാപഘനഭാവിത പാരമാത്മ്യം - മുമ്പിൽതന്നെ, പ്രത്യം - മുമ്പു, പാർഷ്ണികം - പിറക്, മുമ്പിലും പിന്നിലും തന്റെ മൂലത്തോടുകൂടിയിരിക്കുന്ന പ്രണവത്രയംകൊണ്ടു പരാവാഹനത്തെ ചെയ്തു ബിംബത്തിങ്കൽ യോജിപ്പിച്ച് തന്റെ മൂലമന്ത്രംകൊണ്ടു വ്യാപകാംഗങ്ങളെ ന്യസിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലികളെച്ചെയ്‌വൂ. പ്രണവോപചാര മൂലവും മൂലപുടിതപ്രണവത്രയവും പരമാത്മന്നാഗച്ഛ ഇത്യാദിയും ആവാഹനമന്ത്രം.

സ്മൃത്യുദ്ഭവാർഹമന്ത്രപഞ്ചദശാദിവാഹവ്യാപ്തിസ്വമൂലമഹിതീകൃതിജാഗരൂകം - അവസ്ഥാവാഹനയോഗ്യങ്ങളായിരിക്കുന്ന മന്ത്രങ്ങൾ അഞ്ചുംകൊണ്ടും വെവ്വേറെ തുരീയാതീതാദിക്രമേണ ജാഗ്രദവസ്ഥാന്തം അഞ്ചും ആവാഹിച്ചു മൂലാംഗന്യാസാദി ചെയ്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്‌വൂ. അവസ്ഥാവാഹന മന്ത്രങ്ങളെ മുകളിൽ പറയും. മൂലാദിഹൃതലിപിതത്ത്വഷഡധ്വകാദിന്യാസാച്ച്നാസ്വമഹിതം - പിന്നെ തന്റെ മൂലംകൊണ്ടു മന്ത്രാവാഹനത്തെ ചെയ്ത് ലിപിതത്ത്വന്യാസാദിതാൻ ഷഡധ്വ ന്യാസാദിതാൻ ചെയ്തു അർഘ്യാദികൊടുത്തു പൂജിച്ച് മാനസ പൂജയും ചെയ്‌വൂ.

ധൃതത് മന്ത്രബിംബം - ഇത ആവാഹനങ്ങളെ ചെയ്തിരിക്കുന്ന മന്ത്രബിംബത്തെ വിരാജം ച ധ്യാത്വാ - ബ്രഹ്മസ്വരൂപ

മായും ആകാശാത്മകമായും ധ്യാനിച്ച്, തഥാ ഏവ ബിംബാർച്ചിതം പീഠം – അപ്രകാരം ശക്ത്യാവാഹനവും തത്പൂജയും ചെയ്ത പീഠത്തെ, പ്രകൃതിരൂപം ഋഗ്വേദമയം ച ധ്യാത്വാ – മായാസ്വരൂപമായിട്ടും ഋഗ്വേദാത്മകമായിട്ടും ധ്യാനിച്ച്, മൌഹൂർത്തികോത്തമസമുക്തവിവിക്തലഗ്നേ – ജ്യോതിശ്ശാസ്ത്രവിശാരദനായ മുഹൂർത്തക്കാരനാൽ പറയപ്പെട്ടിരിക്കുന്ന ശുഭലഗ്നത്തിങ്കൽ, തപനീയഗോധരാമത്താ വിപ്രാൻ പ്രതർപ്യ – സ്വർണ്ണദാനംകൊണ്ടും പശുദാനംകൊണ്ടും വസ്ത്രഭൂമ്യാദിദാനംകൊണ്ടും ബ്രാഹ്മണരെ സന്തോഷിപ്പിച്ച് മുഹൂർത്തലക്ഷണവും ചെയ്ത് സുമുഹൂർത്തം പറഞ്ഞാൽ, സ്വേന മാനസാ തയോഃ വ്യതിഷജ്യ – ആചാര്യൻ മനസ്സുകൊണ്ട് ബിംബത്തെയും പീഠത്തെയും അന്യോന്യം യോജിപ്പിക്കുമാറു ധ്യാനിച്ച് തിഷ്ഠൻ, നീരാജ്യ – എഴുന്നേററുനിന്ന് നീരാജനത്തെ ഉഴിഞ്ഞു, അഗ്രസംസ്ഥഃ അസ്ത്രവൃതപടഃ – നേരെനിന്ന് അസ്ത്രമന്ത്രംകൊണ്ട് പീഠം മൂടിയ വസ്ത്രത്തെ എടുത്തുമാററി, ദോർഭ്യാം ഗൃഹീതമനോബിംബം – രണ്ടുകൈകളെക്കൊണ്ടും ബിംബത്തെ എടുത്ത് എല്ലാവരുംകൂടി പൊക്കുമ്പോൾ, തതഃ പ്രതിഷ്ഠിതിസമുക്തമനുപ്രജാപീ ആയതനോപരി ത്രിഃ പരിക്രമണം കൃത്വാ – അതതു ബിംബങ്ങളുടെ പ്രതിഷ്ഠാമന്ത്രങ്ങളെ ജപിച്ചു പീഠത്തിന്റെ മുകളിൽ വലത്തൂടെ മൂന്നുപ്രാവശ്യം പ്രദക്ഷിണഗതിയായി കൊണ്ടുവന്ന്, നപുംസകശിലാകലിതാബ്ജനാളം ഇദം സ്വപീഠേ ന്യസ്യേത് – നാളത്തിന്റെ ചുവട് നപുംസകശിലയിങ്കൽ തൊന്യാസംചെയ്തു കുഴിയിൽതൊട്ടു ഇരിക്കുമാറ് ബിംബത്തെ സാവധാനമായി പ്രതിഷ്ഠിപ്പൂ.

താരോപചാരമനുതത്ത്വമുഖൈഃ ഷഡർണ്ണശരതത്ത്വമനുശ്ച വാന്തഃ പ്രതിഷ്ഠാമന്ത്രഃ – പ്രണവം ഉപചാരം മൂലം മൂന്നക്ഷരവും ജീവാദിതത്ത്വങ്ങളും ഒക്കെയും ആദിയായി മൂലപുടിതപഞ്ചതത്ത്വങ്ങളും മൂലവും പ്രണവവും ഒടുക്കമായിട്ടും നടുവിൽ പ്രതിഷ്ഠാമന്ത്രവും കൂടിയാൽ ബിംബപ്രതിഷ്ഠയുടെ മന്ത്രം ഭവിക്കും.

താരാദിപഞ്ചനിജതത്ത്വകമന്ത്രമൂർത്ത്യാ-
ത്മാന്തസ്ഥശാന്തമുഖബീജപരസ്വവാമൈഃ
ദന്തസ്വരൂപിമനുശിഷ്ടനമോന്തയുക്ത്യാ-
ഭീതാദിജാഗരമുഖൈരഥ ശോണവാഃ സ്യുഃ. ൪൫.

താരാദിപഞ്ചനിജതത്വകഭേദതൂർത്ത്യാത്മാന്തസ്ഥശാന്ത മൂലബീജപദ്ലൂവാംശൈഃ - പ്രണവത്രയം ഉപചാരം പ്രണവം ആദിയായിരിക്കുന്ന പഞ്ചതത്വങ്ങളിൽ തന്റെ മൂർത്തിമന്ത്രങ്ങൾ അഞ്ചുംകൂട്ടിച്ചൊല്ലിയാൽ, ശാന്താത്മനേ ശക്ത്യാത്മനേ നാദാത്മനേ ബിന്ദ്വാത്മനേ ബീജാത്മനേ ഈ അഞ്ചുംകൂട്ടി ഭേദസ്വരൂപിമന്ത്രശിഷ്ടനമോന്തതൂര്യാതീതാദിജാഗരപദൈഃ ച - പിന്നെ തുരീയാതീതസ്വരൂപിണേ, തുരീയസ്വരൂപിണേ, സുഷുപ്തിസ്വരൂപിണേ, സ്വപ്നസ്വരൂപിണേ, ജാഗ്രത്സ്വരൂപിണേ, ഈ അഞ്ചും കൂട്ടി നമോ നാരായണായ നമഃ ഇത്യാദി മൂലം നമോന്തമായി അഞ്ചിനും കൂട്ടി - ഇതി ശോണവൽസ്യഃ - ഇങ്ങനെ അവസ്ഥാവാഹനമന്ത്രങ്ങൾ അഞ്ചും ഭവിക്കും. അവിടെ വിഷ്ണുവിങ്കൽ ഓം ഷോന്നമഃ പരായ പരമേഷ്ഠ്യാത്മനേ വാസുദേവായ ശാന്താത്മനേ തുരീയാതീതസ്വരൂപിണേ നമോ നാരായണായ നമഃ ഇങ്ങനെ ആദിയിലത്തെ മന്ത്രം. ശേഷം നാലും ഊഹിച്ച് ചൊല്ലിക്കൊള്ളൂ.

ശങ്കരനാരായണങ്കൽ ഈശാനവാസുദേവായ ശാന്താത്മനേ ഇത്യാദി. ദുർഗ്ഗയിങ്കൽ പ്രണവത്രയോപചാരപ്രണവാദ്യന്തങ്ങങ്കൽ ഷോന്നമഃ പരായ ശ്രേഷ്ഠശക്ത്യാത്മനേ സേം ദുർഗ്ഗായൈ ശാന്താത്മനേ തുരീയാതീതസ്വരൂപിണ്യൈ ദുർഗ്ഗായൈ നമഃ ഇത്യാദി പഞ്ചമന്ത്രങ്ങൾ കൂട്ടൂ. സുബ്രഹ്മണ്യങ്കൽ പഞ്ചതത്വാന്തങ്ങളിൽ ഷഷ്ഠ്യേ, വിശാഖായ, ഇന്ദ്രായ, സ്കന്ദായ, സനൽകുമാരായ ഈ അഞ്ചും കൂട്ടിക്കൊള്ളൂ. ഗണപതിയിങ്കൽ പഞ്ചതത്വാന്തങ്ങൾ വരദായ ശാന്താത്മനേ തുരീയാതീതസ്വരൂപിണേ ഗം ഏകദന്തായ നമഃ, ശൂരായ ശക്ത്യാത്മനേ തുരീയസ്വരൂപിണേ ഗം ചിന്തായ നമഃ, വീരായ നാദാത്മനേ സുഷുപ്തിസ്വരൂപിണേ ഗം ചതുർഭുജായ നമഃ, വിനായകായ ബിന്ദ്വാത്മനേ സ്വപ്നസ്വരൂപിണേ ഗം വക്രതുണ്ഡായ നമഃ, വിഘ്നായ ബീജാത്മനേ ജാഗ്രൽസ്വരൂപിണേ ഗം ഹേരംബായ നമഃ ഇങ്ങനെ ഗണപതിയിങ്കൽ അഞ്ചുമന്ത്രങ്ങളിലും ഒടുക്കവും പഞ്ചമന്ത്രങ്ങൾ കൂട്ടണം.

ശാസ്താവിങ്കൽ പഞ്ചതത്വാന്തങ്ങൾ ദീപ്ത്രേ, പ്രഭവേ, ഗോപ്ത്രേ, മഹാശാസ്ത്രേ, ദേവന്തായ, ഈ പഞ്ചമന്ത്രങ്ങൾ കൂട്ടി ഒടുക്കം അഞ്ചിനും നമഃ പരായ ഗോപ്ത്രേ നമഃ എന്നും കൂട്ടിക്കൊള്ളൂ. തുരീയാതീതാത്മനേ ഇത്യാദി എല്ലാവർക്കും വേണം.

ആവാഹിക്ക പ്രാണരോപണപ്രാണവും വേണം. ഇങ്ങനെ അവ
സ്ഥാവാഹനമന്ത്രങ്ങൾ.

യജ്ഞായജ്ഞാദിപുംസൂക്തകമഥ ശിവനാരായണൌ
[പൌരുഷാഖ്യം
ത്രൈലോക്യാണർണ്ണനാരാന്താദിരപി മുരരിപൌ താരകാരൌ
[ധ്രുവാണഃ
ദുർഗാസൂക്തം കുമാരേ ... ബീജമുക് ച പ്രതിഷ്ഠാ-
മന്ത്രാ ധ്രുവമാണി പഞ്ച സ്മൃജിതി വിഹിതാ ഗോപ്ത്രസം
[ജ്ഞാഃ പ്രദേശേ. ൪൪

ശിവനാരായണൌ യജ്ഞായജ്ഞാദിപുംസൂക്തകം - ശങ്കരനാരായണന്മാർക്ക് യജ്ഞായജ്ഞാ വോ അഗ്നയേ ഇത്യാദി സൂക്തവും പുരുഷസൂക്തവും, മുരരിപൌ പൌരുഷാഖ്യം ത്രൈലോക്യാണഃ - വിഷ്ണുവിങ്കൽ പുരുഷസൂക്തവും ... ത്രൈലോക്യവിക്രാന്തായ ഇത്യാദിയും, താരകാരൌ ധ്രുവാണഃ - സുബ്രഹ്മണ്യങ്കൽ ധ്രുവ ... ഇത്യാദി ... ; കുമാരേ ... - ... പഞ്ചബ്രഹ്മവും, ... ബീജം ഉക് ച - ഗണപതിയിങ്കൽ ഗംബീജവും ഗണാനാം ത്വാ ഗണപതിം ഇത്യാദി ഋക്കും, സ്മൃജിതി പഞ്ച ധ്രുവമാണി- ശിവങ്കൽ പഞ്ചബ്രഹ്മവും, പ്രദേശേ ഗോപ്ത്രസംജ്ഞാഃ - ശാസ്താവിങ്കൽ ... വിശാഖഗോപ്താരം ഇത്യാദിയും, പ്രതിഷ്ഠാമന്ത്രാ വിഹിതാഃ - പ്രതിഷ്ഠാമന്ത്രം വിധിക്കപ്പെട്ടു.

... പ്രതിഷ്ഠയിങ്കലെ വിശേഷത്തെ പറയുന്നു: —

ആമന്ത്രിതമന്ത്രലിംഗകമഥ ജനാസ്ഥാപ്യ വാമാണനാ
ബ്രഹ്മഗ്രാവ്ണ്യഥ തന്നിരോധവിധിമപ്യാധായ ഘോരാണനാ
സാന്നിധ്യം പ്രണമൻ സമഗ്ര്യപുരുഷേണേശേന സൂനാച്ഛനം
കുര്യാദ്യുതി ശിവപ്രതിഷ്ഠിതിവിധൌ കർമ്മക്രമഃ കീർത്തിതഃ. ൪൫

ശിവപ്രതിഷ്ഠിതിവിധൌ - ശിവലിംഗത്തെ പ്രതിഷ്ഠിക്കുമ്പോൾ, ആമന്ത്രിതമന്ത്രലിംഗകം അർച്ചന ആദായ - പരാവാഹനയും അവസ്ഥാവാഹനയും മന്ത്രാവാഹനയും തത്പൂജകളും ചെയ്തിരിക്കുന്ന ശിവലിംഗത്തെ സദ്യോജാതമന്ത്രംകൊണ്ട് പീഠ്വാവരണം കൂടി എടുത്തു, വാമാണനാ ബ്രഹ്മഗ്രാവ്ണി ആസ്ഥാപ്യ - കൂടെപ്പുടി

തവാമദേവമന്ത്രം ചൊല്ലി നപുംസകശിലയിങ്കൽ പ്രതിഷ്ഠിച്ച്, അഘോരാത്മനാ സന്നിരോധവിധിം അപി അദ്ധ്യായ - അഘോര മന്ത്രംകൊണ്ടു സന്നിരുദ്ധോ ഭവ എന്ന മുദ്രയും കാട്ടി, പ്രണമൻ പുരുഷേണ സാന്നിദ്ധ്യം മത്ത്യ-മനസാ നമസ്കരിച്ച തത്പുരുഷ മന്ത്രംകൊണ്ടു സാന്നിദ്ധ്യം കുരു കുരു എന്ന മുദ്രയും കാട്ടി സാന്നിദ്ധ്യത്തെ പ്രാർത്ഥിച്ച്, ഈശേന പൂർണ്ണം കുര്യാത് - ഈശാനനെ കൊണ്ടു പൂർണ്ണപുഷ്പാഞ്ജലിദാനവും ചെയ്യൂ. ഇവിടെ ശേഷം സാമാന്യമായി പറഞ്ഞിരിക്കുന്ന മന്ത്രങ്ങളെ ഒക്കെയും വേണം. ഇതി കർമ്മക്രമഃ കീർത്തിതഃ - ഇപ്രകാരം ക്രിയകളുടെ ക്രമം പറയപ്പെട്ടു.

ഓം ത്രൈലോക്യവിക്രാന്തായ ത്രിവിക്രമായ വിഷ്ണവേ നമഃ ഇതു വിഷ്ണുവിങ്കലെ പ്രതിഷ്ഠാമന്ത്രം.

ശോപ്താരം വിശ്വഗോപ്താരം ശാസ്താരം ശങ്കരം പ്രഭും
അമേയമദ്ഭുതം ശാന്തം സ്ഥാപയാമ്യഹമച്യുതം. ൪൬

ഇതു ശാസ്താവിങ്കലെ പ്രതിഷ്ഠാമന്ത്രം.

തല്ലംബസൂത്രേണ സമം പ്രകല്പ്യ
ദോർഭ്യാം സ്പൃശൻ ബിംബപദാബ്ജപീഠം
ജപൻ ധ്രുവാദ്യൈരിതി സുപ്രതിഷ്ഠം
കൃത്വാഗ്രതോ വിശ്വമനും പഠേച്ച. ൪൭

തത് ബിംബം ലംബസൂത്രേണ സമം പ്രകല്പ്യ - ആ ബിംബത്തെ കെട്ടികെട്ടിയ തൂക്കുചരടുകൊണ്ടു അളന്നു നേരെ നിർത്തിയാൽ, ദോർഭ്യാം ബിംബപദാബ്ജപീഠം സ്പൃശൻ - കൈകൾ രണ്ടുകൊണ്ടും ബിംബത്തിന്റെ പാദാഗ്രവും പീഠവും ഒന്നായി തൊട്ടുകൊണ്ട്, ധ്രുവാദ്യൈഃ ഇതി ജപൻ സുപ്രതി(ഷ്ഠിതം?ഷ്ഠം) കൃത്വാ - ധ്രുവാദ്യൈഃ എന്നു തുടങ്ങി മൂന്നു ഋക്കും, ആതാത്വാഹാർഷം ഇത്യാദി സൂക്തവും ജപിച്ച്, അന്യോന്യയോഗത്തെ ഉറപ്പായി കല്പിച്ച്, അഗ്രതഃ വിശ്വമനും പഠേത് ച - മുമ്പിൽ തൊഴുതു നിന്നു വിശ്വതശ്ചക്ഷുഃ എന്ന ഋക്കുകൊണ്ടു സ്തുതിപ്പൂ.

ബ്രഹ്മഗ്രാവ്ണി സ്ഥാപയിത്വൈകതരിത്ഥാ
ലിംഗം സ്ഥാണോഃ സ്ഥാപയേച്ച സപീഠം
തത്രോമാ ശങ്കരീഷ്ടതത്ത്വാധിനാഥ-
ർണ്ണേനൈഷാമേയേനാന്തവാമേശ്വരേണ. ൪൮

സ്ഥാണൌ ലിംഗം ഉക്തനീത്യാ ബ്രഹ്മഗ്രാവ്ണി സ്ഥാപയിത്വാ – ശിവനെ, ലിംഗത്തെ പറഞ്ഞ ക്രമംപോലെ, നപുംസകശിലയിങ്കൽ പ്രതിഷ്ഠിച്ച് ഈശാനനെക്കൊണ്ട പുഷ്പാഞ്ജലി ചെയ്താൽ, തത്ര വാമാ ശക്തിപുടിതതത്ത്വാദിനാ ഔമമേയേന അഷ്ടാർണ്ണേന അനവാഗ്രുഭേണ സപീഠം സ്ഥാപയേത് – പ്രണവത്തൊടുകൂടി ശക്തിബീജവും ശക്തിപുടിതപഞ്ചതത്ത്വവും ഔമമേയാഷ്ടാക്ഷരവും ഒട്ടകം വാമദേവമന്ത്രവും പ്രണവവും ജപിച്ച് പീഠത്തെ സാവധാനമായി ലിംഗത്തെ മുട്ടാതെ ഇറക്കിത്തൊട്ടു സ്വസ്ഥാനത്തു വയ്പൂ.

സദ്യേന സ്വഹൃദംബുജാദഥ സമാദായ പ്രസൂനാഞ്ജലിം
കുർവൻ സ്ഥാപിതലിംഗകേ ശിവമഥ പ്രാവേശ്യ വാമേന താം
മുദ്രാമാകലയന്നിരോധനമഘോരാഖ്യേണ നാ സന്നിധിം
പുംസാധായ ശിവാത്മകേന മനുനാ മന്ത്രീ സമഭ്യർച്ചയേത്.

൪൯

അഥ മന്ത്രീ – അനന്തരം ആചാര്യൻ, സദ്യേന സ്വഹൃദംബുജാത് ശിവമഥ സമാദായ – സദ്യോജാതമന്ത്രംകൊണ്ട പ്രണവോപചാരമൂലസഹിതമായി ശിവചൈതന്യത്തെ ഗന്ധപുഷ്പാക്ഷതാദികളെക്കൊണ്ട സ്വഹൃദയത്തിങ്കൽ നിന്ന് ആവാഹിച്ച്, സ്ഥാപിതലിംഗകേ വാമേന പ്രസൂനാഞ്ജലിം കുർവൻ പ്രാവേശ്യ – പ്രതിഷ്ഠിച്ചിരിക്കുന്ന ശിവലിംഗത്തിങ്കൽ വാമദേവമന്ത്രംകൊണ്ട് ആവാഹിച്ച പുഷ്പങ്ങളെ അർപ്പിച്ച് ആ ചൈതന്യത്തെ ശിവലിംഗത്തിങ്കൽ പ്രവേശിപ്പിച്ച്, അഘോരാഖ്യേണ നിരോധനം മുദ്രാം ആകലയൻ – അഘോരമന്ത്രം ജപിച്ച് സന്നിരുദ്ധോഭവ എന്ന മുദ്രകാട്ടി സ്ഥിരീകരണത്തെ കല്പിച്ച്, പുംസാ സന്നിധിം ആധായ – തത്പുരുഷനെക്കൊണ്ട സാന്നിദ്ധ്യം കുരു കുരു എന്ന മുദ്രകാട്ടി സാന്നിദ്ധ്യത്തെ പ്രാർത്ഥിച്ച്, ശിവാത്മകേന മനുനാ സമഭ്യർച്ചയേത് – ഈശാനനെക്കൊണ്ട പുഷ്പാഞ്ജലിയെയും ചെയ്വൂ. ധ്രുവാദി തൊട്ടു ജപിപ്പൂ. ഈ മന്ത്രങ്ങൾ അഞ്ചും മൂലപുടിതമായി വേണമെന്നും പക്ഷമുണ്ട്.

അനന്തരം അഷ്ടബന്ധം ഇടുന്നതിനെ പറയുന്നു:—

ബീജേന പീഠം പ്രകൃതിസ്വരൂപം
മൂലേന ബിംബം പുരുഷാത്മകം ച

ഇഷ്ട്വാഷ്ടബന്ധം സകലേഷു കൢപ്താൻ
സ്ഥൈര്യാർത്ഥ മിഥഃ സങ്കലനസ്യ ധാമ്നോഃ. ൧൦

സകലേഷു ബീജേന പ്രകൃതിസ്വരൂപം പീഠം മൂലേന പുരുഷാത്മകം ബിംബം ച ഇഷ്ട്വാ - എല്ലാ ദേവന്മാരിലും തത്തച്ഛക്തിബീജംകൊണ്ട് മൂലപ്രകൃതിസ്വരൂപമായിരിക്കുന്ന പീഠത്തെയും മൂലംകൊണ്ടു വിരാട്പുരുഷസ്വരൂപമായ ബിംബത്തെയും വെവ്വേറെ ആവാഹിച്ചു വ്യാപകാംഗാദിചെയ്തു ഉപഹാരങ്ങളെ കൊടുത്തു പൂജിച്ച്, മാനസപൂജയും ചെയ്ത്, ധാമ്നോഃ മിഥഃ സങ്കലനസ്യ സ്ഥൈര്യാർത്ഥ - ആ തേജസ്സുകളുടെ അന്യോന്യം യോജിച്ചിരിക്കുന്നതിന്റെ ഉറപ്പിന്നായിക്കൊണ്ട്, അഷ്ടബന്ധം കൢപ്താൻ - അഷ്ടബന്ധത്തെ ഇടണം.

സമ്പാതം നവശക്തിജം സ്പൃഷ്ട്വൈതേ സികതാഷ്ടബന്ധ തദാ
രത്നൈസ്സഹാവരം സമഗ്രമസികതൈരാപൂര്യ്യ തത്രാപി ച
വസ്ത്രാദ്യൈഃ പരിഭൂഷ്യ ശക്തിപുരുഷൌ താരോപചാരാസനാ-
ദീന്യാശക്തിമന്ത്രധ്രുവേണ കലയേത്തത്രാഷ്ടബന്ധം ദൃഢം. ൧൧

സ്പൃഷ്ട്വൈതേ അഷ്ടബന്ധ - മുമ്പിൽത്തന്നെ പുണ്യാഹം തളിച്ചിരിക്കുന്ന അഷ്ടബന്ധത്തിനെ തളിച്ചു രക്ഷിച്ചു ശോഷണാദി മൂന്നും നവശക്തികൊണ്ടു പ്രാണായാമവും വ്യാപകവും നവശക്തികൊണ്ടു പൂജയും ചെയ്തിരിക്കുന്ന അഷ്ടബന്ധങ്ങൾ, നവശക്തിജം സമ്പാതം സികതാ - നവശക്തിപൂജാസമ്പാതത്തെ സ്പർശിച്ച്, സമഗ്രമസികതൈഃ രത്നൈഃ തദാവരം ആപൂര്യ്യ തത്ര അപി - മണലുകൊണ്ടും പഞ്ചനവരത്നങ്ങളെക്കൊണ്ടും നാളത്തിന്റെ ഇടയെ നിറച്ച് അവിടെയും സമ്പാതശേഷത്തെ സ്പർശിച്ച്, ശക്തിപുരുഷൌ വസ്ത്രാദ്യൈഃ പരിഭൂഷ്യ - ശക്തിപുരുഷാത്മകങ്ങളായ പീഠബിംബങ്ങളെ വസ്ത്രാഭരണമാല്യങ്ങളെക്കൊണ്ട് അലംകരിച്ചു ധ്യാനംചെയ്തു നീരാജനത്തെ ഉഴിഞ്ഞ്; തത്ര താരോപചാരാസനാദീന്യാശക്തിമന്ത്രധ്രുവേണ അഷ്ടബന്ധം ദൃഢം കലയേത - പ്രണവം ഉപചാരം മൂലം പീഠപൂജാമന്ത്രം നവശക്തി ശക്തിബീജം പ്രണവം ഇത്രയും ജപിച്ച്, അഷ്ടബന്ധത്തെ നാളത്തിൻചുറവുമിട്ടു ഉറപ്പായിട്ടു ചേർപ്പൂ.

കൃത്വാ ധ്രുവാത്മമനമർന്നമാദിനാദി-
വ്യാപ്യ ചിദ്യാ പ്രകൃതിപൂരുഷയോർവിഭാവ്യ

അന്യോന്യസങ്കലനമാതനയാത് സമൂല-
മന്ത്രാളിവാഹനസഹായവിക്രിയാള്യം. ൩൨

ധ്രുവാത്മമന്ത്രമർന്നം കൃത്വാ – പിന്നെ അഷ്ടബന്ധത്തെ തൊട്ട് ധ്രുവാദ്യൈരിത്യാദി ധ്രുവസൂക്തത്തെ ജപിച്ച്, ആദിനാഡിയാ സന്ധിവ്യാപ്യ – പ്രണവംകൊണ്ട് മേൽപ്പോട്ടും കീഴ്പ്പോട്ടും വ്യാപകത്തെച്ചെയ്ത്, പ്രകൃതിപൂരുഷയോഃ അന്യോന്യസങ്കലനം വിഭാവ്യ – പ്രകൃതിപുരുഷന്മാരുടെ അന്യോന്യസംയോഗത്തെ ഭാവിച്ചു കല്പിച്ച്, സമൂലമന്ത്രാളിവാഹനസഹായവിക്രിയാള്യം ആതനോതി – മൂലംകൊണ്ട് ദേവനെ ആവാഹിച്ചു ലിപിതത്ത്വന്യാസാദി ചെയ്തു സകളീകരിച്ച് സ്നാനാന്തമായ ഉപചാരങ്ങളേയും കൊടുപ്പൂ. വസ്ത്രാദികൊടുത്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്യണം.

നീരാജ്യ മൂർദ്ധ്നി കൃതഹേമ്നി ഘടേശപാരേണ
സിക്ത്വാ ത്രിതത്ത്വമനുവിന്യസനം ച കൃത്വാ
നിദ്രാഘടേന ച തഥാഖിലതത്ത്വമൂലൈ-
രാസിച്യ തന്ന്യസനാർച്ചിതമാതനോതു. ൩൩

നീരാജ്യ കൃതഹേമ്നി മൂർദ്ധനി – പിന്നെ ബിംബത്തിന്റെ ശിരസ്സിൽ സ്വർണ്ണത്തെ വച്ചു നീരാജനത്തെ ഉഴിഞ്ഞ്, ഘടേശപാരേണ സിക്ത്വാ – പ്രണവോപചാരമൂലങ്ങളും ത്രിതത്ത്വങ്ങളും ചൊല്ലി കുംഭേശകലശത്തെ ആടി, ത്രിതത്ത്വമനുവിന്യസനം ച കൃത്വാ – പ്രണവവ്യാപകവും ത്രിതത്ത്വന്യാസവും മൂലാക്ഷരാംഗന്യാസവും ചെയ്തു മൂലംകൊണ്ട് പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയേയും ചെയ്വൂ. തഥാ അഖിലതത്ത്വമൂലൈഃ നിദ്രാഘടേന ച ആസിച്യ – അപ്രകാരം പ്രണവോപചാരമൂലങ്ങളും അഖിലതത്ത്വമൂലപ്രണവങ്ങളും ജപിച്ചു നിദ്രാകലശത്തെ ആടി, തന്ന്യസനാർച്ചിതം ആതനോതു – തത്ത്വന്യാസവും മൂലാക്ഷരാംഗന്യാസവും ചെയ്തു പൂജിച്ചു അർഘ്യപുഷ്പാഞ്ജലിയേയും ചെയ്വൂ.

തതോ മധുക്ഷീരസുസംഭൃതാഭ്യാം
നീരാജയേന്മൂർദ്ധ്നി ശിവേ ഘടാഭ്യാം
ദൂർവാങ്കുരൈഃ ശാലിഷു സർപ്പിരാദീൻ
സമർപ്പയേത്തന്മനുഭിർമ്മുരാരേഃ. ൩൪

തതഃ ശിവേ മധുക്ഷീരസുസംഭൃതാഭ്യാം ഘടാഭ്യാം മൂർദ്ധ്നി നിരാജയേത് – പിന്നെ ശിവങ്കൽ തേനും നെയ്യും രണ്ടു പാത്രത്തിൽ നിറച്ചു കൊണ്ടുവന്ന് അതിനെ കൈയിലെടുത്തു ബിംബശിരസ്സുകൾ മൂന്നു പ്രാവശ്യം ഉഴിവൂ. ഗണപതിക്കും സുബ്രഹ്മണ്യനും കൂടെ ഇങ്ങനെ ഉഴിയണം. മുരാരൗ കാലിഷു ദ്വിവാങ്കൈരഃ സർപ്പിരാദീൻ തദംഗേഷു സമർപ്പയേത് – വിഷ്ണുവിങ്കൽ ശിരസ്സു തുടങ്ങി അഞ്ചു സ്ഥാനങ്ങളിലും വച്ചിരിക്കുന്ന നെയ്യു തുടങ്ങിയവ അഞ്ചിനേയും ദർഭകളുടെ അഗ്രങ്ങളെക്കൊണ്ടും പഞ്ചതത്ത്വം കൊണ്ടും തളിപ്പൂ. ഈപ്രകാരം എല്ലാ ദേവന്മാരിലും തന്റെ തന്റെ ഉപഹാരപാത്രത്തെ കൊണ്ടുവന്ന് അതതു മന്ത്രം കൊണ്ടു പ്രോക്ഷിപ്പൂ.

സ്ഥൂലാവാഹനമെല്ലാം ഒന്നിച്ചു ജീവാവാഹനം ചെയ്യേണ്ടതെന്ന പത്താമത്തെ പടലത്തിൽ പറയും. അതുകൊണ്ട് ഇവിടെ ഒരുപക്ഷാന്തരംപോലെ ജീവാവാഹനവും പ്രാണപ്രതിഷ്ഠയും പൂജാദികളും ചെയ്തു പൂജിച്ചാൽ സ്ഥൂലാവാഹനത്തെ ചെയ്‌വാൻ പറയുന്നു—

സ്ഥൂലാത്മകം ത്രിതനസമ്പുടിതേന രൂപ-
മാവാഹ്യ മൂലമനുനാ മനുബിംബകേഽഥ
വിന്യസ്യ തത്തദ്ഗണേശഷഡംഗകാദ്യം
സമ്പൂജനാൽ സുമഹിതീകൃതമാത്മനാ തു. ൭൧

അഥ – ജീവാവാഹനം ചെയ്തതിന്റെ ശേഷം, ത്രിതന സമ്പുടിതേന മൂലമനുനാ – പ്രണവസമ്പുടിതമായിരിക്കുന്ന മൂലംകൊണ്ട്, മനുബിംബകേ സ്ഥൂലാത്മകം രൂപം ആവാഹ്യ – ബിംബത്തിങ്കൽ പ്രണവാദ്യുപചാരവും സ്ഥൂലാത്മനാഗച്ഛ ഇത്യാദിയും കൂട്ടി സ്ഥൂലമൂർത്തിയെ ആവാഹിച്ച് ആവാഹനമുദ്ര കാട്ടി, തത്തദ്ഗണേശഷഡംഗകാദ്യം വിന്യസ്യ – അതതു മൂലമന്ത്രവിധാനമായ ഷഡംഗന്യാസാദികളെ ചെയ്തു, സമ്പൂജനാൽ സുമഹിതീകൃതം ആത്മനാ തു – തന്റെ തന്റെ മൂലമന്ത്രവിധാനമായി മൂർത്തിപൂജയും ചെയ്തു അർഘ്യം കൊടുത്തു മാനസപൂജയും ചെയ്‌വൂ.

സ്തോത്രാവാഹനമാചരേദഥ ശിവേ യസ്യേതിപൂർവ്വാണിനാ
സേനാന്യാമപി ശീഘ്രമാദിമനുനോമാവാഹയാമ്യർപ്പിതം
ആയാതേത്യുദിതപ്രതിഷ്ഠിതവിധേഃ പ്രാഗേവ ദേഹാത്മകേ
ത്രീശേ ബിംബഗതം ശുദ്ധിവിധ്യവസിതേ വാവാഹയാമ്യാ
ദിനാ. ൭൨

അഥ ശിവേ യസ്യേതിപൂർവ്വാർണേനാ സ്തോത്രാവാഹനം ആചരേത് – സകളാവാഹനം ചെയ്താൽ ശിവങ്കൽ "യസ്യസിംഹാ രഥേ യുക്താ" ഇത്യാദി മന്ത്രങ്ങളെക്കൊണ്ടു രണ്ടുകൈയിലും പുഷ്പങ്ങളെ എടുത്തു ആവാഹിച്ചു ലിംഗമൂർത്ത്യാദികളിൽ ആരാധിപ്പൂ. സേനാന്യാം – സുബ്രഹ്മണ്യങ്കൽ ഇവിടെത്തന്നെ, ഓം ആവാഹയാമ്യനുപിതം ശീഘ്രമാഗമനോ അപി – ഓം ആവാഹയാമി എന്നു കൂടെക്കൂട്ടി ഇരിക്കുന്ന "ശീഘ്രമായാതു ഭഗ്രൗ" ഇത്യാദികൊണ്ടു ആവാഹിപ്പൂ. ആര്യകേ ഉദിതപ്രതിഷ്ഠിതിവിധേഃ പ്രാക് വാ ഇഹ വാ ആയാതു ഇതി – ശാസ്താവിങ്കൽ പ്രതിഷ്ഠക്കു മുമ്പിലെങ്കിലും ഇവിടെയെങ്കിലും "ആയാതു ശാസ്താ സഗണോ മുദേ നഃ" ഇത്യാദി മന്ത്രംകൊണ്ട് ഓം ആവാഹയാമി എന്നുകൂട്ടി ആവാഹിപ്പൂ. ശൗരേ ബിംബശുദ്ധ്യാദിവിധ്യവസിതൗ വാ ഇഹ വാ ആവാഹയാമ്യാദിനാ – വിഷ്ണുവിങ്കൽ ബിംബശുദ്ധി ആടിക്കഴിഞ്ഞാൽ അവിടെത്തന്നെ എങ്കിലും ഇപ്പോളെങ്കിലും, ആവാഹയാമ്യമരവൃന്ദനതാംഘ്രിയുഗ്മം ഇത്യാദികൊണ്ട് ആവാഹിച്ച് എല്ലാടവും ബിംബമൂർത്ത്യാദികളിൽ പുഷ്പങ്ങളെ ആരാധിപ്പൂ. ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും ഗണപതിയിങ്കലും സ്തോത്രാവാഹനമന്ത്രം പറയായ്കകൊണ്ടു മൂലംകൊണ്ടുതന്നെ ചെയ്‌വൂ.

അനന്തരം ഉക്ത മന്ത്രങ്ങളെ പറയുന്നു—

യസ്യ സിംഹാ രഥേ യുക്താ വ്യാഘ്രശ്ചതാസ്തഥാന്തഗാഃ
ഋഷയോ ലോകപാലാശ്ച ദേവസ്കന്ദസ്തഥാ വൃഷഃ ॥ ൧ ॥
പ്രിയാ ഗണാ മാതരശ്ച സോമോ വിഷ്ണുഃ പിതാമഹഃ
നാഗാ യക്ഷാഃ സഗന്ധർവ്വാ യേ ച ദിവ്യാ നഭശ്ചരാഃ ॥ ൨ ॥
തമഹം ത്ര്യക്ഷമീശാനം ദേവം സ്ഥാണുമുമാപതിം
ആവാഹയാമി സഗണം സപത്നീകം വൃഷധ്വജം ॥ ൩ ॥
ആഗച്ഛാഗച്ഛ ഭഗവൻ സ്ഥിരോ ഭവ ശിവോ ഭവ
ധ്രുവോ ഭവ പ്രസന്നോ ഭവ നമോസ്തു തേ.

ഇത്രയും ചൊല്ലി ആവാഹിച്ച് ഓം ഹൌം നമഃ ശിവായ. ഓം ജൂം സഃ. ശിവ സർവ്വാത്ര സാന്നിദ്ധ്യം കുരു കുരു അധിഷ്ഠായ തിഷ്ഠ സ്വാഹാ. നിരോധനം ച നോ ഭവ പൂജാം പ്രതിഗൃഹ്ണാതു ഭവാൻ. മന്ത്രപൂർവ്വമിദമർഘ്യമിദം പാദ്യമിദമാചമനീയമിദമേതദാസനം ബ്രഹ്മണാ വിഹിതം സ്വയം സ്വാഹാ. ഇതി.

തൊഴുതു പ്രാർത്ഥിപ്പൂ. ഇങ്ങിനെ അഞ്ചു ശ്ലോകം ശിവന്റെ ധ്യാനാവാഹനമന്ത്രങ്ങൾ.

സുബ്രഹ്മണ്യനു:—

ശീഘ്രമായാതു ഭഗവൻ സുകുമാര സുരാർച്ചിത
മയൂരമേഘവാഹനസ്യ പാർവ്വതീനന്ദന ഗുഹ! ൧൫
അന്ന ദൃഷ്ടിം ശിഖിന്ദ്രോ ശക്തിതോമരധാരിണം
കാർത്തികേയം സ്കന്ദം വന്ദേ സ്വർണ്ണവർണ്ണം. ൧൬
ഓം സുബ്രഹ്മണ്യായ നമഃ; ഇതുമാത്രം ആവാഹനമന്ത്രങ്ങൾ.

ശാസ്താവിനു:—

ആയാതു ശാസ്താ ഭഗവാൻ മഹേശ്വര
ഹരിഹര നന്ദനോ ഭഗവാൻ ശീഘ്രം
ഭൂതനാഥോ വാതിനിധിശായിനം
സ കേരളം ഭൂമിതലേ സംപൂജ്യ. ൧൭
ഓം ആവാഹയാമി; ഇതുമാത്രം ആവാഹനമന്ത്രം.

വിഷ്ണുവിനു:—

ആവാഹയാമ്യഹമനന്തമചിന്ത്യരൂപം
ലക്ഷ്മീപതിം ഭുവനകാരണമപ്രമേയം
സൂക്ഷ്മം സനാതനമജം ഭുവനാധിനാഥം
പൂർണ്ണേന്ദുകോടിരുചിതാംബരപത്മഹാസം. ൧൮
ധ്യേയം പരം സകലതത്വവിദാം ച വേദ്യം
വാരാഹകായകമലാകേസരിദേവമൂർത്തിം
ശ്രീവത്സകൌസ്തുഭമഹാമണിഭൂഷിതാംഗം
കൌമോദകീകമലശംഖരഥാംഗഹസ്തം. ൧൯
സർവ്വത്രഗോ/സി ഭഗവൻ കില യദ്യപി ത്വാ-
മാവാഹയാമി ഹി യഥാ വ്യജനേന വായും
ഗൃഹ്ണാതി സംഗമഥവാ മഥനാച്ച വഹ്നി-
ഷ്ട്വാവാഹിതോ/സി ഹി തഥാ ത്വമുപൈഷി
[ചാർച്ചാം. ൨൦
മാലായശോച്യുത വിഭോ പരമാത്മരൂപേ
സർവ്വജ്ഞ നാഥ പരമേശ്വര സർവ്വശക്തേ!
ആഗച്ഛ മേ കുരു ദയാം പ്രതിമാം ഭജസ്വ
പൂജാം ഗൃഹാണ മദനുഗ്രഹകാമ്യയാദ്യ. ൨൧

ഓം ആവാഹയാമി ഇത്യേവം ആവാഹനമന്ത്രം. ദുർഗ്ഗയ്ക്കും ഗണപതിക്കും ശാസ്താവിനും പ്രണവാദിചതുർത്ഥ്യന്തനാമങ്ങളെ ക്കൊണ്ടുതന്നെ ഇപ്രകാരം ആവാഹനം ചെയ്യേണ്ടു.

ഇതി സംപ്രോക്ഷ്യ വിശേഷാദ്യൈ
 രാവാഹനാദിഭിസ്തഥാ
ഉപചാരൈസ്സമഭ്യർച്യ
 മന്ത്രൈസ്സമ്പൂജയേൽ തതഃ. ൧൭

വിശേഷാദ്യൈഃ ഇതി സംപ്രോക്ഷ്യ — എല്ലാ ദേവന്മാരിലും ഇപ്രകാരം ആവാഹനം ചെയ്തു യഥാക്രമം ന്യസിച്ചു പൂജിച്ചു മന്ത്രപൂജയും ചെയ്തു, വിശേഷാർഘ്യജലം തളിച്ചു സമ്പൂജയേൽ ലോകത്രയമന്ത്രം കൊണ്ടും ജപിച്ചു പുഷ്പാഞ്ജലി ചെയ്യേണ്ടു. ഒരു ശ്ലോകം കൊണ്ടു മറ്റും അതാതു ദേവന്മാർക്കുള്ള ലോകത്രയമന്ത്രങ്ങൾ കൊണ്ടും ദേവനെ സ്തുതിപ്പൂ.

ലോകാനുഗ്രഹകർത്താരം ധർമ്മമാർഗ്ഗപ്രവർത്തകം
സർവ്വലോകൈകനാഥം തം ദേവം പ്രണമാമ്യഹം. ൧൮
മാതൃത്വേ ... സകലഭൂതാനാം
... ദേവം സർവ്വമംഗലദായകം ൧൯
... ലോകത്രയനാഥം
പൂജയാമി ... ദേവം സർവ്വാർത്ഥസാധകം. ൨൦

ഇതു മൂന്നും ലോകത്രയമന്ത്രങ്ങൾ.

ശിവന്റെ ലോകത്രയം സ്തുതിപ്പാൻ പറയുന്നു —

സർവ്വമംഗലസംയുക്തൈ ലോകാനുഗ്രഹകാരിണാ
അത്ര ലിംഗേ മഹാദേവ സന്നിധത്സ്വ ഭവ സർവ്വദാ. ൨൧
യാവച്ചന്ദ്രശ്ച സൂര്യശ്ച യാവത്തിഷ്ഠതി മേദിനീ
താവത്ത്വയാത്ര ശങ്കര സ്ഥാതവ്യമിഹ സർവ്വദാ. ൨൨

ഇതു രണ്ടും ശിവന്റെ വിശേഷമാകുന്നു.

ശ്രീസൂക്തം ത്രിഷ്ടുപ്പാദം
 പുംസൂക്തമനന്താഖ്യഗായത്രീണി
ശാകുന്തശിവസൂക്തങ്ങളും
 ജപ്ത്വാ പാഠയേൽ പ്രതിഷ്ഠാസിദ്ധയേ. ൨൩

ഭർഗ്ഗാഖ്യം – ഭർഗ്ഗാഖ്യമായത്, ശ്രീസൂക്തം – ഹിരണ്യവർണ്ണാം ഇത്യാദിയും, ത്രിഷ്ടുപ്പ് – ജാതവേദസേ എന്നതും, പുരുഷസൂക്ത പ്രേതമാദ്യൈസഹസ്രേതി – പുരുഷസൂക്തവും അഥ ത്വാ ഗ്രാമ നോ നമഃ – ഇത്യാദിയും ചിത്രഗോസോമകില ഇത്യാദിയും, ശാകപാണി വസങ്കല്പ്യേ – ചിത്രാ ഭേലവൻ ഇത്യാദിയും നാമങ്ങളും യേനേമം ഭൂതമിത്യാദി ശിവസങ്കല്പസൂക്തവും, പ്രതന്യാസിയതം – പ്രതിഷ്ഠാസി പ്രതിപൂറാണ ഇത്യാദി മന്ത്രസ്സും ഈ മന്ത്രങ്ങളെക്കൊണ്ടു, പാഠേത് – അതാവത്ത് താൻ പഠിക്കേണ്ടിക്കളെക്കൊണ്ട താൻ സ്തുതിപ്പിക്കണം. ഇവിടെ ത്രിഷ്ടുപ് എന്ന പറയുന്നതു് ചണ്ഡ ഒർജ്ജവേണം.

മൂലേനാനാകാരോപചാരാന്വിതേന
മന്ത്രീ മന്ത്രാവാഹനം സംവിധായ
ന്യാസാംകല്പ്യ മാതൃകാന്താം ഷഡംഗം
വർണ്ണാംശന്യാസപൂർവ്വം കല്പയേച്ച. ൧൪

നാനാകാരോപചാരാന്വിതേന പൂർവേണ മന്ത്രീ മന്ത്രാവാഹനം സംവിധായ — പിന്നെ ആചാര്യൻ പ്രണവാദ്യുപചാരമൂലങ്ങളെ കൊണ്ടു സാമാന്യമായ മന്ത്രാവാഹനത്തെ ചെയ്തു്. മാതൃകാന്തമായ മന്ത്രവർണ്ണന്യാസാദികൾ അതാതുകളും കല്പയേത് ച – ആവാഹനമുദ്രയും വ്യാപകവും ചെയ്തു, വിധിയും തതാപങ്ങളും അതാതാംഗായുധങ്ങളും ന്യസിച്ചു സകളസ്വരൂപനായി ധ്യാനിച്ചു.

തതഃ ക്രമേണ പ്രസമർപ്പ്യ മന്ത്രീ
പാദ്യാദിതത്തദ്വിഹിതോപഹാരാൻ
സമർച്ച്യ ദേവം പരമാന്നമസ്മൈ
നിവേദ്യ ഭക്ത്യാ പരിതോഷയേച്ച. ൧൫

തതഃ മന്ത്രീ പാദ്യാദിതത്തദ്വിഹിതോപഹാരാൻ ക്രമേണ സമർപ്പ്യ — പിന്നെ ആചാര്യൻ പാദ്യാദികളായി തനിക്ക തനിക്ക പറഞ്ഞിരിക്കുന്ന ഉപഹാരങ്ങളെ കൊടുത്തു, ദേവം സമർച്ച്യ – പിന്നെ മൂർത്തിപൂജയും ചെയ്തു്, അസ്മൈ പരമാന്നം നിവേദ്യ – ഈ ദേവനായിക്കൊണ്ടു മധുരമായിരിക്കുന്ന പായസത്തെ നിവേദിച്ചു്, ഭക്ത്യാ പരിതോഷയേത് ച – നല്ല ഭക്തിശ്രദ്ധായുക്തനായിട്ടു പ്രസന്നപൂജയെയും ചെയ്വൂ.

ആരാധ്യ [illegible] നിയമാർച്ചനാർത്ഥ-
മാവാഹ്യ മൂലമനുനാ സകളം വിധായ
[illegible] സർവ്വോപചാര [illegible]
ഭക്ത്യാ സ്വകല്പകഥിതക്രമതോ യജേത. ൧൦

നിയമാർച്ചനാർത്ഥം [illegible] ആരാധ്യ - പിന്നെ നിത്യപൂജയ്ക്കായിക്കൊണ്ടു [illegible] മന്ത്രങ്ങളെക്കൊണ്ടു പീഠത്തെ പൂജിച്ച്, [illegible] ആവാഹ്യ - പ്രണവോപചാരപൂർവ്വകമായിട്ട് ആവാഹിച്ച്, സകളം വിധായ - ഷഡംഗന്യാസാദികൊണ്ടു സകളീകരിച്ച്, [illegible] ധ്യാനിച്ചു ഉപചാരങ്ങളെയും ചെയ്തു, [illegible] മന്ത്രങ്ങളോടുകൂടി ഇരിക്കുന്ന ദേവനെ തന്റെ തന്റെ കല്പത്തിൽ പറയുന്ന ക്രമം പോലെ ഭക്തിയോടുകൂടി നിത്യപൂജയെ ചെയ്യേണ്ടു.

നിവേദ്യ [illegible]
ദേവായ [illegible]
[illegible] പരിവാരമുഖ്യാ-
[illegible] ബലിം ച. ൧൧

ദേവായ [illegible] ദത്വാ നിവേദ്യ - ദേവനായിക്കൊണ്ടു [illegible] വെളുത്ത ഹവിസ്സ് ഇത്യാദി [illegible] ഉപദംശങ്ങളോടുംകൂടി വഴിപോലെ നിവേദിച്ചതിന്റെ ശേഷം, [illegible] - അഗ്നിയിൽ ആ ദേവനെ പൂജിച്ചു വൈശ്വദേവമായി ബ്രാഹ്മണഭോജനവും ചെയ്തു, [illegible] പരിവാരമുഖ്യാൻ അഭ്യർച്ച്യ- [illegible] ദേവന്റെ പ്രധാനപരിവാരങ്ങളെയും അതതു മന്ത്രംകൊണ്ടു അർച്ചിച്ചു, [illegible] ബലിം ച [illegible] ആ പരിവാരങ്ങൾക്കു ബലിയെയും തൂകി.

[illegible]
[illegible] നിജനാമപദാൻ സമർച്ച്യ ക്രമാത്
[illegible] മഹാപീഠം [illegible]
[illegible] ക്രിയാ.

തത്തദ്വാരപാലവാഹനാദിപാർശ്വദേവതാശേഷമാത്രാർച്ചകാൻ – മുമ്പിൽ അകത്തെ ദേവന്റെ നടയിലെ ദ്വാരപാലന്മാരെയും, മണ്ഡപത്തിൽ വാഹനത്തെയും, തെക്കെ നടയിൽ ഗണപതി ദക്ഷിണാമൂർത്തികളെയും, പിന്നെ ദ്വാരപാലന്മാരുള്ളേടത്തു ദ്വാരപാലന്മാരെയും, ഇന്ദ്രാദി ദിക്പാലന്മാർ പുറത്തും മാതൃകകളെയും ശാസ്താവിനെയും, ദുർഗ്ഗാദേവിയെ [illegible] ദ്വാരപാലൻ – ർദ്ദേവിയെയും സുബ്രഹ്മണ്യനെയും ([illegible] ?) നിർമ്മാല്യധാരിയെയും സമാധിസ്ഥന്മാരെയും. [illegible] അച്ചിച്ഛ്യാ – പുറമെ കുമാരാദിപരിവാരദേവതാസ്ഥാനങ്ങളുടെ എട്ടിനെയും ക്ഷേത്രപാലനെയും ഉദ്ദേശിച്ച് [illegible] ക്രിയാലോപി – ഇവിടെ ഈ ക്രിയ ലുപ്തമായിട്ടുള്ളൂ.

പ്രദക്ഷിണീകൃത്യ കൃതപ്രണാമഃ
സമ്പ്രാർത്ഥ്യ [illegible]
ആമന്ത്ര്യ സർവാൻ പരിവാരമുഖ്യാൻ
നന്തഃ പ്രവിശ്യോ വിസൃജേന്നിവേദ്യം. ൯൯

പ്രദക്ഷിണീകൃത്യ കൃതപ്രണാമഃ – പിന്നെ ദേവനെ പ്രദക്ഷിണം വച്ച് മണ്ഡപത്തിൽ നമസ്കരിച്ച്, [illegible] യാവന്തോ സർവാൻ പരിവാരമുഖ്യാൻ [illegible] തൊഴുതു നിന്ന് യാവന്ത ഇത്യാദി മന്ത്രംകൊണ്ട് എല്ലാ പരിവാരങ്ങളോടും പ്രാർത്ഥിച്ച്, ആമന്ത്ര്യ [illegible] പ്രവിശ്യ – കാലും കഴുകി ആചമിച്ച് നട തുറന്ന ശ്രീകോവിലിൽ ചെന്ന, നിവേദ്യം വിസൃജേത് – നിവേദ്യവിസർജ്ജനത്തെ ചെയ്യു.

യാവന്ത ജഗന്നാഥ ബിംബമാശ്രിത്യ തിഷ്ഠത
താവദത്രൈവ ക്ഷേത്രേ [illegible] സർവ്വദാ. വൃ ൦

ഇത് ഇവിടത്തെ പ്രാർത്ഥനയുടെ മന്ത്രം.

അഥോസ്യ ഗണ്ഡൂഷസമർപ്പണാദ്യം
കൃത്വാർച്ചയിത്വാ പരതോഷ്യ ദേവം
സംസ്പൃശ്യ തന്മൂർദ്ധനി മന്ത്രമേതം
സ്വകല്പസിദ്ധാൻ പ്രജപേച്ച മന്ത്രാൻ. വൃ ൧

തതഃ അസ്യ ഗണ്ഡൂഷസമർപ്പണാദ്യം കൃത്വാ – പിന്നെ ദേവന്ന ഗണ്ഡൂഷശോധനാദിയെ കൊടുത്ത്, അർച്ചയിത്വാ ദേവം പരിതോഷ്യ – പൂജിച്ച് പ്രസന്നപൂജയും ചെയ്ത ശയനം-

ഗത്തിന്റെ മുമ്പിൽ, [illegible] മന്ത്രങ്ങളും സമ്പൃശ്യ - മൊന്നാം [illegible] തൊട്ട മൂലമന്ത്ര [illegible] കൊണ്ട് തൊട്ട്, സാകല്യ [illegible] പറയുന്ന മന്ത്രങ്ങളെ ജപിച്ചു.

ന്യസ്താ [illegible] ശൈവന്തൻ മൂലത്രയം [illegible] സാങ്ഗിതേ
[illegible] ജിനാർണ്ണം ഗുഹേ.
[illegible]
[illegible] മന്ത്രീ ജപേത്സവിതഃ. വൃ.

[illegible] - വിസ്തൃതികൾ, [illegible] ന്യസ്താം [illegible] ന്യസ്തം [illegible] ത്രിസ്ഥാനത്തെയും, ശൈവന്തൻ- പഞ്ചതത്വങ്ങളെയും, മൂലത്രയം [illegible] പ്രാസാദപ്രാക്കരാഷഡക്ഷരങ്ങളെയും, മന്ത്രീ [illegible] ജപേത് - ആചാര്യൻ സാവധാന [illegible] സശ്രീമത്ര്യസ്ഥകം [illegible] യും [illegible] പുരുഷ [illegible] ത്തെയും, ഗുഹ [illegible] ജിനാർണ്ണം മൂലവും [illegible] ഗായത്രിയും, മഹി [illegible] മുമ്പിൽ ഉപ [illegible] ശിവസങ്കല്പത്തെയും, സവിതഃ [illegible] മൂലമന്ത്രം എല്ലാ ദേവന്മാരിലും യഥാക്രമം തന്റെ മൂലമന്ത്രത്തെ ആവർത്തിച്ചും ജപിപ്പൂ.

ആവൃത്യ [illegible] പ്രജപേത്ത പ്രാസാദപഞ്ചാക്ഷര-
ബ്രഹ്മവ്യോമമന്തൻ സമൂത്ത്യ [illegible] ഷ്ടണി [illegible] മന്ത്രകം.
ത്രികണ്ഠി [illegible] കമോ ന്യസ്തം പുനഃ ശാകന-
സപ്ത [illegible] സമാഹിതഃ സശിവസങ്കല്പം സമൂലം ശിവേ.
വൃ.

സമാഹിതഃ ഗുരുഃ - സാവധാനചിത്തനായിരിക്കുന്ന ആചാര്യൻ, പ്രാസാദപഞ്ചാക്ഷരബ്രഹ്മവ്യോമമന്തൻ അംഗസമന്വിതം ആവൃത്യ പ്രജപേത്ത - പ്രാസാദമന്ത്രത്തെയും തദംഗങ്ങളേയും പഞ്ചാക്ഷരത്തെയും തദംഗങ്ങളേയും പഞ്ചബ്രഹ്മത്തെയും തദംഗങ്ങളേയും വ്യോമവ്യാപിമന്ത്രം രണ്ടിനേയും തദംഗങ്ങളേയും മൂന്നുരുവിൽ അധികമായിട്ട ആവർത്തിച്ച ജപിക്കണം.

സമൃത്യുജിദസ്ത്രം, ത്ര്യംബകം - മൃത്യുഞ്ജയമന്ത്രത്തെയും ത്ര്യംബകാനുഷ്ടുപ്പിനെയും, ശ്രീതത്ത്വത്തെയും, അസ്ത്രകം - പാശുപതാസ്ത്രത്തെയും, ശ്രീകണ്ഠീയം - ഹ്രൌം ന്‌റീം ഠം എന്ന നീലകണ്ഠത്ര്യക്ഷരിയെയും, അഘോരവക്ത്രകരമാസ്ത്രകം - അഘോരമന്ത്രവും ഓം ഹ്രൂം ഫട് ഓം എന്ന വക്ത്രമന്ത്രത്തെയും ശ്രീസൂക്തത്തെയും, ശോധന സ്വസ്ത്യാദ്യാനി - ശോധനസൂക്തത്തെയും സ്വസ്തിസൂക്തത്തെയും, സശിവസങ്കല്പം - യജ്ജാഗ്രതമിത്യാദി ശിവസങ്കല്പസൂക്തത്തെയും, സമൂലം - മൂലത്തെയും ക്രമേണ ജപിപ്പൂ.

ചിദ്വ്യക്ത്യൈകാംശ്ചിദ്വൈതത്ത്വമനുഭിർവ്യാപ്യ മന്ത്രീ ചിദ-
ച്ഛാച്ഛാവിഷ്ടരപീഠികായതനസംയോഗം വിഭാവ്യ ക്രമാത്.
ബ്രഹ്മാണ്ഡോദരപൂരിതാഖിലവപുർവ്യാപ്ത്യാദിപൂർണ്ണാഖില-
കാണ്ഡം തത് പരികല്പയേദ് ഗുരുരസാവാത്മാനമവ്യാഹതം.
[വ്യ ര്

മന്ത്രീ - ചിദ്ബിംബസമ്മേളനത്തെ ഉപദേശക്രമേണ ഗ്രഹിച്ചിരിക്കുന്ന ആചാര്യൻ, ചിദ്വ്യക്ത്യൈകാംശ്ചിദ്വൈതത്ത്വമനുഭിഃ വ്യാപ്യ - രണ്ടും രണ്ടും ഒന്നായി പകുത്തിരിക്കുന്ന പഞ്ചതത്ത്വങ്ങളെക്കൊണ്ടു വ്യാപകങ്ങളെ ചെയ്തു്, ചിദച്ഛാച്ഛാവിഷ്ടരപീഠികായതനസംയോഗം ക്രമാത് വിഭാവ്യ - ആദിയിലത്തെ വ്യാപകം രണ്ടുകൊണ്ടു ചൈതന്യബിംബസംയോഗത്തെയും മൂന്നും നാലും വ്യാപകംകൊണ്ടു ബിംബപീഠയോഗത്തെയും അഞ്ചാമത്തെ വ്യാപകംകൊണ്ടു പീഠപ്രാസാദയോഗത്തെയും ക്രമേണ കല്പിപ്പൂ. ആദിനാ ഉദരപരിവ്യാപ്ത്യാ - പ്രാസാദം കഴിഞ്ഞു മേല്പോട്ടും കീഴ്പോട്ടും പുറമേക്കും വ്യാപകങ്ങളെ ചെയ്തുകൊണ്ടും, ബ്രഹ്മാണ്ഡോദരപൂരിതാ - ബിംബത്തിന്റെ സ്വരൂപത്തിൽ സമ്പൂർണ്ണമായിരിക്കുന്ന ചൈതന്യംകൊണ്ടു്, അഖിലം കാണ്ഡം അഭിപൂര്യ - ബ്രഹ്മാണ്ഡത്തെ മുഴുവനും നിറഞ്ഞിരിക്കുമാറു് ധ്യാനിച്ചു്, ആത്മപ്രാസാദാത്മനാ അവസ്ഥിതം ഭാവയേത് - പിന്നെ ആ ബ്രഹ്മാണ്ഡം പുറമേ മതിലിങ്കലോളവും സ്തൂപികാഗ്രത്തോളവും അവധിയായി ഇരിക്കുന്ന പ്രകാരം ധ്യാനംകൊണ്ടു കല്പിച്ചുകൊള്ളൂ.

കൃത്വാ ചിദ്ബിംബസമ്മേളനമിതി സ്വഗ്ദ്ധം തല്ലയാംഗാദി കൃത്വാ
സംരക്ഷ്യാക്ഷയ്യദീപാക്ഷതകുസുമജലാദ്യം സമാപാദ്യ ചാന്തഃ
ഗത്വാ ദ്വാരം ച ബദ്ധ്വാ ബഹിരഥ നിയതാർച്ചാവധി-
[ത്രിഃ സ്ഥാപകേന
പ്രാദക്ഷിണ്യപ്രണാമാദികൃദഭിമതമാരാധനീയാദ്ദേവമേവം. വൃ ൭

ഇതി ചിദ്ബിംബസമ്മേളനം സ്വഗ്ദ്ധം കൃത്വാ — ഇപ്രകാരം പറഞ്ഞ ചൈതന്യബിംബയോഗാദ്ഭാവനകളെ ഉപദേശശക്തികൊണ്ടു ഉറപ്പാക്കി ചെയ്തു; തല്ലയാംഗാദി കൃത്വാ — അവസാനീയാർഘ്യം ചെയ്തു ലയാംഗത്തെ ന്യസിച്ച്, സംരക്ഷ്യ — അസ്ത്രാദികൊണ്ടു രക്ഷിച്ച്, അക്ഷയ്യദീപാക്ഷതകുസുമജലാദ്യം സമാപാദ്യ — ഗർഭഗൃഹത്തിങ്കൽ മൂന്നുദിവസം കെടാതെ ഇരിക്കുംവണ്ണം നെയ്യ് എണ്ണ ഇത്യാദികൊണ്ടു മൂന്നുതാൻ നാലുതാൻ വിളക്കുകളെ വച്ചു ഗന്ധപുഷ്പാക്ഷതധൂപാദികളേയും വച്ചു, ബഹിഃ ഗത്വാ ദ്വാരം ബദ്ധ്വാ — പുറത്തു ഇറങ്ങി ശ്രീകോവിലിന്റെ നടയും അടച്ചുപൂട്ടി, അഥ സ്ഥാപകേന നിയതാർച്ചാവധിത്രിഃ — പിന്നെ മണ്ഡപത്തിങ്കലിരുന്ന യജമാനനോടും കൂടി നിത്യപൂജാനിയമങ്ങളെ നടത്തുന്നതിനു വേണ്ടുന്ന ദ്രവ്യത്തെ വക വച്ച് കല്പിച്ചു, പ്രാദക്ഷിണ്യപ്രണാമാദികൃത് - യജമാനനോടും കൂടി പ്രദക്ഷിണം വച്ചു മണ്ഡപത്തിൽ നമസ്കരിച്ചു. അഭിമതം ദേവം ഏവം ആരാധനീയാത് — തനിക്ക് അഭിമതനായിരിക്കുന്ന ദേവനെ ഇപ്രകാരം പ്രതിഷ്ഠിപ്പിച്ചു നിത്യപൂജാദിയെ ചെയ്യ്‌വൂ.

അനന്തരം യജമാനൻ ദക്ഷിണചെയ്യ്‌വാൻ പറയുന്നു. —

സ്വർണ്ണാനാം ശതകം ദദ്യാദ് ഗുരവേ സദ്യഃ പ്രതിഷ്ഠാകൃതേ
ദാത്രാദാതൃമനഃപ്രസാദജനനീ യാ ദക്ഷിണാ സോത്തമാ
ഗോഭൂമ്യാദിസമർപ്പണപ്രമുഖതോഽപ്യേനാം സമാരാധയേ-
ന്മൂർത്തീശാനപി തദ്ദശാംശമിതിത്യാദ്യാംശയാ തദ്ഭാഗതഃ. വൃ ൮

പ്രതിഷ്ഠാകൃതേ ഗുരവേ കർത്താ സദ്യഃ സ്വർണ്ണാനാം ശതകം ദദ്യാത് — പ്രതിഷ്ഠയെ ചെയ്തിരിക്കുന്ന ആചാര്യനായിക്കൊണ്ടു കർത്താവു കർഷപ്രമാണമായിരിക്കുന്ന നൂറു പൊന്നിനെ ദക്ഷിണയായിട്ടു ചെയ്‌വൂ. യാ ദക്ഷിണാ ദാത്രാദാതൃമനഃപ്രസാദജനനീ സാ ഉത്തമാ ദക്ഷിണാ സ്യാത് — യാതൊരു ദക്ഷിണ കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും മനഃപ്രസാദത്തെ ഉണ്ടാക്കുന്നു അതു ദക്ഷിണ

ഉത്തമയായി ഭവിക്കും. ഗോഭൂമ്യാദിസമർപ്പണപ്രമുഖതഃ അപി ഏനം സമാരാധ്യയാത് – പശുവ് ഭൂമി ആദിശബ്ദം കൊണ്ടു രത്നാംഗുലീയപട്ടവസ്ത്രാദികൾ ഇവരെറയും യഥായോഗ്യം കൊടുത്തു ആചാര്യനെ പ്രസാദിപ്പിപ്പൂ. തദ്ദശാംശപരിമിത്യാ മൂർത്തിശാൻ അപി തദ്ഭാഗതഃ അന്യാൻ അപി – ആചാര്യദക്ഷിണയുടെ ദശാംശം ഹോമകർത്താക്കന്മാർക്കു നാലംശംകൊണ്ടു പരികർമ്മികൾക്കും ദക്ഷിണയെച്ചെയ്‌വൂ.

കൃത്വാ ത്രേധാ സ്വസമ്പാദിതവസുനിചയം നിത്യപൂജാദി– [സിദ്ധ്യൈ
ഭാഗം ദേവായ ഭാഗം പ്രദിശതു ഗുരവേ ദക്ഷിണാം സ്ഥാപനാ [ർഹാം
തസ്മൈ തത്രോപയുക്തം സകലമപി സമർപ്യാഥ താർത്തീയമംശം.
തത് കർത്താ പുത്രദാരാദ്യനുഗതപരിപുഷ്ട്യൈ സ്വയം ചാദദീത [വൃ ൧

സ്വസമ്പാദിതവസുനിചയം ത്രേധാ കൃത്വാ – യജമാനനാൽ സമ്പാദിക്കപ്പെട്ടിരിക്കുന്ന ദ്രവ്യത്തെ മൂന്നായിട്ടു പകുത്താൽ, ഏകം ഭാഗം നിത്യപൂജാദിസിദ്ധ്യൈ ദേവായ – അതിലൊരംശം നിത്യപൂജയ്ക്കും ഉത്സവാദി വിശേഷപൂജയ്ക്കുമായി ദേവനായിക്കൊണ്ട്, പ്രദിശതു – കൊടുപ്പൂ. ദ്വിതീയം ഭാഗം ഗുരവേ സ്ഥാപനാർഹാം ദക്ഷിണാം പ്രദിശതു – രണ്ടാമത്തെ ഭാഗത്തെ ആചാര്യനായിക്കൊണ്ടു പ്രതിഷ്ഠായോഗ്യയായിരിക്കുന്ന ദക്ഷിണയെ ചെയ്‌വൂ. തത്ര ഉപയുക്തം സകലം അപി തസ്മൈ സമർപ്യ – അവിടെ ഉപയുക്തമായിരിക്കുന്ന വകകളെയും ആചാര്യനായിക്കൊണ്ടു കൊടുത്തു, താർത്തീയം തത് അംശം – മൂന്നാമത്തെ ഭാഗത്തെ, കർത്താ പുത്രദാരാദ്യനുഗതപരിപുഷ്ട്യൈ സ്വയം ആദദീത– യജമാനൻ തന്റെ പുത്രദാരാദികളുടെ പോഷണത്തിനായിക്കൊണ്ടു താനും എടുത്തുകൊള്ളൂ.

ഹോമാദികർത്തൄൻ പരികർമ്മിണശ്ച
സമന്യപാരായണികാദികാംശ്ച
സ്വദക്ഷിണാംശൈരഥ ഗായകാദീൻ
വസ്ത്രാദിനാന്യാനപി സന്ധിനോളു. വൃ വൃ

സദക്ഷിണാംശൈഃ — ആചാര്യദക്ഷിണയ്ക്കു കല്പിച്ച ഭാഗത്തിന്റെ ശതാംശംകൊണ്ട്, ഹോമാദികർത്തൄൻ പരികർമ്മിണശ്ച - ഹോമം ചെയ്തവരേയും പരികർമ്മികളേയും, സദസ്യപാരായണികാദികാൻ — സദസ്യന്മാരായിട്ടുള്ളവരേയും വേദപാരായണം ചെയ്തിട്ടുള്ളവരേയും പൌരാണികന്മാരെയും, ഗായകാദീൻ — കൊട്ട് പാട്ട് തുടങ്ങിയവയുള്ള അമ്പലവാസികളേയും യഥായോഗ്യം ദക്ഷിണയെച്ചെയ്ത്, അന്യാൻ വസ്ത്രാദിനാ അപി സന്ധിനോതു - മററും ഉള്ളവരെ വസ്ത്രാദികൊണ്ടും, സന്തോഷിപ്പിക്കണം.

നോദ്ഘാടയേദ് ദ്വാരമഹസ്ത്രയേ/ത്ര
കൃതാഗ്രതഃ സ്ഥണ്ഡിലമാദധീത
നിത്യാർച്ചനം സാർദ്ധഹുതാദിയുക്തം
സംസ്ഥാപ്യ തുര്യേഹ്നി യജേച്ച ബിംബേ. ൭൯

അത്ര അഹസ്ത്രയേ ദ്വാരം ന ഉദ്ഘാടയേത് - ഇവിടെ പ്രതിഷ്ഠ കഴിഞ്ഞു നടയടച്ചാൽ അന്നു തുടങ്ങി മൂന്നു ദിവസം ശ്രീകോവിലിന്റെ വാതൽ തുറക്കയുമരുത്. അഗ്രതഃ സ്ഥണ്ഡിലം കൃതം സാർദ്ധഹുതാദിയുക്തം നിത്യാർച്ചനം ആദധീത - സോപാനത്തുങ്കലെങ്കിലും അഗ്രമണ്ഡപത്തിങ്കലെങ്കിലും തളിച്ചു മെഴുകി സ്വസ്തികം പത്മം ഇട്ട് അവിടെ ദേവന്റെ നിത്യപൂജ നിശ്ചയിച്ചപോലെ വൈശ്വഹോമമുണ്ടെങ്കിൽ അതിനോടും കൂടി മൂന്നിനേയും ചെയ്യൂ. തുര്യേഹ്നി സംസ്ഥാപ്യ ബിംബേ യജേത് ച — നാലാം ദിവസം നട തുറന്നു അഷ്ടമംഗല്യാദി കാട്ടി പൂവാരി എണ്ണയുമാടി അഭിഷേകം ചെയ്താൽ ബിംബത്തിങ്കൽ പൂജ തുടങ്ങി കലശങ്ങളുമാട്ടു.

ഇത്യവോചാമ വിശേഷമന്ത്രബിംബപ്രതിഷ്ഠിതിം
തഥാ തത്പരിവാരാണാം പ്രതിഷ്ഠാം സംപ്രചക്ഷ്മഹേ. ൮൦

വയം ഇതി വിശേഷമന്ത്രബിംബപ്രതിഷ്ഠിതിം അവോചാമ — നാം ഇപ്രകാരം വിശേഷമന്ത്രന്മാരായ ഏഴു ദേവന്മാരുടെ പ്രതിഷ്ഠാക്രിയയെ പറഞ്ഞു. തഥാ തത്പരിവാരാണാം പ്രതിഷ്ഠാം സംപ്രചക്ഷ്മഹേ — അപ്രകാരം ദേവന്റെ പരിവാരങ്ങളായ ഇന്ദ്രാദികളുടെ പ്രതിഷ്ഠാക്രമത്തേയും പറയുന്നേൻ.

ഇന്ദ്രാദിദിങ്നായകപീഠികാഃ പ്രാക്
സമർമ്മുത്തപക്വസലിലൈർവിശോദ്ധ്യ
സംക്ഷാള്യ സംശോദ്ധ്യ ച ധാരണാദിഃ
സ്വമന്ത്രതാദാത്മ്യമപി പ്രകുര്യാത്. ൯൭

പ്രാക് ഇന്ദ്രാദിദിങ്നായകപീഠികാഃ - പൂർവ്വദ്വാരമായടത്തും പശ്ചിമദ്വാരമായടത്തും മുമ്പിൽ കിഴക്ക തുടങ്ങി എട്ടു ദിക്കുകളിലും ഇന്ദ്രാദികളായ ദിക്പാലന്മാരുടെ ബലിക്കല്ലുകളെ എട്ടിനേയും, സമർമ്മുത്തപക്വസലിലൈഃ വിശോദ്ധ്യ സംക്ഷാള്യ ച - മർദ്ദമുഷ്ടികൊണ്ടും പാറമണ്ണുകൊണ്ടും നാല്പാമരത്തൊലികൾകൊണ്ടും തേച്ച് ശുദ്ധിവരുത്തി വെള്ളംകൊണ്ട് കഴുകി, ധാരണാദിഃ സംശോദ്ധ്യ - ഹ്ലാം ഹ്ലീം ഫട് ഇത്യാദികൊണ്ട് ഭൂതസംഹാരവും ശോഷണാദിയും ഹൌം നമഃ ഇത്യാദി ഭൂതസൃഷ്ടിയും ലിപിന്യാസവും ചെയ്ത്, സ്വമന്ത്രതാദാത്മ്യം അപി പ്രകുര്യാത് - അതതു ദിക്പാലമന്ത്രപ്രാണായാമവും വ്യാപകവും പ്രണവാംഗവും ന്യസിച്ചു തത്തന്മന്ത്രസ്വരൂപമാക്കിച്ചെയ്യൂ.

സ്വസ്വോത്തരേ സ്ഥണ്ഡിലമാരചയ്യ
സംസ്കല്പനാദ്യത്ര നിധായ വഹ്നിം
തദ്ദക്ഷിണേ പൂർണ്ണഘടേ സ്വമന്ത്രൈ-
സ്തന്തം യജേത്താംഗദിഗീശയുക്തം. ൯൮

സ്വസ്വോത്തരേ സ്ഥണ്ഡിലം ആരചയ്യ - അതതു ബലിപീഠത്തിന്റെ വടക്ക മെഴുകി, സംസ്കല്പനാദി വഹ്നിം നിധായ - കീറിത്തീയുമിട്ട് ഇന്ദ്രഃ അഗ്നിഃ ഇത്യാദി തത്തന്നാമങ്ങളോടുകൂടി അന്വാധാനം തുടങ്ങി പരിധിവയ്ക്കുന്നേടത്തോളം ഹോമത്തെ സാമാന്യംപോലെ ചെയ്ത്, തദ്ദക്ഷിണേ പൂർണ്ണഘടേ - ഹോമത്തിന്റെ തെക്ക് ഓരോ കലശത്തെ പൂജിച്ചു നിറച്ച്, സ്വമന്ത്രൈഃ അംഗദിഗീശയുക്തം തം തം യജേത - അതതു ദിക്പാലമന്ത്രംകൊണ്ട് ആവാഹിച്ചു സകളീകരിച്ചു അംഗവും ദിക്പാലമന്ത്രങ്ങളും തദായുധമന്ത്രങ്ങളും കൂടി പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്യൂ.

സ്വഗൃഹ്യോക്ത്യാഗ്നിമുഖം വിധായ
പാകം ച പഞ്ചപ്രണവാദികേന
ഇന്ദ്രക്രതുന്നഃപ്രമുഖൈസ്തത-
സ്ത്രിംശന്മന്ത്രൈരപി ജുഹോതു. ൩൭

തതഃ സ്വഗൃഹ്യോക്ത്യാ അഗ്നിമുഖം വിധായ - പിന്നെ സ്വചരണോക്ത പരിധി വയ്ക്കുക മുതൽ ഇധ്മത്തോളം ചെയ്തു ഹോമമന്ത്രങ്ങളും പീഠപൂജാദി ചെയ്തു അതതു ദിക്പാലന്മാരെ ആവാഹിച്ചു പൂജിച്ചു നിവേദ്യത്തോളം ചെയ്തു ഇധ്മാദിപാകാന്തത്തോളം ചെയ്താൽ, പഞ്ചപ്രണവാദികേന ഇന്ദ്രക്രതുന്നഃപ്രമുഖേന ത്രിംശന്മന്ത്രേണ പാകം ജുഹോതു-അഞ്ചു പ്രണവം ആദിയായിട്ടുള്ള 'ഇന്ദ്രക്രതുന്ന ആഭര' ഇത്യാദി അതതു ദിക്കിലെ ഋക്കുകളെക്കൊണ്ടു പാകത്തെ ഹോമിപ്പൂ.

പ്രാചീന്ദ്രക്രതുമാത്രയാശാദിശി ചാഗ്നിം ദൂതമർക്കാത്മജേ
നാകേപൂർവ്വസുപർണ്ണമാശരധുരീണേ മോഷുണഃപൂർവ്വകഃ
യംരക്ഷന്തി ജലാധിരാജി പവമാനേ വായവായാഹ്യേണഃ
സോമോരാജപുരസ്സരോ ഹിമരുചൌ സ്യാത് ത്ര്യംബകം
[ത്ര്യംബകേ. ൩൮

പ്രാചി ഇന്ദ്രക്രതും-കിഴക്ക് 'ഇന്ദ്രക്രതുന്ന ആഭര' ഇത്യാദിയും, ആഗ്നേയാശാദിശി അഗ്നിം ദൂതം - അഗ്നികോണിൽ 'അഗ്നിം ദൂതം വൃണീമഹേ' ഇത്യാദിയും, അർക്കാത്മജേ നാകേപൂർവ്വസുപർണ്ണം - തെക്ക 'നാകേസുപർണ്ണമുപവപ്തിമാനസം' ഇത്യാദിയും, ആശരധുരീണേ മോഷുണഃപൂർവ്വകഃ - നിരൃതികോണിൽ 'മോഷുണഃ പരാപരാ' ഇത്യാദിയും, ജലാധിരാജി യംരക്ഷന്തി - പടിഞ്ഞാറ് 'യംരക്ഷന്തി പ്രചേതസഃ' ഇത്യാദിയും, പവമാനേ വായവായാഹ്യേണഃ - വായുകോണിൽ 'വായവായാഹി ദർശത' ഇത്യാദിയും, ഹിമരുചൌ സോമോരാജപുരസ്സരഃ - വടക്ക 'സോമം രാജാനമവസേ' ഇത്യാദിയും, ത്ര്യംബകേ ത്ര്യംബകം ച സ്യാത് - ഈശകോണിൽ 'ത്ര്യംബകം യജാമഹേ' ഇത്യാദിയും പഞ്ചപ്രണവത്തോടുകൂടി പാകമന്ത്രം ഭവിക്കും.

ദ്രവ്യാണി തത്രാധിവാസനമീരിതാനി
ചത്വാരി വാത്ര ജുഹുയൾദിഗധീശമന്ത്രൈഃ

പൂർണ്ണാം ച തത്തന്മന്ത്രൈഃ സമിധോഽത്ര ഹോമ്യാഃ
ശർവാധിവാസവിഹിതാ ദിഗ്വൃക്ഷജാ വാ. ൯൭

തത്തദധിവാസസമീരിതാനി ദ്രവ്യാണി വാ ചതുരാദി ദ്രവ്യാണി വാ ജുഹുയാൽ - ഇവിടെ അവരവരുടെ അധിവാസഹോമങ്ങളിൽ പറഞ്ഞ ദ്രവ്യങ്ങളെ എങ്കിലും സമിദാജ്യഹവിരാജ്യങ്ങളെ നാലിനെ എങ്കിലും ഹോമിപ്പൂ. തത്തന്മന്ത്രൈഃ പൂർണ്ണാം ച - അതതു ദിക്പാലമന്ത്രംകൊണ്ടു പൂർണ്ണാഹുതിയെയും ചെയ്വൂ. അത്ര സമിധഃ ശർവാധിവാസവിഹിതാഃ വാ ദിഗ്വൃക്ഷജാഃ വാ ഹോമ്യാഃ - ഇവിടെ ചമതകൾ ശിവാധിവാസത്തിങ്കൽ പറഞ്ഞ ദിക്കുകളിലേത് എങ്കിലും എല്ലാം പ്ലാശുതന്നെയായിട്ടും ഹോമിക്കാം.

ഹോമാന്തേ ബലിപീഠമർച്ചിതപദദ്വാരാന്തരാസന്നേ സ്വേ പദേ
സംസ്ഥാപ്യ സ്വദിഗീശനാമമനുനാവാഹ്യ തേനൈവ തം
താരാംഗൈഃ സകളീകൃതം സ്നപയേത് സമ്പാതകുംഭാംഭസാ
ന്യസ്യാംഗാനി സമർച്ച്യ ശേഷഹവിഷാ ദത്വാ ബലിം തോഷയേത്. ൯൮

ഹോമാന്തേ-പിന്നെ സ്വിഷ്ടകൃദാദി ഹോമം മുടിച്ചു സമ്പാതം കലശത്തിലാക്കി, അർച്ചിതപദദ്വാരാന്തരാസന്നേ സ്വേ പദേ ബലിപീഠം സ്വദിഗീശനാമമനുനാ സംസ്ഥാപ്യ - പത്മാന്തമായി പീഠം പൂജിച്ചിരിക്കുന്ന അതതു സ്ഥാനത്തു ബലിക്കല്ലുകളെ പ്രണവപുടിതമായി അതതു ദിക്പാലമന്ത്രംകൊണ്ടു പ്രതിഷ്ഠിച്ച്, അത്ര തേനൈവ ആവാഹ്യ - ബലിക്കല്ലുകളിൽ അതതു മന്ത്രംകൊണ്ടു ഇന്ദ്രാദികളെ ആവാഹിച്ച്, താരാംഗൈഃ സകളീകൃതം തം സമ്പാതകുംഭാംഭസാ സ്നപയേത് - പ്രണവാംഗം ന്യസിച്ച് അർഘ്യാദി കൊടുത്താൽ സമ്പാതയുക്തമായ അതതു കലശജലംകൊണ്ട് അഭിഷേകത്തെച്ചെയ്വൂ. അഥ അംഗാനി ന്യസ്യ ശേഷഹവിഷാ ബലിം ദത്വാ തോഷയേത് - പിന്നെ വ്യാപകാംഗം ന്യസിച്ചു മൂർത്തിപൂജയും ചെയ്തു ഹോമഹവിസ്സിന്റെ ശേഷംകൊണ്ടു ബലിയും തൂകി പ്രസന്നപൂജയും ചെയ്വൂ. ഇങ്ങനെ ഇന്ദ്രാദികളുടെ പ്രതിഷ്ഠാ.

മാതൃക്കളുടെ പ്രതിഷ്ഠയെ പറയുന്നു.

സംശോധ്യ സംസ്ഥാപ്യ ച വീരഭദ്ര-
വിഘ്നേശമാതൄരപി പീഠികാസു
മന്ത്യാദികുംഭൈർനവഭിഃ സ്വമന്ത്രൈഃ
സിക്താർച്ചയിത്വാ വികിരേദ് ബലിം ച. ൯൯

വീരഭദ്രവിഘ്നേശമാതൄഃ സംശോധ്യ— ഇന്ദ്രാദികൾക്ക് ചെയ്തപോലെ വീരഭദ്രൻ ഗണപതി ബ്രഹ്മാണ്യാദിമാതൃക്കൾ ഇവരുടെ ബലിപീഠങ്ങളേത്താൻ ലിംഗങ്ങളേത്താൻ മർമ്മോത്തംഗജലങ്ങളെക്കൊണ്ടു ശോധിച്ചു ഭൂതസംഹാരാദി തത്തന്മന്ത്രപ്രാണായാമാന്തം ചെയ്തു വട്ടക കീറിത്തീയിട്ടു ഹോമം തുടങ്ങി വീരഭദ്രനെ പൂജിച്ചു വീരഭദ്രഗായത്രികൊണ്ടു പകപവും ഹോമിച്ചു വീരഭദ്രാദിമന്ത്രങ്ങളെക്കൊണ്ടു വെവ്വേറെ എട്ടെട്ടു ഉരു ചതുർദ്രവ്യങ്ങളെ ഹോമിച്ചു വേറെ സമ്പാതങ്ങൾ ഉണ്ടാക്കി ഹോമം മുടിച്ചു. ഹോമത്തിന്റെ തെക്ക് വെച്ചു കലശങ്ങളിൽ നടുവിൽ വീരഭദ്രനേയും കിഴക്കുതുടങ്ങി പ്രദക്ഷിണമായി ഗണപതി ബ്രഹ്മാണ്യാദികളേയും വെവ്വേറെ പരിധിക്കു മുമ്പിൽ പൂജിച്ച് സമ്പാതം അതതു കലശങ്ങളിലൊഴിച്ചു. പിന്നെ യമന്റെ പടിഞ്ഞാറായിട്ടു മാതൃക്കളെ പ്രതിഷ്ഠിക്കുന്നതിനു പീഠം വെവ്വേറെ, പൂജിച്ച്, പീഠികാസു സ്ഥാപ്യ-ബലിക്കല്ലിന്മേൽ പ്രതിഷ്ഠിച്ചു തത്തന്മന്ത്രംകൊണ്ട് അതതു ബലിപീഠങ്ങളിലാവാഹിച്ചു സകളീകരിച്ചു സ്നാനകാലാത്, മദ്ധ്യാദികംഭൈഃ നവഭിഃ സചമന്ത്രൈഃ സിക്താഃ — മദ്ധ്യാദിയായുള്ള വെച്ചു കലശങ്ങളെക്കൊണ്ടും വീരഭദ്രാദിക്രമേണ ആടി, സംപൂജിതാഃ ബലിം ച വികിരേത് – വസ്ത്രാദി കൊടുത്തു മൂർത്തിപൂജയും ചെയ്തു ബലിയും തൂകി പ്രസന്നപൂജയും ചെയ്വൂ. ഇവിടെ മൂലത്തിൽ ഹോമം പറഞ്ഞിട്ടില്ലായ്കകൊണ്ടു ഹോമം കൂടാതെയും ചെയ്യുന്നു.

ബ്രഹ്മാണീ മാഹേശീ കൗമാരീ വൈഷ്ണവീ ച വാരാഹീ
ഇന്ദ്രാണീ ചാമുണ്ഡീ ശിവഗണപത്യോസ്തു മാതരോ മദ്ധ്യേ. ൻവൃ

ശിവഗണപത്യോഃ മദ്ധ്യേ - വീരഭദ്രന്റെയും ഗണപതിയുടേയും മദ്ധ്യത്തുങ്കൽ, ബ്രഹ്മാണീ മാഹേശീ കൗമാരീ വൈഷ്ണവീ വാരാഹീ ഇന്ദ്രാണീ ചാമുണ്ഡാ മാതരഃ – ബ്രഹ്മാണ്യാദിയായ ഏഴു മാതൃക്കൾ ഭവിക്കും. ഇവരുടെ മന്ത്രങ്ങൾ വ്രം വീരഭദ്രായ നമഃ, ഗം ഗണപതയേ നമഃ, ബ്ര്യാം ബ്രഹ്മാണ്യൈ നമഃ, മം മാഹേശ്വര്യൈ നമഃ, കൗം കൗമാര്യൈ നമഃ, വൈം വൈഷ്ണവ്യൈ നമഃ, വം വാരാഹ്യൈ നമഃ, ഹൃം ഇന്ദ്രാണ്യൈ നമഃ, ഛൂം ചാമുണ്ഡ്യൈ നമഃ ഇങ്ങനെ മന്ത്രങ്ങൾ. ഇന്ദ്രാദികളുടെ മന്ത്രങ്ങൾ പൂജയിങ്കൽ പറയുന്നതുതന്നെ.

നിർമ്മാല്യധാരിയുടെ പ്രതിഷ്ഠയെ പറയുന്നു, —

നിർമ്മാല്യഭാജമധിവാസയുതോക്തശുദ്ധി-
ശുദ്ധം സ്വമന്ത്രമയമുത്തരനാളപീഠം
ഹുത്വാ ഘൃതം സ്വമനുനാ സമിദാദ്യയുക്തം
മന്ത്രീ സ്വപീഠ ഉദിതേ കൃതസംപ്രതിഷ്ഠഃ. ൯൯

ഉക്തവാസയുതോക്തശുദ്ധിശുദ്ധം നിർമ്മാല്യഭാജം - നിർമ്മാല്യധാരിയുടെ ബിംബമെങ്കിലും ലിംഗാകൃതി എങ്കിലും ബലിപീഠമെങ്കിലും പരിഗ്രഹിച്ചു മൎദമൃത്തകകളെക്കൊണ്ടു ശോധിച്ചു കഴുകി ജലാധിവാസത്തിന്നു ജലദ്രോണി പൂജിച്ച് അതിൽ ഒരു കലശം അഷ്ടഗന്ധജലം നിറച്ചു നിർമ്മാല്യധാരിയെ പൂജിച്ചു ബിംബശുദ്ധിയുമാദി ഭൂതസംഹാരാദി ചെയ്തു, സ്വമന്ത്രമയം - തത്തന്മന്ത്രപ്രാണായാമവും ചെയ്ത്, സ്വമനുനാ സമിദാദ്യയുക്തം ഘൃതം ഹുത്വാ - ഹോമം തുടങ്ങി നിർമ്മാല്യധാരിമന്ത്രം കൊണ്ടുതന്നെ പകപം ഹോമിച്ചു ശിവന്റെ മാത്രം ചണ്ഡേശ്വരഗായത്രി കൊണ്ടു പകപം ഹോമിച്ചു ചതുർദ്രവ്യഹോമവും പൂർണാഹുതിയും നിർമ്മാല്യധാരിമന്ത്രം കൊണ്ടുതന്നെ ചെയ്തു സ്വിഷ്ടകൃദാദിഹോമം മുടിച്ചു ഹോമകലശത്തിൽ സമ്പാതത്തെയും സമർപ്പിച്ച്, ഉദിതേ ഉത്തരനാളപീഠം കൃതസംപ്രതിഷ്ഠഃ - ഈശാനന്റെ പടിഞ്ഞാറ് ഉദിതിപാദത്തുങ്കൽ പീഠം പൂജിച്ചു വടക്കു നാളം വരുമാറ് പീഠം വെച്ചു തങ്കൽ തത്തന്മന്ത്രം കൊണ്ടു പ്രതിഷ്ഠിച്ചു നിർമ്മാല്യധാരിമന്ത്രംകൊണ്ട് ആവാഹിച്ചു സ്നാനാന്തം ഉപചാരങ്ങളെ കൊടുപ്പൂ.

സിക്ത്വാ സ്വസിദ്ധകലശേന സമർച്ച്യ ദേവ-
പൂജാവശിഷ്ടകുസുമപ്രമുഖൈർന്നിവേദ്യ
ദത്വാ ബലിം ച പരിതോഷ്യ സമർപ്യ തസ്മൈ
ദേവോപഭുക്തമഖിലം പുനരർത്ഥയേത. ൧൦൦

സ്വസിദ്ധകലശേന സിക്ത്വാ - നിർമ്മാല്യധാരിമന്ത്രം കൊണ്ടു പൂജിച്ചു ഇരിക്കുന്ന ഹോമകലശം കൊണ്ടു ആടി, ദേവപൂജാവശിഷ്ടകുസുമപ്രമുഖൈഃ സമർച്ച്യ നിവേദ്യ - ദേവപൂജയിങ്കൽ ശിഷ്ടമായിരിക്കുന്ന ജലഗന്ധപുഷ്പാദികൊണ്ടു മത്തിപൂജയെച്ചെയ്ത്, പിന്നെ നിവേദ്യത്തെയും നിവേദിച്ചു, ബലിം

ദത്വാ പരിതോഷ്യ - ബലിയും തൂകി പ്രസന്നപൂജയും ചെയ്താൽ, പുനഃ ദേവാപഭുക്തം അഖിലം തസ്മൈ സമർപ്പ്യ അർത്ഥയേത - ദേവന്റെ നിർമ്മാല്യപുഷ്പത്തേയും നിവേദ്യത്തെയും നിർമ്മാല്യധാരിക്കായിക്കൊണ്ടു സമർപ്പിച്ചു പ്രാർത്ഥിപ്പൂ.

യാവദത്ര ജഗന്നാഥോ ബിംബമാശ്രിത്യ തിഷ്ഠതി
താവദേവൈവ രക്ഷാർത്ഥം ത്വം തിഷ്ഠസ്വ പ്രതർദന ൧൦൧

ഇതു പ്രാർത്ഥനയുടെ മന്ത്രം.

വിഷ്വക്സേനോ നരകദമനേ ധൂർത്തസേനഃ കുമാരേ
ശർവേ ചണ്ഡേശ്വര ഇതി പുനർമുണ്ഡിനീ ചണ്ഡികായാം
വിഘ്നേ കുംഭോദര ഇതി ഗദിതശ്ചണ്ഡസേനോ ഹരീശേ
ഭൂതാധീശേ പുനരഭിഹിതോ ഘോഷവാൻ ശേഷമാലീ. ൧൦൨

നരകദമനേ വിഷ്വക്സേനഃ - വിഷ്ണുവിങ്കൽ വിഷ്വക്സേനായ നമഃ എന്നും, കുമാരേ ധൂർത്തസേനഃ - സുബ്രഹ്മണ്യങ്കൽ ധൂർത്തസേനായ നമഃ എന്നും, ശർവേ ചണ്ഡേശ്വര - ശിവങ്കൽ ചണ്ഡേശ്വരായ നമഃ എന്നും, ഇതി ചണ്ഡികായാം മുണ്ഡിനീ - ഇവിടെ ദുർഗ്ഗയിങ്കൽ ഹ്രീം മുണ്ഡിന്യൈ നമഃ എന്നും, വിഘ്നേ കുംഭോദരസമഭിധഃ - ഗണപതിയിങ്കൽ കുംഭോദരായ നമഃ എന്നും, ഹരീശേ ചണ്ഡസേനഃ - ശങ്കരനാരായണങ്കൽ ചണ്ഡസേനായ നമഃ എന്നും, പുനഃ ഭൂതാധീശേ ഘോഷവാൻ - പിന്നെ ശാസ്താവിങ്കൽ ഘോഷവതേ നമഃ എന്നും, ശേഷമാലീ അഭിഹിതഃ - നിർമ്മാല്യധാരിമന്ത്രം പറയപ്പെട്ടു.

അനന്തരം വലിയബലിക്കല്ലിന്റെ പ്രതിഷ്ഠയെ പറയുന്നു.

പ്രാക് പഞ്ചഗവ്യം പരിപൂജ്യ താമ്ര-
പാത്രേ സപീഠാധിപമന്ത്രകേണ
ഹുത്വാഷ്ടയുക്തം ശതമാജ്യമസ്മിൻ
സമ്പാതമാധായ്യ സുവർണ്ണവീഥ്യാം ൧൦൩

തത്പീഠമധ്യേ ഭുവി ശക്തിഗർഭേ
ഗർത്തം നിധി ന്യസ്യ തദീശമസ്മിൻ
ആവാഹ്യ സമ്പൂജ്യ തതഃ പ്രസാദ്യ
സംരക്ഷ്യ തക്ഷ്ണാ രചയേച്ച പീഠം. ൧൦൪

പ്രാൿ — ബലികല്ലു പണിയുക്കുന്നതിന്നു മുമ്പിൽതന്നെ യഥാ ദിവസം, താമ്രപാത്രേ പഞ്ചഗവ്യം സപീഠാധിപമന്ത്രകൈഃ പരിപൂജ്യ — ചെമ്പുകൊണ്ടു ഉണ്ടാക്കി ഗൎഭപാത്രത്തിൽ കലശന്യായേന പഞ്ചഗവ്യത്തെ നിറച്ച് ഹരിസേനാദി തത്തത്പീഠാധിപമന്ത്രം കൊണ്ടു ആവാഹിച്ചു പൂജിച്ച്, അഷ്ടയുക്താ ശതം ആജ്യം ഹുത്വാ — തത്സമീപത്തു കിറിത്തിയുമിട്ടു ചെറിയ ഹോമംപോലെ ചാലെമത് ഇട്ടു തത്തന്മന്ത്രംകൊണ്ടു നൂറിയെട്ടുരു ആജ്യാഹുതി ചെയ്തു ഹോമം മുടിച്ച്, സംഹിതവീൎയ്യം സമ്പാതം അസ്മിൻ ആയോജ്യ — അഗ്നിയെ ഉപാസിച്ചിരിക്കുന്ന സമ്പാതത്തെ പഞ്ചഗവ്യപൂജിതഗൎഭപാത്രത്തിൽ സമൎപ്പിച്ച്, തത്പീഠമദ്ധ്യേ ശക്തിഗൎഭേ — ബലിപീഠമദ്ധ്യത്തു വരുന്നേടത്തു പീഠപൂജയും ശക്ത്യാവാഹനപൂജയും ചെയ്താൽ, നിശി ഭുവി ഗൎഭം ന്യസ്യ — രാത്രിയിൽ ദാനം ചെയ്തു നീരാജനത്തെ ഉഴിഞ്ഞു വാദ്യഘോഷത്തോടുംകൂടി ഭൂമിയിങ്കൽ ഗൎഭപാത്രത്തെ മുമ്പിൽ പറഞ്ഞതുപോലെ ന്യസിച്ചു ധ്രുവാദ്യൈരരിത്യാദി ജപിച്ച്, അസ്മിൻ തദീശം ആവാഹ്യ സംപൂജ്യ പ്രസാദ്യ സംരക്ഷ്യ — ആ ഗൎഭം വച്ചേടത്തു മുകളിൽ പീഠാധിപനെ ആവാഹിച്ചു പ്രണവാംഗാദി സകളീകരിച്ചു പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്തു രക്ഷിച്ചാൽ, തതഃ തദൂൎദ്ധ്വേ പീഠം രചയേത — പിന്നെ പണി ചെയ്യുന്നവരെക്കൊണ്ടു അതിന്റെ മുകളിൽ വലിയ ബലിക്കല്ലിനെ പണിയുള്ള ലക്ഷണം പോലെ ഉണ്ടാക്കിപ്പൂ.

ആമായാരചിതം വിശോദ്ധ്യ ബലിപീഠം മൎമ്മൃത്സാലികൈ-
രാജ്യാദ്യൈരത്യഭിഷിക്തകൃത് സലിലവാസേ സ്ഥാപയിത്വാംബുജേ ॥
കൃത്വാ ശുദ്ധിഘടാഭിഷേകമപി പുണ്യാഹാവസാനേ തതഃ
പ്ലുഷ്ട്വാ ഭൂതപ്രമുഖോദയാദി നിജമന്ത്രന്യാസനിഷ്ഠം ചരേത്. ൧൦൯

ആരചിതം ബലിപീഠം ആമായ — ലക്ഷണം പോലെ ഉണ്ടാക്കിയിരിക്കുന്ന വലിയ ബലിക്കല്ലിനെ പരിഗ്രഹിച്ച്, മൎദ്ദമൃത്സാലികൈഃ വിശോദ്ധ്യ — മൎമ്മച്ചിമണ്ണ് തൊലികൾ ഇവറ്റെക്കൊണ്ടു ശോധനംചെയ്തു, ആജ്യാദ്യൈരഭിഷിക്തകൃത് — നെയ്യും കടലപ്പൊടിയും തേച്ചു അഭിഷേകം ചെയ്തു അലങ്കരിച്ചു നീരാജനത്തെ ഉഴിഞ്ഞു ഹ്രാം ഹ്രൂം ഫട് ഇത്യാദികൊണ്ടു ഭൂതസം

ഹാരവും രോഷണദാഹനവും ചെയ്തു, സലിലവാസേ അംബുഭിഃ സ്നാപയിത്വാ — ജലാധിവാസത്തിങ്കൽ വരുണനെ പൂജിച്ചിരിക്കുന്ന വെള്ളംകൊണ്ട് എല്ലാടവും കഴുകി പ്ലാവനാദി ഭൂതശുദ്ധിയും ലിപിന്യാസവും ചെയ്തു മന്ത്രമയമാക്കി പീഠം പൂജിച്ച് ആവാഹിച്ചാൽ, ബിംബശുദ്ധികലശാഭിഷേകം പുണ്യാഹാവസാനം കൃത്വാ — ബിംബകലശം നവകം താൻ പഞ്ചകം താൻ അഷ്ടഗന്ധജലം നിറച്ച് പൂജിച്ചതിനെക്കൊണ്ട് ആടി, വസ്ത്രാദ്യുപഹാരങ്ങളെയുംകൊടുത്തു പഞ്ചോപഹാരം കൊണ്ടും പൂജിച്ച് അർഘ്യമാനസപൂജയും നീരാജനവും പുണ്യാഹവും ചെയ്തു ബലിക്കല്പുരയിൽ മുഷ്ട്യാദി ശോധനയും ചെയ്വൂ. തതഃ തത്ഭൂതശുദ്ധ്യാദയോ ബിംബമന്ത്രന്യാസനിദ്ധ്യം ചരേത് — പിന്നെ മൂർത്തിയിൽ ധ്യാനാധിവാസത്തിങ്കലേപ്പോലെ ഹ്ളാം ഹ്രൂം ഫഡ് ഇത്യാദികൊണ്ടു ഭൂതസംഹാരാദ്യം മന്ത്രോദയവും മന്ത്രന്യാസവും കഴിവോളം ചൈതന്യം ചെയ്വൂ.

ആസാദ്യോച്ഛ്രിതവപുഷ്ടരേ പരിഷദ്വൃക്ഷം സ്വനാമാങ്കനാ
പ്രാഗാദ്യൈഃ സമസംസ്കൃതൈഃ സ്വപരിവാരൈരർച്ചയിത്വാ— [വൃതം
അന്നാദ്യം വിനിവേദ്യ തത്ര വികിരേത്തദ്ഭ്യശ്ച തേഭ്യോ ബലിം
നൈവേദ്യം പ്രവിസൃജ്യ സാധു പരിശോദ്ധ്യാരാധ്യ സംരക്ഷതു. [ഫം ന്ന

അച്ഛ്രിതവപുഷ്ടരേ സ്വനാമാങ്കനാ പരിഷദ്വൃക്ഷം ആസാദ്യ — പിന്നെ പീഠം പൂജിച്ചാൽ പീഠാധിപമന്ത്രംകൊണ്ടു വ്യാപകന്യാസാദി ചെയ്തു്, സമസംസ്കൃതൈഃ പ്രാഗാദ്യൈഃ സ്വപരിവാരൈഃ ആവൃതം തം അർച്ചയിത്വാ — കിഴക്കു തുടങ്ങിയുള്ള ബലിക്കല്ലുകളെ എട്ടിനേയും കൂടി ശോധനാദി ചെയ്തു കൂട്ടി പൂവ് കൊണ്ടു തൊട്ടു ധ്യാനാധിവാസവും ചെയ്തു ഇരിക്കുന്ന എട്ടിനെയും അതതു മന്ത്രം കൊണ്ട് ആരാധിച്ചു മന്ത്രമയമാക്കി പരിവാരത്തോടു കൂട്ടി മൂർത്തിപൂജയും ചെയ്തു, തത്ര അന്നാദ്യം വിനിവേദ്യ — പീഠാധിപന്നു വിദ്യാസനത്തെ നിവേദിച്ചു്, തദ്ഭ്യഃ തേഭ്യഃ ബലിം വികിരേത് — നടുവിലും പുറവും എട്ടിന്നും അതതു മന്ത്രംകൊണ്ടു ബലിയെ തൂകിയാൽ, നൈവേദ്യം പ്രവിസൃജ്യ — നിവേദ്യത്തെ വിട്ടു തൂകിയവാറെ ശേഷവും വാരിക്കളഞ്ഞു അഭിഷേകം ചെയ്തു;

ആരാധ്യ സംരക്ഷ്യ - പരിവാരാഷ്ടകത്തോടു കൂടി പ്രസന്ന പൂജയും ചെയ്തു വസ്ത്രംകൊണ്ടു മൂടി രക്ഷിപ്പൂ.

ഉത്പാദ്യാനലമഗ്രതോ നവഘടാംസ്തൽക്ഷണേ സർപ്പിഷാ
ധാന്യൈർഗന്ധജലേന വാ സ്വമനുഭിഃ സമ്പൂര്യ സമ്പൂജ്യ [താൻ
ഗായത്ര്യാ നിജയാ വിധായ വിധിവത് പാകം തദീശാനതോ
സർപ്പിസ്സാഷ്ടശതം ജുഹോതു പരിപീഠാംശാൻബലിഭ്യോഷ്ടശഃ. [൧൦൭

അഗ്രതഃ അനലം ഉത്പാദ്യ - ബലിക്കല്ലിന്റെ മുമ്പിൽ ചതുരശ്രകുണ്ഡത്തിൽ അഗ്നിജനനം ചെയ്തു പീഠാധിപമന്ത്രം കൂട്ടി അന്വാധാനാദി ഹോമം തുടങ്ങി പരിധ്യോൾമുകയാൽ, തൽക്ഷണേ നവഘടാൻ സർപ്പിഷാ ധാന്യൈഃ ഗന്ധജലേന വാ സ്വമന്ത്രൈഃ സമ്പൂര്യ - ഹോമത്തിന്റെ തെക്ക് ഒമ്പതു കലശങ്ങളെ പൂജിച്ചു കൂർച്ചപൂജാന്തം ചെയ്താൽ നെയ്യുകൊണ്ട് എങ്കിലും നവധാന്യങ്ങളായ വ്രീഹ്യാദികൊണ്ട് എങ്കിലും ഗന്ധജലംകൊണ്ട് എങ്കിലും അതതു പീഠമന്ത്രംകൊണ്ടു നിറച്ച്, താൻ സമ്പൂജ്യ - നടുവിൽ പീഠാധിപനെയും ചുറ്റും തത്പരിവാരങ്ങളെയും തത്തന്മന്ത്രംകൊണ്ടു വെവ്വേറെ ആവാഹിച്ചു പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്തു, പരിധ്യാദി ഹോമം തുടങ്ങി പീഠാധിപനെ ആവാഹിച്ചു നിവേദ്യകാലത്തു ഇധ്മാദി ഹോമിച്ച്, നിജഗായത്ര്യാ പാകം വിധിവത് വിധായ - പീഠാധിപന്റെ ഗായത്രികൊണ്ടു താൻ തന്മന്ത്രംകൊണ്ടു താൻ, ഗായത്രി ഇല്ലാത്തേടത്തു പാകഹോമത്തെ ചെയ്ത്, തദീശാനതോ സാഷ്ടശതം പരിപീഠാംശാൻബലിഭ്യഃ അഷ്ടശഃ ച സർപ്പിഃ ജുഹോതു - പീഠാധിപമന്ത്രംകൊണ്ടു നൂറ്റെട്ടും പരിപീഠമന്ത്രങ്ങളെക്കൊണ്ട് എട്ടെട്ടീതും ഉരു ആജ്യാഹുതികളെ ചെയ്തു സമ്പാതത്തെ അതതു കലശങ്ങളിലും ബലിപീഠങ്ങളിലും സ്പർശിപ്പൂ.

തന്മന്ത്രേണ സമിദ്ഘൃത-
ചരുലാജാൻ സർഷപാൻ സസക്തുയവാൻ
സതിലദധിദുഗ്ധമാഷാ-
ന്പുഷ്പഫലാൻ പായസാന്തികേഷു വിധേശ. ൧൦൮

അത്ര പാഞ്ചരാത്രിക വിധൌ - ഇവിടെ ശ്രീപാഞ്ചരാത്രമാകുന്ന വൈഷ്ണവാഗമത്തിന്റെ വിധിയിങ്കൽ, തന്മന്ത്രേണ പീഠാധിപമന്ത്രംകൊണ്ട്, സമിദ്ഘൃതചരുലാജാൻ - ചമത നെയ്യ് ഹവിസ്സ് മലര്. സക്തൂൻ സസക്തുയവാൻ - കടക് അരി വറുത്തു പൊടിച്ചതു യവം, സതിലദധിക്ഷീരമാധ്വീപുഷ്പഫലാൻ - എള്ള് തൈര് പാല് തേന് താമരപ്പൂവ് കദളിക്കായ് ഈ പതിമൂന്ന് ദ്രവ്യങ്ങളെ നൂററിയെട്ടിതു ഹോമിച്ച്, പരിപീഠമന്ത്രംകൊണ്ട് എട്ടെട്ട് ഹോമിപ്പൂ. ഇങ്ങനെ വിഷ്ണുവിങ്കലും ശക്തിയിങ്കലും ദ്രവ്യഹോമം.

> പാശുപതേ സമിദന്നം
> ഘൃതധാനാലാജതിലഫലീകരണം
> ദധിമധുഘൃതാന്യുദുംബാ-
> പൂപാൻ പൃഥുകാൻ പയശ്ച തത്ര ജുഹോതി. ൧൦൯

തത്ര പാശുപതേ - അവിടെ പാശുപതമാകുന്ന ശിവാഗമത്തിന്റെ വിധിയിങ്കൽ, സമിദന്നം - ചമതയും നെയ്യും ഹവിസ്സും, ഘൃതധാനാലാജതിലഫലീകരണം - നെയ്യും ഉഴുന്നും മലരും എള്ളും അരി അരച്ച് ഉരുട്ടി നെയ്യിൽ വറുത്ത ഫലീകരണവും, ദധിമധുഘൃതാനി - തയിരും തേനും നെയ്യും അരി വറുത്തു പൊടിച്ചതും, ഉദുംബാപൂപാൻ - അപ്പവും, പൃഥുകാൻ പയശ്ച - അവലും പാലും ഈ പതിനാലു ദ്രവ്യങ്ങളെ, ജുഹോതി - ശിവാദി അഞ്ചു ദേവന്മാരിലും ഹോമിച്ച് സ്വിഷ്ടകൃദാദിഹോമം മുടിപ്പൂ. എല്ലാടവും ചതുർദ്രവ്യങ്ങളായിട്ടും ചെയ്യാം.

> ബലിപീഠതൽഘടേഷു
> പ്രസമർപ്പ്യാജ്യം പ്രപൂജ്യ ഭൂതേശം
> സാവരണം തം ബലിമപി
> ദദ്യാത്തസ്യൈ ച ദിഗ്ഗണേഭ്യശ്ച. ൧൧൦

ബലിപീഠതൽഘടേഷു ആജ്യം പ്രസമർപ്പ്യ - ബലിക്കല്ലുകൾമേലും കലശങ്ങളിലും ഈ ദ്രവ്യഹോമസമ്പാതത്തെ സമർപ്പിച്ച്, തം ഭൂതേശം സാവരണം പ്രപൂജ്യ - പീഠം പൂജിച്ച് പീഠാധിപമന്ത്രംകൊണ്ടു ആവാഹിച്ചു പരിപീഠങ്ങളും പൂജാരാധനത്തെച്ചെയ്ത് അർഘ്യാദിഉപഹാരം കൊടുത്തു പരിപീഠമന്ത്രങ്ങ

ളോടുകൂടി മൂർത്തിപൂജയും ചെയ്തു പീഠാധിപന്നു പാതി ഹവിസ്സിനെ നിവേദിച്ചു ഭക്ഷിച്ച്, തന്റെ ദിഗ്ഗണേഭ്യശ്ച ബലിമപി ഭൂത്- പീഠാധിപന്നായിക്കൊണ്ടും പരിപീഠങ്ങൾക്കും തത്തന്മന്ത്രംകൊണ്ടും ദിഗ്ഗണമന്ത്രങ്ങളെക്കൊണ്ടും ബലിയെ കൊടുപ്പൂ.

ഓന്നമ ആദ്യാശ്ചതസൃഷു
ഹരേരു ഹരേ/ഷ്ടാസു ദിക്ഷു ബലിമന്ത്രാഃ
ദശമൂർത്ത്യാദ്യാ ഉചിതയേ
യേ ഭൂതാദ്യാസ്തു വേഹ സകലേഷു. ൧൧൧

ഹരേരു ചതസൃഷു ദിക്ഷു ഓന്നമആദ്യാഃ— വിഷ്ണുവിങ്കൽ നാലുദിക്കുകളിലും ഓന്നമഃ പ്രാച്യേഭ്യഃ ഇത്യാദിമന്ത്രങ്ങൾകൊണ്ടും, ഹരേ അഷ്ടാസു ദിക്ഷു ദശമൂർത്ത്യാദ്യാഃ ഉചിതയേ – ശിവങ്കൽ എട്ടു ദിക്കുകളിലും ദശമൂർത്തിപാർഷദേഭ്യഃ ഇത്യാദിയും പ്രാഗ്ഗണേഭ്യഃ ഇത്യാദിയും ഇങ്ങനെ ഈ രണ്ടു മന്ത്രങ്ങൾകൊണ്ടും, ഇഹ സകലേഷു യേ ഭൂതാദ്യാഃ വാ – ശേഷം ദുർഗാദി ദേവന്മാർക്കും ഉത്സവബലിയിങ്കൽ പറയുന്ന 'യേ ഭൂതാഃ പുരസ്സര' ഇത്യാദിമന്ത്രം കൊണ്ടു് ഉത്സവബലിയിങ്കലെപ്പോലെ ഒമ്പതു ദിക്കുകളിൽ താൻ അഞ്ചു ദിക്കുകളിൽ താൻ ബലിയെ തൂകുക.

അനന്തരം ബലിമന്ത്രങ്ങളെ പറയുന്നു.—

ഓന്നമഃ പ്രാച്യേഭ്യോ ഭൂതേഭ്യോ പിശാചഭൂതേഭ്യോ നമോ/സ്തു വിശ്വരൂപേഭ്യോ വിവിധരൂപേഭ്യശ്ച വോ നമോ നമഃ. ഇതു കിഴക്ക്. ഓന്നമോ ദക്ഷിണേഭ്യശ്ച ശാർങ്ഗധനാപതോ ഹാഹാഭ്യശ്ച സർവ്വേഭ്യോ ഭൂതേഭ്യോ നമോ നമഃ. ഇതു തെക്ക്. ഓം നമഃ പാശ്ചാത്യേഭ്യോ ഭൂതേഭ്യോ ഭൈരവേഭ്യോ വിഷ്ണുപാലകേഭ്യോ വിയദ്ഗ്രഹോദ്ഭവേഭ്യോ ഹ്രൂം ഫട് ഗച്ഛത സ്വാഹാ. വിഷ്ണുഗണാനാമതോ ബലിമുപഹരാമി ഭദ്രം നോ ദദത പ്രീണയത സ്വാഹാ. ഇതു രണ്ടും കൂടി പടിഞ്ഞാറ്. ഓന്നമോ വിഷ്ണുഭൂതേഭ്യ ഉദീച്യേഭ്യഃ സകലജന്തുഹിതകരേഭ്യോ വിരൂപേഭ്യഃ സ്വാഹാ. ഇതു വടക്ക്. ഇങ്ങനെ വിഷ്ണുവിങ്കൽ നാലു ദിക്കുകളിലെയും ബലിമന്ത്രങ്ങൾ.

ശിവങ്കൽ, ദശമൂർത്തിപാർഷദേഭ്യസ്സദ്ഭ്യോ/സദ്ഭ്യസ്സദ്ഭ്യസ്സർവ്വഗണേഭ്യോ നമോ നമഃ സ്വാഹാ. പ്രാഗ്ഗണേഭ്യോ

ബഹുരൂപേഭ്യോ വിശ്വരൂപേഭ്യോ വിശ്വരൂപേതേഭ്യഃ സർവ്വേഭ്യഃ-
സർവ്വേഭ്യസ്സർവ്വേഭ്യസ്സർവ്വഗണേഭ്യോ നമോ നമഃ സ്വാഹാ. ഇങ്ങനെ
ഈ രണ്ടു മന്ത്രംകൊണ്ടു എട്ടു ദിക്കിലും തൂകുക. അവിടെ രണ്ടാമത്തെ
തിന്, ആദി - ആഗ്നേയാം ഗണേഭ്യഃ, ദക്ഷിണഗണേഭ്യഃ, ഇത്യാദി
അതതു ദിക്കിലെ നാമങ്ങളും കൂട്ടിക്കൊള്ളണം.

നിർമ്മാല്യം വ്യപനീയ
പ്രാർച്ച്യ ച ശുദ്ധാദ്യധിവാസയേദ്രാത്രൌ
പ്രാതസ്സ്നാനാർച്ചനാന്തേ
ദേവം തത്സ്ഥാപനായ പ്രാർത്ഥയേത്. ൧൧൨

നിർമ്മാല്യം വ്യപനീയ - പിന്നെ നിവേദ്യം വിടർത്തു് തൂകിയ നിർമ്മാല്യത്തെ വാരിക്കളഞ്ഞു അഭിഷേകം ചെയ്തു്, പ്രാർച്ച്യ-ഗന്ധപുഷ്പാദിപ്രസന്നപൂജയും ചെയ്തു്, ആച്ഛാദ്യ രാത്രൌ അധിവാസയേത് - വസ്ത്രംകൊണ്ടു മൂടി രാത്രിയിങ്കൽ അധിവസിപ്പൂ. പ്രാതഃസ്നാനാർച്ചനാന്തേ തത്സ്ഥാപനായ ദേവം പ്രാർത്ഥയേത് - പിറ്റേ ദിവസം ദേവങ്കൽ നേരത്തെ പൂജ കഴിഞ്ഞാൽ ബലിപീഠപ്രതിഷ്ഠാം കരിഷ്യേ എന്നു ദേവനോടു പ്രാർത്ഥിപ്പൂ.

നിർമ്മാല്യം വ്യപനീയ സമ്യഗഭിഷിച്യേഷ്ട്വാംബുജാന്താസനം
മന്ത്രീ മന്ത്രമയം പ്രകല്പ്യ ബലിപീഠം തത്തന്മന്ത്രതഃ.
സംസ്ഥാപ്യ ധ്രുവമന്ത്രജാപമപി കൃത്വാവാഹ്യ സാംഗീകൃതാ
മഭ്യസ്ഥാസ്ത്രഘടാംഭസാ സമഭിഷിച്യാദ്യംശകാനി ന്യസേത്.
[൧൧൩

നിർമ്മാല്യം വ്യപനീയ - ബലിപീഠങ്ങളിലെ നിർമ്മാല്യപുഷ്പങ്ങളെ എടുത്തു കളഞ്ഞു്, സമ്യക് അഭിഷിച്യ - വെള്ളം കൊണ്ടു കഴുകി, അംബുജാന്താസനം ഇഷ്ട്വാ - ഭൂതഗണപതി ആധാരശക്ത്യാദി പത്മായ നമഃ എന്നു കഴിവോളമുള്ള പീഠമന്ത്രങ്ങളെക്കൊണ്ടു പീഠപൂജയെച്ചെയ്തു്, മന്ത്രീ ബലിപീഠം മന്ത്രമയം പ്രകല്പ്യ - ആചാര്യൻ തത്തന്മന്ത്രം കൊണ്ടു ആവാഹിച്ചു മന്ത്രമയമാകക്കല്പിച്ചു്, തന്മന്ത്രതഃ സംസ്ഥാപ്യ - തത്തന്മന്ത്രംകൊണ്ടു തൊട്ടുജപിച്ചു പ്രതിഷ്ഠയെ കല്പിച്ചു പ്രണവവ്യാപകത്തെ ചെയ്തു്, ധ്രുവമന്ത്രജാപം അപി കൃത്വാ - ധ്രുവാ ദ്യൌരിത്യാദി തൊട്ടുജപിച്ചു ഉറപ്പിച്ചു് ബലിപീഠങ്ങളെയും തത്തന്മന്ത്രം തൊട്ടുജപിച്ചു പ്രതിഷ്ഠിച്ചു്, ആവാഹ്യ സാംഗീകൃതം - പീഠാധിപമന്ത്രം കൊണ്ടു ആവാഹിച്ചു പ്രണവാംഗം ന്യസിച്ചു് ഉപഹാരങ്ങളെക്കൊടുത്തു്, മഭ്യ

സ്ഥാസ്നാദ്യാംശസാ സമഭിഷിച്യ - നടുവിലത്തെ കലശം
കൊണ്ട് അഭിഷേകത്തെ ചെയ്തു്, അത്രാംഗകാനി ന്യസേത് - പ്രണ
വാംഗത്തെ ന്യസിപ്പൂ.

മൂർത്തീരഷ്ടൗ യഥാക്രമം സ്വകലശൈഃ സംസ്ഥാപ്യ സംസ്നാപ്യ താഃ
പ്രാഗ്വത് പ്രാർച്ച്യ തദാവൃതം തദധിപം തസ്യൈ നിവേദ്യാ-
[ഗ്രതഃ
പീഠോപര്യുപപീഠികേഷു ച ബലിം ദത്വാ വിശോദ്ധ്യാഖിലം
സമ്പൂജ്യ പ്രണിപത്യ യാവദിതി സമ്പ്രാർത്ഥ്യാഭിരക്ഷാം ച-
[രേത്. ൧൧൪

അഷ്ടമൂർത്തീഃ യഥാക്രമം സംസ്ഥാപ്യ - കിഴക്കു തുടങ്ങി
യുള്ള ബലിപീഠങ്ങളെയും തത്തന്മന്ത്രം കൊണ്ട് ആവാഹിച്ചു വ്യാ
പകാംഗം ചെയ്തു്, സ്വകലശൈഃ താഃ സംസ്നാപ്യ - പ്രാഗാദി ക
ലശങ്ങളെക്കൊണ്ടു അവറ്റെ അഭിഷേകത്തെച്ചെയ്തു്, പ്രാഗ്വത
ദാവൃതം തദധിപം പ്രാർച്ച്യ - അഞ്ചാം ദിവസത്തെപ്പോലെ ബലിപീ
ഠമന്ത്രങ്ങളോടുംകൂടി പീഠാധിപനെ പൂജിച്ചു്, അഗ്രതഃ തസ്യൈ
നിവേദ്യ - മുമ്പിൽ നിവേദ്യം കൊണ്ടുവന്നു വച്ചു് നിവേദിച്ചു രക്ഷി
ച്ചതിൽ, പീഠോപരി ഉപപീഠികേഷു ച ബലിം ദത്വാ - മുകളിലും
ബലിപീഠങ്ങളിലും ബലിയെത്തൂകി നിവേദ്യം വിതിർത്തു്, അഖിലം
വിശോദ്ധ്യ - തൂകിയവറ്റെ വാരിക്കളഞ്ഞു അഭിഷേകത്തെച്ചെയ്തു്,
സമ്പൂജ്യ - ബലിപീഠങ്ങളെ കൂടി പ്രസന്നപൂജയെച്ചെയ്തു്, പ്രണി
പത്യ യാവദിതി സമ്പ്രാർത്ഥ്യ അഭിരക്ഷാം ചരേത് - നമസ്കരി
ച്ചു യാവത്ത്വം ജഗന്നാഥ ഇത്യാദി നിർമ്മാല്യധാരിയിങ്കൽ പറഞ്ഞ
മന്ത്രം കൊണ്ടു പ്രാർത്ഥിച്ചു താലത്രയാദി ചെയ്തു രക്ഷിപ്പൂ.

ഇഷ്ടേഹ്ന്യഭിഷിച്യ ദേവമഭിപൂജ്യാവഭൃതപ്രോക്ഷണം
കൃത്വാ സ്ഥാപിതപീഠികാസ്ഥപരിവാരേഭ്യഃ പ്രദദ്യാദ്ബലിം
കുര്യാത്തുഷ്ടിനിമിത്തമേവ ഹി മഹാപീഠപ്രതിഷ്ഠാപനം
തത്രത്യേഹ്ന്യഭിഷിച്യ ദേവമിഹ തച്ഛേഷോക്ഷണാദ്യം ചരേത്.
[൧൧൫

ഇഷ്ടേ അഹനി ദേവം അഭിഷിച്യ - നാലാം ദിവസം ദേവ
ങ്കൽ ചതുർത്ഥസ്നാനം ചെയ്തു്, അഭിപൂജ്യ - പൂജയും ചെയ്താൽ,
അവഭൃതപ്രോക്ഷണം കൃത്വാ - അവഭൃഥാവജലം കൊണ്ടു പരി
വാരങ്ങളെ പ്രോക്ഷിച്ചു്, സ്ഥാപിതപീഠികാസ്ഥപരിവാരേഭ്യഃ
ബലിം പ്രദദ്യാത് - പ്രതിഷ്ഠിച്ചിരിക്കുന്ന ബലിക്കല്ലിങ്കൽ സ്ഥിത

ന്മാരായിരിക്കുന്ന പരിവാരദേവതകളായിക്കൊണ്ടു ശ്രീഭൂതബലിയേയും ചെയ്വൂ. ഇത്യാദിനാന്ത്യയേ മഹാപീഠപ്രതിഷ്ഠാപനം കുര്യാദ് യദി - ചണ്ഡേശസ്ഥാനം കഴിഞ്ഞതിന്റെ ശേഷം പിന്നെ മറിക്കൽ വലിയബലിക്കല്ലു തുടങ്ങിയ ബലിപീഠങ്ങളെ പ്രതിഷ്ഠിക്കുന്നു എങ്കിൽ, തത്രാസ്യ ജനനാദി ശൈവം അഭിഷിച്യ - തത്പ്രതിഷ്ഠയുടെ നാലാം ദിവസം ദേവനെ പഞ്ചവിംശതി താൻ ഏകോനപഞ്ചാശത് സംഖ്യ താൻ കലശങ്ങളെ പൂജിച്ച് അഭിഷേകത്തെ ചെയ്തു്, തദുപശോഷണാദ്യം ചരേത് - അവസ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്വൂ. ബിംബപ്രതിഷ്ഠയിങ്കൽ വലിയബലിക്കല്ല് യഥാലക്ഷണം ഉണ്ടാക്കിയില്ല എങ്കിൽ പൂക്കല്ലുമാത്രം ഉണ്ടാക്കി, ഹോമം കൂടാതെ പ്രതിഷ്ഠിച്ചു കലശം വെച്ചും പൂജിച്ചു ആടുന്നു ചിലർ. ഇങ്ങനെ വലിയ ബലിക്കല്ലിന്റെ പ്രതിഷ്ഠ.

അനന്തരം ധ്വജപ്രതിഷ്ഠയെ പറയുന്നു:—

വക്ഷ്യേ ധ്വജപ്രതിഷ്ഠാമങ്കുരരോപം തദർത്ഥമത്രാദൌ
കൃത്വാ തദഹ്നികാലേ വാഹനമാവാസയേജ്ജലേ ലൌഹം.

[൧൧൩

അഥ ധ്വജപ്രതിഷ്ഠാം വക്ഷ്യേ - ഞാൻ ധ്വജപ്രതിഷ്ഠയെ പറയുന്നേൻ, തദർത്ഥം ആദൌ അങ്കുരരോപം കൃത്വാ - ധ്വജപ്രതിഷ്ഠയുടെ വാഹനത്തിന്റെ[a] ധ്യാനാധിവാസത്തിന്നു മുമ്പിൽ പറഞ്ഞിരിക്കുന്ന ദിവസത്തെക്കണ്ടു മുളയിടുകയും, ഉടനെ ദേവങ്കൽ പ്രാസാദശുദ്ധിയും ബിംബശുദ്ധികളും ചെയ്തു കലശത്തെ പൂജിച്ച് അധിവാസത്തിന്റെ തലെ ദിവസം കലശമാടി പൂജിച്ചു ശ്രീഭൂതബലിയും തൃക്കൈ നടയിൽ ചെന്നു, ധ്വജപ്രതിഷ്ഠാം കരിഷ്യേ എന്നു പ്രാർത്ഥിപ്പൂ. തദഹ്നികാലേ ലൌഹം വാഹനം ജലേ ആവാസയേത് - അന്നുതന്നെ ആചാര്യന്മാർ ലോഹംകൊണ്ടു വാർത്തു ഉണ്ടാക്കിയിരിക്കുന്ന വാഹനബിംബത്തെ നേത്രോന്മീലനാദി ചെയ്തു പരിഗ്രഹിച്ചു്, അവരവരുടെ ശോധനദ്രവ്യങ്ങളെക്കൊണ്ടു ശുദ്ധം ചെയ്തു അലങ്കരിച്ചു നീരാജനാദത്തെ ഉഴിഞ്ഞു, തീർത്ഥത്തിൽ താൻ ജലദ്രോണി പൂജിച്ചതിൽ താൻ ജലാധിവാസത്തെ ച്ചെയ്വൂ.

മണ്ഡപമപി ച യഥോക്തം കൃത്വാ സംസ്കൃത്യ തത്ര ശയ്യാം ച
നിദ്രാകലശസമേതാം കൃത്വാ പരിപൂജയേദ്വിധിവത്. ൧൧൪

[a] ധ്വജപ്രതിഷ്ഠയ്ക്കു, ധ്വജത്തിലെ വാഹനത്തിന്റെ — എന്നർത്ഥം.

യഥോക്തം [illegible] ക്രിയ[illegible]ദേവന്റെ
അധിവാസത്തിങ്കലേപ്പോലെ അധിവാസമണ്ഡപത്തെ ഉണ്ടാക്കി,
സംസ്കൃത്യ - തോരണാദിസ്ഥാപനാദി[illegible] മണ്ഡപസംസ്കാര
ത്തെച്ചെയ്തു, കലശങ്ങളെയും പൂജിച്ച് അധിവാസവും
ചെയ്തു, തത്ര നിദ്രാകലശസമേതം ശയ്യായാം [illegible] ക്രിയാ
പരിപൂജയേത് - [illegible]
ശയ്യാപൂജയേയും നിദ്രാകലശപൂജയേയും [illegible] വണ്ണം
ചെയ്തു [illegible]കലശങ്ങളെയും പൂജിച്ചു.

വിമ്ലസ്തുത ഇ വജ്രഗാരുഡ-
മൌക്തികശംഖാബ്ജ[illegible]
ദിക്പതിവിധിനാ പ്രദക്ഷി-
ണ്യ[illegible]ശേഷു. [illegible]

വിമ്ലസ്തു ഇ – [illegible]മുണ്ട്. [illegible] -
ദിഗ്മഹേശ[illegible]
കോണിലുമായിട്ട് അഞ്ചു സ്വസ്തികങ്ങളിൽ, വജ്ര[illegible]
കശംഖാബ്ജരാഗ[illegible] - വൈരവും ഗരുഡശിലയും മുത്തും
ശംഖും പദ്മരാഗവും ന്യസിച്ചു വെള്ളം നിറച്ച് അഞ്ചു കലശ
ങ്ങളിൽ, ദിക്പതിവിധിനാ പ്രദക്ഷിണ്യ[illegible] ഇന്ദ്രൻ [illegible]മൻ വരുണൻ
സോമൻ ഗരുഡൻ ഈ [illegible]യും [illegible]ച്ചു പൂജിച്ച്
പ്രസന്നപൂജാന്തം ചെയ്യു.

ശയ്യാഗ്രേ നവകലശാ-
നാപൂര്യ്യ സഹേമരത്നഗന്ധാംഭ[illegible]
വാഹനമന്ത്ര[illegible]
[illegible] ശർവേ ഇ ദിക്പതീംശ്ച യജേത്. [illegible]

ശർവേ ഇ – ശിവനാകും [illegible], ശയ്യാ
ഗ്രേ - ശയ്യയുടെ [illegible], [illegible] നവകല
ശാൻ ആപൂര്യ്യ - സ്വർണ്ണവും രത്നങ്ങളും ന്യസിച്ചു [illegible] കലശ
ങ്ങളെ അഷ്ടഗന്ധജലം നിറച്ച്, [illegible] വാഹനം - നടുവി
ലെക്കലശത്തിൽ തന്റെ തന്റെ വാഹന[illegible]യും, [illegible] ദിക്പ
തീൻ ച യജേത് - പ്രാഗാദി എട്ടു കലശങ്ങളിൽ ഇന്ദ്രാദി ദിക്പാല
ന്മാർ എട്ടു[illegible]യും അവരവരുടെ മന്ത്രംകൊണ്ട് ആവാഹിച്ച്, [illegible]
[illegible] പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെ

R

ച്ച്. പിന്നെ [illegible] മന്ത്രങ്ങളെക്കൊണ്ടും അങ്കുരപാ
ത്രങ്ങളെയും അതാതു [illegible] പൂജയും ചെയ്യു.

[illegible] ,
[illegible] കലശാൻ
[illegible] ഗന്ധൈഃ
[illegible] പ്രവൃത്തി
[illegible] ദേവ്യ. ൧൨൦

അനന്തരം [illegible] സ്നാന
മണ്ഡപത്തിൽ, [illegible] സ്ഥാപ്യ - വിഷ്ണുവി
ങ്കൽ [illegible] കലശങ്ങളെ സ്ഥാപിച്ച്, [illegible] നിവൃതയാ
[illegible] പ്രവൃത്തി [illegible] - നടുവിൽ
[illegible], [illegible], തെക്ക് നെല്ല് ഇട്ട
വെള്ളത്തെയും, പടിഞ്ഞാറ് പഞ്ചഗവ്യത്തെയും, വടക്ക് അഷ്ടഗ
ന്ധജലത്തെയും നിറച്ച്, [illegible] മന്ത്രം കൊണ്ട് ആവാഹിച്ച് പൂ
ജിച്ച്. [illegible] എല്ലാ ദേവന്മാ
ർക്കും [illegible] ഗന്ധജലം കൊണ്ടു നിറച്ച്, [illegible]
[illegible] ആവാഹിച്ച് പൂജിച്ച്. ഈ
[illegible] നാൾ തന്നെ പൂജിച്ച് സമ്പാത
[illegible] അധിവാസ [illegible]
ന്നാൾ [illegible] പൂജിക്കുകയാം.

ബിംബം [illegible] സ്ഥാപ്യ പീഠേ [illegible]
[illegible] പൂർവ്വകം [illegible] കലശൈഃ സ്നാപയേത്
[[illegible]
പുണ്യാഹ [illegible] വിന്യസ്യ [illegible]
[illegible] ൧൨൧

ബിംബവത് ബിംബം [illegible] - ബിംബ
ങ്ങൾ പറഞ്ഞപോലെ ഭദ്രപീഠത്തെ പൂജിച്ച് തീർത്ഥത്തു
ങ്കൽ നിന്ന വാഹനബിംബത്തെ എടുത്തു [illegible] ന്യാസാ
ന്തം ചെയ്തു [illegible], വാദ്യഘോഷത്തോടു കൂടി കൊണ്ടുവന്ന്,
പീഠം [illegible] - ഭദ്രപീഠത്തേൽ വച്ച്, അക്ഷികൃത് ഗോളകാ
[illegible] പൂർവ്വകം - നേത്രോന്മീലനത്തെച്ചെയ്തു പശുവിനെക്കാട്ടി പശു

ളാനം ചെയ്യിച്ച് [illegible] ചെയ്തു, സോപാലി
തെഃ കലശത്തെ [illegible] പൂജിച്ച് ഇരിക്കുന്ന
ബിംബശുദ്ധികലശം [illegible], പുണ്യാഹവാചകം വി-
ധായ ശയന വിന്യാസ [illegible] നിരാജ
നപുണ്യാഹങ്ങളെ ചെയ്ത് [illegible]
യി ബന്ധപത്മം [illegible] തത്രാ
പൂജം കൃത്വാ [illegible] തന്ത്ര
യാത് - പിന്നെ രാത്രി [illegible] ചെയ്തു
പ്രണവപ്രോക്ഷണാദി [illegible] ചെയ്തു തിങ്കൾ ഉ
പസിച്ച പഞ്ചഗവ്യ [illegible]
ണാദി ചെയ്തു, പഞ്ചഗവ്യത്തെ [illegible]
മവും [illegible] ലിപിപ്രാണായാമവും ലിപിന്യാസങ്ങളും
ചെയ്തു വാഹനമന്ത്രംകൊണ്ട മന്ത്രന്യാസവും പീഠന്യാസവും
മന്ത്രന്യാസവും ചെയ്തു പീഠപൂജയും ചെയ്തു.

തത്ര വാഹനമന്ത്രഃ സമ്മീളിതമസ്യാദ്യ [illegible] ബഹി-
സ്സമ്മൂർത്യാദി [illegible] പീഠാദികം പൂർവവത്
സംസ്കൃത്യ ധ്വജദണ്ഡാവർഷണം [illegible] പ്രായശ്ചിത്ത
സാക്ഷ്യാള്യ ധ്വജദണ്ഡ [illegible] മെത്.

[പ്ര. പ.

തത്ര വാഹനമന്ത്രഃ സമ്മീളിതമസ്യ [illegible] - പിന്നെ
അതതു വാഹനത്തിന്റെ മന്ത്രംകൊണ്ട് ആവാഹിച്ചു ലിപി
ന്യാസാദിയും പ്രണവാംഗവും ന്യസിച്ച്, അർഘ്യാദി പൂജിച്ചു
നിവേദിച്ചു പ്രസന്നപൂജയും ചെയ്തു, ബഹിർഗതാ-പുറത്തു ധ്വജ
സ്ഥാനത്തുങ്കൽ വന്ന്, സമ്മൂർത്യാദി വിശുദ്ധത്സ്ഥലവാസത്
പീഠാദികം പൂർവവത് സംസ്കൃത്യ - [illegible] സ്ഥലശുദ്ധികളെച്ചെ
യ്തു പീഠത്തെയും നപുംസകശിലയേയും [illegible] ഇട്ടിരിക്കുന്ന
കൊടിമരത്തെയും അവിടെ കൊണ്ടുവന്ന വസ്ത്രം പരിഗ്രഹിച്ചു,
ദർഭമുത്തുക്കളെക്കൊണ്ട ശോധനകളെച്ചെയ്തു ജലാധിവാസ
വും ബിംബശുദ്ധികലശമോരോന്നം പൂജിച്ച് ആട്ടകയും ചെയ്തു,
ദർഭാദിഭിഃ ധ്വജദണ്ഡഘർഷണം അപി പ്രായശ്ചിത്തസംക്ഷാള്യ - ദർ
ഭത്തുക്കളെക്കൊണ്ട ധ്വജത്തെയും [illegible] കളെച്ചെയ്തു വെ
ള്ളംകൊണ്ട കഴുകി, ധ്വജദണ്ഡപിണ്ഡശുദ്ധ്യാഃ പുണ്യാഹമപി
ആചരേത് - ധ്വജത്തിന്റെ പീഠത്തിന്റെ നപുംസകശിലയുടെ ധ്വജ

[illegible] പുണ്യാഹത്തെച്ചെ-
യ്വൂ.

[illegible] മൂലമ-
[illegible] ചാഞ്ജെ
[illegible] സാപരകാര്യാദിത-
[illegible] ഹോമാദികം. [illegible]

[illegible] ഹതിർകൃത്യ - പി
[illegible] ന്യാസാദികം ചെയ്തു്,
[illegible] മന്ത്രമയമാക്കി പ്ര
ണവം കൊണ്ടു് [illegible] പൂജിച്ചു് [illegible] പുഷ്പാഞ്ജലിയും
ചെയ്തു്, [illegible] നിജ
[illegible] നമഃ എന്നും,
നടുവിൽ [illegible] വായവേ നമഃ എ
ന്നും, [illegible] പൂജിച്ചു്, പീഠാദ്യം [illegible] വിശേ
[illegible] ഹ-
[illegible] ന്യാസാദികം ചെയ്തു്,
[illegible] ന്യാസവും ചെയ്തു്, [illegible]
[illegible] ശക്തിബീജം കൊ
ണ്ടു [illegible] ആവാഹിച്ചു
പൂജിച്ചു് [illegible] സ്പർശിച്ചു്,
[illegible] വസ്ത്രംകൊണ്ടു
[illegible] ഹോമാദികം [illegible] -
[illegible] ഹോമത്തെയും ചെയ്വൂ.

[illegible] ക്രമാത്
[illegible] കല്പയേത് കല്പവിത്
[illegible] പ്രസാദ്യ സ്തുതിം
[illegible] ഫലം

[illegible] ത്തുമന്ദ്രിഃ
[illegible] പറഞ്ഞിരിക്കുന്ന
[illegible] പഞ്ചതത്വങ്ങളെക്കൊണ്ടു
[illegible] കഴിഞ്ഞാൽ, സാധാരണമായിട്ടു്
[illegible] ഉരു എങ്കിലും ഇരുപത്തെട്ടിരു

ആറെറട്ടിനു ദ്വാദശ ശിവന്റ് ഉത്ഘാതവൃത്തിയായിട്ടു ഹോമിച്ചു. ചതുർദ്രവ്യങ്ങളും ഹോമിച്ചു ഹോമം മുടിച്ചാൽ, സർപ്പിഃ പ്രാപ്യ - തത്ത്വസമ്പാതത്തെ വാഹനബിംബത്തിങ്കൽ സംഹാരമുദ്രകളെക്കൊണ്ട് സമർപ്പിച്ചു. തതഃ കല്പിതം അധിവാസഹവനാദ്യം ച കല്പയേത് - പിന്നെ ആ ആചാര്യകണ്ഡങ്ങളിൽ തന്നെ ദേവൻെറ അധിവാസത്തിൽ പറഞ്ഞിരിക്കുന്ന ദ്രവ്യങ്ങളെക്കൊണ്ട് അവരവരുടെ വാഹനമന്ത്രംകൊണ്ട് ഹോമിച്ച് അധിവാസഹോമത്തെയും, ദേവസ്യ - ഉപ്പോലെ മധ്യമധാമപ്രാദികളെക്കൊണ്ടു ശാന്തിഹോമത്തെയും ചെയ്തു സമ്പാതത്തെ രണ്ടിനേയും സ്പർശിപ്പൂ. ധ്വജത്തിനു നപുംസകാദിലയമില്ലം പാദത്തിനു പ്രണവശക്തികൊണ്ട് ഹോമിച്ചു സമ്പാതത്തെ സ്പർശിച്ചു സ്വിഷ്ടകൃദാദിഹോമം മുടിച്ചാൽ, വാഹനമണ്ഡലാദിഷു ഇഷ്ട്വാ ബലിം ദത്വാ - വാഹനങ്ങളുടെയും അധിവാസമണ്ഡപത്തിൽ. മുമ്പ് വാഹനത്തെ പൂജിച്ചിരിക്കുന്ന മണ്ഡലങ്ങളിൽ പീഠപൂജാദി നിവേദ്യത്തോളം പൂജിച്ച്, പായസങ്ങളെ നിവേദിച്ചു ബലിയും തൂകി ബ്രാഹ്മണരേയും ഊട്ടി ദക്ഷിണയും ചെയ്ത്, പ്രസാദ്യ സ്തുതിം കുര്യാത് -കാലം കഴികി നിവേദ്യം വിടിത്തു പ്രസന്നപൂജയും ചെയ്തു വാഹനത്തെ സ്തുതിപ്പൂ. തതഃ പ്രാസാദസന്ധൗ ദേവം അപി പ്രപൂജ്യ ധിനയാത് - പിന്നെ ഗർഭഗൃഹത്തിങ്കൽ ചെന്ന ദേവങ്കൽ അത്താഴപ്പൂജയും ആചാര്യൻ ചെയ്തു പ്രസാദിപ്പിപ്പൂ.

ഇനി ഹോമങ്ങളുടെ വിശേഷത്തെ പറയുന്നു—

വഹ്നിം വിഹൃത്യ ജുഹുയുർഗ്ഗുരുമൂർത്തിപാലാഃ
പാകം ജിനാൽപ്പരമതോ ധ്വജവാഹനസ്യ
ദേവസ്യ വാഥ സകലേഷു സമിദ്ഘൃതാദ്യം
വാഹാദ്യനോ സ്വബലവാദിദിഗ്ഭിമ്ഹരണേ തേന. [illegible]

സകലേഷു - എല്ലാ ദേവന്മാരിലും, ഗുരുമൂർത്തിപാലാഃ - ആചാര്യനും പരികർമ്മികളും കൂടി, വഹ്നിം വിഹൃത്യ - ആചാര്യകണ്ഡങ്ങളിൽ നിന്ന് അഗ്നിയെ പ്രാഗാദി നാലു ദിക്കുകളിലും കണ്ഡങ്ങളിൽ വിഹരിപ്പിച്ചിട്ട്, ജുഹുയുഃ - അധിവാസഹോമത്തെച്ചെയ്‌വൂ. ധ്വജവാഹനസ്യ വാ ദേവസ്യ വാ ജിനാൽപ്പരമതോ പാകം - അവിടെ ധ്വജത്തിങ്കലേ വാഹനത്തിന്റെ ഗായത്രികൊണ്ടു പാകത്തെച്ചെയ്‌വൂ. വാഹനത്തിന്ന ഗായത്രി ഇല്ലാത്തേടത്തു ദേവ

ന്റെ ഗായത്രികൊണ്ടു [illegible] ഹോമിക്കേണ്ടതു്. അഥ സമിദ് വ്യത്യസ്തം വാസ്തുബലി [illegible] ചതുർദ്രവ്യത്തെ വാഹനമന്ത്രംകൊണ്ടു തന്നെ [illegible] ഉപകരദ്രവ്യത്തെയും ഹോമിക്കണം. [illegible] തന്നെ – വിവൃതികൾ ദ്രവ്യ ഹോമം [illegible] ദിക്കിൽ കൂടിയിരിക്കുന്ന വാഹനമന്ത്രംകൊണ്ടു ദ്രവ്യത്തെ ഹോമിക്കണം.

> പൂർവ്വാദിഷ്വഗ്ന്യന്തിമപഞ്ചകണ്ഠ-
> ക്രമേണ [illegible] വർഗ്ഗൈഃ
> സ്വാഹാ [illegible] ഹോമം
> മന്ത്രൈഃ [illegible] ॥ ൫ വ. ന്ദ

[illegible] – വിവൃതികൾ, പൂർവ്വാദിഷ്വഗ്ന്യന്തിമപഞ്ചകണ്ഠക്രമേണ [illegible] വർഗ്ഗൈഃ – കിഴക്കു തുടങ്ങി നാലു ദിക്കുകളിലും നടുവിലും [illegible], ക്രമേണ കം ഖം ഗം ഘം ങം ഇത്യാദി [illegible] അക്ഷരങ്ങളോടു കൂടി, വൈന തേയായ [illegible] സ്വാഹാ എന്നു കൂട്ടി മന്ത്രം [illegible] – ഇങ്ങനെ ഹോമമന്ത്രം വരും. അപ്പോൾ കിഴക്കേ [illegible] കം ഖം ഗം ഘം ങം വൈനതേയായ സ്വാഹാ, തെക്കു ചം ഛം ജം ഝം ഞം വൈനതേയായ സ്വാഹാ, പടിഞ്ഞാറ് ടം ഠം ഡം ഢം ണം വൈനതേയായ സ്വാഹാ, വടക്കു തം ഥം ദം ധം നം വൈനതേയായ സ്വാഹാ, നടുവിൽ പം ഫം ബം ഭം മം വൈനതേയായ സ്വാഹാ ഇങ്ങനെ ദ്രവ്യങ്ങളെ ഹോമിക്കുന്നതിന്റെ മന്ത്രങ്ങൾ.

ധ്വജവാസിഭ്യോ ഭൂതേഭ്യോ നമ ഇത്യഷ്ടദിക്ഷു ബലിമന്ത്രഃ
ധ്വജവാഹനഭൃത ഇതി [illegible] വാഹനസ്യ നതിമന്ത്രഃ. ൫ വ. ൬

[illegible] – വിവൃതികൾ, ധ്വജവാസിഭ്യോ ഭൂതേഭ്യോ നമഃ ഇതി ബലിമന്ത്രഃ. ഇപ്രകാരം മണ്ഡപത്തിന്റെ എട്ടു ദിക്കിലും ബലി തൂകുവാൻ മന്ത്രം. [illegible] ഇപ്രകാരം തന്നെ. ധ്വജവാഹനഭൃതഃ ഇതി വാഹനസ്യ നതിമന്ത്രഃ – ധ്വജവാഹനഭൃതോ [illegible] ഇത്യാദി വാഹനത്തിന്റെ സ്തുതിപ്പാൻ മന്ത്രം. [illegible] അധിവാസത്തിനു [illegible] പോലെ ബലി[illegible]മന്ത്രംകൊണ്ടു് സ്തുതിപ്പൂ.

ധ്വജവാഹനരൂപേണാസ്യൈവ വിഷ്ണോർവിഷ്ണുപരാക്രമഃ
സുപർണ്ണഃ പ്രീയതാം മഹ്യം വിനതാകുലനന്ദനഃ. ൧൦൨

ഇതു് ഗരുഡന്റെ സ്തുതിമന്ത്രം.

പ്രാതഃ പ്രസാദ്യ ഭഗവന്തമുപേത്യ കേതും
  നാന്ദീമുഖാദിസഹിതം വിഹിതക്രമേണ
സംസ്ഥാപ്യ പാദവൃഷഭം പ്രസമർപ്പ്യ സർപ്പി-
  സ്സർവ്വത്ര വിന്യസതു തത്ര സഹേമരത്നം. ൧൦൩

പ്രാതഃ ഭഗവന്തം പ്രസാദ്യ – പ്രതിഷ്ഠാദിവസം നേരത്തെ ദേവങ്കൽ പൂജിച്ചു് അനുജ്ഞയെ പ്രാർത്ഥിച്ചു്; കേതും ഉപേത്യ-കൊടിമരത്തിൻചുവട്ടിൽ വന്നു്, വിഹിതക്രമേണ നാന്ദീമുഖാദിസഹിതം പാദവൃഷഭം സംസ്ഥാപ്യ - ഗണപതിയെ പൂജിച്ചു നാന്ദീമുഖവും പുണ്യാഹവും ചെയ്തു് പീഠത്തെ പൂജിച്ചു പ്രണവാവാഹനയെച്ചെയ്തു്, നവകലശങ്ങളെ പ്രതിഷ്ഠിച്ചു പിന്നെയും പ്രണവം ആവാഹിച്ചു് പൂജിച്ചു, സർപ്പിഃ പ്രസമർപ്പ്യ-സമ്പാതസ്പർശനത്തെ ചെയ്തു്, സർവ്വത്ര സഹേമരത്നം വിന്യസതു-എല്ലാദേവന്മാരിലും സ്വർണ്ണത്തെയും നവരത്നങ്ങളെയും ന്യസിപ്പൂ.

പൂർവ്വാദിമദ്ധ്യനിഷ്ഠം
  കാദ്യൈർവർഗ്ഗൈഃ ക്രമേണ വിന്യസ്യേത്
വൈഡൂര്യപുഷ്യമൗക്തിക-
  ഗാരുഡമാണിക്യസംജ്ഞിതാനി ഹരേഃ. ൧൦൪

ഹരേഃ – വിഷ്ണുവിങ്കൽ, കാദ്യൈഃ വർഗ്ഗൈഃ പൂർവ്വാദിമദ്ധ്യനിഷ്ഠം വൈഡൂര്യപുഷ്യമൗക്തികഗാരുഡമാണിക്യസംജ്ഞിതാനി ക്രമേണ വിന്യസ്യേത് – കിഴക്കു കം ഖം ഗം ഘം ങം നമഃ എന്നു വൈഡൂര്യത്തെയും, തെക്കു ചം ഛം ജം ഝം ഞം നമഃ എന്നു പുഷ്യരാഗത്തെയും, പടിഞ്ഞാറു ടം ഠം ഡം ഢം ണം നമഃ എന്നു മുത്തിനേയും, വടക്കു തം ഥം ദം ധം നം നമഃ എന്നു ഗരുഡശിലയേയും, നടുവിൽ പം ഫം ബം ഭം മം നമഃ എന്നു മാണിക്യത്തേയും ന്യസിപ്പൂ. പിന്നെ പ്രണവംകൊണ്ടു് പൂജിച്ചു് പ്രതിഷ്ഠാർത്ഥമായ പീഠപൂജയും ചെയ്തു ശക്ത്യാവാഹനവും ചെയ്തു കൂടി ജപിപ്പൂ. ധ്വജത്തെ പ്രണവംകൊണ്ടും വൃഷാദി മൂന്നുകൊണ്ടും പൂജിപ്പൂ. പീഠശക്തിയെ ആവാഹിച്ചു പൂജിപ്പൂ.

ഗത്വാ മണ്ഡപമഖിലം
പ്രോദ്ഭാസ്യ ന്യസ്യ തദ്ധ്വജസ്യപൂർണ്ണേ
പാത്രേ സവിതാനകാദ്യം
വാഹനബിംബം സമസ്തമാനാദ്യ. ൧൩.൧

മണ്ഡപം ഗത്വാ - പിന്നെ മണ്ഡപത്തിൽ ചെന്ന വാഹനങ്ങൾക്കു ഒരു പൂജയും ചെയ്തു, അഖിലം പ്രോദ്ഭാസ്യ - ധ്വജതോരണാദികളെല്ലാം ഒപ്പെയുദ്ഭാസിച്ച്, കുംഭകർക്കരികളെയും നിദ്രാകലശത്തെയും വാഹനകലശത്തെയും ഇന്ദ്രാദിദിക്പാലകലശങ്ങളെയും എടുപ്പിച്ച്, ധ്വജസ്യപൂർണ്ണേ പാത്രേ സവിതാനകാദ്യം വാഹനബിംബം ന്യസ്യ - അരികൊണ്ടു നിറച്ചിരിക്കുന്ന പാത്രത്തിൽ കൊടിക്കൂറയും മണിയും മാലയും കൂടി വാഹനബിംബത്തെ വച്ച്, സമസ്തമാനാദ്യ - നീരാജനം മുതലായി പ്രതിഷ്ഠയിങ്കലെപ്പോലെ ശാകുനസൂക്താദി ജപിച്ച് പുറപ്പെട്ടു ധ്വജസ്ഥാനത്തു വന്നാൽ കുംഭനിദ്രാകലശാദികളെ അവിടെ വച്ച് നീരാജനകർപ്പൂരാദികളോടും കൂടി വാഹനത്തെ പ്രദക്ഷിണമായി അകത്തു കൊണ്ടുപോവൂ.

ഗർഭാലയം സമേത്യ
പ്രസാദ്യ ദേവം തദഗ്രസന്നിഹിതാത്
വാഹനതഃ സപതാകേ
വാഹനമാവാഹ്യ വാഹനേ മന്ത്രീ. ൧൩.൨

മന്ത്രീ - ആവാഹനമന്ത്രക്രമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, ഗർഭാലയം സമേത്യ ദേവം പ്രസാദ്യ - ഗർഭഗൃഹത്തിൽ ചെന്ന് വാഹനത്തെ ദേവന്റെ മുമ്പിൽ വയ്പിച്ച് ദേവനെ പൂജിച്ച് പ്രസന്നപൂജയും ചെയ്തു, തദഗ്രസന്നിഹിതാത് വാഹനതഃ സപതാകേ വാഹനേ വാഹനം ആവാഹ്യ - ദേവന്റെ മുമ്പിൽ നിത്യസന്നിഹിതമായിരിക്കുന്ന വാഹനത്തെ പൂജിച്ച് [illegible] ചെയ്തു നീരാജനത്തെ ഉഴിഞ്ഞു ശംഖജലങ്ങൾ പ്രണവം വാഹനമന്ത്രം വാഹനമന്ത്രപുടിതമായിരിക്കുന്ന പഞ്ചത - ത്വാക്ഷരം സൃഷ്ടിസംഹാരക്രമേണയും ആവാഹനമന്ത്രവും ചൊല്ലി ആ വാഹനചൈതന്യത്തെ ആവാഹിച്ച്, പാത്രത്തിലെ വാഹനങ്ങൾക്ക് പഞ്ചതത്ത്വം കൊണ്ട് ആടി വാഹനചൈതന്യത്തെ യോജിപ്പിച്ച് പ്രണവവ്യാപകവും പഞ്ചന്യാസങ്ങളും പ്രണവം -

ഗവും ന്യസിച്ച് പൂജിച്ച് അൎഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്ത് ദേവാഗ്രവാഹനത്തിന്റെ മദ്ധ്യാംഗം ന്യസിച്ച് നീരാജനത്തെ ഉഴിവൂ.

കേതുസ്ഥാനമുപേത്യ
ധ്വജകലശാദ്യൈഃ സമന്വിതം സകലൈഃ
പ്രാജ്ഞാൻ പ്രസാദ്യ വിപ്രാൻ
സുവിലഗ്നേ സ്ഥാപനം പ്രകുർവീത. ൧൩൩

ധ്വജകലശാദ്യൈഃ സകലൈഃ സമന്വിതം കേതുസ്ഥാനം ഉപേത്യ - അവിടെ നിന്നും വാഹനത്തെ പ്രദക്ഷിണമായി എഴുന്നെള്ളിച്ച്, വാഹനകലശത്തോടും നീരാജനത്തോടും കൂടി കൊടിമരത്തിന്റെ അഗ്രം പൊക്കിവച്ചിരിക്കുന്ന സ്ഥലത്തു വന്ന് വാഹനത്തെയും കലശത്തെയും അവിടെ വച്ച്, പ്രാജ്ഞാൻ വിപ്രാൻ പ്രസാദ്യ - ഗുരുഗണപതികളെ വന്ദിച്ച് വിദ്വാന്മാരായ ബ്രാഹ്മണൎക്കെല്ലാം മുഹൂർത്തദക്ഷിണയും ചെയ്ത്, സുവിലഗ്നേ സ്ഥാപനം പ്രകുർവീത - സുമുഹൂർത്തകാലത്തുങ്കൽ വാഹനത്തെ പ്രതിഷ്ഠിപ്പൂ.

തത്ര ധ്വജാഗ്രേഽർച്ചിതയോഗവിഷ്ടരേ
തദ്വാഹനം ക്ലൃപ്തപരാദിവാഹനം
സംസ്ഥാപയേദാദ്യപദാദ്യമൂലതഃ
സപഞ്ചതത്ത്വാണുനിജാണുതാരതഃ. ൧൩൪

തത്ര ധ്വജാഗ്രേ അർച്ചിതയോഗവിഷ്ടരേ - ധ്വജത്തിന്റെ അഗ്രത്തുങ്കൽ പ്രതിഷ്ഠാസ്ഥാനത്തു പത്മാസനമായി പീഠത്തെ പൂജിച്ച്, ക്ലൃപ്തപരാദിവാഹനം തദ്വാഹനം - വാഹനമന്ത്രപുടിതമായ പ്രണവത്രയംകൊണ്ടു വാഹനത്തിങ്കൽ പരാവാഹനയെ ചെയ്തു പൂജിച്ച്, വാഹനമന്ത്രംകൊണ്ടു മന്ത്രാവാഹനയുംചെയ്തു ലിപിന്യാസാദി സകളീകരിച്ചു പൂജിച്ചു മാനസപൂജയും ചെയ്തു നീരാജനത്തെ ഉഴിഞ്ഞ്, ആദ്യപദാദ്യമൂലതഃ സപഞ്ചതത്ത്വാണുനിജാണുതാരതഃ സംസ്ഥാപയേത് - പ്രണവാദ്യക്ഷരമൂലങ്ങളും വാഹനമന്ത്രപുടിതമായ പഞ്ചതത്ത്വവും വാഹനമന്ത്രപ്രണവങ്ങളും ചൊല്ലി വാഹനത്തെ പ്രതിഷ്ഠിച്ച്, പ്രണവവ്യാപകവും പഞ്ചതത്ത്വന്യാസവും അംഗന്യാസവും ചെയ്തു, ധ്രുവാ ദ്യൌഃ ഇത്യാദിയും ജപിച്ച് ഉറപ്പിപ്പൂ.

വിന്യസ്തമന്ത്രമഭിപൂജ്യ നിജാങ്ഗനാ ത-
മാസിച്യ വാഹനഘടീസ്ഥിതവാരിണാഥ
കൃത്വാ സജീവകരണം പ്രവിധായ മന്ത്ര-
ന്യാസാർച്ചനാദ്യമിഹ സുസ്ഥിതമാരചയ്യ. ൧൬ ●

അഥ. വിന്യസ്തമന്ത്രം തം നിജാങ്ഗനാ അഭിപൂജ്യ - പിന്നെ വാഹനമന്ത്രംകൊണ്ട് ആവാഹിച്ചു ലിപിതത്ത്വന്യാസാദി ചെയ്തു സകളീകരിച്ചു പൂജിച്ചാൽ, വാഹനഘടീസ്ഥിതവാരിണാ ആസിച്യ - വാഹനമന്ത്രംകൊണ്ടു പൂജിച്ചിരിക്കുന്ന കലശജലംകൊണ്ടു അഭിഷേകവും മന്ത്രാംഗവും ചെയ്ത് നീരാജനത്തെ ഉഴിഞ്ഞു, സജീവകരണം കൃത്വാ മന്ത്രന്യാസാർച്ചനാദ്യം പ്രവിധായ സുസ്ഥിതം ആരചയ്യ-ശംഖിൽ വെള്ളമുണ്ടാക്കി പഞ്ചാത്തപജീവമന്ത്രങ്ങളെക്കൊണ്ടു ജീവാവാഹനത്തെ ചെയ്തു, പ്രാണവ്യാപകാദിയും പ്രാണന്യാസാദിയും ചെയ്ത് പൂജിച്ച് പരമസത്തെ നിവേദിച്ചു, പ്രസന്നപൂജയും ചെയ്ത് ഉറപ്പായിട്ട ആണിയും വയ്പൂ.

സംസ്ഥാപ്യ സമ്മുഖമദക്ഷിണപാർശ്വലംബി-
ഘണ്ടാസ്രഗുജ്ജ്വലപതാകമഭീഷ്ടപീഠം
തത്കേതുദണ്ഡമഭിക്ഷേപ്തമന്ത്രപ്രതിഷ്ഠം
സംമൃശ്യ സാധ്വഭിമൃശേത് പ്രജപേച്ച ധ്രുവാണം. ൧൭

അഭീഷ്ടപീഠം - മുമ്പേ പീഠം പൂജിച്ചിരിക്കുന്ന കുഴിയിൽ, അദക്ഷിണപാർശ്വലംബിഘണ്ടാസ്രഗുജ്ജ്വലപതാകം തത്കേതുദണ്ഡം സമ്മുഖം സംസ്ഥാപ്യ - ധ്വജത്തിന്റെ ഇടത്തു ഭാഗത്തു താൻ വലത്തു ഭാഗത്തു താൻ ഉണ്ടാക്കിയിരിക്കുന്ന ഖണ്ഡികളിൽ മണിയും മാലയും കൊടിക്കൂറയും തൂങ്ങിയിരിക്കുമാറു തത്തന്മന്ത്രംകൊണ്ടു ബന്ധിച്ചു, കയറും താഴെയോളം വരുന്നതിന്നും കെട്ടിയിരിക്കുന്ന ധ്വജത്തെ ബ്രാഹ്മണരെക്കൊണ്ടു എങ്കിലും ഗജത്തെക്കൊണ്ട് എങ്കിലുമുയർത്തി ദേവാഭിമുഖമായിട്ടു കുഴിയിൽ നേരെ നിർത്തി ചുവട്ടിലുറപ്പിച്ചു തറയും കെട്ടിച്ചാൽ, അഭിക്ഷേപ്തമന്ത്രപ്രതിഷ്ഠം സംമൃശ്യ സാധ്വഭിമൃശേത് ആചാര്യൻ ചുവട്ടിൽ രണ്ടു കൈകൊണ്ടും തൊട്ട് പ്രണവോപചാരമൂലപഞ്ചാത്തപാവാഹനമന്ത്രപ്രണവങ്ങളെ ജപിച്ചു പ്രതിഷ്ഠയെ സങ്കല്പിച്ച്, ധ്രുവാണം പ്രജപേത് - ധ്രുവാ ദ്യൗരിത്യാദിയേയും ജപിപ്പൂ.

വിന്യസ്തവാഹനമനും ദിഗധീശകാംശ്ച
സികതാഗ്രതസ്സമധിവേദി തദീശമന്ത്രൈഃ
അഭ്യുക്ഷകേണ പരിഷിച്യ ഘടേശനിദ്രാ-
കുംഭാംഭസാ സമഭിഷിഞ്ചതു ച ക്രമേണ. ൬൩. ൭

അഥ നിജാംഗനാ(?)വിന്യസ്ത(മന്ത്ര?)വാഹനമന്ത്രം തം അഭിപൂജ്യ-പിന്നെ നിജവാഹനമന്ത്രംകൊണ്ട് ആവാഹിച്ച് ലിപിന്യാസവും തത്ത്വന്യാസവും വാഹനമന്ത്രന്യാസവും അംഗവും ന്യസിച്ച് അർഘ്യാദി പൂജിച്ചാൽ, അഗ്രതഃ അധിവേദി ദിഗധീശകാംശ്ച സികതാ - ധ്വജത്തിന്റെ മുമ്പിൽ തറയുടെ മുകളിൽ ദിക്പാലകലശങ്ങളെക്കൊണ്ടു അഭിഷേകം ചെയ്തു പൂജിച്ച്, അഭ്യുക്ഷകേണ പരിഷിച്യ ഘടേശനിദ്രാകുംഭാംഭസാ ക്രമേണ സമഭിഷിഞ്ചതു - കിണ്ടികൊണ്ടു പ്രദക്ഷിണമായി വെള്ളമൊഴിച്ച് കുംഭേശനെ എടുത്ത് ത്രിതത്ത്വം കൊണ്ട് ആടി പൂജിപ്പൂ. പിന്നെ പഞ്ചതത്ത്വംകൊണ്ട് നിദ്രാകലശത്തെയുമാടി പൂജിപ്പൂ; അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ.

തത്ത്വമന്ത്രന്യാസപൂർവ്വകമർച്ചയിത്വാ
തസ്മൈ നിവേദ്യ ച ഹവിർവികിരേദ് ബലിം ച
അന്നം വിസൃജ്യ പരിശോധ്യ ഭുവം പ്രസാദ്യ
ബദ്ധാഞ്ജലിഃ സ്വമനുനാ സ്തുതിമാദധീത. ൬൩. ൮

തത്ത്വമന്ത്രന്യാസപൂർവ്വകം അർച്ചയിത്വാ - പിന്നെ വാഹനമന്ത്രംകൊണ്ടു മന്ത്രാവാഹനവും ചെയ്തു ലിപിന്യാസാദി സകളീകരിച്ച് അർഘ്യാദി കൊടുത്തു മൂർത്തിപൂജയും ചെയ്ത്, തസ്മൈ ഹവിഃ നിവേദ്യ - വാഹനത്തിന്ന് മുദ്രകൊണ്ട് ഹവിസ്സിനെ നിവേദിച്ച് മാനസപൂജയും ചെയ്തു ഭക്ഷിച്ച്, ബലിം ച വികിരേത് - തറയുടെ മുകളിൽ ഹവിശ്ശേഷംകൊണ്ടു ബലിയും തൂകി, അന്നം വിസൃജ്യ ഭുവം പരിശോധ്യ - നിവേദ്യത്തെ വിടിർത്തു തൂകിയതും കളഞ്ഞ് അസ്ഥലത്തു ശുദ്ധിവരുത്തി പ്രസന്നപൂജയും ചെയ്ത്, ബദ്ധാഞ്ജലിഃ - എഴുന്നേറ്റു നിന്നു തൊഴുതു, സ്വമനുനാ സ്തുതിം ആദധീത - തന്റെ തന്റെ സ്തുതിമന്ത്രംകൊണ്ടു സ്തുതിപ്പൂ.

ഓം നമോഽസ്തു കുലനാഗഭൂഷണായ നാഗശോണിതലിപ്താംഗായ സമസ്തപാതാളവാസിജനസംരക്ഷണകരായ ദേവദാനവഗന്ധർവ്വോരഗമഥനായ മാതൃഭക്ത നാഗമോഹനായ ഹന ഹന വിഷ്ണും നാശയ സ്വാഹാ. ഇതു ഗരുഡന്റെ സ്തുതിമന്ത്രം.

നാമസ്ഥസ്യ ത്രിനേത്രായ ധ്വജാധിപതയേ നമഃ
നയനേന ച നന്ദ്യസ്യാസ്യ പ്രസിദ്ധയേ. എന്നൻ
ത്ര ശിവ ധ്വജ സൂക്തമന്ത്രം മറെറല്ലാടവും മൂലംകൊണ്ടു
തന്നെ പൂജിപ്പൂ.

ഗത്വാ ഗർഭഗൃഹം യഥോചിതവിധ്യാരാധ്യ ദേവം സ്വയം
കൃത്വാ ധ്വജ വാഹനാദ്യപരിവാരാണാം സമന്താത് ബലിം
നീത്വാ ത്രീണി ദിനാനി തുൎയ്യദിവസേ സംസ്ഥാപ്യ ദേവം സുധീഃ
കുൎയ്യാദുത്സവവത്സ്രുതോക്ഷണബലി ചൈവം ധ്വജസ്ഥാപനം.

[൫൪൦

ഇങ്ങനെ കൊടിമരത്തിന്റെ ചുവട്ടിലെ പൂജ കഴിഞ്ഞാൽ, സുധീഃ ഗർഭഗൃഹം ഗത്വാ - ആചാര്യൻ ഗർഭഗൃഹത്തെ ഗമിച്ചു, യഥോചിതവിധ്യാ ദേവം ആരാധ്യ - ദേവൻറ സകല പരിവാരങ്ങളോടും കൂടി പീഠപൂജാദി പരിവാരപൂജാന്തം ചെയ്തു പാൽപായസാദി നിവേദ്യങ്ങൾ പലതെയ്യുമാക്കി നിവേദിച്ചു, വൈശ്യഹോമവും ദ്വാരപാലപൂജനവും ചെയ്തു നട തുറന്നു പ്രസന്നപൂജാന്തം ചെയ്തു, സ്വയം ധ്വജവാഹനാദ്യപരിവാരാണാം സമന്താത് ബലിം കൃത്വാ - താൻ തന്നെ ധ്വജവാഹനത്തോടു കൂടി ചുറവുമുള്ള പരിവാരങ്ങൾക്കു ശ്രീഭൂതബലിയും ചെയ്യൂ. ത്രീണി ദിനാനി നീത്വാ - പിന്നെ മൂന്നു ദിവസത്തെ ഇപ്രകാരം വിശേഷപൂജയോടും ശ്രീഭൂതബലിയോടും കൂടി ഉത്സവം പോലെ ഘോഷിച്ചുകഴിഞ്ഞാൽ, മൂന്നാം ദിവസം പ്രായശ്ചിത്താദിതത്വാന്തമുള്ള ഹോമങ്ങളും ചെയ്തു കലശങ്ങളേയും പൂജിച്ചു അധിവാസിപ്പൂ. തുൎയ്യദിവസേ ദേവം സംസ്ഥാപ്യ - നാലാം ദിവസം ഹോമകലശങ്ങളും കൂടി പൂജിച്ചാൽ, ഉത്സവവത്സ്രുതോക്ഷണബലിം ച കുൎയ്യാത് - ഉത്സവവൽസ്രുവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്യൂ. ഏവം ധ്വജസ്ഥാപനം - ഇങ്ങനെ ധ്വജപ്രതിഷ്ഠയുടെ ക്രിയകൾ.

ഇതി തന്ത്രസമുച്ചയേ രഹസ്യാ-
ഗമസാരേ പടലഃ സമാപ്തിഷഷ്ഠഃ
പ്രകടീകൃതപാദപീഠപീ-
ഠപ്രതിമാവാരകപീഠികാപ്രതിഷ്ഠഃ. ൫൪൫

തന്ത്രസമുച്ചയേ - തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തിൽ, ഇതി രഹസ്യാഗമസാരേ - ഇപ്രകാരം ഗൂഢമായിരിക്കുന്ന പ്രതിഷ്ഠാകൎമ്മ

ത്തെ പറയുന്ന ആഗമസാരഭൂതമായിരിക്കുന്ന, ഷഷ്ഠഃ പടലഃ സമാപ്തഃ - ആറാമത്തെ പടലം സമാപ്തമായി ഭവിച്ചു. പ്രകടീകൃതപാദപീഠപീഠപ്രതിമാവാരകപീഠികാപ്രതിഷ്ഠഃ - പ്രകാശിതമായിരിക്കുന്ന നപുംസകശിലയുടെ പ്രതിഷ്ഠയും രത്നന്യാസവും പീഠപ്രതിഷ്ഠയും ബിംബപ്രതിഷ്ഠയും ചണ്ഡാദികളായ പരിവാരപ്രതിഷ്ഠയും മഹാബലിപീഠപ്രതിഷ്ഠയും ധ്വജപ്രതിഷ്ഠയും ഈ ക്രിയകളോടുകൂടെയും കൂടിയിരിക്കുന്ന ഈ ആറാമത്തെ പടലം.

ഇതി ഷഷ്ഠഃ പടലഃ സമാപ്തഃ.

സപ്തമഃ പടലഃ.

അനന്തരം പ്രതിഷ്ഠിച്ചിരിക്കുന്ന ദേവന്മാരുടെ നിത്യപൂജാപ്രകാരത്തെ ഏഴാമത്തെ പടലംകൊണ്ടു പറയുന്നു:—

അഥാഖിലേശാർച്ചനമുച്യതേഽധുനാ
പുമർത്ഥസർവ്വസ്വവിധായി യജ്വനാം
തദീയസംസ്ഥാപനകർമ്മ യത്കൃതേ
സമീരിതം സ്വാഗമസാരസംഗ്രഹാത്. ൧

അഥ അധുനാ - അനന്തരം ഇപ്പോൾ, യജ്വനാം പുമർത്ഥസർവ്വസ്വവിധായി-പൂജകന്മാർക്കു ധർമ്മാർത്ഥകാമമോക്ഷങ്ങളെ കൊടുക്കുന്ന സ്വഭാവമായിരിക്കുന്ന, അഖിലേശാർച്ചനം - എല്ലാ ദേവന്മാരുടെയും പൂജാപ്രകാരം, ഉച്യതേ - പറയപ്പെടുന്നു, നമ്മളാൽ എന്നർത്ഥം. യത്കൃതേ തദീയസംസ്ഥാപനകർമ്മ - പൂജാനിമിത്തമായിട്ടുതന്നെ എല്ലാ ദേവന്മാരുടെ പ്രതിഷ്ഠാപ്രകാരം സ്വാഗമസാരസംഗ്രഹാത് സമീരിതം - അതതു ആഗമങ്ങളിൽ നിന്നു എടുത്തു ഒന്നായിട്ടു പറയപ്പെട്ടു.

സ്നാതഃ പ്രാചമ്യ വിധാനതഃ സുരഗൃഹം സമ്പ്രാപ്യ സമ്പൂജ്യ ച
ദ്വാഃസ്ഥാനന്തരമേത്യ ദേവമഭിവന്ദ്യാപാസ്യ നിർമ്മാല്യകം
ബിംബസ്ഥം മന്ത്രവിദഭിശോധ്യ സലിലൈരാരാധ്യ പുഷ്പൈർബ്ബലിപീ-
ഠസ്ഥാനാന്തം വിദധീത ദർശിതദിശാസീനഃ സ്വയം ദക്ഷിണേ. ൨

മന്ത്രവിത് സ്നാതഃ വിധാനതഃ ആചമ്യ - മന്ത്രസ്നാനമന്ത്രാചമനങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ കുളിച്ചു വിധിക്കു തക്ക

വണ്ണം മന്ത്രാചമനത്തെച്ചെയ്തു്, സ്വഗൃഹം സമ്പ്രാപ്യ – ദേവാലയത്തെ പ്രാപിച്ചു, ദ്വാരസ്ഥാൻ സമ്പൂജ്യ – ദ്വാരസ്ഥന്മാരെ പൂജിച്ചു അർഘ്യം വീത്തി, അന്തഃ ഉപേത്യ ദേവം അഭിവന്ദ്യ – ഗർഭഗൃഹത്തിങ്കൽ ചെന്നു ദേവനെ അഭിവന്ദിച്ചു്, നിർമ്മാല്യകം അപാസ്യ – ചണ്ഡനെ പൂജിച്ചു നിർമ്മാല്യപുഷ്പമാല്യാദികളെ എടുത്തു നിർമ്മാല്യധാരിയിങ്കൽ സമർപ്പിച്ചു, സലിലൈഃ ബിംബാദ്യം വിശോധ്യ – വെള്ളം കൊണ്ടു ബിംബപീഠങ്ങളെ അഭിഷേകം ചെയ്തു്, പുഷ്പൈഃ ആരാധ്യ – പുഷ്പങ്ങളെക്കൊണ്ടു ദേവനെ ആരാധിച്ചു്, സ്വയം ദക്ഷിണേ ആസീനഃ – താൻ ദേവന്റെ തെക്കേ ഭാഗത്തു പലകമേലിരുന്നു്, ഉദിതദിശാ ലിപിന്യാസാന്തം വ്യദധീത – മുമ്പ് അഞ്ചാംപടലത്തിൽ പറഞ്ഞ മാർഗ്ഗേണ ശൗചാചമനം തുടങ്ങി ലിപിന്യാസം കഴിവോളമുള്ള ദേഹശുദ്ധിയെച്ചെയ്തു.

> പ്രത്യക്ചിതിം പരിജപൻ ഹഹഹേതി മൂല-
> ചക്രാദുദസ്യ പരമാത്മനി സംവിലാപ്യ
> മന്ത്രാത്മനാ പരിണമയ്യ സുധീർഹൃദബ്ജ-
> മദ്ധ്യേ സുയോജയതു സാദിമനപ്രജാപീ. ൩

സുധീഃ – ബുദ്ധികൗശലയുക്തനായിരിക്കുന്ന ഇവൻ, ഹഹഹ ഇതി പരിജപൻ – ഹഹഹ എന്നു ജപിച്ചു്, പ്രത്യക്ചിതിം മൂലചക്രാത് ഉദസ്യ – ജീവചൈതന്യത്തെ മൂലാധാരത്രികോണചക്രത്തിങ്കൽനിന്നു സുഷുമ്നാനാഡിയിൽക്കൂടെ ഉയർത്തി, പരമാത്മനി സംവിലാപ്യ – ദ്വാദശാന്തപത്മഗതനായ പരമാത്മാവിങ്കൽ യോജിപ്പിച്ചു, മന്ത്രാത്മനാ പരിണമയ്യ – ഒരു മൂലപ്രാണായാമത്തെ ചെയ്തു തന്നെ മന്ത്രരൂപേണ കല്പിച്ചു്, സാദിമനപ്രജാപീ ഹൃദബ്ജമദ്ധ്യേ സുയോജയതു – മൂലപ്രണവങ്ങളെ ജപിച്ചു് ആ മന്ത്രചൈതന്യത്തെ ഹൃദയപത്മത്തിങ്കൽ യോജി(ച്ചി)പ്പൂ.

> തസ്യൈശശൈവശികവിരാണ്മയവിഗ്രഹാത്മ-
> ഭാവക്രമാത് പരിണതിം വിദധദ്വിധായ
> മൂലേന വായുയമനത്രിതയം തഥാ-
> ദാർഢ്യം പ്രവിന്യസതു ചാത്മനി യോഗപീഠം. ൪

തസ്യ ഐശശൈവശികവിരാണ്മയവിഗ്രഹാത്മഭാവക്രമാത് പരിണതിം വിദധത് – ആ ജീവാത്മാവിനെ പരരൂപത്തോടെയും സ്ഥൂലരൂപത്തോടും ഉള്ള പരിണാമത്തെ വിചാരിച്ചു,

മൂലേന വായുയമനത്രിതയം വിധായ - മൂലംകൊണ്ടു മൂന്നു പ്രാണായാമത്തെച്ചെയ്തു്, തദാധാരാർത്ഥം ആത്മനി യോഗപീഠം പ്രവിന്യസേത് - ആ ചൈതന്യസ്ഥിതിക്കായിക്കൊണ്ടു തങ്കൽ പീഠമന്ത്രങ്ങളെ ന്യസിപ്പൂ.

ന്യസ്യേദ് ഗുരൂന്മൂർദ്ധ്നി മൂലചക്രേ
ഗണേശ്വരം ചാഹൃദയം തദാദി
ആധാരശക്ത്യാദി ഗണം ക്രമേണ
തഥാ പൃഥിവ്യന്തമധോഽപ്യധോഽധം. ൧

മൂർദ്ധനി ഗുരൂൻ - ശിരസ്സിങ്കൽ ഗുരുക്കന്മാരെയും, മൂലചക്രേ ഗണേശ്വരം - മൂലാധാരത്തിങ്കൽ ഗണപതിയേയും, തദാദി ആഹൃദയം ഊർദ്ധ്വാപ്യധോഽധഃ ആധാരശക്ത്യാദി ഗണം പൃഥിവ്യന്തം ന്യസ്യേത് - മൂലാധാരത്തിങ്കൽ തുടങ്ങി ഹൃദയത്തിങ്കലോളം മുകളിൽ മുകളിൽ ആയിട്ടു ആധാരശക്തി തുടങ്ങി പൃഥിവികഴിവോളമുള്ള ആറു മന്ത്രങ്ങളേയും ന്യസിപ്പൂ.

ഊർവ്വംസയുഗോരുഷു നാഭിമൂല-
പാർശ്വാസ്യപാർശ്വേഷു ച ദക്ഷിണാദി
അഷ്ടൗ പ്രവിന്യസ്യ ധർമ്മപൂർവ്വാൻ
സത്ത്വാദികം വ്യാപിതയാഥ മദ്ധ്യേ. ൨

ദക്ഷിണാദി - വലത്തുഭാഗം മുമ്പായി, ഊർവ്വംസയുഗോരുഷു - വലത്തെത്തുടയിലും വലത്തെത്തോളിലും ഇടത്തെത്തോളിലും ഇടത്തെത്തുടയിലും, നാഭിമൂലപാർശ്വാസ്യപാർശ്വേഷു - നാഭിയിങ്കലും വലത്തു പുറത്തും മുഖത്തുങ്കലും ഇടത്തു പുറത്തും, ധർമ്മപൂർവ്വാൻ അഷ്ടൗ - ധർമ്മാദി നാലിനേയും അധർമ്മാദി നാലിനേയും ഇങ്ങനെ എട്ടു മന്ത്രങ്ങളേയും, ഹൃദ മദ്ധ്യേ സത്ത്വാദികം വ്യാപിതയാ പ്രവിന്യസ്യ - ഹൃദയത്തിങ്കൽ സത്ത്വാദി മൂന്നും ദക്ഷിണോത്തരമാർഗ്ഗമായിട്ടും മായാവിദ്യകളെ അവിടെ ഊർദ്ധ്വാധോഭാഗങ്ങളിലായിട്ടും ന്യസിപ്പൂ.

ഹൃത്പുണ്ഡരീകേഽച്ഛനവക്ഷ്യമാണ-
ന്യായേന പത്മാദിസമഷ്ടിനിഷ്ഠം
വിന്യസ്യ തസ്മിൻ പരികല്പയേച്ച
മാന്ത്രം ചിദാനന്ദഘനം മഹസ്തത്. ൩

ഹൃത്പുണ്ഡരീകേ - അഷ്ടദളാകാരമായിരിക്കുന്ന ഹൃദയപത്മത്തിങ്കൽ, അച്ഛനവക്ഷ്യമാണന്യായേന പത്മാദിസമഷ്ടിനിഷ്ഠം-

പരമായ നമഃ എന്നു തുടങ്ങി പരമൂർത്തി കഴിവോളമുള്ള മന്ത്രങ്ങളെ പീഠപൂജയിങ്കൽ മുകളിൽ പറയുന്നതുപോലെ, വിന്യസ്യ – ന്യസിച്ച്, തസ്മിൻ ചിദാനന്ദഘനം മന്ത്രം മഹഃ പരികല്പയേത് - ആ പീഠത്തിങ്കൽ ചൈതന്യമയമായി പൂർണ്ണാനന്ദസ്വരൂപമായിരിക്കുന്ന മൂലമന്ത്രതേജസ്സിനെ കല്പിപ്പൂ എന്നു പറഞ്ഞതിന്റെ താത്പര്യം ഏതെങ്കിലും മൂർത്തി കല്പിച്ച് പ്രണവോപചാരമൂലങ്ങളെക്കൊണ്ടു ചൈതന്യത്തെ ആവാഹിച്ച് ആവാഹനാദിമുദ്രകളും കാട്ടി വ്യാപകാംഗങ്ങളെയും ന്യസിപ്പൂ.

തത്തേജഃ പ്രിയദർശനം വിമലമഭിധ്യായ മുദ്രാന്വിതം ധിയാ
സഞ്ജപ്യാപ്രതിവർത്മനാ മനുമം തേജോമയം ഭാവയേത്
ധാമ്നോസ്മാത് പരചിത്സുധാദ്രവമയാത്തേജഃകണം സ്വാ[ഞ്ജലൗ
മന്ത്രീ പിംഗലയാ നിപാത്യ കരയോസ്തത്ഭാവനാം പ്രാചരേത്. വൃ

മന്ത്രീ - ആചാര്യൻ, തത് തേജഃ പ്രിയദർശനം വിമലമഭിധ്യായ - ആ തേജസ്സിനെ മനോഹരരൂപനായിരിക്കുന്ന ദേവനായിട്ട ധ്യാനിച്ച്, ധിയാ മുദ്രാന്വിതം - മാനസപൂജാമന്ത്രംകൊണ്ടു തന്മുദ്രകളെയും കാട്ടി, അഥ മനം അപ്രതിവർത്മനാ സഞ്ജപ്യ - ദേവന്റെ മൂലമന്ത്രത്തെ വിപരീതമായിട്ടു ജപിച്ച്, തേജോമയം ഭാവയേത് – തേജോമയമായി ധ്യാനിപ്പൂ. ഇവിടെ വിഷ്ണുവിങ്കലും ശിവങ്കലും അക്ഷരം തന്നെ വിപരീതം, യണായരാനാമോന ഓം യവാശിമഃന ഓം ഇങ്ങനെ, ശേഷം ദുർഗാദികൾക്കു പദം വിപരീതമാക്കി ജപിപ്പൂ. നമോ ദുർഗായൈ ദും ദും ഹ്രീം ഓം ഇങ്ങനെ എല്ലാടവും ജപിച്ചാൽ, പരചിത്സുധാദ്രവമയാത് അസ്മാത് ധാമ്നഃ-പരചൈതന്യാമൃതസ്വരൂപമായിരിക്കുന്ന ഈ തേജസ്സിങ്കൽനിന്നു മൂലപ്രാണായാമം ചെയ്ത്, തേജഃകണം പിംഗലയാ സ്വാഞ്ജലൗ നിപാത്യ - തേജസ്സിന്റെ അംശകത്തെ ശ്വാസരൂപേണ പിംഗലയിലൂടെ തന്റെ കൈയിൽ പതിപ്പിച്ച്, കരയോഃ തത്ഭാവനാം പ്രാചരേത്-കൈകളിൽ മൂലമന്ത്രത്തെ ന്യസിപ്പൂ.

വ്യാപയ്യ തദനുപഠിതേന മന്ത്രതമേന
മോക്ഷാർത്ഥീ ക്രമേണ തലപൃഷ്ഠകപാർശ്വകേഷു
താരാദിതത്തന്മന്ത്രവർണ്ണഗണൈസ്സഹാർണ്ണം
ന്യസ്യേത് സകല്പകഥിതക്രമതോഽംഗുലീഷു. ൯

ഭോശ്ലിഷ്ടാഃ തലപൃഷ്ഠകപാർശ്വകേഷു ക്രമേണ - കൈകൾ രണ്ടിലും അകത്തും പുറത്തും ചുറവും ക്രമേണ, താരപുടിതേന മന്ത്രേണ വ്യാപയ്യ - പ്രണവപുടിതമായിരിക്കുന്ന അവരവരുടെ മൂലമന്ത്രംകൊണ്ടു വ്യാപകത്തെച്ചെയ്തു്, അംഗുലീഷു താരാദിനമോന്തവർണ്ണാണാം സ്വഹാർദ്ദം സ്വകല്പകഥിതക്രമതഃ ന്യസ്യേത് - വിരൽകളിൽ പ്രണവപുടിതമായി നമോന്തമായിരിക്കുന്ന മൂലാക്ഷരങ്ങളെ തനിക്കു തനിക്കു പറയുന്നതുപോലെ ന്യസിപ്പൂ. അവിടെ വിഷ്ണ്വാദികൾ ഓം ഓം ഓന്നമഃ, ഓം നം ഓം നമഃ, ഓം മോം ഓന്നമഃ, ഓം നാം ഓന്നമഃ, ഓം രാം ഓന്നമഃ, ഓം യം ഓന്നമഃ, ഓം ണാം ഓന്നമഃ, ഓം യം ഓന്നമഃ ഇങ്ങനെ വരും. ഇപ്രകാരം എല്ലാ ദേവന്മാരിലും മൂലാക്ഷരങ്ങളെ ന്യസിക്കേണ്ടു.

സൃഷ്ടിർദക്ഷിണതർജ്ജനീപ്രഭൃതിവാമൈതച്ചിരാമാ സ്ഥിതി-
സ്തർജ്ജന്യാദികനിഷ്ഠികാവധിതയാ ന്യഷ്ടാക്ഷരേ സംഹൃതിഃ
സൃഷ്ടിന്യാസവിപര്യയാ ത്രയമിദം സൃഷ്ടിസ്ഥിതിഭ്യാം യുതം
ന്യസ്യേത് സൃഷ്ടിവദഷ്ട പഞ്ച യുഗപജ്ജ്യേഷ്ഠാദ്യമംഗാനി ച [൨൦

അഷ്ടാക്ഷരേ - എട്ടു് അക്ഷരം മൂലമായ വിഷ്ണുദുർഗ്ഗാ ഹരിശശാസ്താക്കന്മാരിൽ, ദക്ഷിണതർജ്ജനീപ്രഭൃതിവാമൈതച്ചിരാമാ സൃഷ്ടിഃ - വലത്തെ കൈയുടെ തർജ്ജനിയിങ്കൽ തുടങ്ങി കനിഷ്ഠികാന്തവും, എടത്തെ കൈയുടെ കനിഷ്ഠികാദി തർജ്ജന്യന്തവും സൃഷ്ടിയായിട്ടും, തർജ്ജന്യാദികനിഷ്ഠികാവധിതയാ ന്യഷ്ടാ സ്ഥിതിഃ - വലത്തെ കൈയുടെ തർജ്ജന്യാദികനിഷ്ഠികാന്തവും അപ്രകാരം എടത്തെ കൈയിന്മേലും സ്ഥിതിയായിട്ടും, സൃഷ്ടിന്യാസവിപര്യയാ സംഹൃതിഃ - സൃഷ്ടിയുടെ വിപരീതം എടത്തെ കൈയുടെ തർജ്ജനിയിങ്കൽ തുടങ്ങി വലത്തെ കൈയുടെ തർജ്ജന്യവസാനമായിട്ടു സംഹാരമായിട്ടും, ഇദം ത്രയം സൃഷ്ടിസ്ഥിതിഭ്യാം യുതം ന്യസ്യേത് - ഈ മൂന്നു പ്രകാരത്തേയും പിന്നെ ഒരിക്കൽ സൃഷ്ടിസ്ഥിതികളോടും കൂടി അഞ്ചു പ്രാവശ്യം മൂലാക്ഷരങ്ങളെ ന്യസിപ്പൂ. സൃഷ്ടിവത് അഷ്ട അംഗാനി - സൃഷ്ടിന്യാസക്രമേണ തർജ്ജന്യാദിതലാന്തമായി അഷ്ടാംഗങ്ങളേയും, ജ്യേഷ്ഠാദ്യം യുഗപത് പഞ്ച അംഗാനി ച - രണ്ടു കൈയിലും അംഗുഷ്ഠാദി അഞ്ചിലും ഒരുമിച്ചു പഞ്ചാംഗങ്ങളേയും ന്യസിപ്പൂ.

ശിവകലാവിശേഷത്തെ പറയുന്നു.

പഞ്ചാർണ്ണാൻ യുഗപച്ഛിവസ്യ പുരുഷാഘോരാദി സദ്യാവാമേശകാം-
സ്തർജ്ജന്യാദിമദ്ധ്യമയോർന്ന്യസേത് സഹകനിഷ്ഠാനാമികാംഗുഷ്ഠ [യോഃ
മന്ത്രാർണ്ണാനിഷുമന്ത്രജാനംഗുഷ്ഠാദിതലാന്തിഷ്വപി സാധ്വിദ്ധ്യേ ഗുഹേ
ഷൺമന്ത്രാനപി ചേതി സാംഗജിതി ദുർഗ്ഗാപഞ്ചകം ചാതലം. [൫൫

ശിവപഞ്ചാർണ്ണാൻ - ശിവന്റെ പഞ്ചാക്ഷരങ്ങളെ, തർജ്ജന്യാദിമദ്ധ്യമയോഃ സഹകനിഷ്ഠാനാമികാംഗുഷ്ഠയോഃ പുരുഷാഘോരാദി സദ്യവാമേശകാൻ യുഗപത് ന്യസേത് - തർജ്ജനികളിൽ മം തത്പുരുഷതർജ്ജനീഭ്യാം നമഃ. മദ്ധ്യമകളിൽ ശിം അഘോരമദ്ധ്യമാഭ്യാം നമഃ. കനിഷ്ഠികകളിൽ യം സദ്യോജാതകനിഷ്ഠികാഭ്യാം നമഃ. അനാമികകളിൽ വാം വാമദേവാനാമികാഭ്യാം നമഃ അംഗുഷ്ഠങ്ങളിൽ നം ഈശാനാംഗുഷ്ഠാഭ്യാം നമഃ ഇങ്ങനെ അഞ്ചു വിരലുകളിലും രണ്ടിലും ഒരുമിച്ചു ന്യസിപ്പൂ. ഇഷുമന്ത്രജാൻ - സുബ്രഹ്മണ്യന്റെ പ്രണവപുടിതങ്ങളായി നമോന്തങ്ങളായിരിക്കുന്ന അക്ഷരങ്ങളെ, അംഗുഷ്ഠാദിതലാന്തിഷ്വപി - പെരുവിരലുകളിൽ തുടങ്ങി ചെറുവിരലുകൾ കഴിവോളം അഞ്ചിലും കൈകളുടെ അകങ്ങളുമായിട്ടു ആറു സ്ഥാനത്തു ന്യസിപ്പൂ. സാധ്വിദ്ധ്യേ ഗുഹേ ഷൺമന്ത്രാനപി - പിന്നെ ശാസ്താവിങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും തങ്ങളുടെ ഷൺമന്ത്രങ്ങളെയും അംഗുഷ്ഠാദിതലാന്തമായി ന്യസിപ്പൂ. സാംഗജിതി ഇതി അതലം ദുർഗ്ഗാപഞ്ചകം ച - ദുർഗ്ഗയിങ്കലും ഇപ്രകാരം അംഗുഷ്ഠാദി അഞ്ചിലും ദുർഗ്ഗാദിപഞ്ചദുർഗ്ഗാമന്ത്രങ്ങളെ ന്യസിപ്പൂ, തലത്തിങ്കൽ ഇല്ല.

അംഗുഷ്ഠാദിതലാന്തം ന്യസ്തു ഷഡംഗാനി ദോർയ്യുഗേ യുഗപത്
ദോർമ്മാവനേത്യഭാഷി പ്രായഃ സർവ്വത്ര മൂലമന്ത്രവിധൌ. ൫൬

ദോർയ്യുഗേ അംഗുഷ്ഠാദിതലാന്തം യുഗപത് ഷഡംഗാനി ന്യസ്തു - രണ്ടു കൈകളിലും ഒരുമിച്ചു അംഗുഷ്ഠാദി വിരലുകളിലും അകങ്ങളുമായി ആറു സ്ഥാനങ്ങളിൽ ഷഡംഗമന്ത്രങ്ങളെ ഒരുമിച്ചു ന്യസിപ്പൂ. സർവ്വത്ര മൂലമന്ത്രവിധൌ പ്രായഃ ദോർമ്മാവനാ ഇതി അഭാഷി - എല്ലാ ദേവന്മാരിലും മൂലമന്ത്രങ്ങളുടെ കരന്യാസപ്രകാരം മിക്കവാറും ഈവണ്ണം പറയപ്പെട്ടു മിക്കവാറും എന്നതുകൊണ്ടു ഇനിയും ആഗമങ്ങളിൽ പ്രകാരാന്തരമുണ്ടെന്നു താത്പര്യം.

ആഭ്യാം കരാഭ്യാം നിജമൂലതസ്ത്രിർവ്യാപയ്യ ദേഹേ സകളീകരോതു
ഷഡധ്വോക്ത്യാ വാ ലിപിതത്ത്വമന്ത്രൈഃ സമന്ത്രവിന്യാസമിഹ
ബ്രവീമി. ൧൩

ആഭ്യാം കരാഭ്യാം ദേഹേ നിജമൂലതഃ ത്രിഃ വ്യാപയ്യ - ഈ മന്ത്രമയമാക്കിയിരിക്കുന്ന കൈകൾ രണ്ടുംകൊണ്ടും കൂടി ദേഹത്തിങ്കൽ കേശാദിപാദപര്യന്തം തങ്ങളുടെ മൂലമന്ത്രംകൊണ്ടു മൂന്നു വ്യാപകങ്ങളെ ചെയ്തു, ഷഡധ്വോക്ത്യാ വാ ലിപിതത്ത്വമന്ത്രൈഃ വാ സകളീകരോതു - കല, തത്ത്വം, ഭുവനം, വർണ്ണം, പദം, മന്ത്രം, ഇങ്ങനെ മുമ്പിൽ പറഞ്ഞ ഷഡധ്വന്യാസങ്ങളെക്കൊണ്ട് എങ്കിലും മൂലപുടിതലിപിന്യാസം സകലതത്ത്വന്യാസം ഈ രണ്ടുകൊണ്ട് എങ്കിലും ദേഹത്തെ ചൈതന്യത്തെ സകളമാക്കിച്ചെയ്‌വൂ. ഇഹ സമന്ത്രവിന്യാസം ബ്രവീമി - ഞാൻ തങ്ങളുടെ മൂലമന്ത്രന്യാസത്തെ പറയുന്നു.

ശ്രീശശ്രീശശിവാസ്ത്രകേഷു മന്ത്രവിത് കാക്ഷ്യാസ്യഹൃന്നാഭിഷു
ന്യസ്യേത് സഗുഹ്യജാനുപത്സു മന്ത്രവർണ്ണാംസ്താരാദ്യാൻ ക്രമാത്
നത്യന്താനിതി സൃഷ്ടിരത്ര ഹൃദയാന്താ നാഭിപൂർവാ സ്ഥിതിഃ
സംഹാരശ്ചരണാദികസ്ത്രയമിദം ന്യസ്യേത്സസൃഷ്ടിസ്ഥിതി. ൧൪

മന്ത്രവിത് - മന്ത്രന്യാസക്രമത്തെ അറിഞ്ഞിരിക്കുന്ന ഗുരു, ശ്രീശശ്രീശശിവാസ്ത്രകേഷു - വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും ശാസ്താവിങ്കലും, കാക്ഷ്യാസ്യഹൃന്നാഭിഷു സഗുഹ്യജാനുപത്സു - ശിരസ്സിലും നേത്രങ്ങളിലും വായിങ്കലും ഹൃദയത്തിങ്കലും നാഭിയിങ്കലും ലിംഗത്തിങ്കലും മുട്ടുകളിലും പാദാഗ്രങ്ങളിങ്കലും ഈ എട്ടു സ്ഥാനങ്ങളിലും, താരാദ്യാൻ നത്യന്താൻ മന്ത്രവർണ്ണാൻ ന്യസ്യേത് - പ്രണവപുടിതങ്ങളായി നമോന്തങ്ങളായിരിക്കുന്ന മൂലമന്ത്രത്തിന്റെ അക്ഷരങ്ങളെ ന്യസിപ്പൂ. ഇതി സൃഷ്ടിഃ - ഇങ്ങനെ സൃഷ്ടിന്യാസം. അത്ര ഹൃദയാന്താ നാഭിപൂർവാ സ്ഥിതിഃ - ഇവിടെ നാഭിയിങ്കൽ തുടങ്ങി കീഴ്പോട്ടു നാലും, ശിരസ്സിങ്കൽ തുടങ്ങി ഹൃദയാവസാനം നാലും ഇങ്ങനെ സ്ഥിതിന്യാസം. ചരണാദികഃ സംഹാരഃ - പാദാഗ്രത്തിങ്കൽ തുടങ്ങി മേല്പോട്ടു ശിരസ്സ് അവസാനമായിട്ടു സംഹാരന്യാസം. ഇദം ത്രയം സസൃഷ്ടിസ്ഥിതി ന്യസ്യേത് - ഈ മൂന്നും ന്യസിച്ചാൽ പിന്നെയും സൃഷ്ടിയായിട്ടും സ്ഥിതിയായിട്ടും ഒരിക്കൽ കൂടെ ന്യസിപ്പൂ.

യോജ്യാ മൂർദ്ധനി മധ്യമാ നയനയുഗ്മേ തർജ്ജനീമധ്യമേ
സാംഗുഷ്ഠാപകനിഷ്ഠികാ വചസി ഹൃദ്യംഗുഷ്ഠയുക്തർജ്ജനീ
നാഭൌ സാവരജാംഗുജാ പ്രഥമജാന്യാ വാ ശിവേ ജാനുനോ-
വ്യഗ്ര്യാ വാ വ്യനുജാസ്തു വാ പദയുഗേഽംഗുല്യഃ സമസ്താഃ സമം.
[൧൭

മൂർദ്ധനി മധ്യമാ യോജ്യാ - ശിരസ്സുകൾ നടുവിരൽകൊണ്ടും, നയനയുഗ്മേ തർജ്ജനീമധ്യമേ - രണ്ടു കണ്ണുള്ളേടത്തു കണ്ണുകളിൽ മധ്യമയും തർജ്ജനിയും കൊണ്ടും, മൂന്നു കണ്ണുകളിലനാമികയും കൂടി മൂന്നു വിരൽകൊണ്ടും, വചസി - വാക്കിങ്കൽ, സാംഗുഷ്ഠാപകനിഷ്ഠികാ - പെരുവിരലും മോതിരവിരലും കൂടിയും, ഹൃദി അംഗുഷ്ഠയുക്തർജ്ജനീ - ഹൃദയത്തിങ്കൽ പെരുവിരലും തർജ്ജനിയും കൂടീട്ടും, നാഭൌ സാവരജാംഗുജാ, - നാഭിയിങ്കൽ ചെറുവിരലും പെരുവിരലും കൂടീട്ടും, ശിവേ പ്രഥമജാ വാ അന്യാ വാ - ലിംഗത്തിങ്കൽ പെരുവിരലായിട്ടെങ്കിലും ചെറുവിരലു തന്നെയായിട്ടോ. ജാനുനോഃ വ്യഗ്ര്യാഃ വാ വ്യനുജാഃ വാ പെരുവിരൽ കൂടാതെയെങ്കിലും ചെറുവിരൽ കൂടാതെയെങ്കിലും, ലിംഗത്തിങ്കൽ തൊട്ട വിരൽ കൂടാതെ നാലു വിരൽ കൂടീട്ടും, പദയുഗേ സദാ സമസ്താഃ അംഗുല്യഃ - പാദാഗ്രത്തിങ്കൽ രണ്ടു പക്ഷത്തിൽ വിരലുകളെല്ലാം കൂടീട്ടും മൂലാക്ഷരങ്ങളെ ന്യസിപ്പൂ.

മൂർദ്ധാക്ഷിണോരാസ്യ ഹൃദി നാഭിഗുഹ്യപാദേഷു സ്വരഭേദിഷു മന്ത്ര-
[വർണ്ണാൻ
നിർബ്ബീജകേ സപ്ത സബീജകേഽഷ്ടൌ മന്ത്രേ ന്യസേജ്ജാനുയുതേ-
[ഷു തേഷു. ൧൮

സ്വരഭേദിഷു - മൂർദ്ധയിങ്കൽ, നിർബ്ബീജകേ സപ്തവർണ്ണാൻ - മൂലമെന്നതുകൂടാതെയുള്ള സപ്താക്ഷരമൂലത്തിങ്കൽ. മൂർദ്ധാക്ഷിണോരാസ്യ - ശിരസ്സിങ്കലും കണ്ണുകളിലും വാക്കിങ്കലും, ഹൃദി - ഹൃദയത്തിങ്കലും, നാഭിഗുഹ്യപാദേഷു - നാഭിയിങ്കലും ഗുഹ്യപ്രദേശത്തും പാദാഗ്രത്തിങ്കലും, മന്ത്രവർണ്ണാൻ ന്യസേത് - മന്ത്രാക്ഷരങ്ങളെ ന്യസിപ്പൂ. അഷ്ടൌ മന്ത്രേ ജാനുയുതേഷു തേഷു - അഷ്ടാക്ഷരങ്ങൾ മുട്ടുകളിൽ കൂടി ഈ സ്ഥാനങ്ങളിൽ തന്നെ ന്യസിപ്പൂ.

ആസ്യേ ഹൃദംഘ്രിഗുഹ്യമൂർദ്ധസു പ്രാഗ്യാമ്യാപ്യസൌമ്യോർദ്ധ്വ-
[മുഖേഷ്വപീശേ
ന്യസ്യേത് ഷഡർണ്ണം നരഘോരസദ്യോവാമേശകാൻ സ്വാക്ഷര-
[തത്പദാദ്യാൻ.
[൫൭

ഈശേ ഷഡർണ്ണേ - ശിവങ്കൽ ഷഡക്ഷരങ്ങളെ, ആസ്യേ ഹൃദംഘ്രിഗുഹ്യമൂർദ്ധസു - വായിങ്കലും ഹൃദയത്തിങ്കലും പാദങ്ങളിങ്കലും ലിംഗസ്ഥാനത്തും ശിരസ്സിലും ഈ അഞ്ചുസ്ഥാനങ്ങളിലും, പ്രാഗ്യാമ്യാപ്യസൌമ്യോർദ്ധ്വമുഖേഷ്വപി - കിഴക്കും തെക്കും പടിഞ്ഞാറും വടക്കും മുകളിലും ഈ അഞ്ചു ദിക്കുകളിലും മുഖങ്ങളിലും, നരഘോരസദ്യോവാമേശകാൻ സ്വാക്ഷരതത്പദാദ്യാൻ - തത്പുരുഷനെയും അഘോരനെയും സദ്യോജാതനെയും വാമദേവനെയും ഈശാനനെയും സ്വബീജങ്ങളോടും തത്സ്ഥാനനാമങ്ങളോടും കൂടി ന്യസ്യേത് ന്യസിപ്പൂ. അപ്പോൾ മം തത്പുരുഷവക്ത്രായ നമഃ, ശിം അഘോരഹൃദയായ നമഃ, യം സദ്യോജാതപാദാഭ്യാം നമഃ, വാം വാമദേവഗുഹ്യായ നമഃ, നം ഈശാനമൂർദ്ധ്നേ നമഃ - ഇങ്ങനെ അഞ്ചും, മം തത്പുരുഷപൂർവ്വവക്ത്രായ നമഃ, ശിം അഘോരദക്ഷിണവക്ത്രായ നമഃ, യം സദ്യോജാതപശ്ചിമവക്ത്രായ നമഃ, വാം വാമദേവോത്തരവക്ത്രായ നമഃ, നം ഈശാനോർദ്ധ്വവക്ത്രായ നമഃ ഇങ്ങനെ മന്ത്രങ്ങൾ.

ഈശാനാദിഷു യോജ്യാ ജ്യേഷ്ഠാദ്യാഃ കേവലാഃ സ്വാംഗുലയഃ
ജ്യേഷ്ഠോപഗൃഹീതാ വാ സോപഗ്രാഹ്യാ ഉ തർജ്ജന്യാ. [൫൮

ഈശാനാദിഷു - ഈശാനാദി മന്ത്രങ്ങളിൽ, ജ്യേഷ്ഠാദ്യാഃ കേവലാഃ അംഗുലയഃ യോജ്യാഃ - പെരുവിരലു തുടങ്ങിയ ഓരോ വിരലുകൾ തന്നെ കൂടീട്ടും, ജ്യേഷ്ഠോപഗൃഹീതാ വാ - പെരുവിരലിൽ തർജ്ജന്യാദി ഓരോന്ന കൂടീട്ടും ന്യസിക്കാം. സാ ഉ തർജ്ജന്യാ ഉപഗ്രാഹ്യാ - അപ്പോൾ പെരുവിരലിൽ തർജ്ജനി കൂട്ടിക്കൊള്ളണം.

ഈശാംഗുഷ്ഠാദിക്‌ന്യസ്യ കരയുഗ്മേ വപുഷീശാനമൂർദ്ധാദിക്‌ന-
[ന്യസ്യ
ന്യസ്യേദ്വാ പഞ്ചമൂർത്തിഃ സ്മരജിതി മഥിഷ്വാരൌ തഥാ പഞ്ച-
[മുദ്രാഃ

കാരസ്യ ഹൃദ് ഗുഹ്യജാനുപാദാംഘ്രിഷു ച മനോലിപീഃ ഷൺമുഖേ ഷ-
[ണ്മന്ത്രാൻ സ-
ശൈലപാദസ്യ/സ്ഥിതാംഘ്രേ ന്യസേത്ത വിഗതജാനുഷു ചൂർണ്ണാളിമ-
[ന്ത്യേ. ഏൻ.

സ്കന്ദം — ശിവങ്കൽ, കരയുഗ ഈശാനാദ്യേഷ്വാദിക്കെ
ടുപ്രാ — കരന്യാസസമയങ്ങൾ കൈകളിലും നം ഈശാനായോർദ്ധ്വാ
ദ്യാം നമഃ എന്നു തുടങ്ങി ക്രമേണ അഞ്ചിനേയും ന്യസിക്കാം.
വപുഷി ഈശാനമൂർദ്ധാദികം ഏകപ്രാ വാ — ശരീരത്തിങ്കലും നം
ഈശാനമൂർദ്ധ്നേ നമഃ എന്നു തുടങ്ങി, പഞ്ചമൂർത്തീഃ ന്യസ്യേത്
— പഞ്ചമൂർത്തികളെ ന്യസിക്കിലും ആം. മഹിഷാരേതു തഥാ
പഞ്ചദുർഗ്ഗാഃ — ദുർഗ്ഗയ്ക്കു ഈ പ്രകാരം. കാരസ്യ ഹൃദ് ഗുഹ്യ
പാദങ്ങളിൽ ഓം ദുർഗ്ഗായൈ നമഃ ഇത്യാദി പഞ്ചദുർഗ്ഗാമന്ത്ര
ങ്ങളെ ന്യസിപ്പൂ. ഷൺമുഖേ കാരസ്യ ഹൃദ്ഗുഹ്യജാനുപാദാംഘ്രി
ഷു — സുബ്രഹ്മണ്യങ്കൽ ശിരസ്സുകളും വാക്കിങ്കലും ഹൃദയത്തി
ങ്കലും ഗുഹ്യപ്രദേശത്തും മുട്ടുകളിലും പാദാഗ്രങ്ങളിലും, മനോലി
പീഃ — പ്രണവാദ്യന്തിതമായി നമോന്തമായി മൂലാക്ഷരങ്ങളെ
ന്യസിപ്പൂ. സശൈലപാദസ്യ അംഘ്രിൻ ഷണ്മന്ത്രാൻ ച — ഗണ
പതിയിങ്കലും സുബ്രഹ്മണ്യങ്കലും തന്റെ ഷണ്മന്ത്രങ്ങളെ ഈ
മൂലാക്ഷരത്തിന്റെ സ്ഥാനങ്ങളിലും, അംഘ്രൗ വിഗതജാനുഷു നാഭി
മസ്തു, ഷണ്മന്ത്രാൻ അപൂർവ്വൻ ന്യസേത് — ശാസ്താവിങ്കൽ മുട്ടുകൾ
കൂടാതെയും നാഭിയിങ്കൽ കൂടീട്ടും ഉള്ള ശിരോവദനഹൃദയനാഭി
ഗുഹ്യപാദാഗ്രങ്ങളിൽ തന്റെ ഷൺമന്ത്രങ്ങളെ ന്യസിപ്പൂ.

ഇനി വിഷ്ണുവിങ്കൽ മൂലാക്ഷരങ്ങളെ പത്താവൃത്തിയായിട്ടു ന്യസിപ്പാൻ
പറയുന്നു.

ആധാരഹൃദ്വദനദോഃപദമൂലനാഭി കണ്ഠസ്തനാദിഹൃദയസ്ത-
[നപാർശ്വപൃഷ്ഠേ
കാരസ്യക്ഷണശ്രവണഗന്ധവഹേ ച ദോഃപാദസന്ധ്യംഗുലീഷു
[ഹൃദി ധാതുഷു സാനിലേഷു. ൨൦
മൂർദ്ധേക്ഷണാസ്യഹൃദയോദരസോരുജാനുപാദേഷു ലിപി-
ശോ ന്യസേത് ക്രമേണ
ശംഖാംസകോർദ്ധ്വചരണേഷു രഥാംഗശംഖചക്രമദ്ഗദാംബുജപ-
[ദേഷു സമാഹിതാത്മാ. ൨൧

സമാഹിതാത്മാ ഗുരുഃ – സാവധാനമനസ്സായിരിക്കുന്ന ആചാര്യൻ, ആധാരഹൃദ്വദനദോഃപദമൂലനാഭൌ – മൂലാധാരത്തിങ്കലും ഹൃദയത്തിങ്കലും മുഖത്തിങ്കലും കൈകൾ രണ്ടിന്റെ ചുവട്ടിലും നാഭിയിങ്കലും ഇങ്ങനെ എട്ടു സ്ഥാനത്തു പ്രഥമാവൃത്തിയേയും, കണ്ഠേ സനാഭിഹൃദയസ്തനപാർശ്വപൃഷ്ഠേ – കണ്ഠത്തിലും നാഭിയിങ്കലും ഹൃദയത്തിങ്കലും മുലകൾ രണ്ടിലും പാർശ്വഭാഗം രണ്ടിലും പിറകിലും ഇങ്ങനെ ദ്വിതീയാവൃത്തിയും, കാസ്യേക്ഷണശ്രവണഗന്ധവഹേഷു – ശിരസ്സിങ്കലും വായ്ക്കലും കണ്ണുകൾ രണ്ടിലും ചെവികൾ രണ്ടിലും മൂക്കു രണ്ടിലും ഇങ്ങനെ മൂന്നാമത്തെ ആവൃത്തിയേയും, ദോഃപത്സന്ധ്യംഗുലീഷു – വലത്തെ കൈയിന്റെ സന്ധികൾ മൂന്നിലും വിരലുകൾ അഞ്ചിലും ഇങ്ങനെ നാലാമത്തെ ആവൃത്തി. ഇതിൻവണ്ണം ഇടത്തെ കൈമേൽ എട്ടു ദിക്കിൽ അഞ്ചാമത്തെ ആവൃത്തിയേയും, ഇങ്ങനെ വലത്തു കാലിന്മേൽ ആറാമത്തെ ആവൃത്തിയേയും, ഇടത്തുകാലിന്മേൽ ഇങ്ങനെ ഏഴാമാവൃത്തിയേയും, ഹൃദി ധാതുഷു സാനിലേഷു – ഹൃദയത്തിങ്കൽ (ലും?) സപ്തധാതുക്കളിലും പ്രാണങ്കലും കൂടി (എട്ടാമാവൃത്തം?) എട്ടാമാവൃത്തിക്കു മന്ത്രങ്ങൾ വിശേഷം. ഷാം ത്വഗാത്മനേ നമഃ, നം അസൃഗാത്മനേ നമഃ, മോം മാംസാത്മനേ നമഃ, റാം മേദാത്മനേ നമഃ, രാം മജ്ജാത്മനേ നമഃ, യം അസ്ഥ്യാത്മനേ നമഃ, ണം ശുക്ലാത്മനേ നമഃ, യം പ്രാണാത്മനേ നമഃ ഇങ്ങനെ എട്ടാമാവൃത്തിയേയും, മൂർദ്ധേക്ഷണാസ്യഹൃദയോദരസക്ഥിജംഘാപാദേഷു – ശിരസ്സിങ്കലും കണ്ണുകളിലും വായ്ക്കലും ഹൃദയത്തിലും വയററിലും തുടകളിലും ജംഘകളിലും പാദങ്ങളിലും ഇങ്ങനെ ഒമ്പതാമാവൃത്തിയേയും, ഗണ്ഡാംസ-കോരുചരണേഷു രഥാംഗശംഖശ്രീമദ്ഗദാംബുജപദേഷു ന്യസേൽ – കവിൾത്തടങ്ങളിലും തോളുകളിലും തുടകളിലും പാദാഗ്രങ്ങളിലുമായി നാല് അക്ഷരങ്ങൾ ന്യസിച്ചാൽ, ചക്രശംഖഗദാപത്മങ്ങളിൽ രാം ചക്രായ നമഃ, യം ശംഖായ നമഃ, ണാം ഗദായൈ നമഃ, യം പത്മായ നമഃ ഇങ്ങനെ തത്തന്മുദ്രകളെ കാട്ടി ന്യസിപ്പൂ. ലിപിഭിഃ എന്നു പറഞ്ഞതു മൂലാക്ഷരങ്ങൾ.

ന്യസ്യാഷ്ടാർണ്ണശരാംഗമിത്ഥമിതികക്ഷ്യാർഹൃദ്ഗളേഷ്വക്ഷരൈ-
ർന്യസ്യ പൃഷ്ഠകക്ഷിണപാർശ്വകാംസഗളവാമൈതത് തു പൃഷ്ഠകേ

മൂർത്തീഃ കേശവപൂർവികാഃ കകുദി ചാക്ഷാർണ്ണം ച കേ വിന്യസേ -
ത്തദ്ദ്വാദശപ്രതിപത്തയേ പരിജപേന്മന്ത്രം കിരീടാത്മകം. ൨൨

ഇതി അഷ്ടാർണ്ണദശാംഗം ന്യസ്യ - ഇപ്രകാരം അഷ്ടാക്ഷരത്തെ പത്തു പ്രകാരം ന്യസിച്ചാൽ, നാളികകക്ഷോദരഃ - നെററിയിങ്കലും വയററിലും, ഹൃദ്ഗളേ - ഹൃദയത്തുങ്കലും കഴുത്തിലും, ദക്ഷിണപാർശ്വകാംസഗളവാമൈതത്ത്രയീപൃഷ്ഠകേ - വലത്തു പാർശ്വത്തുങ്കലും തോളിലും കഴുത്തിലും, പിന്നെ ഇടത്തുഭാഗത്തു പാർശ്വത്തുങ്കലും തോളിലും കഴുത്തിലും പിറകിലും, കകുദി ച - കഴുത്തിന്റെ പിറകിലും നാക്ഷാക്ഷരൈഃ സഹ കേശവപൂർവികാഃ മൂർത്തീഃ - ദ്വാദശാക്ഷരത്തിന്റെ ഓരോ അക്ഷരങ്ങളോടു കൂടീട്ടു കേശവായ നമഃ എന്നു തുടങ്ങി ദാമോദരായ നമഃ എന്നു് ഒടുക്കമായിട്ടു ചക്രാബ്ജപൂജാദികൾ പറഞ്ഞ പന്ത്രണ്ടു മൂർത്തിമന്ത്രങ്ങളേയും, കേ അക്ഷാർണ്ണം ച - ശിരസ്സിങ്കൽ ദ്വാദശാക്ഷരമന്ത്രത്തേയും വിന്യസേത് - ന്യസിപ്പൂ. തദ്ദ്വാദശപ്രതിപത്തയേ കിരീടാത്മകം മന്ത്രം പരിജപേത്. വിഷ്ണുവിന്റെ ധ്യാനസ്ഥിതിക്കായിക്കൊണ്ടു പന്ത്രണ്ടാം പടലത്തിൽ പറയുന്ന കിരീടമന്ത്രത്തെ മൂന്നു പ്രാവശ്യം ജപിപ്പൂ.

[illegible] ന്യാസം പറയുന്നു;

ആത്മാസ്യാംസോരുയുഗ്മേ ഷഡധ സഗളനാഭിദ്വിപാർശ്വാ-
[പൃഷ്ഠാ-
ത്മാഭ്രൂശേ കാസ്യദൃങ്നോയുജി കരപദസന്ധ്യഗ്രകേഷു സ്വരാദ്യൈ
ന്യസ്യേത് കാസ്യാത്മകക്ഷ്മാതലപദസരസിജേ ഹൃത്പ്രദേശാസ്യദേ.
[ശൈ-
ഷ്വാദിതീഷു മുഖാം സാത്മപദസരസിജോത്ഥമൈരേ മന്ത്രവർണ്ണാൻ.
[൨൩

സ്വരാദ്യൈ-ശിവങ്ങൾ, ഷൺമന്ത്രവർണ്ണാൻ - ആറു മൂലാക്ഷരങ്ങളെ, ആത്മാസ്യാംസോരുയുഗ്മേ - ഹൃദയത്തുങ്കലും വാക്കിങ്കലും തോളു രണ്ടിലും തുടകൾ രണ്ടിലും ഇങ്ങനെ പ്രഥമാവൃത്തി. സഗളനാഭിദ്വിപാർശ്വാപൃഷ്ഠാത്മാഭ്രൂശേ - കഴുത്തിലും നാഭിയിങ്കലും പാർശ്വങ്ങൾ രണ്ടിലും പിറകിലും ഹൃദയത്തുങ്കലും ഇങ്ങനെ ദ്വിതീയാവൃത്തി. കാസ്യദൃങ്നോയുജി - ശിരസ്സിലും വാക്കിങ്കലും കണ്ണുകൾ രണ്ടിലും മൂക്കുകൾ രണ്ടിലും ഇങ്ങനെ തൃതീയാവൃത്തി. കരപദസന്ധ്യഗ്രകേഷു - കൈകൾ രണ്ടിന്റെയും കാലു

കരം രണ്ടിന്റെയും മദ്ധ്യമകൾ മൂന്നു വിരലിന്റെ ചുവട്ടിലും നടുവിലും അഗ്രത്തിങ്കലുമായി ആറു സ്ഥാനങ്ങളിൽ ഇങ്ങനെ ഷഡാവൃത്തികം. അനന്തരം ഏഴാവൃത്തി കഴിയും. കണ്ഠാത്മകക്ഷ്യൂരുപദാന്തസിജേ-ശിരസ്സിലും വക്ഷങ്കലും ഹൃദയത്തിലും ഉദരത്തിലും തുടകളിലും പാദാഗ്രത്തിങ്കലും ഇങ്ങനെ അഷ്ടാവൃത്തി:. ഏതത് പ്രദേശാസ്യടങ്കൈണാഭീതീഷ്ടു – ഹൃദയത്തിങ്കലും വക്ഷങ്കലും പരശുമൃഗാഭയവരങ്ങളിൽ മം പരശവേ നമഃ ശിം മൃഗായ നമഃ, വം അഭയായ നമഃ, ഢം വരദായ നമഃ ഇങ്ങനെ മന്ത്രങ്ങളോടു കൂട്ടീട്ടും. ഇതു നവാവൃത്തി. മുഖാംസാന്തഃപാദസക്ഥ്യുദരേ - മുഖത്തിലും തോളുകളിലും ഹൃദയത്തിലും പാദാഗ്രത്തിലും തുടയിലും വയററിലും ഇങ്ങനെ ദശാവൃത്തി:. ന്യസേത് - ഈവണ്ണം മന്ത്രാക്ഷരങ്ങളെ ദശാവൃത്തിയായി ന്യസിക്കണം.

മൂലേനോർദ്ധ്വാധഃ ക്രമാദ് ഗോളകാവദ്
വ്യാപ്യ ന്യസ്യേത് പൂരുഷാഘോരവാമാൻ
സദ്യേശൗ ഫാലാംസയുക്കുക്ഷിഹൃത്സു-
ച്യൈതത് സ്ഫൂർത്ത്യൈ സ്ഥാണുമന്ത്രം ജപേത് ത്രിഃ.
[[illegible]

മൂലേന ഊർദ്ധ്വാധഃ ഗോളകാവത് ക്രമാദ് വ്യാപ്യ - പിന്നെ മൂലംകൊണ്ടു മേല്പോട്ടും കീഴ്പോട്ടും ഗോളകം പോലെ കണ്ടു വ്യാപകത്തെച്ചെയ്തു, ഫാലാംസയുക്കുക്ഷിഹൃത്സു - നെററിയിങ്കലും തോളുകൾ രണ്ടിലും വയററിലും ഹൃദയത്തിലും ക്രമേണ, പൂരുഷാഘോരവാമാൻ സദ്യേശൗ ന്യസ്യേദ് – തത്പുരുഷനേയും അഘോരനേയും വാമദേവനേയും സദ്യോജാതനേയും ഈശാനനേയും ന്യസിപ്പൂ. ഏതത് സ്ഫൂർത്ത്യൈ ത്രിഃ സ്ഥാണുമന്ത്രം ജപേത് - ഇതിന്റെ പൂരണത്തിന്നായിക്കൊണ്ടു നമോഽസ്തു സ്ഥാണുഭൂതായ എന്ന ഉപചാരമന്ത്രം മൂന്നു പ്രാവശ്യം ജപിപ്പൂ.

ഏത് ഫാലാന്തശിഖാസ്യ ബാഹുയുഗമദ്ധ്യ ലോചനേ ശ്രോത്രലേ
സർവ്വേഷു സപക്ഷധ്വാംഗകാനി വിനിമഗ്നാക്ഷ്യന്ത്യയോസ്തു ക്രമം
ലക്ഷ്മീനാഥമഷദ്ധ്യാസ്യസംമരിപുദ്ദലേഷേപ്വു നിരുക്തകം
പഞ്ചാംഗാനി പിചണ്ഡപൃഷ്ഠസഹിതേഷ്വഷ്ടാംഗകാനി ന്യസേത്.
[[illegible]

സർവ്വേഷു – എല്ലാ ദേവന്മാരിലും, ഏതത്ഫാലാന്തശിഖാസ്യ ബാഹുയുഗമദ്ധ്യേ ലോചനാ ദോസ്തലേ – ഏതയുത്തുങ്കലും നെററിയുടെ മുകളിലും ശിഖയിങ്കലും നാക്കുകളുടെ രണ്ടിൻെറ നടുവിലും കണ്ണുകളിലും കൈകൾ രണ്ടിൻെറ അകത്തും, സ്വഷഡംഗകാനി ന്യസേത് – തൻെറ ഷഡംഗങ്ങളെ ന്യസിപ്പൂ. ലക്ഷ്മീനാഥഷഡാസ്യസംഹരിപുമുഖേഷു നാഭ്യസ്രനേത്രക്രമം വിനിമയ്യ – വിഷ്ണുവിങ്കലും സുബ്രഹ്മണ്യങ്കലും ശർവ്വനിങ്കലും നേത്രമൊട്ടകമാററിട്ടും അസ്ത്രം മുമ്പായിട്ടും ക്രമം മാറിട്ട് അംഗങ്ങളെ ന്യസിക്കണം. ഏഷു നിരുത്തകം പഞ്ചാംഗാനി – ഈ ഷഡംഗങ്ങളിൽ നേത്രം കൂടാതെ പഞ്ചാംഗങ്ങളെയും, പിചണ്ഡപൃഷ്ഠസഹിതേഷു അഷ്ടാംഗകാനി – ഉദരവും പൃഷ്ഠവും കൂട്ടീട്ട് അഷ്ടാംഗങ്ങളെയും ന്യസിപ്പൂ.

ഭൂഷായുധാദിന്യസനം യഥാർഹം
കൃത്വാ ധിയേഷ്ട്വാ ഹൃദയേ പ്രകല്പ്യ
ജപ്ത്വാ യഥാശക്തി മന്ത്രത്തമം സ്വം
ബഹിസ്സപര്യാദികമാരഭേത. ൨൬

യഥാർഹം ഭൂഷായുധാദിന്യസനം കൃത്വാ – അതതു ദേവന്മാർക്കു യോഗ്യങ്ങളായ ഭൂഷണങ്ങളുടെയും ആയുധങ്ങളുടെയും ന്യാസത്തെച്ചെയ്തു്, ധിയാ ഇഷ്ട്വാ – മാനസപൂജയെച്ചെയ്തു്, ഹൃദയേ പ്രകല്പ്യ – ഹൃദയത്തിങ്കൽ ദേവനെ ധ്യാനിച്ച്, യഥാശക്തി സ്വം മന്ത്രത്തമം ജപ്ത്വാ – യഥാശക്തി നൂററിയെട്ടു തുടങ്ങിയുള്ള സംഖ്യ മൂലത്തെ ജപിച്ച് ലയാംഗം ചെയ്തു രക്ഷിച്ച്, ബഹിഃ സപര്യാദികം ആരഭേത – ശംഖപൂരണാദിബാഹ്യപൂജയെ തുടങ്ങു.

ഭൂഷണമന്ത്രങ്ങളും ആയുധമന്ത്രങ്ങളും അവരവരുടെ ധ്യാനശ്ലോകങ്ങളിൽ പറയുന്നുണ്ട്. അനന്തരം ശംഖപൂരണത്തെ പറയുന്നു:—

കൃത്വാ ഗോമയവാരിണാ സ്വചതുരശ്രം സ്ഥണ്ഡിലം താരതോ
നിക്ഷിപ്യാക്ഷതഗന്ധപുഷ്പകമമുഷ്മിന്നസ്ത്രസംശോധിതം
ശംഖാംഘ്രിം പ്രണിധായ ശംഖമപി തത്തന്മന്ത്രതോ മന്ത്രവി-
ച്ഛംഖേ ന്യസ്യ ഹൃദാത്മകേന മനനാ ഗന്ധപ്രസൂനാക്ഷതം.
[൨൭

മന്ത്രവിത് – മന്ത്രജ്ഞനായ ആചാര്യൻ, ഗോമയവാരിണാ സ്വചതുരശ്രം സ്ഥണ്ഡിലം കൃത്വാ – മുമ്പിൽ ഗോമയജലംകൊണ്ടു ചതുരശ്രമായിട്ടു മെഴുകി, താരതഃ അക്ഷതഗന്ധപുഷ്പകം നിക്ഷി-പ്യ – പ്രണവംകൊണ്ടു ഗന്ധപുഷ്പാക്ഷതത്തെ രണ്ടിടത്തായി

ന്യസിച്ചാൽ അതിലിടത്തുഭാഗത്തു ശുദ്ധജലപൂരിതമായ കിണ്ടി യെ വച്ച് അതിൽ ഗന്ധപുഷ്പാക്ഷതമിട്ട ആപ്യായിച്ച്,

ഇമാ ആപശ്ശിവാഃ സന്തു ശുദ്ധാഃ ശുദ്ധാശ്ച നിർമ്മലാഃ
പാവനാഃ ശീതളാശ്ചൈവ പൂതാഃ സൂര്യസ്യ രശ്മിഭിഃ.

ഈ മന്ത്രവും മൂലവും ഒാത്ത ജപിച്ചാൽ, അമുഷ്മിൻ അസ്ത്ര - സംശോധിതം ശംഖാംഘ്രിം ശംഖം അപി തത്തന്മന്ത്രതഃ പ്രണി ധായ - വലത്തു പുഷ്പാക്ഷതങ്ങളെ ഇട്ടേടത്തു ശംഖുകാലും ശംഖും കൂടി അസ്ത്രമന്ത്രംകൊണ്ടു കഴുകി, അവററിന്നു പറയുന്ന വഹ്നി മണ്ഡലംകൊണ്ടു കാലും സൂര്യമണ്ഡലംകൊണ്ടു ശംഖിനേയും വച്ച്, ശംഖേ ഏകാത്മകേന മനുനാ ഗന്ധപ്രസൂനാക്ഷതം ന്യസ്യ- ശംഖിന്റെ അകത്തു ഹൃദയമന്ത്രംകൊണ്ടു ഗന്ധപുഷ്പാക്ഷതത്തെ ന്യസിപ്പൂ.

സക്ഷാള്യേന ശിരോണുനാ ഉർവിജലൈരാപൂര്യ്യ ഗന്ധാത്മവം
ന്യസ്യാഗ്ന്യർക്കസുധാംശുബിംബമനുഭിഃ പ്രാർച്ച്യാംഘ്രിശംഖോദകം
ശാളിന്യാ ശിഖയോത്പ്ലാവ്യ വിവിഷീകൃത്യാമൃതീകൃത്യ ത-
ത്തോയം നേത്രനിരീക്ഷിതം കരയുജാ പ്രച്ഛാദ്യ വർമ്മാണുനാ.

[ഉ. വ്യ

സക്ഷാള്യേന ശിരോണുനാ ഉർവിജലൈഃ ആപൂര്യ്യ - ക്ഷ ള ഹ സ ഷ ശ വ ല ര യ മ ഭ ബ ഫ പ ന ധ ദ ഥ ത ണ ഢ ഡ ഠ ട ഞ ഝ ജ ഛ ച ങ ഘ ഗ ഖ ക അഃ അം ഔ ഓ ഐ ഏ ൡ ഌ ൠ ഋ ഊ ഉ ഈ ഇ ആ അ ഓം ശി രസേ സ്വാഹാ ഇങ്ങനെ ലിപിപ്രതിലോമവും ശിരോമന്ത്രവും ജപിച്ചു കിണ്ടിയിലെ ജപിച്ച വെള്ളംകൊണ്ടു ശംഖിനെ നിറ ച്ച്, ഗന്ധാത്മവം ന്യസ്യ - സോമമണ്ഡലംകൊണ്ടു ഗന്ധപുഷ്പങ്ങ ളേയും ഇട്ടാൽ, അഗ്ന്യർക്കസുധാംശുബിംബമനുഭിഃ അംഘ്രിശംഖോ ദകം പ്രാർച്ച്യ - വഹ്നിമണ്ഡലംകൊണ്ടു കാലിനേയും, സൂര്യമണ്ഡ ലംകൊണ്ടു ശംഖിനേയും, സോമമണ്ഡലംകൊണ്ടു വെള്ളത്തേയും ജലഗന്ധപുഷ്പാക്ഷതങ്ങളെക്കൊണ്ടു പൂജിച്ച്, ശിഖയാ ശാളിന്യാ ആ തോയം ഉത്പ്ലാവ്യ - ശിഖാമന്ത്രംകൊണ്ടും ശാളിനീമുദ്ര കൊണ്ടും ആ വെള്ളത്തെ അരിച്ചു, വിവിഷീകൃത്യ - ക്ഷ്റൌം നിർവ്വിഷീഭവ എന്നതുകൊണ്ടു ഗരുഡമുദ്രയെ കാട്ടി, അമൃതീകൃത്യ-

അമൃതീകൃത്യ എന്ന സുരഭിമുദ്ര കാട്ടി അമൃതമയമാക്കി, നേത്രനിരീ-
ക്ഷിതം - നേത്രമന്ത്രം കൊണ്ടു നോക്കിയിരിക്കുന്ന ശംഖജലത്തെ
വർമ്മണാവഗുണ്ഠ്യ - കവചമന്ത്രംകൊണ്ട് ചുറ്റു
മൊക്കെ ചുറ്റിയ ... കൊണ്ടുമടക്കി.

ഗന്ധാദ്യൈരഭ്യർച്ച്യ ദിവാകരാത് തീർത്ഥം രവിമണ്ഡലാ-
ദാവാഹ്യാർച്ചിതപീഠകേ സഹ തയാ ദേവം ച മൂലാണുനാ
ആവാഹ്യാംഗയുതം സമർച്ച്യ പരമീകൃത്യ പ്രജപ്യാഷ്ടശോ
വർമ്മന്യസ്യ പ്രതിഷ്ഠാപ്യ കിഞ്ചിദമുനാത്മാനം ത്രിരഭ്യുക്ഷയേൽ. ൨൯

അസ്ത്രേണ സംരക്ഷ്യ - അസ്ത്രായ ഫട് എന്ന-
തുകൊണ്ട് ദിഗ്ബന്ധനാദി രക്ഷാകാര്യങ്ങളെ ചെയ്ത്, അഥ തീർത്ഥ-
മന്ത്രം ചൊല്ലി രവിമണ്ഡലാൽ തീർത്ഥം ആവാഹ്യ—

ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി
നർമ്മദേ സിന്ധു കാവേരി ജലേഽസ്മിൻ സന്നിധിം കുരു.

ഈ തീർത്ഥമന്ത്രംകൊണ്ടു സൂര്യമണ്ഡലത്തിൽനിന്നു തീർത്ഥ-
ചൈതന്യത്തെ ആവാഹിച്ചു, അർച്ചിതപീഠകേ സഹ തയാ
മൂലമന്ത്രേണ ദേവം ച ആവാഹ്യ - പിന്നെ പത്മമാത്രം പീഠത്തെ
പൂജിച്ചു ... പ്രണവാദിമന്ത്രങ്ങളെക്കൊണ്ടു
ദേവനെ ആ ശംഖജലത്തിലാവാഹിച്ചു, അംഗയുതം സമർച്ച്യ -
ആവാഹനമുദ്രകളെ കാട്ടി വ്യാപകവും അംഗന്യാസവും ചെയ്ത്
മൂലം കൊണ്ട് ദേവനെ പൂജിച്ച്, അഷ്ടശഃ പ്രജപ്യ പരമീകൃത്യ -
ശംഖിനെ തൊട്ടുകൊണ്ട് മൂലം എട്ടുരു ജപിച്ചു മന്ത്രമയമായി
കല്പിച്ചു പ്രണവംകൊണ്ടു മൂന്ന് ആഘ്രാണിച്ച്, കിഞ്ചിത് വർമ്മ-
ന്യസ്യ പ്രതിഷ്ഠാപ്യ - ആ വെള്ളത്തിൽ കുറഞ്ഞൊന്ന വലത്തു
കിണ്ടിയിലെ വെള്ളത്തിലാക്കി, അമുനാ ആത്മാനം ത്രിഃ അഭ്യു-
ക്ഷയേൽ - ശേഷിച്ച ശംഖജലംകൊണ്ടു പൂജാഗൃഹത്തെയും പൂജാസാ-
ധനങ്ങളേയും ആത്മാവിനേയും മൂന്ന തളിപ്പൂ. തളിക്കുന്നതിന്
പൂജാഗൃഹം പ്രോക്ഷയാമി, പൂജാസാധനം പ്രോക്ഷയാമി, ആത്മാനം
പ്രോക്ഷയാമി, ഇങ്ങനെ ചെയ്യുന്നു ചിലർ. ഇങ്ങനെ ശംഖ-
പൂരണം.

അനന്തരം പീഠപൂജയെ പറയുന്നു.

ന്യാസക്രമാന്നിജതനൗ പ്രവിലേഖ്യ പീഠം
ഹൃല്പദ്മജന്മനി സമർച്ച്യ പരം മഹസ്തത്

ത്ര്യാധാരമാപൃച്ഛ്യ മഹാംസി നിരഞ്ജനാന്താന്യഥ ശൈ-
വരിഷ്ട്വാ നയേത് പ്രണവതഃ ക്രമവിത് തദൈക്യം. ൧൦

ക്രമവിത് ... ആരാധനാക്രമത്തെ അറിഞ്ഞിരിക്കുന്നവൻ, നിജതനൌ ന്യാസക്രമാത് പീഠം പ്രപൂജ്യ – തന്റെ ശരീരത്തിങ്കൽ പീഠന്യാസത്തിങ്കൽ പറഞ്ഞപോലെ പീഠമന്ത്രങ്ങളെക്കൊണ്ടു പീഠത്തെ പൂജിച്ച്. ആധാരപീഠമന്ത്രം പൃഥിവ്യന്തവും പദ്മവും കൂട്ടിയാലും മതി. മൂലപീഠം തന്നെ കാട്ടിയാൽ മതി. പൂജാരീതിയാണിത്. ഹൃദയപദ്മത്തിങ്കൽ, പരം തന്മഹഃ സംസ്പൃശ്യ – മൂലംകൊണ്ട് ആവാഹിച്ച് മന്ത്രമയമായ ചൈതന്യത്തെ മൂലംകൊണ്ടു അർച്ചിച്ചാൽ, നിരഞ്ജനാന്താന്യഥ ശൈവഃ ത്ര്യാധാരമാപൃച്ഛ്യ മഹാംസി ഇഷ്ട്വാ – സ്ഥാനങ്ങൾ ഉന്മനാന്തങ്ങൾ ഈ പ്രണവാക്ഷരങ്ങളെക്കൊണ്ട് മൂലാധാരത്തിങ്കലും ഹൃദയത്തിങ്കലും ഭ്രൂമദ്ധ്യപദ്മത്തിങ്കലും [illegible] ആത്മാന്തരാത്മപരമാത്മാക്കളായവനെ പൂജാരാധനകളെച്ചെയ്ത് ഈ പ്രണവാക്ഷരംകൊണ്ടു തന്നെ അർച്ചിച്ച്, പ്രണവതഃ തദൈക്യം നയേത് – പ്രണവംകൊണ്ട് ത്രിസ്ഥാനസ്ഥിതതേജസ്സുകളെ ഒന്നാക്കി ഹൃദയത്തിങ്കൽ ആക്കുക.

ആയമ്യ വായുമനസാ സകളീകൃതാംഗഃ
കൃതാസനാദ്യുപഹൃതീഃ ക്രമശഃ സമർപ്യ
താരോപചാരനിജമൂലതദക്ഷരാദ്യൈർ-
ന്യാസക്രമാദഭിയജേജ്ജലഗന്ധപുഷ്പൈഃ. ൧൧

ആയമ്യ. വായും ആയമ്യ സകളീകൃതാംഗഃ കൃതാ – പിന്നെ മൂലംകൊണ്ടു പ്രാണായാമത്രയത്തെച്ചെയ്തു വ്യാപകാംഗങ്ങളെ ന്യസിച്ച്, ക്രമശഃ ആസനാദ്യുപഹൃതീഃ സമർപ്പ്യ – ക്രമേണ ആസനത്തെയും അർഘ്യാദികളെയും ശംഖജലംകൊണ്ടു സമർപ്പിച്ച്, ന്യാസക്രമാത് താരോപചാരനിജമൂലതദക്ഷരാദ്യൈഃ ജലഗന്ധപുഷ്പൈഃ അഭിയജേത് – ന്യസിച്ച സ്ഥാനക്രമേണ പ്രണവോപചാരമൂലമൂലാക്ഷരങ്ങളെക്കൊണ്ടു ജലഗന്ധപുഷ്പങ്ങളെക്കൊണ്ടു ഹൃദയഗതനായിരിക്കുന്ന ദേവനെ പൂജിപ്പൂ.

മൂലേന ഗന്ധസലിലപ്ലുതസർഷപാദ്യൈ-
[illegible]ർവൃത്തിപഞ്ജരമപോഹ്യ[illegible]

ഫാലേ ഗളേഽംസയുഗളേ ഹൃദി പഞ്ചമന്ത്രൈ-
ശ്ശൈവ്യാദിഭിശ്ച പരിഷ്വിതി മൂലതോഽഥ. ൩൨

മൂലേന ഗന്ധസലിലപ്ലുതകരഃ - പിന്നെ അതതു മൂല
മന്ത്രംകൊണ്ടു ശോധിച്ചുള്ള കേശാദിപാദാന്തം രണ്ടു കൈ-
കൊണ്ടും ചന്ദനാദികളെ തേച്ചാൽ, മുരാരെ മൂർത്തിപഞ്ജര-
പദേഷു ദ്വിഷഡ്ഭിഃ നാമഭിഃ അനലിനശ്ച - വിഷ്ണുവിങ്കൽ
കേശവാദി ദ്വാദശമൂർത്തിമന്ത്രങ്ങളെ ന്യസിപ്പാൻ പറഞ്ഞ ലലാ
ടാദിസ്ഥാനങ്ങളിൽ ദ്വാദശനാമങ്ങളെക്കൊണ്ടു ഊർദ്ധ്വപുണ്ഡ്ര
മായിട്ടു ചന്ദനത്തെ തേപ്പൂ. ഈശേ, ഫാലേ ഗളേ അംസയു
ഗളേ ഹൃദി പഞ്ചമന്ത്രൈഃ - ശിവങ്കൽ, നെററിയിങ്കലും കഴു
ത്തിലും രണ്ടു ചുമലിലും ഹൃദയത്തിലും ഈശാനാദിപഞ്ച
മന്ത്രങ്ങളെക്കൊണ്ടു ചന്ദനത്തെ തേയ്പൂ. പരേഷു ഇതി മൂലതഃ -
ശേഷം എല്ലാ ദേവന്മാരിലും തങ്ങളുടെ മൂലമന്ത്രംകൊണ്ട്
ശിവങ്കൽ പറഞ്ഞ സ്ഥാനങ്ങളിൽ ചന്ദനത്തെ തേയ്പൂ. ദുർഗ
യ്ക്കു വിഷ്ണുവിനെപ്പോലെയുമാം.

മൂലേന മൂർദ്ധ്നി കുസുമം നിഖിലേഷു ദത്വാ-
ച്യുതേ കിരീടമനുനാ ച ഫണാംഗപാണൌ
സ്ഥാണ്വാത്മകേന കുസുമാഞ്ജലിമീശ്വരേ ച
കൃത്വാ യജേത് ദ്വിവിധസൂനവരൈരഥേതി. ൩൩

നിഖിലേഷു മൂർദ്ധ്നി മൂലേന മനുനാ ച - എല്ലാ
ദേവന്മാരുടെ ശിരസ്സുകൽ മൂലമന്ത്രംകൊണ്ടും, ഫണാംഗപാണൌ
കിരീടമനുനാ ച - വിഷ്ണുവിങ്കൽ കിരീടമന്ത്രംകൊണ്ടും, ഈശ്വരേ
സ്ഥാണ്വാത്മകേന മനുനാ ച - ശിവങ്കൽ ഉപചാരമന്ത്രം
കൊണ്ടും, പഞ്ചകൃത്വഃ കുസുമാഞ്ജലിം കൃത്വാ - അഞ്ചുരു പുഷ്പാ
ഞ്ജലിയെച്ചെയ്തിട്ടു, അഥ ദ്വിവിധസൂനവരൈഃ ഇതി യജേത് -
പിന്നെ രണ്ടു കൈയിലും രണ്ടു പ്രകാരമുള്ള പുഷ്പങ്ങളെ എടുത്തു
ഇപ്രകാരമാരാധിപ്പൂ.

ദേഹാത്മനോഽക്രമകൃതാഭിഷവാർഘ്യപാദ്യയോഗാൻ
കൃത്വാഥവാ [illegible]ചീകണാവീമ്പതാൻ
നാഭ്യന്തരച്ചില്ല [illegible] ഷഡശേഷമംഗേ
ശേഷേ ശിരസ്യ്ഥ്യുഗപൂർവ്വകമേതദിഷ്ടം. ൩൪

ഹരൌ വിഷ്ണുവിങ്കൽ ശോണനാരായണക്രമത്തോടയപാൎശ്വ യോഗാൻ - വലത്തു ഭാഗത്തു വെളുത്തും ഇടത്തു ഭാഗത്തു ചുകന്നും ഇരിക്കുന്ന പുഷ്പങ്ങളെ കല്പിച്ചു കൈയിൽ രണ്ടില യെടുത്തു, നാഭ്യാന്തമഷ്ടിപ്ര്യവധി ചിത്രാസികണവീരപത്മാൻ - പാദാഗ്രത്തുങ്കൽ തുടങ്ങി നാഭിയിങ്കലോളം തുളസീദളം കല്പയാമി എന്നും, നാഭിയിങ്കൽ തുടങ്ങി ഹൃദയത്തോളം കരവീരദളം കല്പയാമി എന്നും, ഹൃദയത്തുങ്കൽ തുടങ്ങി കണ്ഠത്തുങ്കലോളം പത്മദളം കല്പയാമി എന്നും, കണ്ഠ് - പുരികങ്ങളിൽ തുടങ്ങി ശിരസ്സിങ്കലോളം ഷട്കുസുമാനി കല്പയാമി എന്നും, ശേഷേ അംഗേ അശേഷം - പിന്നെ പാദാഗ്രാദി ശിരസ്സുകളോളം അശേഷ കുസുമാനി കല്പയാമി എന്നും മന്ത്രങ്ങളോടു കൂടി പുഷ്പപൂരണത്തെ ചെയ്വൂ. ഭർഗയിങ്കലും വിഷ്ണുവിങ്കലെപ്പോലെ. ശിവേ എന്നത് അക്ഷയഗപൂർവകം ഇഷ്ടം - ശിവങ്കൽ ഈ പുഷ്പ പൂരണത്തുങ്കൽ ആദിക്ക് അക്ഷദളം കല്പയാമി എന്നു വേണം. ശങ്കരനാരായണാദികൾക്കു ശിവങ്കലെപ്പോലെ ചെയ്വൂ.

ധൂപം ച ദീപം ച സമർപ്പ്യ തസ്മൈ
നിവേദ്യബുദ്ധ്യാ പരചിത്സ്വധാർഘ്യം
ദത്വാർച്ചയിത്വാ പരിതോഷ്യ ചൈനം
ലയാംഗനിഷ്ഠം ച സമാദധീത. ൩൭

തസ്മൈ ധൂപം ച ദീപം ച സമർപ്പ്യ - പിന്നെ ഹൃദയപത്മത്തുങ്കൽ ദേവനായി-ക്കൊണ്ടു മൂർത്തിപൂജാമന്ത്രംകൊണ്ടു ധൂപത്തെയും ദീപത്തെയും തന്മുദ്രകളെക്കൊണ്ടു സമർപ്പിച്ച്, നിവേദ്യബുദ്ധ്യാ പരചിത്സ്വധാർഘ്യം ദത്വാ - കൈയിൽ വെള്ള മെടുത്തു സർവ്വസമയമർഘ്യം സമർപ്പയാമി എന്ന മന്ത്രംകൊണ്ടു നിവേദ്യബുദ്ധ്യാ അർഘ്യത്തെക്കൊടുത്തു മാനസപൂജയും ചെയ്തു, അർച്ചയിത്വാ പരിതോഷ്യ - അർച്ചിച്ചു പ്രസന്നപൂജയും എട്ടുത പുഷ്പാഞ്ജലിയും ചെയ്തു, ഓം തത്സത് എന്നു ബ്രഹ്മാർപ്പണവും പ്രസന്നാർഘ്യവും അവസാനാർഘ്യവും കൊടുത്ത്, ലയാംഗനിഷ്ഠം സമാദധീത - വ്യാപകത്തെയും ലയാംഗത്തെയും ന്യസിച്ചു കല്പിച്ചു ശരീരത്തുങ്കൽനിന്ന് പുഷ്പങ്ങളെ എടുത്തു വടക്കെ നിർമ്മാല്യധാരി മന്ത്രംകൊണ്ട് വടക്കെ ഭാഗത്തു നിലത്തു ഇടേപ്പൂ. ഇങ്ങനെ ആത്മാരാധനം.

കൃത്വാത്മയാഗമിതി തത്ത്വനിവേശിതാത്മാ
ശംഖാദികം ച പരികല്പ്യ ഉത്താർഘ്യകാദ്യഃ
പീഠാർച്ചയോഃ പ്രവികിരേത് കുസുമം സ്വബീജൈ-
ർമ്മൂലേന ബിംബമഥ ചാനലസാലഭിത്തിം. ൩൦

ഇതി ആത്മയാഗം കൃത്വാ - ഇപ്രകാരം ആത്മാരാധനയെ ചെയ്തിട്ട്, തത്ത്വനിവേശിതാത്മാ - ആത്മാവിനെ ഈശ്വരസ്വരൂപമായി കല്പിച്ച്, ശംഖാദികം പരികല്പ്യ - ശംഖജലത്തെയും ഗന്ധപുഷ്പങ്ങളെയും മറ്റും ഉണ്ടാക്കി, ഉത്താർഘ്യകാദ്യഃ - അർഘ്യപാദ്യാചമനാദികളെയും ധൂപദീപങ്ങളെയും സമ്പാദിച്ച്, പീഠാർച്ചയോഃ സ്വബീജൈഃ കുസുമം പ്രവികിരേത് - പീഠത്തിൽ ശക്തിബീജംകൊണ്ടും ബിംബത്തിങ്കൽ മൂലമന്ത്രംകൊണ്ടും പുഷ്പങ്ങളെ ആരാധിച്ച്, അനലസാലഭിത്തിം ചരേത് - ബിംബപീഠങ്ങളെ താലത്രയദിഗ്ബന്ധനാഗ്നിപ്രാകാരങ്ങളെച്ചെയ്ത് രക്ഷിച്ച്.

ഗുരൂനുദഗ് ദക്ഷിണതോ ഗണേശം
പ്രപൂജ്യ പീഠസ്യ യജേദധസ്താത്
ആധാരശക്തിം പ്രകൃതിം ച കൂർമ്മം
സ്വമന്ത്രതോഽനന്തവസുന്ധരേ ച. ൩൧

ഉദക് ഗുരൂൻ ദക്ഷിണതഃ ഗണേശം പ്രപൂജ്യ - വടക്കുഭാഗത്ത് ഗുരുക്കന്മാരെയും തെക്ക് ഗണപതിയെയും ഗും ഗുരുഭ്യോ നമഃ, ഗം ഗണപതയേ നമഃ, എന്ന മന്ത്രങ്ങളെക്കൊണ്ട് പൂജിച്ച് വന്ദിച്ച്, പീഠസ്യ അധസ്താത് സ്വമന്ത്രതഃ ആധാരശക്തിം പ്രകൃതിം കൂർമ്മം അനന്തവസുന്ധരേ ച യജേത് - പീഠത്തിന്റെ ചുവട്ടിൽ ആധാരശക്ത്യൈ നമഃ, മൂലപ്രകൃത്യൈ നമഃ, ആദികൂർമ്മായ നമഃ, അനന്തായ നമഃ, പൃഥിവ്യൈ നമഃ, ഈ അഞ്ചു മന്ത്രങ്ങളെക്കൊണ്ട് യജിച്ച്.

അഗ്ന്യാദി പീഠാംഘ്രിഷു ധർമ്മസംജ്ഞം
സജ്ഞാനവൈരാഗ്യകമൈശ്വര്യമത
നഞ്പൂർവ്വകഞ്ചാപി ച ചതുഷ്കമേതത്
പ്രാഗാദിഗാത്രേഷു ച തദ്വിശിഷ്ടം. ൩൨

അഗ്ന്യാദിപീഠാംഘ്രിഷു — അഗ്നികോണു തുടങ്ങി നാലു കോണുകളിലേയും പീഠത്തിന്റെ കാലുകളിൽ, ധർമ്മസംജ്ഞാനവൈരാഗ്യകം ഐശ്വര്യമെന്നും ച — ധർമ്മായ നമഃ, ജ്ഞാനായ നമഃ, വൈരാഗ്യായ നമഃ, ഐശ്വര്യായ നമഃ ഈ നാലിനേയും, പ്രാഗാദിഗാത്രേഷു ഏതത് നഞ്വിശിഷ്ടം ച അർച്ചയേത — പിന്നെ പീഠത്തിന്റെ ഇഴകളിൽ അധർമ്മായ നമഃ, അജ്ഞാനായ നമഃ, അവൈരാഗ്യായ നമഃ, അനൈശ്വര്യായ നമഃ ഇങ്ങനെ വിശിഷ്ടമായി നാലിനേയും അർച്ചിപ്പൂ.

സാദ്യക്ഷരൈസ്സത്വരജസ്തമാംസി
സമ്പൂജ്യ സൂത്രത്രിതയേ/ഥ മായാം
വിദ്യാം ച തച്ഛാദനവസ്ത്രയുഗ്മേ
തന്മദ്ധ്യഭാഗേ പ്രയജേച്ച പത്മം. ൩൯

അഥ സൂത്രത്രിതയേ സാദ്യക്ഷരൈഃ സത്വരജസ്തമാംസി — പിന്നെ സൂത്രത്രയങ്ങളിൽ സം സത്വായ നമഃ, രം രജസേ നമഃ, തം തമസേ നമഃ ഈ മൂന്നിനേയും, തച്ഛാദനവസ്ത്രയുഗ്മേ മായാം വിദ്യാം ച സംപൂജ്യ — വസ്ത്രദ്വയങ്ങളിൽ മം മായായൈ നമഃ, വിം വിദ്യായൈ നമഃ ഈ രണ്ടിനേയും പൂജിച്ച്, തന്മദ്ധ്യഭാഗേ പത്മം ച പ്രയജേത — അതിന്റെ നടുവിൽ പം പത്മായ നമഃ എന്നു പൂജിപ്പൂ.

സാദ്യക്ഷരാണി ദലകേസരകർണ്ണികാസു
വിഷ്വക് ദിനേശശശിപാവകമണ്ഡലാനി
ആത്മാന്തരാത്മപരമാത്മന ഏവമേവ
ജ്ഞാനാത്മകം യജതു ചോപരി ശക്തിയുക്തം. ൪൦

ദലകേസരകർണ്ണികാസു വിഷ്വക് സാദ്യക്ഷരാണി ദിനേശശശിപാവകമണ്ഡലാനി — പത്മത്തിന്റെ ദളങ്ങളിലും കേസരങ്ങളിലും കർണ്ണികയിങ്കലും ചുററുമായിട്ടു പ്രണവാക്ഷരങ്ങളോടു കൂടി മണ്ഡലങ്ങളെ അം സൂര്യമണ്ഡലായ നമഃ, ഉം സോമമണ്ഡലായ നമഃ, മം വഹ്നിമണ്ഡലായ നമഃ ഈ മൂന്നിനേയും, ഏവമേവ ആത്മാന്തരാത്മപരമാത്മനഃ - ഈവണ്ണം തന്നെ ദലകേസരകർണ്ണികകളിൽ അം ആത്മനേ നമഃ, ഉം അന്തരാത്മനേ നമഃ, മം പരമാത്മനേ നമഃ ഈ ആത്മത്രയത്തേയും, ഉപരി ശക്തി-

യുക്തം ജ്ഞാനാത്മകം പത്മം - മുകളിൽ ഹ്രീം ജ്ഞാനാത്മനേ നമഃ എന്നും പൂജിച്ച്, വിഷ്ണുവിങ്കൽ ശ്രീം ജ്ഞാനാത്മനേ നമഃ എന്നു വേണം.

> പ്രാഗാദി തത്കേസരകർണികാസു
> ശക്തീർന്നവാഭ്യർച്ച്യ നിജാഃ ക്രമേണ
> സമഷ്ടിമന്ത്രേണ യജേന്നിജേന
> സമീരിതാ പീഠസമർച്ചനേതി. ൪൫

തത്കേസരകർണികാസു പ്രാഗാദി — ആ പത്മത്തിന്റെ കേസരങ്ങളിൽ കിഴക്കെ തുടങ്ങി എട്ടു ദിക്കിലും നടുവിലുമായിട്ട്, നിജാഃ നവ ശക്തീഃ ക്രമേണ അഭ്യർച്ച്യ — തങ്ങളുടെ നവശക്തികളെ ക്രമേണ പൂജിച്ച്, നിജേന സമഷ്ടിമന്ത്രേണ യജേത് - തങ്ങളുടെ സമഷ്ടിമന്ത്രംകൊണ്ട് എല്ലാടവുമായിട്ടും പൂജിപ്പൂ. ഇതി പീഠസമർച്ചനാ സമീരിതാ — ഇപ്രകാരം പീഠപൂജാക്രമവും മന്ത്രവും പറയപ്പെട്ടു.

> പീഠം പദാദ്യം [illegible] സമാനക്രമം
> പ്രാക് പ്രാഗാദി പദാത്മാദിഭിരന്വിതം [illegible]
> ബിംബാത്മകാപഞ്ചപദ്മനവശക്ത്യന്ത്യം ക്വചിത് കുമാരീഹരി-
> ശ്രീശേശേഷു തതഃ പദാന്തനവശക്ത്യൂർദ്ധ്വച്ഛദനബിംബാ-
> [ത്മകം. ൪൬

പദാദ്യം പദാന്തം പീഠം - പദമായ നമഃ എന്ന കഴിവോളമുള്ള പീഠമന്ത്രം, [illegible] പ്രാക് സമാനക്രമം — ദുർഗയെ കൂടാതെ ശേഷം എല്ലാ ദേവതമാർക്കും ശിവനോടു തുല്യമായിരിക്കും. [illegible] പദാന്ത് പ്രാക് [illegible] — വിഷ്ണുവിങ്കൽ പദമായ നമഃ എന്നതിന്റെ മുമ്പിൽ അനന്തായ നമഃ എന്നു കൂടെ കൂടിയിരിക്കും ഇത്. കുമാരീഹരശ്രീശേശേഷു ബിംബാത്മകാപർ [illegible] പദ്മനവശക്തി എന്നത് — ദുർഗയിങ്കലും വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും മണ്ഡപത്തിലും ആത്മചതുഷ്കവും കഴിഞ്ഞു മുകളിൽ നവശക്തികളോടുകൂടെയിരിക്കും ഈ പീഠമന്ത്രം. തതഃ പദാന്തനവശക്ത്യൂർദ്ധ്വച്ഛദനബിംബാത്മകം - ശേഷം ശിവ [illegible] ശാസ്താക്കന്മാരിൽ നവശക്തികളോടുകൂടെ [illegible] ആത്മചതുഷ്കവും വേണം. എല്ലാവർക്കും ഒടുക്കം സമഷ്ടി തന്നെ.

ദുർഗ്ഗായാഃ പീഠമന്ത്രത്തെ പറയുന്നു—

മായാദ്യവർമ്മയുതാവധഃ പ്രകൃതിദുർഗ്ഗെയാ പീഠകേ കേവലൈഃ
സപാദ്യർണൈരപി ഗാത്രഗാഃ സലവകൈഃ സത്യൌജസ്യാം ച ഭദ്രാം [ജയാം
ഇഷ്ടാപാത്ത്വാം ച പുനർബലാപ്രബലകേ ക്ലീബാർണസംഭിന്നകം-
ബീജാഢ്യാൻ സ്വബലം മഹാബലമപി ചാഗ്ന്യാദിപീഠാംഘ്രിഗാൻ. [ർച്ച
സത്യാദീനി യഥോദിതം യജതു കന്ദം നാളപത്രേ ക്രമാത് -
ബിന്ദ്വന്തൈഃ ക്ലൂനലാക്ഷകൈർവിഗതബിന്ദ്വാദിയുക്തൈഃ ക്രമാത്
ഭാസച്ഛ്രീതത്വമണ്ഡലേ ബിന്ദ്വാദി ബിന്ദും സകേബീജകം
ദുർഗ്ഗായാ പീഠശക്തി മിഷ്ടാ നവശക്ത്യാദ്യം പൃഥക് പ്രോച്യതേ ൪൪

ദുർഗ്ഗായാഃ പീഠകേ അധഃ മായാദ്യവർമ്മയുതൌ പ്രകൃതി
ദുർഗ്ഗൌ - ദുർഗ്ഗാപീഠത്തിൽ പീഠത്തിന്റെ അടിയിൽ ഹ്രീമിനോടും ക്രോം
ബീജത്തോടും കൂടി പ്രകൃതിദുർഗ്ഗമാരെ ഹ്രീം പ്രകൃത്യൈ നമഃ,
ക്രോം ദുർഗ്ഗായൈ നമഃ ഇവ രണ്ടിനേയും, കേവലൈഃ സലവകൈഃ
സപാദ്യർണൈഃ സത്യാം ഭദ്രാം ജയാം ഇഷ്ടാം ച ഗാത്രഗാഃ -
കേവലം തന്റെ ആദ്യക്ഷരബീജത്തോടു കൂടി സം സത്യായൈ
നമഃ, ഭം ഭദ്രായൈ നമഃ, ജം ജയായൈ നമഃ, ഇം ഇഷ്ടായൈ
നമഃ ഈ നാലു മന്ത്രങ്ങളെ നാലു ദിക്കുകളിലെ ഗാത്രകളിലും,
ക്ലീബാർണസംഭിന്നകംബീജാഢ്യാൻ ബലപ്രബലകൌ സ്വബലം
മഹാബലം അപി അഗ്ന്യാദിപീഠാംഘ്രിഗാൻ ച ഇഷ്ടാ -
ഋ ൠ ഌ ൡ ഈ ക്ലീബാക്ഷരങ്ങളോടു കൂടിയ കം ബീജയുക്ത
ങ്ങളായിട്ട് ഋം ബലായൈ നമഃ, ൠം പ്രബലായൈ നമഃ, ഌം സ്വബ
ലായ നമഃ, ൡം മഹാബലായ നമഃ ഈ നാലു മന്ത്രങ്ങളെ
അഗ്ന്യാദി കോണുകളിലെ കാലുകളിൽ പൂജിച്ചാൽ, യഥോദിതം
സത്യാദീനി യജതു - പറഞ്ഞപോലെ സത്യവസ്തുക്കളിൽ
സത്യാദി നാലിനേയും പൂജിപ്പൂ. ബിന്ദ്വന്തൈഃ ക്ലൂനലാ
ക്ഷകൈഃ കന്ദം നാളപത്രേ ച ക്രമാൽ - ബിന്ദുയുക്തങ്ങളായ ക്ലൂം
എന്നും നം എന്നും ലം എന്നും ക്ഷം എന്നും കൂട്ടി ക്ലൂം കന്ദായ നമഃ,
നം നാളായ നമഃ, ലം പത്രായ നമഃ ഈ മൂന്നിനേയും നടുവിൽ
താഴെ ഇടങ്ങി മേല്പോട്ടും പൂജിപ്പൂ. വിഗതബിന്ദ്വാദിബീജയുക്ത
ഭാസച്ഛ്രീതത്വമണ്ഡലേ - ബിന്ദുകൂടാത്ത അ ഉ എന്ന ബീജത്തോടു

കൂടി സൂര്യമണ്ഡലത്തെയും സോമമണ്ഡലത്തെയും, സബിന്ദുബീജകം ഉള്ളതുമായ ബിംബം ബീജത്തോടു കൂടി വഹ്നിമണ്ഡലത്തെയും പൂജിപ്പൂ. അം സൂര്യമണ്ഡലായ നമഃ, ഉം സോമമണ്ഡലായ നമഃ, രം വഹ്നിമണ്ഡലായ നമഃ ഇങ്ങനെ മന്ത്രങ്ങൾ. ഇതി തി ഷിതം - ഇത്രമാത്രം ചൊല്ലി വിധിച്ചു. അഥ നവശക്ത്യാദ്യം പൃഥക് പ്രോച്യതേ - അനന്തരം നവശക്തികളെയും സമഷ്ടിയെയും വെവ്വേറെ പറയുന്നു.

> വിമലോൽകർഷിണ്യൌ ച
> ജ്ഞാനാ ക്രിയാ ച യോഗാ ച
> പ്രഹ്വീ സത്യേശാനാനുഗ്രഹാഖ്യാ
> നവ ശക്തയോ ഹരിഹരീശേ ൪൧

ഹരിഹരീശേ - വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും വിമലായൈ നമഃ, ഉൽകർഷിണ്യൈ നമഃ, ജ്ഞാനായൈ നമഃ, ക്രിയായൈ നമഃ, യോഗായൈ നമഃ, പ്രഹ്വ്യൈ നമഃ, സത്യായൈ നമഃ, ഈശാനായൈ നമഃ, അനുഗ്രഹായൈ നമഃ, നവശക്തയഃ - ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

> വാമാ ജ്യേഷ്ഠാ രൌദ്രീ
> കാളീ കലവികരണീ ബലവികരിണ്യൌ
> ബലപ്രമഥിന്യൌ
> സർവ്വഭൂതദമനീ മനോന്മനീ ച ശിവേ ൪൨

ശിവേ - ശിവങ്കൽ, വാമായൈ നമഃ, ജ്യേഷ്ഠായൈ നമഃ, രൌദ്ര്യൈ നമഃ, കാള്യൈ നമഃ, കലവികരിണ്യൈ നമഃ, ബലവികരിണ്യൈ നമഃ, ബലപ്രമഥിന്യൈ നമഃ, സർവ്വഭൂതദമന്യൈ നമഃ, മനോന്മന്യൈ നമഃ ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

> പ്രഭാ മായാ ജയാ സൂക്ഷ്മാ വിശുദ്ധാ നന്ദിനീ പുനഃ
> സുപ്രഭാ വിജയാ സർവ്വസിദ്ധിദാ ച ഘനാക്രമം ൪൩
> ആദിത്രിദീർഘൈർഷഷ്ഠബിന്ദുകൈസ്സന്ധ്യർണ്ണൈശ്ച സഷണ്ഠിതാഃ
> ഷണ്ഡാ ബിന്ദുവിസർഗ്ഗാഢ്യാമന്ത്രി സ്യുർമ്മഹിഷമർദ്ദിനി ൪൪

മഹിഷമർദ്ദിനി - ദുർഗ്ഗയിങ്കൽ, ആദൌ, ബിന്ദുകങ്ങളോട് ആദിത്രിദീർഘൈഃ ബിന്ദുവോടു കൂടിയ ആ ഈ ഊ എന്നും, സന്ധ്യക്ഷരങ്ങൾ ഏ ഐ ഓ ഔ എന്നും, ബിന്ദുവിസർഗ്ഗാഢ്യാം

ഞം നമഃ എന്നും, ശ്രുതാഃ സമന്വിതാഃ — ഈ പ്രകാരം [illegible] കൂട്ടിക്കൊള്ളൂ. അം പ്രഭായൈ നമഃ, ഇം മായായൈ നമഃ, ഉം ജയായൈ നമഃ, ഋം സൂക്ഷ്മായൈ നമഃ, ൠം വിശുദ്ധായൈ നമഃ, ഌം നന്ദിന്യൈ നമഃ, ഐം സുപ്രഭായൈ നമഃ, ഔം വിജയായൈ നമഃ, അഃ സർവസിദ്ധിദായൈ നമഃ, ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

വിദ്യാ ശാന്തിഃ സ്മൃതിർമേധാ പ്രജ്ഞാ കാന്തിർധൃതിർദ്യുതിഃ
വ്യാപിന്യപി കുമാരേ സ്യുരേതാ [illegible]. ൪൯

കുമാരേ-സുബ്രഹ്മണ്യങ്കൽ, [illegible] എന്നു പുട്ടിയ [illegible] കൂടി നവശക്തി [illegible] വേണ്ടതാവും. [illegible] യാം വിദ്യായൈ നമഃ, രാം ശാന്ത്യൈ നമഃ, ലാം സ്മൃത്യൈ നമഃ, വാം മേധായൈ നമഃ, ശാം പ്രജ്ഞായൈ നമഃ, ഷാം കാന്ത്യൈ നമഃ, സാം ധൃത്യൈ നമഃ, ഹാം ദ്യുത്യൈ നമഃ, ക്ഷാം വ്യാപിന്യൈ നമഃ, ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

തീവ്രാ ച ജ്വാലിനീ നന്ദാ ഭോഗദാ കാമരൂപിണീ
ഉഗ്രാ തേജോവതീ സത്യാ വിഘ്നേ നിത്യാ വിഘ്നനാശിനീ. ൫൦

വിഘ്നേ — ഗണപതിയിങ്കൽ, തീവ്രായൈ നമഃ, ജ്വാലിന്യൈ നമഃ, നന്ദായൈ നമഃ, ഭോഗദായൈ നമഃ, കാമരൂപിണ്യൈ നമഃ, ഉഗ്രായൈ നമഃ, തേജോവത്യൈ നമഃ, സത്യായൈ നമഃ, വിഘ്നനാശിന്യൈ നമഃ, ഇങ്ങനെ നവശക്തിമന്ത്രം.

ദീപ്തിസ്സത്യാ പ്രഭാ കാന്തിർവിഭൂതിർമാലിനീ തഥാ
സംസൃഷ്ടിഃ പുഷ്ടിരപ്യാര്യേ നവമീ കാമരൂപിണീ. ൫൧

ആര്യേ — ശാസ്താവിങ്കൽ, ദീപ്ത്യൈ നമഃ, സത്യായൈ നമഃ, പ്രഭായൈ നമഃ, കാന്ത്യൈ നമഃ, വിഭൂത്യൈ നമഃ, മാലിന്യൈ നമഃ, സംസൃഷ്ട്യൈ നമഃ, പുഷ്ട്യൈ നമഃ, കാമരൂപിണ്യൈ നമഃ, ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

ഇതി സപ്തസു ദേവേഷു സമുക്താ നവ ശക്തയഃ
തത്തത്സമഷ്ടിമന്ത്രാംശ്ച തത്പൂർവ്വൈത്ത്യ കീർത്തയാമ്യഹം. ൫൨

സപ്തസു ദേവേഷു നവ ശക്തയഃ ഇതി സമുക്താഃ — വിഷ്ണ്വാദി ഏഴു ദേവന്മാരിലും നവശക്തികൾ ഈ പ്രകാരം പറയപ്പെട്ടു.

ശേഷം തത്പൂരണാർത്ഥം തത്തത്സമഷ്ടിമന്ത്രാൻ ച കീർത്തയാമി – ഞാൻ തത്പൂരണത്തിന്നായിക്കൊണ്ട് അവരവരുടെ സമഷ്ടിമന്ത്രങ്ങളെയും പറയുന്നു.

നാരായണായ ഭഗവതേ വിഷ്ണവേ വർണ്ണകാൻ ക്രമാത്
സർവ്വഭൂതാത്മനേ വാസുദേവായേതി ച കീർത്തയേത്. ൧൩

സർവ്വാത്മസംയോഗയോഗപത്മപീഠാത്മനേ നമഃ
ഇത്യയം സ്യാത് സമഷ്ട്യാത്മാ ഹരിഹരീശയോഃ ൧൪

ഹരിഹരീശയോഃ അത്ര – വിഷ്ണുവിന്റെയും ശങ്കരനാരായണന്റെയും ഇവിടെ, നാരായണായ ഭഗവതേ വിഷ്ണവേ എന്നും, സർവ്വഭൂതാത്മനേ വാസുദേവായ എന്നും ചൊല്ലീട്ട്, സർവ്വാത്മസംയോഗയോഗപത്മപീഠാത്മനേ നമഃ ഇതി അയം സമഷ്ട്യാത്മമന്ത്രഃ സ്യാത് – ഇപ്രകാരം പറഞ്ഞ ഈ മന്ത്രം സമഷ്ടിമന്ത്രമായി ഭവിക്കും.

പ്രണവാന്തിമഭഗവദ്യുതസകലഗുണാത്മശക്തിയുക്തായ
യുക്താനന്താദികം യോഗാന്തം പീഠാത്മനേ നമോ ശിവേ. ൧൫

ശിവേ – ശിവങ്കൽ, പ്രണവാന്തിമഭഗവദ്യുത നമോ ഭഗവതേ എന്നും കൂടി, സകലഗുണാത്മശക്തിയുക്തായ അനന്തായ യോഗപീഠാത്മനേ നമഃ ഇങ്ങനെ സമഷ്ടിമന്ത്രം.

താരാദി വജ്രനഖദംഷ്ട്രായുധപദമാദ്യസംയുതം വദേത്
സമഹാസിംഹായേത്യന്തം ഹുംഫൾ നമ ഇത്യപി ച മഹിഷമർദ്ദിന്യാം.
[൧൬

മഹിഷമർദ്ദിന്യാം താരാദി വജ്രനഖദംഷ്ട്രായുധപദം ആദ്യസംയുതം – ഓം വജ്രനഖദംഷ്ട്രായുധായ എന്നും, സമഹാസിംഹായാർണ്ണം ഹുംഫൾ നമഃ ഇതി അപി വദേത് – മഹാസിംഹായ ഹുംഫൾ നമഃ എന്നും ചൊല്ലൂ. ഇതി – ഇപ്രകാരം സമഷ്ടി മന്ത്രം.

ഓങ്കാരശക്തിഗണപതിബീജയുതം വദേത് സർവ്വശക്ത്യർണ്ണം
കമലാസനായവർണ്ണം പ്രണതിയുതം വിഘ്നരാജേ ച. ൧൭

വിഘ്നരാജേ ച — ഗണപതിയിങ്കലും, ഓങ്കാരശക്തിഗണപതിബീജയുതം സര്വ്വശക്ത്യർണ്ണം — ഓം ഹ്രീം ഗം സര്വ്വശക്തി എന്നും, കമലാസനായവർണ്ണം പ്രണതിയുതം വദേത് — കമലാസനായ നമഃ എന്നും ചൊല്ലുക. ഇങ്ങനെ സമഷ്ടിമന്ത്രം.

താരം പ്രഭൂതസിംഹാസനായ സര്വ്വാക്ഷരാണി ശക്ത്യർണ്ണം
മൂർത്തയോഗമയപദ്മായേതി നമോഽന്തം പുനഃ പ്രധാനാദേഃ. ൮൮

പുനഃ പ്രധാനാദേഃ — പിന്നെ ശാസ്താവിങ്കൽ, താരം പ്രഭൂതസിംഹാസനായ സര്വ്വാക്ഷരാണി — ഓം പ്രഭൂതസിംഹാസനായ സര്വ്വ എന്നും, ശക്ത്യർണ്ണം മൂർത്തയോഗപദ്മായ നമോഽന്തം ഉച്ചാര്യ — ശക്തിമൂർത്തയോഗപദ്മായ നമഃ എന്നും ചൊല്ലൂ ഇതി — ഇപ്രകാരം സമഷ്ടിമന്ത്രം.

ഓം സര്വ്വശക്തിയുക്തേത്യാദി മധുരാക്ഷരാദികം വദേത്
കമലാസനായ നമഃ ഇതി ഈശാദ്യകതേ കീർത്തിതാഃ സമഷ്ടിപ്ര-
[ണവാഃ. ൮൯

ഇതരേ ച — ഓം സര്വ്വശക്തിയുക്ത ഇത്യാദി മധുരാക്ഷരാദികം കമലാസനായ നമഃ ഇതി വദേത് — മറ്റുള്ളവർക്കെല്ലാം ഓം സര്വ്വശക്തിയുക്ത എന്ന ആദിയായി മധുരകമലാസനായ നമഃ എന്നും ചൊല്ലൂ. ഇങ്ങനെ സമഷ്ടിമന്ത്രം. ഏതേ സമഷ്ടിപ്രണവാഃ കീർത്തിതാഃ — ഇപ്രകാരം എല്ലാ ദേവന്മാർക്കും സമഷ്ടിമന്ത്രങ്ങളെ പറയപ്പെട്ടു.

തത്തത്സമുക്തവിധിനേതി സമർച്ച്യ പീഠം
തോയാദിഭിസ്തദുപധാം പ്രകൃതിം പ്രതർപ്യ
മൂർത്തിം ച തത്ര മനസാ വിമലാം പ്രകല്പ്യ
തസ്യാമിവാഹയതു മന്ത്രപതിം ച മന്ത്രീ. ൯൦

മന്ത്രീ — ആവാഹനമന്ത്രക്രമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, ഇതി തത്തത്സമുക്തവിധിനാ പീഠം തോയാദിഭിഃ സമർച്ച്യ — ഇപ്രകാരം അവരവർക്ക് പറഞ്ഞിരിക്കുന്ന മന്ത്രങ്ങളെക്കൊണ്ട് ജലഗന്ധപുഷ്പധൂപദീപങ്ങളോടുകൂടി പീഠത്തെ പൂജിച്ച്, തദുപധാം പ്രകൃതിം പ്രതർപ്യ — പീഠാശ്രയമായ പ്രകൃതിയെ തത്തൽപ്രകൃതിബീജംകൊണ്ട് ആരാധിച്ച്, സർവ്വസമർപ്പണത്തെ കൊടുത്തു മാനസപൂജയും ചെയ്തു സന്തോഷിപ്പിച്ച്, തത്ര മന

ബിംബത്തിന്റെ മൂർത്തിയെ പ്രകല്പ്യ - ആ പീഠത്തിങ്കൽ ഓം നമോ നാരായണായ വിഷ്ണുമൂർത്തയേ നമഃ ഓം നമഃ ശിവായ സദാശിവമൂർത്തയേ നമഃ, ഇത്യാദി അവരവരുടെ മൂർത്തിമന്ത്രംകൊണ്ട് ആവാഹ്യ മന്ത്രമയിയായിരിക്കുന്ന മൂർത്തിയെ കല്പിച്ച്, ആ മന്ത്രമൂർത്തൗ ആവിരാസന്ത്യ - അവിടെ മന്ത്രചൈതന്യത്തെ ആവാഹിച്ച്.

ആവാഹനക്രമം തന്നെ പറയുന്നു:—

താരത്രയം പ്രണവസംഹാരണേന ഗമാർത്ഥ-
മൂലാധാരാദുത്ഥിതമന്ത്രിജഹൃദംബുജാത്
ഉന്നീയ ചൈതന്യകലാം വിവരേണ ബന്ധാത്
താരേണ പാണൗ പുനർധൃതോ വിലാപ്യ. ൩൭

മന്ത്രാത്മനാ പരിണമയ്യ സുധീഃ സസംബു-
ദ്ധ്യാഗപുഷ്പയുഗമഞ്ജലിനാ തദംഘ്രൗ
ആവാഹയേന്മനസി മന്ത്രപുഷ്പഗന്ധ-
ന്തർഗതാം തദനു യാഗ മന്ത്രമൂർത്തൗ. ൩൮

സുധീഃ ബുദ്ധിയോടു കൂടിയിരിക്കുന്ന ആചാര്യൻ തന്റെ കൈകളിൽ ഗന്ധപുഷ്പങ്ങളെ എടുത്ത് മൂലാധാരസമീപത്തു പിടിച്ച്, പ്രണവസംഹാരണേന ഗമാർത്ഥം താരത്രയം ഉത്ഥാപ്യ-മൂലാധാരചൈതന്യത്തിന്റെ ഉദ്ധാരത്തിനായിട്ടും മനോമയാഞ്ജലിയിലാക്കുന്നതിനെ സംഗ്രഹിക്കുന്നതിനായിട്ടും അവിടെ നിന്നു സുഷുമ്നാനാഡിയിൽ കൂടെ മേല്പോട്ടു പൊക്കുന്നതിനായിട്ടും മൂന്നു പ്രണവങ്ങളെ ജപിച്ച് ഗന്ധപുഷ്പങ്ങളോടും കൂടി അഞ്ജലിമുദ്രയോടു കൂടി ഹൃദയപത്മത്തോളമുയർത്തിയാൽ, ഉപചാരത്തിനുള്ള് - തന്റെ, തന്റെ ഉപചാരമന്ത്രംകൊണ്ട് ആ ദേവനെ സ്തുതിച്ച്, നിജഹൃദംബുജാത് ചൈതന്യകലാം ഉന്നീയ - തന്റെ ഹൃദയപത്മത്തിങ്കൽ നിന്നു ചൈതന്യത്തിന്റെ അംശത്തെ ഉയർത്തി, താരേണ ബന്ധാത് വിവരേണ - പ്രണവം ജപിച്ച് ആ ചൈതന്യങ്ങളിങ്കൽ നിന്നു പുനര്‍ ധ്യാതഃ പിന്നെ ആത്മനി വിലാപ്യ - പിന്നെയും പ്രണവത്തെ ജപിച്ച് ദ്വാദശാന്തപത്മസ്ഥിതമായിരിക്കുന്ന പരമാത്മാവിങ്കൽ യോജിപ്പിച്ച്, മന്ത്രാത്മനാ പരിണമയ്യ - മൂലമന്ത്രം ജപിച്ച് തന്മന്ത്രസ്വരൂപനെ ധ്യാനിച്ച്, സസംബുദ്ധ്യാ ആഗപുഷ്പയുഗം അഞ്ജലിനാ - സംബോധനവിഭക്തിയോടു കൂടി

വിശ്വേശ്വാ സമാഗച്ഛ ഇത്യാദി ഭഗവൻ ആഗച്ഛ ആഗച്ഛ എന്നു ചൊല്ലി, തന്റെ അഞ്ജലിസ്ഥപ്രസൂനഗന്ധതോയം അവതാർച്ച്യ പ്രണവം ജപിച്ചു പരമാത്മാവിൽനിന്നു വേർപെട്ടിരിക്കുന്ന ചൈതന്യത്തെ സുഷുമ്നാനാഡിയിൽ കൂടെ താഴ്ത്തി പിംഗലയിലാക്കി ആവാഹയാമി എന്നു ജപിച്ചു വലത്തെ നാസാപുടമാകുന്ന പിംഗലാമുഖത്തിലൂടെ പുറത്തുകൊണ്ടുവന്നു കൈകളിൽ സംഗ്രഹിച്ചിരിക്കുന്ന ഗന്ധപുഷ്പാക്ഷതങ്ങളിൽ പ്രവേശിപ്പിച്ച്, മന്ത്രമൂർത്തി തന്മയമായ് – മൂലമന്ത്രം ജപിച്ചു ഗന്ധപുഷ്പാക്ഷതങ്ങളെ ബിംബഹൃദയത്തിങ്കൽ ആരോപിക്കുമ്പോൾ ആ ചൈതന്യം ബിംബത്തിന്റെ വാമനാസാപുടമാകുന്ന ഇഡാമുഖത്തിൽ കൂടെ അകത്തു പ്രവേശിച്ചു സുഷുമ്നാമാർഗ്ഗേണ ബിംബഹൃദയപത്മത്തിങ്കൽ ശോഭിക്കുമാറു ധ്യാനിച്ചു പിന്നെയും പുഷ്പങ്ങളെ ആരാധിച്ചു തൻമുദ്രകളേയും കാട്ടു.

> ആവാഹിതോ ഭവേത്യാവാഹനീ ച
>
> സംസ്ഥാപനീ സമ്മുഖീ സന്നിരോധനീ ച
>
> കാട്ടുക സകലീകരണീ പരമീകരണീ പ്രസാദ-
>
> ന്യാഖ്യാ ച പഞ്ചമുദ്രാഃ ക്രമശോ മുദ്രാഃ. ൩൭

അഗ്ര ആവാഹനാദിമുദ്രകളെ കാട്ടുക – ആവാഹിതോ ഭവ, സംസ്ഥാപിതോ ഭവ, സന്നിരുദ്ധോ ഭവ, സമ്മുഖീ ഭവ, പ്രസീദ പ്രസീദ ഈ മന്ത്രങ്ങളെക്കൊണ്ട്, ആവാഹനീ സംസ്ഥാപനീ സമ്മുഖീകരണീ സന്നിരോധനീ സകലീകരണീ പരമീകരണീ പ്രസാദന്യാഖ്യാ ച പഞ്ച മുദ്രാഃ കാട്ടുക – ക്രമശഃ ആവാഹനമുദ്രയും സംസ്ഥാപനിമുദ്രയും സന്നിരോധനിമുദ്രയും സമ്മുഖീകരണിമുദ്രയും പ്രസാദനിമുദ്രയും ഇങ്ങനെ അഞ്ചു മുദ്രകളെ കാട്ടു.

> കേശാദി പാദപര്യന്തം മന്ത്രവിജ്ജാപി
>
> വ്യാപയ്യ ഗന്ധസലിലാർച്ചിതദോർദ്വയേന
>
> വിന്യസ്യ സർവ്വമിഹ സായുധഭൂഷണാന്തം
>
> ദേവം വിധായ തദനന്തരമർച്ചയിത്വാ ൩൮

മന്ത്രവിജ്ജാപി – മൂലമന്ത്രത്തെ ജപിച്ച്, ഗന്ധതോയാർച്ചിതദോർദ്വയേന കേശാദിപാദപര്യന്തം വ്യാപയ്യ – രണ്ടു കൈകളിലും ചന്ദനം തേച്ചുകൊണ്ടു ശിരസ്സിൽ തുടങ്ങി പാദാഗ്രത്തോളം മൂന്നു വ്യാപകങ്ങളെ ചെയ്ത്, ഇഹ സായുധഭൂഷണാന്തം സർവ്വം

വിന്യസ്യ – ഷഡധ്വാക്കളെ എങ്കിലും ലിപിതത്വങ്ങളെ എങ്കിലും ന്യസിച്ച്, മൂലാക്ഷരാംഗങ്ങളേയും അവരവരുടെ ആയുധഭൂഷണങ്ങളേയും ന്യസിച്ച്, തത്തദന്തോപപത്ത്യാ ദേവം വിഭാവ്യ – അതതു മൂലമന്ത്രയോഗ്യമായിരിക്കുന്ന ധ്യാനങ്ങളെക്കൊണ്ടു ദേവനെ ധ്യാനിപ്പൂ.

അനന്തരം ധ്യാനങ്ങളെ പറയുന്നു:—

ഭാസ്വദ്ഭാസ്വത്സഹസ്രപ്രഭമരിദരകൌമോദകീപങ്കജാനി
ദോർഭിർദ്ദീർഘൈർബാഹുദണ്ഡൈർദ്ധൃതമജിതമാപീതവാസോവസാനം
ധ്യായേത് സ്ഫായത്കിരീടോജ്ജ്വലമകുടമഹാകുണ്ഡലം വന്യമാലാ-
വത്സശ്രീകൌസ്തുഭാഢ്യം സ്മിതമധുരമുഖം ശ്രീധരാശ്ലിഷ്ടപാർശ്വം.

[൩൭

ഭാസ്വദ്ഭാസ്വത്സഹസ്രപ്രഭം — ശോഭിച്ചിരിക്കുന്ന ആയിരമാദിത്യന്റെ പ്രഭപോലെയിരിക്കുന്ന പ്രഭയോടു കൂടിയും, ദോർഭിർദ്ദീർഘൈഃ ബാഹുദണ്ഡൈഃ അരിദരകൌമോദകീപങ്കജാനി ധൃതം – ദീർഘങ്ങളായിരിക്കുന്ന നാലു തൃക്കൈകളെക്കൊണ്ടു ചക്രത്തേയും ശംഖിനേയും കൌമോദകിയാകുന്ന ഗദയേയും താമരപ്പൂവിനേയും ധരിച്ചിരിക്കുന്ന പ്രകാരവും, ആപീതവാസോ വസാനം- മഞ്ഞനിറമായ വസ്ത്രത്തെ ഉടുത്തിരിക്കുന്ന പ്രകാരവും, സ്ഫായത് കിരീടോജ്ജ്വലമകുടമഹാകുണ്ഡലം – ശോഭയോടു കൂടിയ കിരീടത്തോടും മകുടത്തോടും മകരകുണ്ഡലങ്ങളോടും കൂടിയും, വന്യമാലാവത്സശ്രീകൌസ്തുഭാഢ്യം – വനമാലയോടും ശ്രീവത്സത്തോടും കൌസ്തുഭത്തോടും കൂടിയും, സ്മിതമധുരമുഖം – മന്ദസ്മിതംകൊണ്ടു മാധുര്യമായ മുഖത്തോടും കൂടിയും, ശ്രീധരാശ്ലിഷ്ടപാർശ്വം – ഇടത്തു ഭാഗത്തു ശ്രീഭഗവതിയോടും വലത്തു ഭാഗത്തു ഭൂമിദേവിയോടും കൂടിയും, അജിതം ധ്യായേത് – വിഷ്ണുവിനെ ധ്യാനിക്കണം. ഇങ്ങനെ ധ്യാനം പറഞ്ഞതുകൊണ്ട് ആയുധങ്ങളേയും ഭൂഷണങ്ങളേയും ന്യാസത്തുങ്കലേക്കും പൂജയിങ്കലേക്കും സൂചിപ്പിച്ച് ഇരിക്കുന്നു. അപ്പോൾ ചക്രായ നമഃ, ശംഖായ നമഃ, ഗദായൈ നമഃ, പത്മായ നമഃ, ഇങ്ങനെ നാലു് ആയുധങ്ങൾ. കിരീടായ നമഃ, മകുടായ നമഃ, മകരകുണ്ഡലാഭ്യാം നമഃ, വനമാലായൈ നമഃ, ശ്രീവത്സായ നമഃ,

ശ്രീകൌസ്തുഭായ നമഃ, ശ്രിയൈ നമഃ, പുഷ്ട്യൈ നമഃ, വൈനതേയായ നമഃ ഇങ്ങിനെ പഞ്ചഭൂഷണങ്ങളേയും തത്തന്മുദ്രയാ ന്യസിക്കയും മൂർത്തിപൂജാദികളിൽ പൂജിക്കയും വേണം.

ബിഭ്രദ്ദോർഭിഃ കുഠാരം മൃഗമഭയവരൌ സുപ്രസന്നോ മഹേശഃ
സർവ്വാലങ്കാരദീപ്തഃ സരസിജനിലയോ വ്യാഘ്രചർമ്മാത്തവാസാഃ
ധ്യേയോ മുക്താപരാഗാമൃതരസകലിതാദ്രിപ്രഭഃ പഞ്ചവക്ത്ര-
സ്ത്ര്യക്ഷഃ കോടീരകോടീഘടിതതുഹിനരോചിഷ്കലാതുംഗമൌലിഃ.
[ന്ദ്ര

ദോർഭിഃ കുഠാരം മൃഗം അഭയവരൌ ബിഭ്രത് – നാലു തൃക്കൈകളെക്കൊണ്ടു പരശുവിനേയും മൃഗത്തേയും അഭയത്തേയും വരത്തേയും ധരിച്ച് ഇരിക്കുമാറും, സുപ്രസന്നഃ - ഏററവും പ്രസന്നമായ മുഖത്തോടും കൂടി ഇരിക്കുമാറും, സർവ്വാലങ്കാരദീപ്തഃ – കടകാംഗുലീയകേയൂരനൂപുരാദ്യലങ്കാരങ്ങളോടു കൂടി ശോഭിച്ച് ഇരിക്കുമാറും, സരസിജനിലയഃ - താമരപ്പൂവിൽ ഇരിക്കുമാറും, വ്യാഘ്രചർമ്മാത്തവാസാഃ – വ്യാഘ്രത്തിന്റെ തോല് ഉടുത്തിരിക്കുമാറും, മുക്താപരാഗാമൃതരസകലിതാദ്രിപ്രഭഃ – മുത്തുകളുടെ പൊടി കൊണ്ടും അമൃതരസംകൊണ്ടും ഉണ്ടാക്കിയിരിക്കുന്ന പർവ്വതം പോലെ വെളുത്ത നിറമായി ഇരിക്കുമാറും, പഞ്ചവക്ത്രഃ – അഞ്ചുമുഖങ്ങളോടു കൂടി ഇരിക്കുമാറും, ത്ര്യക്ഷഃ – മുഖങ്ങളിലും മുമ്മൂന്നു നേത്രങ്ങളോടു കൂടിയും കോടീരകോടീഘടിതതുഹിനരോചിഷ്കലാതുംഗമൌലിഃ – ജടാഭാരത്തിന്റെ അഗ്രത്തിങ്കൽ കോർത്തു ബന്ധിച്ചിരിക്കുന്ന ചന്ദ്രകലയോടു കൂടി ഉന്നതമായിരിക്കുന്ന കേശഭാരത്തോടു കൂടി ഇരിക്കുമാറും, മഹേശഃ ധ്യേയഃ – പരമേശ്വരൻ ധ്യാനിപ്പാൻ യോഗ്യനായി ഭവിക്കും. ഇവിടെ പരശവേ നമഃ, മൃഗായ നമഃ, അഭയായ നമഃ, വരദായ നമഃ, ഇതു നാലും ആയുധങ്ങൾ. മകുടായ നമഃ, കപർദ്ദായ നമഃ, ചന്ദ്രകലായൈ നമഃ, ഗംഗായൈ നമഃ, പട്ടബന്ധായ നമഃ, കർണ്ണാവതംസാഭ്യാം നമഃ, നാഗാഭ്യാം നമഃ, കർണ്ണകുണ്ഡലാഭ്യാം നമഃ, ലലാടഭൂഷണായ നമഃ, ഗളഭൂഷണായ നമഃ, ഹാരായ നമഃ, മാലായൈ നമഃ, ബ്രഹ്മസൂത്രായ നമഃ, ഉദരബന്ധായ നമഃ, കാഞ്ച്യൈ നമഃ, ചർമ്മാംബരായ നമഃ, ഹസ്താംഗദാഭ്യാം നമഃ, ഹസ്തകടകാഭ്യാം നമഃ, പാദകടകാഭ്യാം നമഃ, പാദനൂപുരാഭ്യാം നമഃ, പത്മാസനായ നമഃ ഇങ്ങിനെ ഭൂഷണങ്ങൾ.

ധ്യേയോ ജടാമകുടചന്ദ്രകലോല്ലസന്മൂർദ്ധാ
ത്ര്യക്ഷസ്തരക്ഷ്വജിനപീതദുകൂലവാസാഃ
ഈശാച്യുതസ്ത്രിശിഖചക്രകപാലശംഖാൻ
ബിഭ്രത്സിതാസിതവപുർവ്യതിതാത്മഭൂഷഃ ൯൧

ജടാമകുടചന്ദ്രകലോല്ലസന്മൂർദ്ധാ – ജടകളെക്കൊണ്ടും മകുടംകൊണ്ടും ചന്ദ്രക്കലകൊണ്ടും ശോഭിച്ചിരിക്കുന്ന ശിരസ്സോടു കൂടി ഇരിക്കുമാറും, ത്ര്യക്ഷഃ – മൂന്നു തൃക്കണ്ണുകളോടും കൂടി, തരക്ഷ്വജിനപീതദുകൂലവാസാഃ – പുലിത്തോലിനെയും പീതാംബരത്തെയും കൂടി ഉടുത്തു ഇരിക്കുമാറും, ത്രിശിഖചക്രകപാലശംഖാൻ ബിഭ്രത് – ഇതുകളെക്കൊണ്ട് ശൂലവും ചക്രവും ശംഖും കപാലവും ധരിച്ച് ഇരിക്കുമാറും, സിതാസിതവപുഃ – ശരീരത്തിന്റെ വലത്തു ഭാഗം വെളുത്ത നിറമായും ഇടത്തു ഭാഗം കറുത്ത നിറമായും, വ്യതിതാത്മഭൂഷഃ – ശിവന്റെ ആഭരണങ്ങളോടും വിഷ്ണുവിന്റെ ആഭരണങ്ങളോടു കൂടി ഇരിക്കുമാറും, ഈശാച്യുതഃ ധ്യേയഃ – ശങ്കരനാരായണൻ ധ്യാനിപ്പാൻ യോഗ്യനായി ഭവിക്കും. ഇവിടെ ത്രിശൂലായ നമഃ, ചക്രായ നമഃ, ശംഖായ നമഃ, കപാലായ നമഃ ഇതു ആയുധങ്ങൾ. കപർദ്ദായ നമഃ, മകുടായ നമഃ, ചന്ദ്രകലായൈ നമഃ, നാഗകുണ്ഡലായ നമഃ, മകരകുണ്ഡലായ നമഃ, പട്ടബന്ധായ നമഃ, ഹാരായ നമഃ, വനമാലായൈ നമഃ, സർവ്വഭൂഷണേഭ്യോ നമഃ ഇങ്ങനെ ഭൂഷണങ്ങൾ.

ദുർഗ്ഗാം ധ്യായതു ദുർഗ്ഗതിപ്രശമനീം ദൂർവ്വാദളശ്യാമളാം
ചന്ദ്രാർദ്ധോജ്ജ്വലശേഖരാം ത്രിനയനാമാപീതവാസോവസാം
ചക്രം ശംഖമിഷും ധനുശ്ച ദധതീം കോദണ്ഡബാണാംശയോർ
മ്മുദ്രേ വാഽഭയകാമദേ സകടിബന്ധാഭീഷ്ടദാം വാനയോഃ. ൯൨

ദുർഗ്ഗതിപ്രശമനീം – ദാരിദ്ര്യത്തെ നശിപ്പിക്കശീലയായും, ദൂർവ്വാദളശ്യാമളാം – കറുകനാമ്പുപോലെ പച്ചവർണ്ണത്തോടു കൂടിയിരിക്കുമാറും, ചന്ദ്രാർദ്ധോജ്ജ്വലശേഖരാം – ചന്ദ്രക്കലയോടു കൂടിയ ശിരോലങ്കാരത്തോടു കൂടിയിരിക്കുമാറും, ത്രിനയനാം – മൂന്നു തൃക്കണ്ണുകളോടു കൂടിയും, ആപീതവാസോവസാം – ഏറ്റവും മഞ്ഞനിറമായ വസ്ത്രത്തോടു കൂടിയും, ചക്രം ശംഖമിഷും ധനുശ്ച ദധതീം – ഇതുകളെക്കൊണ്ടു ചക്രത്തെയും ശംഖിനെയും ശരത്തെയും ധനുസ്സിനെയും ധരിച്ചു ഇരിക്കുമാറും, കോദണ്ഡബാണാംശയോഃ [illegible]

കാമനെ മുന്നെ വാമയതിം — വില്ലും ശരവും കൂടാതെ താഴത്തെ കൈകളിൽ അഭയത്തെയും വരത്തെയും ധരിച്ച് ഇരിക്കുമാറും, അന്തയോഃ സകടിബന്ധാഭിപ്രദാം വാ - ഈ താഴത്തെ കൈകൾ കടിബന്ധത്തോടും വരത്തോടുംകൂടി ഇരിക്കുമാറു എങ്കിലും, ദുർഗ്ഗാം ധ്യായേൽ - ദുർഗ്ഗാഭഗവതിയെ ധ്യാനിപ്പൂ. ഇവിടെ ചക്രായ നമഃ, ശംഖായ നമഃ, ധനുഷേ നമഃ, ശരായ നമഃ ഇങ്ങനെയും ചക്രായ നമഃ, ശംഖായ നമഃ, അഭയായ നമഃ, വരദായ നമഃ ഇങ്ങനെയും ചക്രായ നമഃ, ശംഖായ നമഃ, കടിബന്ധായ നമഃ, വരദായ നമഃ, ഇങ്ങനെയും മൂന്നു പ്രകാരം ആയുധങ്ങൾ വരും. കിരീടായ നമഃ മകുടായ നമഃ, ചന്ദ്രകലായൈ നമഃ, സർവ്വഭൂഷണേഭ്യോ നമഃ ഇങ്ങനെ ഭൂഷണങ്ങൾ

സ്വർണ്ണമകുടപത്രകുണ്ഡലവിഭൂഷിതം ചാമ്പക-
സ്രുജാകലിതകന്ധരം കരയുഗേന ശക്തിം പവിം
ദധാനമഥവാ കടികലിതവാമഹസ്തേപ്സിതം
ഗുഹം ഘുസൃണഭാസുരം സ്മരത പീതവാസോവസം. ൯

സ്വർണ്ണമകുടപത്രകുണ്ഡലവിഭൂഷിതം - ശോഭിച്ചിരിക്കുന്ന മകുടത്തോടും പത്രങ്ങളായിരിക്കുന്ന കുണ്ഡലങ്ങളോടും കൂടി ഇരിക്കുമാറും, ചാമ്പകസ്രുജാകലിതകന്ധരം - ചാമ്പകപ്പൂമാലകൊണ്ടു അലങ്കരിച്ചിരിക്കുന്ന കഴുത്തോടുകൂടി, കരയുഗേന ശക്തിം പവിം ദധാനം - രണ്ടു തൃക്കൈകളെക്കൊണ്ടു വജ്രത്തെയും വേലി-നെയും ധരിച്ച് ഇരിക്കുമാറും, അഥവാ കടികലിതവാമഹസ്തേപ്സി-തം - എന്നിയെ ഇടത്തെ തൃക്കൈ കടിബന്ധമായും വലത്തെ തൃക്കൈ വരമായും ഇരിക്കുമാറും, ഘുസൃണഭാസുരം - കുങ്കുമംകൊണ്ടു ശോഭിച്ച് ഇരിക്കുമാറും, പീതവാസോവസം - പീതാംബരം ഉടുത്ത് ഇരിക്കുമാറും, ഗുഹം സ്മരത - സുബ്രഹ്മണ്യനെ ധ്യാനിപ്പൂ. ഇവിടെ വജ്രായ നമഃ, ശക്ത്യൈ നമഃ ഇങ്ങനെയും കടിബന്ധായ നമഃ, വരദായ നമഃ ഇങ്ങനെയും രണ്ടു പ്രകാരം ആയുധങ്ങൾ വരും. മകുടായ നമഃ, പത്രകുണ്ഡലാഭ്യാം നമഃ, ചാമ്പകമാലായൈ നമഃ, സർവ്വഭൂഷണേഭ്യോ നമഃ, ഇങ്ങനെ ഭൂഷണങ്ങൾ.

വിഘ്നേശം സ്വാപരശൈലാധിപതികാമന്താല്ലസദ്ബുദ്ധ്യകൈർ-
ദോർഭിഃ പാശസൃണിസ്വദന്തവരദാനൈശ്ച്യം ചതുർഭിർയ്യുതം
ശുണ്ഡാഗ്രാത്തബീജപൂരമതുലക്കിം ശ്രീക്ഷണം സംസ്മരേത്
സിന്ദൂരാഭമിഭാസ്യമിന്ദുശകലാഢ്യാകല്പമബ്ജാസനം. ൧൦

ചതുർഭിഃ ദോർഭിഃ സപാശാങ്കുശാക്ഷപടികാദന്താളിസല്ല-
ഡ്ഡുകൈഃ യുതം – നാലു തൃക്കൈകളെക്കൊണ്ടു പരശ്വധത്തെയും
അക്ഷമാലയെയും സ്വദന്തത്തെയും ശോഭിച്ചിരിക്കുന്ന ലഡ്ഡുക
ങ്ങളെയും ധരിച്ച് ഇരിക്കുമാറും, പാശസൃണിസ്വദന്ത
വരാൻ ദധൃഃ വാ – എന്നിട്ട് പാശാങ്കുശങ്ങളോടും സ്വദന്തവരങ്ങ
ങ്ങളോടും കൂടി ഇരിക്കമാറും, ശുണ്ഡാഗ്രാഹിതബീജപൂരം – തുമ്പി
ക്കൈകൊണ്ട് എടുത്തിരിക്കുന്ന മാതളനാരങ്ങയോടും കൂടി,
ഉരുകുക്ഷിം – വലുതായിരിക്കുന്ന ഉദരത്തോടു കൂടി ഇരിക്കമാറും,
ത്രിനേത്രം – മൂന്നു കണ്ണുകളോടും കൂടിയും, സിന്ദൂരാഭം – രക്തവ
ർണ്ണമായും, ഇഭാസ്യം – ഗജത്തിന്റെ മുഖമായും, ഇന്ദുരേഖ
ഭാത്യാകല്പം – ചന്ദ്രകലയോടു കൂടിയും അലങ്കാരങ്ങളോടു കൂടിയും
ഇരിക്കമാറും, അബ്ജാസനം – പത്മാസനത്തുങ്കൽ ഇരിക്കമാറും
വിഘ്നേശം സംസ്മരേത് – ഗണപതിയെ ധ്യാനിപ്പൂ.
ഇവിടെ പരശ്വധായ നമഃ, അക്ഷമാലായൈ നമഃ, സ്വദന്തായ
നമഃ, ലഡ്ഡുകായ നമഃ, ഇങ്ങനെ നാല് ആയുധങ്ങൾ.
പാശായ നമഃ, അങ്കുശായ നമഃ, സ്വദന്തായ നമഃ, വരദായ നമഃ,
ഇങ്ങനെ നാല് ആയുധങ്ങൾ [illegible]മേകദായ നമഃ, ചന്ദ്രകലായൈ
നമഃ, പത്മബന്ധായ നമഃ, ബീജപൂരായ നമഃ, സർവ്വഭൂഷണേഭ്യോ
നമഃ, പത്മാസനായ നമഃ, ഇങ്ങനെ ഭൂഷണങ്ങൾ.

സ്നിഗ്ദ്ധശ്യാമളവിസ്താരികുന്തളഭരം സിംഹാസനാദ്ധ്യാസിനം
സ്ഫൂർജത്പത്രസുക്ളിപ്തകുണ്ഡലമധ്യേഷ്വിഷ്വാസസദ്ദോർദ്വയം
നീലക്ഷൗമവസം നവീനജലദശ്യാമം പ്രഭാസത്യക-
സ്യാദ്യത്പാർശ്വയുഗം സുരക്തസകലാകല്പം സ്മരേദാര്യകം. ൬ ഫ

സ്നിഗ്ദ്ധശ്യാമളവിസ്താരികുന്തളഭരം – മനോഹരമായിരിക്കുന്ന കുറുനിരകളെക്കൊണ്ട് ഏറവും ശോഭിച്ചിരിക്കുന്ന കേശഭാരത്തോടും കൂടി, സിംഹാസനാദ്ധ്യാസിനം – സിംഹാസനത്തുങ്കൽ ഇരിക്കമാറും, സ്ഫൂർജത്പത്രസുക്ളിപ്തകുണ്ഡലം – ശോഭിച്ചിരിക്കുന്ന പത്രങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ടിരിക്കുന്ന കുണ്ഡലങ്ങളോടും കൂടി, ഇഷ്വിഷ്വാസസദ്ദോർദ്വയം – വില്ലും ശരവും ധരിച്ച് ഇരിക്കുന്ന രണ്ടു തൃക്കൈകളോടും കൂടി ഇരിക്കമാറും, നീലക്ഷൗമവസം – നീലവർണ്ണമായ പട്ടിനെ ഉടുത്ത് ഇരിക്കമാറും, നവീനജലദശ്യാമം – നൂതനമായ മേഘത്തെപ്പോലെ ശ്യാമവർണ്ണമായും, പ്രഭാസത്യകസ്യാ

ത് പാർശ്വയുഗം – പ്രശോഭിക്കുന്ന ഭാര്യമാരെക്കൊണ്ടും സത്യകനാകുന്ന പുത്രനെക്കൊണ്ടും ശോഭിച്ച് ഇരിക്കുന്ന രണ്ടു പാർശ്വങ്ങളോടും കൂടി ഇരിക്കുമാറും, സ്വർണ്ണരത്നസകലാകല്പം – ഏറ്റവും പൊന്ന് ശോഭിക്കുന്ന അലങ്കാരങ്ങളോടു കൂടി ഇരിക്കുമാറും, ആദ്യം സ്മരേത് – ശാസ്താവിനെ ധ്യാനിപ്പൂ. ഇവിടെ ശരായ നമഃ, ധനുഷേ നമഃ, ഇങ്ങിനെ ആയുധങ്ങൾ. അമളായ നമഃ നീലകുന്തളായ നമഃ, മകുടായ നമഃ, പത്രകുണ്ഡലായ നമഃ നീലവസനായ നമഃ, സിംഹാസനായ നമഃ, പ്രഭായൈ നമഃ, സത്യകായ നമഃ, അശ്വായ നമഃ ഇങ്ങിനെ ഭൂഷണങ്ങൾ.

ഇവിടെ പറഞ്ഞ ഭൂഷണങ്ങൾ ശിവന്നും വിഷ്ണുവിന്നും ഇതിലധികമായിട്ടു വിവരണത്തിൽ കാണുമാറുണ്ട്. ശേഷം ഊഹിപ്പാനും പറകകൊണ്ട് ഇങ്ങിനെ എഴുതി

ഇത്യാദിതത്തത്സമഭീഷ്ടമന്ത്ര-
കല്പപ്രക്ളിപ്തക്രമതോത്ര ദേവം
നിധ്യായ ബുദ്ധ്യാ നിശിതാഗ്രയാംഗ-
പ്രത്യംഗഭംഗ്യാ പ്രകടോരു സാക്ഷാത്. ൨൫

ഇത്യാദിതത്തത്സമഭീഷ്ടമന്ത്രകല്പപ്രക്ളിപ്തക്രമതഃ – ഇപ്രകാരം തുടങ്ങിയുള്ള അതതു അഭീഷ്ടദേവന്മാരുടെ മൂലമന്ത്രങ്ങൾക്ക് ആഗമങ്ങളിൽ പറഞ്ഞിരിക്കുന്ന ക്രമത്തോടു കൂടി, അത്ര നിശിതാഗ്രയാ ബുദ്ധ്യാ ദേവം നിധ്യായ – ശിതാഗ്രബുദ്ധികൊണ്ട് ഈശ്വരനെ ധ്യാനിച്ച്, അംഗപ്രത്യംഗഭംഗ്യാ സാക്ഷാത് പ്രകടോരു – മുഖാദികളായ അംഗങ്ങളുടെയും ചക്ഷുരാദികളായ ഉപാംഗങ്ങളുടെയും ഭംഗിയോടു കൂടി പ്രത്യക്ഷമാക്കിച്ചെയ്വൂ.

തസ്മൈ നിജേഷ്ടമനുരൂപതയാ സ്വശക്ത്യാ
പ്രാദുസ്സതേ ദിശതു വിഷ്ടരമിഷ്ടപീഠം
ആരാധ്യ മൂലമനുനാംഘ്രിയുഗേ പ്രസൂനൈ-
സ്സ്വം സ്വാഗതം പ്രവദതൂപഹൃതീയ ഭക്ത്യാ. ൨൬

സ്വശക്ത്യാ നിജേഷ്ടമനുരൂപതയാ പ്രാദുസ്സതേ തസ്മൈ – സ്വശക്തിനിമിത്തം തനിക്ക് ഇഷ്ടമായിരിക്കുന്ന മന്ത്രസ്വരൂപത്തേന പ്രത്യക്ഷീഭവിച്ച് ഇരിക്കുന്ന ആ ദേവന്നായിക്കൊണ്ട് ഇഷ്ടപീഠം വിഷ്ടരം ദിശതു –പൂജിച്ചിരിക്കുന്ന പീഠത്തോടുമൂലമന്ത്ര-

ങ്ങളുടെ ആസനമിദം എന്നതു ചൊല്ലി വിഷ്ടരത്തെ കൊടുപ്പൂ. മൂലമന്ത്രം അംഘ്രിയുഗേ പ്രസൂനൈഃ ആരാധ്യ - പിന്നെ മൂലമന്ത്രംകൊണ്ടു പാദങ്ങളെ പുഷ്പങ്ങളെക്കൊണ്ട് ആരാധിച്ചു, തം സ്വാഗതം പ്രവദേത് - തന്റെ സ്വാഗതമസ്തു എന്നും ചൊല്ലൂ. ഉപാസ്തിഭിഃ ദദ്യാത് - പിന്നെ ഉപചാരങ്ങളെയും കൊടുപ്പൂ.

പാദ്യാർഘ്യാചമനാദികാർപ്പ്യോപചാരാ-
ന്നീശാർക്കേശശ്രീശവിഘ്നേശപാദേഷു
ദേവേഷ്വന്യേഷ്വർഘ്യപാദ്യാദികാർപ്പ്യാ
ദദ്യാന്മന്ത്രീ ഷോഡശ പ്രായശോത്ര. ൧൮

ഈശാർക്കേശശ്രീശവിഘ്നേശപാദേഷു - ശിവങ്കലും ശങ്കരനാരായണങ്കലും ഗണപതിയിങ്കലു, പാദ്യാർഘ്യാചമനാദികാർപ്പ്യാ - പാദ്യമിദം, അർഘ്യമിദം, ആചമനീയമിദം ഇങ്ങനെ ഇടകളിട്ടും, അന്യേഷു അർഘ്യപാദ്യാദികാർപ്പ്യാ - വിഷ്ണുദുർഗ്ഗാസുബ്രഹ്മണ്യാദികളാകുന്ന ദേവന്മാരിൽ, അർഘ്യമിദം, പാദ്യമിദം, ആചമനീയമിദം ഇത്യാദി ക്രമമായിട്ടും, മന്ത്രീ അത്ര ഷോഡശ ഉപചാരാൻ പ്രായശഃ ദദ്യാത് - ആചാര്യനിവിടെ മിക്കവാറും പതിനാറ് ഉപചാരങ്ങളെ കൊടുപ്പൂ.

ഷോഡശോപചാരങ്ങളെ [illegible] പറയുന്നു —

ആസനസ്വാഗതേ സാർഘ്യപാദ്യേ സാചമനീയകേ
മധുപർക്കാചമസ്നാനവസനാഭരണാനി ച
സുഗന്ധസുമനോധൂപദീപനൈവേദ്യവന്ദനാഃ
പ്രയോജയേദർച്ചനായാമുപചാരാംസ്തു ഷോഡശ.

ഇങ്ങനെ ഷോഡശോപചാരമന്ത്രങ്ങൾ. മന്ത്രി എന്ന പറഞ്ഞതുകൊണ്ടു അർഘ്യമിദം സമർപ്പയാമി, പാദ്യമിദം സമർപ്പയാമി ഇത്യാദി സ്വസ്വമൂലാന്തങ്ങളുകൾ ചൊല്ലി അർഘ്യാദികളെ കൊടുക്കണമെന്നു താല്പര്യം.

അർഘ്യം സമർപ്പയതു ദക്ഷിണദോഷ്ണി ദോർഭ്യാം
മൂർദ്ധ്നീവ വാ മതമിദം പദയോശ്ച പാദ്യം
ആചാമകം ച മധുപർക്കമപി പ്രദദ്യാത്
പാണൗ പുരേവ പുനരാചമനീയകം ച. ൧൯

ഒട്ടിതം അർഘ്യം [illegible] ശിരോഗ്രാഹ്യ [illegible] മൂർദ്ധനി
വാ സംസ്കൃതൻ - അർഘ്യാദിദ്രവ്യങ്ങളോടുകൂടി [illegible] ഉണക്കിയി
രിക്കുന്ന [illegible] ശംഖിൽ എടുത്ത [illegible]കൊണ്ടും
പിടിച്ച്. ദേവന്റെ [illegible] ശിരസ്സിൽതാൻ
സമർപ്പിച്ചു. [illegible] - [illegible]
[illegible]കൊടുപ്പൂ. [illegible] ഇവ പുന
[illegible]
[illegible] കൊടുപ്പൂ.
ഇവിടെ അർഘ്യാദിദ്രവ്യങ്ങളെ [illegible] പറയുന്നതു്. മധു
പർക്കം - [illegible]

സംസ്ഥാപ്യ തത്ര [illegible]-
[illegible]
[illegible]
[illegible]

സംസ്ഥാപ്യ - [illegible]
[illegible] തത്ര - സ്നാനം [illegible]
[illegible]
[illegible]
[illegible] അർഘ്യാദി [illegible]
[illegible] കൊടുപ്പൂ. ഇവിടെ [illegible]
[illegible] എടുത്തു [illegible]
[illegible]
[illegible] തത്ര സ്നാനം പ്രാക് [illegible]
ഇവിടെ സ്നാനത്തിനു മുമ്പിൽ [illegible]
വേറെ ആക്കി, താദൃശ പ്ലുഷ്ടി [illegible]
[illegible] അർഘ്യാദി [illegible]

ആരാധ്യ തത്ര [illegible] പ്രണവേന [illegible]
[illegible] പ്രസരണം [illegible]
[illegible]-
[illegible]

തത്ര പ്രണവേന [illegible] ആരാധ്യ ദേവാത് [illegible]
ഗണസ്യ പ്രസരണം തഥാ ഭാവ്യം - അവിടെ പ്രണവംകൊണ്ടു

പ്രധാനമൂർത്തിക്കു പറഞ്ഞപോലെ തന്നെയാകുന്നു, ദേവന്മാർക്കു മൂർത്ത്യം ഗാവരണാദികൾ. അതു എങ്ങിനെ എന്നാൽ ഈ പറഞ്ഞ പ്രകാരം അപ്രകാരം ഭവിക്കണം. ഉദധേഃ ഊർമ്മിമാലാഃ - സമുദ്രത്തിന്റെ തിരമാലകൾക്കു, ജ്വലതഃ വഹ്നേഃ സ്ഫുലിംഗാഃ ഇവ - കത്തുന്ന തീയുടെ പൊരികൾക്കു, ഉദധേഃ തരംഗാഃ യഥാ .. ശ്ലോകത്തിന്റെ യാതൊരു പ്രകാരം അപ്രകാരം എന്നു താല്പര്യം.

> ഈശേ ഷഡാവൃതിരിമം പരിവാരകൈഃ സ്യാത്
> പഞ്ചാവൃതിഃ പയസിജാക്ഷനിസുംഭമർദ്ദിന്യോഃ
> പ്രോക്താ പരേഷു ചതുരാവൃതിരംഗപൂർവ്വാ
> സർവേഷു ശർവ്വഗുഹയോരപി മൂർത്തിപൂർവ്വാ. ൧൮

ഈശേ ഇമം പരിവാരകൈഃ സ്യാത് ഷഡാവൃതിഃ - ശിവങ്കൽ ഈ പരിവാരങ്ങളോടു കൂടെ ആറ് ആവരണമായിട്ടും, പയസിജാക്ഷനിസുംഭമർദ്ദിന്യോഃ - വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും, പഞ്ചാവൃതിഃ - അഞ്ചു ആവരണമായിട്ടും, പരേഷു ചതുരാവൃതിഃ - ശേഷം ഉള്ളതിൽ നാലുദേവന്മാർക്കും നാല് ആവരണമായിട്ടും, പ്രോക്താ - പറയപ്പെട്ടു. സർവേഷു അംഗപൂർവാ - എല്ലാ ദേവന്മാരിലും അംഗാവരണം മുമ്പായിട്ടു ഭവിക്കും. ശർവ്വഗുഹയോഃ അപി മൂർത്തിപൂർവാ - ശിവങ്കലും സുബ്രഹ്മണ്യങ്കലും മൂർത്ത്യാവരണം മുമ്പായി രണ്ടാമത് അംഗാവരണം തുടങ്ങീട്ടും ഭവിക്കും.

> അംഗാന്യഷ്ടൌ ഹരേഃ ശക്തിമഹാസ്ത്രാണാം വക്ത്രാന്തിമം
> ദിക്ഷ്വസ്ത്രം വിദിശീതി പഞ്ച ച കവാട്ട്യാം തഥാഗ്രേഽക്ഷി ച
> അഗ്നീശാസുരവായുദിക്ഷു ചതുരോ ദിക്ഷ്വസ്ത്രകം
> ഷട് ശേഷസ്യ തു ദിക്ഷു വിദിക്ഷ്വസ്ത്രജമഗ്രേ നേത്രമഗ്രേതിമം.
> [൧൯

ഹരേഃ ശക്തിമഹാസ്ത്രാണാം അഷ്ടൌ അംഗാനി - വിഷ്ണുവിങ്കൽ കിഴക്കു തുടങ്ങി പ്രദക്ഷിണമായി എട്ടു ദിക്കുകളിൽ അഷ്ടാംഗങ്ങളേയും, ദിക്ഷു വക്ത്രാന്തിമം വിദിശി അസ്ത്രം ഇതി പഞ്ച അംഗാനി - കിഴക്കു തുടങ്ങി ദിക്കുകളിൽ ഹൃദയാദി കവചാന്തം നാലിനേയും അഗ്ന്യാദി കോണുകൾ നാലിലും അസ്ത്രത്തെ നാലു പ്രാവശ്യവും ഇങ്ങനെ പഞ്ചാംഗങ്ങളേയും പൂജിപ്പൂ. കവാട്ട്യാം തത് തഥാ അഗ്രേ അക്ഷി ച - ദുർഗ്ഗയിങ്കൽ അത് അപ്രകാരം ഹൃദയാദി

കവചഹന്താം ദിക്കുകളിലും അസ്ത്രം നാലു കോണിലും മുമ്പിൽ നേത്ര
ത്തെയും പൂജിപ്പൂ. ശേഷേഷു - ശിവാദി അഞ്ചു ദേവന്മാരിലും,
അഗ്നീശാശരവായുദിക്ഷു പൂർവ്വതഃ ച അസ്ത്രാന്തം - അഗ്നികോണിൽ
ഹൃദയത്തെയും ഈശകോണിൽ ശിരോമന്ത്രത്തെയും നിരൃതികോ
ണിൽ ശിഖാമന്ത്രത്തെയും വായുകോണിൽ കവചത്തെയും മുമ്പിൽ
നേത്രമന്ത്രത്തെയും ദിക്ഷ്വസ്ത്രകം ഇതി മതേ പ്രാഗാദി നാലു
ദിക്കിലും അസ്ത്രത്തെ നാലു പ്രാവശ്യം, ഇങ്ങനെ ഷഡംഗങ്ങളെ
പൂജിപ്പൂ. ഷൺമുഖേ അസ്ത്രപ്രഭൃത്യന്തം അംഗം നാന്യദിക്കോണേഷു -
സുബ്രഹ്മണ്യന് കോണുകളിലും ദിക്കുകളിലും അസ്ത്രാന്തം കഴി
ഞ്ഞാൽ മുമ്പിൽ നേത്രത്തെ ഒടുക്കം പൂജിപ്പൂ.

[illegible] പരിവാരങ്ങളെ വൈഷ്ണവം പറയുന്നു:

ഹരൌ പ്രചേതസ്യപി വൈനതേയം
സുദർശനം പ്രേതപതൌ സുധാംശൌ
കൌമോദകീമാവരണദ്വയാന്തേ
കോണേഷു ചാഗ്ന്യാദിഷു പാഞ്ചജന്യം. ൧൦

ശോഷാമ്പതേ ശാർങ്ഗമഥേഷുധിം ച
സുഗ്രീവകേന്ദ്വന്തരതശ്ച ഖഡ്ഗം
മുഖ്യേ ച ഖേടം വിതഥേ ഹലം ച
പൃഷ്ഠിം ദിതാവപ്യമണിം സപാമാലം. ൧൧

ശ്രീവത്സചിഹ്നം ച ഈശേ ജയന്തേ
ശ്രീകൌസ്തുഭം ച ന്യപരേ ത്രിധാമ്നി
ഏവം സമുക്താ/(ഹൃ)തിദിഗ്വ്യവസ്ഥാ
വ്യത്യസ്യതേ കൈശ്ചിദിയം കദാചിൽ. ൧൨

ത്രിധാമ്നി ആവരണദ്വയാന്തേ - വിഷ്ണുവിങ്കൽ അംഗങ്ങ
ളുടെ ആവരണം രണ്ടും കഴിഞ്ഞാൽ അതിന്റെ പുറമേ, ഹരൌ പ്ര
ചേതസ്യപി വൈനതേയം - കിഴക്കും പടിഞ്ഞാറും ആയി
വൈനതേയായ നമഃ എന്നു രണ്ടു പ്രാവശ്യവും, പ്രേതപതൌ സു
ദർശനം സുധാംശൌ കൌമോദകീം - തെക്ക് സുദർശനായ നമഃ
എന്നും വടക്ക് കൌമോദക്യൈ നമഃ എന്നും, അഗ്ന്യാദിഷു കോ
ണേഷു പാഞ്ചജന്യം - അഗ്ന്യാദി കോണ് നാലിലും ആയി പാഞ്ച
ജന്യായ നമഃ എന്നു നാലു പ്രാവശ്യവും, ശോഷാമ്പതേ ശാർങ്ഗം -
വരുണന്റെയും വായുവിന്റെയും നടുവിൽ ശോഷപദത്തിങ്കൽ

ശാർങ്ഗായ നമഃ എന്നും, സുഗ്രീവന്റെ ഇരിപ്പിടമായ – വലത്തെ നിരൃതിമദ്ധ്യത്തുങ്കൽ സുഗ്രീവപാദങ്ങളാൽ ഇഷുധിഭ്യാം നമഃ എന്നും, ഇംഗലാദി [illegible] മദ്ധ്യത്തുങ്കൽ [illegible] നമഃ എന്നും, [illegible] മദ്ധ്യത്തുങ്കൽ [illegible] നമഃ എന്നും, [illegible] രണ്ടിന്റെയും [illegible] ഇടയിൽ [illegible] നമഃ എന്നും, [illegible] മദ്ധ്യത്തുങ്കൽ [illegible] നമഃ എന്നും, [illegible] നമഃ എന്നും, [illegible] ശ്രീവത്സായ നമഃ എന്നും, [illegible] ശ്രീവത്സായ നമഃ എന്നും, [illegible] മദ്ധ്യത്തുങ്കൽ ത്രികോണ [illegible] നമഃ എന്നും [illegible] ഇങ്ങനെ കല്പിച്ചു പൂജിപ്പൂ. എന്നും [illegible] പാദത്തിങ്കൽ [illegible] [illegible] പാദങ്ങളെ [illegible] മാറി കല്പിക്കണം.

[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible]
[illegible] [illegible] ॥ ൭൨ ॥

[illegible] [illegible]
[illegible] [illegible]
[illegible] [illegible]
[illegible] [illegible] ॥ ൭൩ ॥

[illegible] [illegible]
[illegible] [illegible]
[illegible] [illegible]
[illegible] [illegible] ॥ ൭൪ ॥

ശൈവത്തിങ്കൽ – ശിവങ്കൽ, ഇന്ദ്രാദിവാരിധാന്യപാദങ്ങളിൽ [illegible] പീഠത്തിന്മേൽ [illegible] കല്പിച്ച് – കിഴക്ക് തത്പുരുഷായ നമഃ എന്നും, തെക്ക് അഘോരായ നമഃ എന്നും, പടിഞ്ഞാറ് സദ്യോജാതായ നമഃ എന്നും, വടക്ക് വാമദേവായ നമഃ എന്നും, ഈശകോണിൽ ഈശാനായ നമഃ എന്നും ഇങ്ങനെ [illegible] കല്പിച്ചാൽ, അഥ

അംഗാവരണം ച പ്രകല്പ്യ – പിന്നെ അതിന്റെ പുറത്ത് അംഗാ വരണത്തെ എട്ടിലിലും കല്പിച്ചു. വൃഷഭപൂർവാസ്തു ദിഗ്ദിക്കു – കിഴക്ക തുടങ്ങി നാലു ദിക്കുകളിലും ഈശകോണിൽ തുടങ്ങി നാലു കോണുകളിലായിട്ടും, അനന്തസൂക്ഷ്മ – അനന്തായ നമഃ സൂക്ഷ്മായ നമഃ, ശിവോത്തമൈകനേത്രൈകരുദ്രാൻ – ശിവോത്തമായ നമഃ ഏകനേത്രായ നമഃ ഏകരുദ്രായ നമഃ, ത്രിമൂർത്തിം ശ്രീകണ്ഠസംജ്ഞം ശിഖണ്ഡിനം ച – ത്രിമൂർത്തയേ നമഃ ശ്രീകണ്ഠായ നമഃ ശിഖണ്ഡിനേ നമഃ ഈ എട്ടിനെയും കല്പിച്ചു. സോമാദ്യനിലാന്തദിക്ഷു – പിന്നെ വടക്ക തുടങ്ങി വായുകോണിൽ അവസാനമായി പ്രദക്ഷിണക്രമേണ, ഉമാം ചണ്ഡേശ്വരം നന്ദിനം – ഉമായൈ നമഃ ചണ്ഡേശ്വരായ നമഃ നന്ദിനേ നമഃ, മഹാകാലഗണേശൌ – മഹാകാലായ നമഃ ഗണേശായ നമഃ, വൃഷം ഭൃംഗിരിടിം സ്കന്ദം ച ക്രമേണ ന്യസേത് – വൃഷായ നമഃ ഭൃംഗിരിടയേ നമഃ സ്കന്ദായ നമഃ ഈ എട്ടിനെയും രണ്ടാമാവരണമായി കല്പിച്ചു.

സ്കന്ദേ ന്യസേദ്ദിക്ഷു സനത്കുമാരം
  സ്കന്ദം ച ബാണം ച സഹേമമൂർദ്ധം
മത്താളിസേനം ഭവപുത്രദേവ-
  സേനൌ ശിവാദ്യശ്രിഷു ദേവയാനീം. വൃന്ദ

സ്കന്ദേ – സ്കന്ദവലയത്തിങ്കൽ, ദിക്ഷു സനത്കുമാരം സ്കന്ദം ബാണം സഹേമമൂർദ്ധം – ദിക്കുകളിൽ സനത്കുമാരായ നമഃ, സ്കന്ദായ നമഃ, ബാണായ നമഃ, ഹേമമൂർദ്ധായ നമഃ, ഈ നാലും, ശിവാദ്യശ്രിഷു – ഈശകോണിൽ തുടങ്ങി നാലു കോണുകളിലും, മത്താളിസേനം ഭവപുത്രദേവസേനേ ദേവയാനീം ച ന്യസേത് – മത്താളിസേനായ നമഃ, ഭവപുത്രായ നമഃ, ദേവസേനായൈ നമഃ, ദേവയാന്യൈ നമഃ, ഈ നാലും പൂജിച്ചു അംഗാവരണം ഇന്ദ്രാദി വജ്രാദി നിർമ്മാല്യധാരി ഇങ്ങനെ ക്രമം.

അംഗാന്തേ പുരുഷാദിസദ്യചരമാഃ സ്വാംഗാസ്യ ശൈവീഃ ക്രമാ-
ന്ന്യസ്യാഗ്ന്യാദ്യശ്രിഷു പാവകാദിഷു ചതസ്രോ വാസുദേവാദികാഃ
മൂർത്തീഃ കല്പയതു ത്രിലോചനമഹോ പ്രാക് ചണ്ഡസേനാദിമം
സ്വം വാഹം വൃഷസംജ്ഞകം ച ഗരുഡാത്മാനം സുധീരഗ്രതഃ.

[വൃ ത

ശരജേ - സുബ്രഹ്മണ്യങ്കൽ, ഉൽപലം - ചെങ്ങഴിനീർപ്പൂവ്, കല്ഹാരം - നെയ്തൽപ്പൂവ്, അംബുജം - താമരപ്പൂവ്, കുമുദം - ആമ്പൽപ്പൂവ്, സൌഗന്ധികം - സൌഗന്ധികപ്പൂവ്, കശേരു - ചുവന്ന നെയ്തൽപ്പൂവ്, ഉൽപലയുഗം അപി - ശ്വേതോൽപ

ളവും നീരൊൽപലവും ഇങ്ങനെ എട്ടു പുഷ്പങ്ങൾ. അത്ര തന്നെ ദ്രവ്യങ്ങൾ കൊണ്ടും ഇവിടെ പുഷ്പങ്ങളില്ല കിട്ടാത്തതിന്ന് പുവന്ന കണക്കിലേയ്ക്കു് ചേർക്കേണ്ടു.

നീവാരശാലിയവതണ്ഡുലവേണുബില്വ-
മാഷം ഫലത്രയ പാലഹരിദ്രകമാക്ഷതംവ
സിദ്ധാർത്ഥകംസഹിതം നിജഗന്ധസിദ്ധാ
വിഷ്ണുശാന്തൗ മഹിഷജിത്യപി യാതവഃ സ്യുഃ. വൃ ൩.

സാരം— നീവാരശാലി യവതണ്ഡുലവേണുബില്വമാഷം അ-ക്ഷതം— വിഷ്ണുവിനു ഞവരനെല്ലും നെല്ലും യവവും അരിയും മുളനെല്ലും ഉഴുന്നും പ്രിയംഗു അരി എന്നതദ്രവ്യം. ഗന്ധമെഴ സിദ്ധാർത്ഥകസഹിതം ദൃഢവ്യം — ശങ്കരനാരായണങ്കൽ കടുകും കല്പൂരവും കൂടിയ വിഷ്ണുവിങ്കൽ പറഞ്ഞതു് നാലെണ്ണദ്രവ്യം. വിഷ്ണുശാന്തൗ മഹിഷജിത്യപി നിജഗന്ധഗന്ധിതാഃ യാതവഃ സ്യുഃ— ഗണപതിയിങ്കലും ദുർഗ്ഗയിങ്കലും തങ്ങളുടെ ഗന്ധന്യാസങ്ങളിൽ പറഞ്ഞ മന്ത്രരാല തുടങ്ങിയ കവുങ്ങും യാതുദ്രവ്യങ്ങളായി ഭവിക്കും.

കപാലിതകപിത്ഥഫലത്വചയിലം സ്വരസം
ഭസിതമിഹ സമൃക്തം ദുർഗ്ഗാഹരിശേ
ഇഹ മഹിഷനിവർത്ത്യാം ചാലിതപകപാദേ ഇ-
ചിത്രവർത്തകവും യോജനീയം വദന്തി. വൃ ൪.

ദുർഗ്ഗാദുർഗ്ഗാഹരിശേ— ശിവങ്കലും ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും, സ്വരസം കപാലിതകപിത്ഥഫലത്വചയിലം ഭസിതം സമൃക്തം— തങ്ങളുടെ കഷായദ്രവ്യങ്ങളിൽ പറഞ്ഞ തൊലികളു-ണക്കി ചാണകത്തിൽ വച്ചു ചുട്ടു ഭസ്മീകൃതമാകുന്ന ഭസ്മം ദ്രവ്യമാകുന്ന ദ്രവ്യം. ഇഹ മഹിഷനിവർത്ത്യാം, ഇവിടെ ദുർഗ്ഗയിങ്കൽ, ചാലിതപകപാദേ ചിത്രവർത്തകവും യോജനീയം— കഷായത്തി-ലുള്ള കരിങ്ങാലി വേങ്ങ സ്ഥാനത്തു പ്ലാശിന്റെ തൊലി ഉണ-ക്കിപ്പൊടിച്ചു ചേർക്കണം. ഇതി ആചാര്യാഃ വദന്തി— ഇപ്രകാരം ആചാര്യന്മാർ പറയുന്നു.

വേദീകലശഗതജോകലശദ്രവ്യസംഗ്രഹിവലിതീകരോത്ഭവാഃ സ്യുർമ്മഹ-
സ്സല്യാഃ കേശനിഹിതടലയിതസാകാരാദ്യഥാത്ര ഭവാഃ .
ശാർങ്ഗ്യേശ സഹിതജ്ജേ ശരഭവേ തിത്ഭ്യൈരവഭ്രോദ്ഭവേ
വിഷ്ണുശാസ്ത്രി ഹസ്തിനാകജവിഹിനാ വാമാന്തിതീരജാഃ. വൃ ൫

വേദീക്ഷേത്രതരംഗജാശ്വഗിരിവല്മീകോത്ഥരാഃ മൃദഃ തുല്യാഃ - എല്ലാ ദേവന്മാരുടെയും അഗ്നിഹോത്രവേദികളിൽനിന്നും വിളഭൂമികളിൽനിന്നും ആനക്കൊമ്പുകൾനിന്നും കാളക്കൊമ്പുകൾ നിന്നും പർവ്വതത്തിൽ നിന്നും പുററുകൾ നിന്നും എടുത്ത മണ്ണുകൾ തുല്യങ്ങളായി ഭവിക്കം. ശാർങ്ഗിംശ കോലനദീതടപ്രയതടാകാമ്ബ്വപ്രഭൃത്യാഃ ഭവേ - ശങ്കരനാരായണങ്ങൾ പന്നികുത്തിയെടുത്തതും പുഴയുടെ രണ്ടുകരയിലുമുള്ളതും കുളത്തിലുള്ളതും പുഴയിലുള്ളതും ഈ മണ്ണുകളാകുന്ന ദ്രവ്യത്തോട് ആറും കൂടിയ മണ്ണുകൾ. ശതാവസരിദബ്ധിയു - സമുദ്രഗാമിന്യാൽ മുമ്പിലത്തെതിനോട് പുഴയിലെതും സമുദ്രത്തിലെതും കൂടി എട്ടുകൂട്ടം മണ്ണുകൾ ഭവിക്കം. വിശല്യതീർത്ഥാബ്ധ്യുപോഷ്ണോദവേ - ഗണപതിയിങ്കൽ മുമ്പിലത്തെതിനോട് ആറും തീർത്ഥത്തിലേതും ഏലിപ്പുഴിയും കൂടി മണ്ണുകൾ എട്ടും ഭവിക്കം. ശാസ്തരി ഹസ്തിനാക്ഷവിഹീനാഃ വാഹിനീതീരജാഃ - ശാസ്താവിങ്കൽ ആനക്കൊമ്പിലെതും പുററു മണ്ണും കൂടാതെ മുമ്പിലത്തേതിൽ നാലും പുഴയുടെ തീരത്തിങ്കലെ മണ്ണുകൾ രണ്ടും കൂടി ആറുകൂട്ടം മണ്ണുകൾ ഭവിക്കം.

ശാന്ത്യംഭഃ ശിവശാർങ്ഗിണീഷ തിലസിദ്ധാർത്ഥൌ യവൌ വൈ- [ണവൌ
നീവാരൌ തുളസീദളാംബുജഫലാദ്യൈഃ ശർമ്മംഗലാംഭഃ പുനഃ
ബ്രഹ്മാശോകകുശാർജ്ജുനേന്ദ്രലതികാബോധ്യങ്കരാബ്ജൈകപ-
ദ്മാഢ്യം സ്യാത് പൃഥുകാദികം ദധിപൃഥുകേ ഭക്ഷ്യം ചതുഷ്കം [വിദുഃ വൃത

ഇഹ ശിവശാർങ്ഗിണി - ഇവിടെ ശങ്കരനാരായണങ്ങൾ, തിലസിദ്ധാർത്ഥൌ - എള്ളും കടുകും, യവൌ - യവവും, വൈണവൌ - മുളനെല്ലും, നീവാരൌ - വരിനെല്ലും, തുളസീദളാംബുജഫലാദ്യൈഃ - തുളസിയിലയും താമരയിതളും ഇവറെറക്കൊണ്ട്, ശാന്ത്യംഭഃ സ്യാത് - ശാന്തിജലമാകുന്ന ദ്രവ്യം ഭവിക്കം. പുനഃ ബ്രഹ്മാശോകകുശാർജ്ജുനേന്ദ്രലതികാബോധ്യങ്കരാബ്ജൈകപദ്മാഢ്യം മംഗലാംഭഃ - പിന്നെയും ശങ്കരനാരായണങ്ങൾ പ്ലാശും തൊരത്ത് അശോകം - അശോകത്തിന്റെ തളിര് കുശനാമ്പ്, അഞ്ജനം - മഞ്ഞതിൻതൊരത്ത്, ഇന്ദ്രലതിക - ഉഴിഞ്ഞ ആമ്പൽ തൊരുത്ത് കരിന്താമര ഇവ ഏഴും കൂടിയത് മംഗലജലമായി ഭവിക്കം. ദധിപൃഥുകേ പൃഥുകാദികം ചതുഷ്കം ഭക്ഷ്യം വിദുഃ -

ഗണപതിയിങ്കൽ ഇവയുടെ എണ്ണവും അല്പവും ഒടേയും ഇവ നാലുകൂടിയതു് ഭക്ഷ്യവും.

ബീജാനീക്ഷുഭവാ യവാഃ സതിലഗോധൂമാഃ സസിദ്ധാർത്ഥകാഃ
ശാലീമുദ്ഗകമാഷകാശ്ച സഹിതീവാരാ ഹരിദ്രാ തഥാ
ശ്യാമാകപ്രിയകംഗുവേണുയവതാ നിഷ്പാവസിദ്ധാർത്ഥകാഃ
സംഘാതദ്രവിണാന്യഥീഗണമഥാഭ്യേഷാം തൽപ്രയോഗം ബ്രുവേ.
വൃ ന്ദ

ഇക്ഷുഭവാ - സുബ്രഹ്മണ്യങ്ങൾ, യവാഃ - യവവും, സതിലഗോധൂമാഃ - എള്ളും ഗോതമ്പും, സസിദ്ധാർത്ഥകാഃ - കടുകും, ശാലീമുദ്ഗകമാഷകാശ്ച - നെല്ലും ചെറുപയറും ഉഴുന്നും, സഹിതീവാരാഃ - വരിനെല്ലും ഇവ എട്ടും, ബീജാനി - ബീജങ്ങളായി ഭവിക്കും. അഥ ഹരിദ്രാ - അനന്തരം മഞ്ഞളാകുന്നവ, ശ്യാമാകപ്രിയകംഗുവേണുയവതാഃ - ചാമയും ചണവും തിനയും മുളയും ഇവററിന്റെ ഫലങ്ങൾ കൂടിയും, നിഷ്പാവസിദ്ധാർത്ഥകാഃ - ഉഴുന്നും കടുകും കൂടാതെയുള്ള സുബ്രഹ്മണ്യങ്ങളായ ബീജങ്ങൾ; സംഘാതദ്രവിണാനി അഥീഗണം - ഞാൻ കൂട്ടമായി വേണ്ടുന്ന ദ്രവ്യങ്ങളെ പറഞ്ഞു. അഥ അഭ്യേഷാം തൽപ്രയോഗം ബ്രുവേ - അനന്തരം മറ്റുള്ള ദ്രവ്യങ്ങളോടു കൂടി ഈ സംഘാത ദ്രവ്യങ്ങളുടെ ഉപയോഗത്തെ പറയുന്നു:—

അനന്തരം [illegible] കലശത്തെ പറയുന്നു:—

ആജ്യാദിസപ്തദശഭിർദ്രവ്യൈഃ ശ്രീശാദിദൈവതാനേ
ഘടാദിക്ളൃപ്തിരുദ്ദിഷ്ടപൂർവാ ദ്രവ്യാദികം ബ്രുവേ. വൃ ൭

ശ്രീശാദിദൈവതാനേ - വിഷ്ണുവിനും [illegible] ദേവതകൾക്കുമായി, ആജ്യാദിസപ്തദശഭിർദ്രവ്യൈഃ - നെയ്യു തുടങ്ങി പതിനേഴു ദ്രവ്യങ്ങളെക്കൊണ്ടു ചെയ്യപ്പെടാം, ഘടാദിക്ളൃപ്തിഃ ഉദ്ദിഷ്ടപൂർവാ - കലശങ്ങളുടെ പത്മങ്ങളുടെ ക്രമം മുമ്പിൽ പറഞ്ഞതു തന്നെ ആകകൊണ്ടു്; ദ്രവ്യാദികം ബ്രുവേ - ദ്രവ്യങ്ങളെയും അതതുദേവതാമന്ത്രങ്ങളെയും അഭിഷേകമന്ത്രത്തെയും തത്ക്രമത്തെയും പറയുന്നു.

ആജ്യം പഞ്ചഗവ്യകരതകാന്തഫലോദകം മാഷ്ടിനം ഗന്ധകം
പ്രാക്കഷീണ്യവിധാനതഃ [illegible] ദ്വാദശ [illegible] ദൈവ
[ന്യസേൽ

പാദ്യാർഘ്യാചമനീയഗവ്യദധി ദുഗ്ദ്ധം മാക്ഷികം കഷായകം
ദിക്കോണേഷു ബഹിസ്തദീശമനുഭിസ്താരേണ ശേഷേഷ്വപഃ. വൃ വൃ

ഏവമേ പ്രാദക്ഷിണ്യവിധാനതഃ നവൈവേ – ബ്രഹ്മകലശത്തിലും കിഴക്കു തുടങ്ങി പ്രദക്ഷിണക്രമേണ ശൈവികമാകുന്ന നവകലശങ്ങളിലും പീഠപൂജാദിക്രമോക്താനേ ദ്രവ്യങ്ങളെ ചെയ്യുമ്പോൾ, ആജ്യാദ്യുക്താമകർത്താകാനി ഫലലോഹം മാഞ്ജനം ഗന്ധകം അക്ഷതയവൌ ച ന്യസേത് – ബ്രഹ്മകലശത്തിൽ നെയ്യിനെയും അതിന്റെ പുറമെയുള്ള നവകലശങ്ങളിൽ കിഴക്കു തുടങ്ങി പ്രദക്ഷിണക്രമേണ കാഞ്ചനവെള്ളത്തെയും രത്നങ്ങളെയും ഫലങ്ങളെയും ലോഹങ്ങളെയും മാഞ്ജനത്തെയും അഷ്ടഗന്ധത്തെയും അക്ഷതത്തെയും യവത്തെയും ന്യസിപ്പൂ. ബഹിഃ ദിക്കോണേഷു തദീശമന്ത്രൈഃ – പുറത്തെ ഖണ്ഡബ്രഹ്മകലശങ്ങളിൽ ദിക്ക നാലും കോണുകൾ നാലുമായിട്ട് അതതിന്റെ അധിദേവതാമന്ത്രങ്ങളെക്കൊണ്ട്, പാദ്യാർഘ്യാചമനീയഗവ്യദധി ദുഗ്ദ്ധം മാക്ഷികം കഷായകം ച – പാദ്യദ്രവ്യത്തെയും അർഘ്യദ്രവ്യത്തെയും ആചമനദ്രവ്യത്തെയും പഞ്ചഗവ്യത്തെയും തൈരിനെയും പാലിനെയും തേനിനെയും കഷായത്തെയും നിറപ്പൂ. ശേഷേഷു താരേണ അപഃ – ശേഷമുള്ള പരികലശങ്ങളിൽ പ്രണവംകൊണ്ട് ശുദ്ധജലത്തെയും നിറപ്പൂ.

വിഷ്ണ്വർക്കദ്രുഹിണകുബേരവസൂംശ്ച വിശ്വാൻ
ഗന്ധർവ്വകാൻ നിരൃതിസ്വംഭജിതൌ പിതൄംശ്ച
ശ്രീവാക്സദക്ഷകവിസോമസുരേശയാമ്യാ-
നാജ്യാദിഷ്വഥ അധിദൈവതാനി. വൃ ൻ

വിഷ്ണ്വർക്കദ്രുഹിണകുബേരവസൂൻ – വിഷ്ണവേ നമഃ, ആദിത്യായ നമഃ, ബ്രഹ്മണേ നമഃ, വൈശ്രവണായ നമഃ, വിശ്വാൻ – വിശ്വേഭ്യോ ദേവേഭ്യോ നമഃ, ഗന്ധർവ്വകാൻ – ഗന്ധർവ്വേഭ്യോ നമഃ, നിരൃതിസ്വംഭജിതൌ – നിരൃതയേ നമഃ, രുദ്രായ നമഃ, പിതൄൻ – പിതൃഭ്യോ നമഃ, ശ്രീവാക്സദക്ഷകവിസോമസുരേശയാമ്യാൻ – ശ്രിയൈ നമഃ, സരസ്വത്യൈ നമഃ, ദക്ഷായ നമഃ, ശുക്രായ നമഃ, സോമായ നമഃ, ഇന്ദ്രായ നമഃ, യമായ നമഃ; ആജ്യാദിഷ്വഥ അധിദൈവതാനി അഭിധതി – നെയ്യ് തുടങ്ങി കഷായം കഴിവോളമുള്ള ദ്രവ്യങ്ങളെ നിറപ്പാനുള്ള അധിദേവതാമന്ത്രങ്ങൾ ഇങ്ങനെ പതിനേഴിനെയും പറഞ്ഞിരിക്കുന്നു.

ഋചഃ ഷോഡശ പുംസൂക്തസ്യേദം വിഷ്ണുരപി ക്രമാത്
സ്നാനമന്ത്രാസ്സ്വപരിഷ്കരാണാം പ്രോക്താഃ സ്നാനക്രമം ബ്രുവേ.
൯൦

പുംസൂക്തസ്യ ഷോഡശ ഋചഃ ഇദം വിഷ്ണുഃ അപി ക്രമാത് – സഹസ്രശീർഷാദി പുരുഷസൂക്തത്തിന്റെ ഋക്കുകൾ പതിനാറും 'ഇദം വിഷ്ണുർവിചക്രമേ' എന്ന ഋക്കും ക്രമേണ, തദീയാനാം സ്നാനമന്ത്രാഃ – ആദിയിൽ പ്രണവവും ഉപചാരവും ഒടുക്കം നായിലെ വന്ദനമന്ത്രവും മൂലവും പ്രണവവും കൂടി ദ്രവ്യകലശങ്ങളെ ആടുവാനുള്ള മന്ത്രങ്ങൾ. പരികലശങ്ങൾ ആടുവാൻ മൂലംതന്നെ മന്ത്രങ്ങൾ. പ്രോക്താഃ – പ്രോക്തങ്ങളായി. സ്നാനക്രമം ബ്രുവേ – കലശങ്ങളെ ആടേണ്ടതിന്റെ ക്രമത്തെയും പറയുന്നേൻ.

മാനുഷാദിക്ഖണ്ഡകലശൈർദ്രവ്യകലശൈസ്തഥാ മാനുഷവിധിപ്–
[ദൈവൈഃ
ദൈവികാദിക്കോണഗതൈഃ സപ്തദശദ്രവ്യകൈർഹരിം സ്നാപയേത്.
൯൧

സപ്തദശദ്രവ്യകൈഃ – ഈ സപ്തദശദ്രവ്യങ്ങളുടെ അഭിഷേകങ്ങളിൽ, മാനുഷാദിക്ഖണ്ഡകലശൈഃ – മുമ്പിൽ മാനുഷത്തിലെ ദിക്കുകളിൽ, ഖണ്ഡദ്രവ്യങ്ങളും തൽപരികലശങ്ങളോടും കൂടി ആടിയാൽ, ദ്രവ്യകലശൈഃ – പിന്നെ പുറത്തു വന്ന് പാണികൊട്ടിച്ച് ദ്രവ്യകലശങ്ങളെ എഴുന്നള്ളിച്ചുകൊണ്ടുപോയി ആടൂ. അഥ മാനുഷവിധിദൈവൈഃ – പിന്നെ മാനുഷത്തിലെ അസ്ത്രാദിക്കോണുകളിലെ ദ്രവ്യവും പരികലശങ്ങളുമാട്ടു. ദൈവികാദിക്കോണഗതൈഃ – പിന്നെ ദൈവികത്തിലെ കലശങ്ങളെ ദിക്കും കോണും ആയിട്ടും അഭിഷേകം ചെയ്വൂ. ഇങ്ങനെ സപ്തദശദ്രവ്യം.

അനന്തരം പഞ്ചവിംശതിദ്രവ്യക്രമത്തെ പറയുന്നു:—

ദ്രവ്യം തത്ത്വമിരുഷഗർഭമന്ത്രാ സ്നാനോദകം മധ്യതഃ
പാദ്യാദീന്യുപഖണ്ഡമധ്യകലശേഷ്വാത്താന്യഥോദ്യാദിഷു
ബാഹ്യേ ദിഗ്വിദിഗന്തരാളനിഹിതേഷ്വന്യഥ ദിക്കോണകേ–
ഷ്വാപൂര്യ ദ്രവിണാനി തത്ത്വകലശൈർദ്ധ്യാത്വൈവ ദ്ദൂർദ്ദ്ഗിണി.
൯൨

ശാർങ്ഗിണി – വിഷ്ണുവിങ്കൽ, തത്ത്വാമിതദ്രവ്യ – പഞ്ചവിംശതിദ്രവ്യങ്ങളെക്കൊണ്ടുള്ള കലശങ്ങളെ, മദ്ധ്യത്തെ ഷഡംഗന്യാസാദികം – നടുവിൽ "ഓം നമോ വിഷ്ണവേ" ഇത്യാദി മന്ത്രംകൊണ്ട് സ്നാനോദകത്തെ ന്യസിപ്പൂ. ബാഹ്യേ ഉപബന്ധമന്ത്രാക്ഷരേണ അന്തഃസ്നാനജ്യാദിഷു – പുറത്ത് ബന്ധദ്രവ്യകലശങ്ങളിലും പീഠപൂജയും ആവാഹനവും മൂർത്തിന്യാസവും പൂജയും ചെയ്ത്, ദിഗ്വിദിക്കുകളിൽ ആദി ദിക്കോണങ്ങളിൽ – തത്ര പാദ്യാദീനി ദ്രവ്യാണി ആപൂര്യ അഭ്യർച്ച്യതേ – പുറത്തു ദിക്കും കോണും അതാതു മുതലായ അകത്ത് ദിക്കും കോണും ക്രമമായിട്ട് നാലു് അധിദേവതാമന്ത്രംകൊണ്ട് ദ്രവ്യങ്ങളെ നിറച്ചു വെവ്വേറെ മൂലംകൊണ്ടാവാഹിച്ചു പൂജിപ്പൂ.

പാദ്യാർഘ്യാചാമഗവ്യം സഘൃതദധിപയഃ ക്ഷൌദ്രമന്ത്യാക്ഷരേണോ-
ഷ്ണീഷം കൂപോദകം മാർജ്ജനഫലയവരത്നാദിലോഹൈകകേശം
ഗായത്ര്യാ ഗന്ധപുഷ്പോപമികമപി സധാതുഷ്കത്തം കേരവാരീ-
ക്ഷുതോയം തണ്ഡുലോദം ന്യസേത്തദധിദൈവതമഷ്ടാക്ഷ-
രേണ. ൪൨.

അഷ്ടാക്ഷരേണ പാദ്യാർഘ്യാചാമഗവ്യം സഘൃതദധിപയഃ ക്ഷൌദ്രം – പുറത്തു ദിക്കുകോണുകളിൽ മൂലമന്ത്രാക്ഷരംകൊണ്ട് അധിദേവതയോടും കൂടി പാദ്യത്തെയും അർഘ്യത്തെയും ആചമനീയത്തെയും പഞ്ചഗവ്യത്തെയും നെയ്യിനെയും തൈരിനെയും പാലിനെയും തേനിനെയും നിറപ്പൂ. ഗായത്ര്യാ തദധിദൈവതം ഉഷ്ണോദകം കൂപോദകം മാർജ്ജനഫലയവരത്നാദിലോഹൈകകേശം – അന്തരാളങ്ങളിൽ ക്രമേണയായിട്ട് ഗായത്രികൊണ്ടും അധിദേവതാമന്ത്രവും കൂട്ടി കാച്ചിയ വെള്ളത്തെയും കഷായത്തെയും മാർജ്ജനത്തെയും ഫലത്തെയും യവത്തെയും രത്നങ്ങളെയും ലോഹങ്ങളെയും കശയെയും ന്യസിച്ചു വെവ്വേറെകൊണ്ടും നിറപ്പൂ. അഷ്ടാക്ഷരേണ ഗന്ധപുഷ്പോപമികം സധാതുഷ്കത്തം കേരവാരീക്ഷുതോയം തണ്ഡുലോദം ച തദധിദൈവതം ന്യസേത് – അകത്തെ ദിക്കോണുകളിൽ അഷ്ടാക്ഷരംകൊണ്ട് അധിദേവതാമന്ത്രത്തോടും കൂടി ഗന്ധത്തെയും പുഷ്പങ്ങളെയും ഉപമാനദ്രവ്യത്തെയും ധാതുക്കളെ

ദ്രവ്യങ്ങളെ മദ്ധ്യത്തിലും കോണുകളിലും ഇടകളിലും കരിമ്പിൻ നീരിനോടു കൂടിയ ഘൃതാദികളെയും ന്യസിപ്പൂ.

ദ്രവ്യാണാം പങ്ക്തിശഃ പരഃ പിതൃമാവാശക്ഷവിഷ്ണുശന-
ചന്ദ്രേന്ദ്രാർക്കകൃതാന്തവിശ്വധനദബ്രഹ്മവസുസാവിത്ര്യഃ
ഗന്ധർവാധിപദേവതാ നിഗദിതാ ഗന്ധർവപതിശശ്വരാ-
സ്താർക്ഷ്യഃ കൃഷ്ണഗിരി നിരൃതിശ്ച നരസിംഹാഖ്യോ ഹയാസ്യഃ-
[ക്രമാത്. ൪൭

ദ്രവ്യാണാം – സമദേശങ്ങളിലെ ദ്രവ്യങ്ങൾക്ക്, പരഃ പുരുഷഃ “ഓം നമോ വിഷ്ണവേ പരംപുരുഷായ ഓം നമോ നാരായണായ ഓം ഹ്രീം പരമപദ സേവായ സ്വാഹാ ഓം നമോ നാരായണായ” ഇങ്ങനെ ഷഡക്ഷരവും അധിദേവതയും മൂലപുടിതമായ അഷ്ടാക്ഷരവും കൂടി ബ്രഹ്മത്തിന്റെ ദ്രവ്യന്യാസമന്ത്രം. പിന്നെ പാദ്യാദികൾക്ക് പിതൃമാവാശക്ഷവിഷ്ണുശനചന്ദ്രേന്ദ്രാർക്കകൃതാന്തവിശ്വധനദബ്രഹ്മവസുസാവിത്ര്യഃ – പിതൃഭ്യോ നമഃ, ശ്രിയൈ നമഃ, സരസ്വത്യൈ നമഃ, ദക്ഷായ നമഃ, വിഷ്ണവേ നമഃ, ഉശനസേ നമഃ, ചന്ദ്രായ നമഃ, ഇന്ദ്രായ നമഃ, ആദിത്യായ നമഃ, യമായ നമഃ, വിശ്വേഭ്യോ ദേവേഭ്യോ നമഃ, വൈശ്രവണായ നമഃ, വായവേ നമഃ, ബ്രഹ്മണേ നമഃ, വസുഭ്യോ നമഃ, സാവിത്രീ – സാവിത്ര്യൈ നമഃ, ഗന്ധർവാധിപശ്വരാഃ – ഗന്ധർവായ നമഃ, വരുണായ നമഃ, താർക്ഷ്യഃ – ഗരുഡായ നമഃ, കൃഷ്ണാ – പൃഥിവ്യൈ നമഃ, നിരൃതിഃ – നിരൃത്യൈ നമഃ, രമായംനൃസിംഹാഖ്യൗ – ശ്രീധരായ നമഃ, നൃസിംഹായ നമഃ, ഹയാസ്യഃ – അശ്വമുഖായ നമഃ, ഇതി ക്രമാത് അധിദേവതാഃ നിഗദിതാഃ സ്യുഃ – ഇങ്ങനെ ദ്രവ്യന്യാസക്രമേണ അധിദേവതാമന്ത്രങ്ങളും ഉക്തങ്ങളായി.

ഇദമൃഗ് ഹിരണ്യവർണാ ആപോ ഹിഷ്ഠാ പ്രജാപതേ ന ത്വത്
തേജോഽസീതി ദധിക്രാവ്ണോ/ആപ്യായസ്വ മന്ത്രമധുമത്യഃ. ൪൮

ആകൃഷ്ണേനാശ്വയേ ഭദ്രംകർണേഭിരിത്യൃഗ്ഗണോനന്തരാ
വായോ ബ്രഹ്മപാവതാ ദേവസ്യത്വാ ച മാന്ത്രേ മന്ത്രാഃ. ൪൯

മാന്ത്രേ – മാർഷത്തുകൾ, ദിക്കുകളിലെയും കോണുകളിലെയും അന്തരാളങ്ങളിലെയും പാദ്യാദികളായ കലശങ്ങൾക്ക് “ഇദം വിഷ്ണുർവിചക്രമേ” എന്നും “ഹിരണ്യവർണാഃ ശുചയഃ” എന്നും “ആപോ ഹിഷ്ഠാമയോ ഭുവഃ” എന്നും “പ്രജാപതേ ന ത്വദ

ഠ്" എന്നും "തേജോസി തേജോന്ന പ്രേഹി" എന്നും "ദധിക്രാവ്ണോ അകാരിഷം" എന്നും "ആപ്യായസ്വ സമേതു തേ" എന്നും "മധുവാതാ ഋതായതേ" ഇത്യാദി മൂന്നും അന്തരാളങ്ങളിലെ ഉദ്ധാരാദികൾക്ക് "ആകൃഷ്ണേന രജസാ" എന്നും "അശ്വത്ഥേ വോ നിഷദനം" എന്നും "ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാഃ" എന്നും "ഗണാനാം ത്വാ ഗണപതിം" എന്നും "വായവായാഹി ദർശത" എന്നും "ബ്രഹ്മജജ്ഞാനം പ്രഥമം പുരസ്താത്" എന്നും "ഉപത്വാഗ്നേ ദിവേ ദിവേ" എന്നും "ദേവസ്യ ത്വാ സവിതുഃ പ്രസവേ" ഇത്യാദി മൂന്നും ഇങ്ങനെ പതിനാറു ഋക്കുകൾ മാനഷത്തുങ്കലെ മന്ത്രങ്ങൾ.

വിഷ്ണോരരാടമിതി തത്ത്വായാമി സുവർണ്ണമിത്യതഃ സ്യോനാ
ശന്നോ യാ ദിവ്യാ യാസാം ച പരോമാത്രയാ/ന്വാ ശൈവേ. ൯൧

ശൈവേ – ശൈവത്തിങ്കൽ ദിക്കുകളിലും കോണുകളിലും, "വിഷ്ണോരരാടമസി വിഷ്ണോഃ പൃഷ്ഠമസി" എന്നും "തത്ത്വായാമി ബ്രഹ്മണാ" എന്നും "സുവർണ്ണം ഘർമ്മം പരിവേദവേനം" എന്നും "സ്യോനാ പൃഥിവി ഭവ" എന്നും "ശന്നോ ദേവീരഭിഷ്ടയേ" എന്നും "യാ ദിവ്യാ ആപഃ പയസാ" എന്നും "യാസാം രാജാ വരുണോ യാതി മദ്ധ്യേ" എന്നും "പരോ മാത്രയാ തന്വാ വൃധാനഃ" എന്നും ശൈവീകത്തിങ്കലെ മന്ത്രങ്ങൾ.

ബ്രാഹ്മേ/ന്തോ ദേവാ ഇതി മനവഃ സ്നപനേ സപൂരണാണയുതാഃ
ഇതി പഞ്ചവിംശതിമിതദ്രവ്യസ്നാനക്രമോ ഹരൌ പ്രോക്തഃ. ൯൨

ബ്രാഹ്മേ – ബ്രഹ്മകലശത്തിങ്കൽ, "അതോ ദേവാ അവന്തു നഃ" എന്നും, ഇതി സ്നപനേ മനവഃ സപൂരണാണയുതാഃ – ഇപ്രകാരം കലശങ്ങൾ ആടുവാൻ പറഞ്ഞ ഋക്കുകളിൽ പ്രണവോപചാരങ്ങൾ ആദിക്കും ഒടുക്കം നിറപ്പാൻ പറഞ്ഞ അധിദൈവതാമന്ത്രങ്ങളും മൂലപ്രണവങ്ങളും കൂടെ വേണം. വലിയ ബ്രഹ്മകലശമാടുന്നതിന് പ്രണവോപചാരപീഠമന്ത്രം മൂർത്തിമന്ത്രപ്രയ കലാതത്ത്വപര പരിവാരമന്ത്രങ്ങൾ ആദിയായി; പിന്നെ ഋക്കും ആധിദൈവതയും സ്വാസൂക്തവും പുരുഷസൂക്തവും മൂലപ്രണവവും കൂടെ വേണം. ഇതി ഹരൌ പഞ്ചവിംശതിമിതദ്രവ്യസ്നാപനക്രമഃ പ്രോക്തഃ – ഇപ്രകാരം വൈഷ്ണവത്തിങ്കലെ പഞ്ചവിംശതിദ്രവ്യങ്ങളെക്കൊണ്ടുള്ള കലശത്തിങ്കലെ ക്രമം പറയപ്പെട്ടു.

അനന്തരം ശങ്കരനാരായണന്മാർക്കു കലശപ്രകാരത്തെ പറയുന്നു:—

അധമാധമപൂർവമുത്തമോത്തമപര്യന്തമിഹാഭിഷേചനം
നവധാ പരിപഠ്യതേ ബുധൈഃ ക്രമശഃ ശങ്കരശാർങ്ഗധന്വനി.
[ൽൻ

ശങ്കരശാർങ്ഗധന്വനി - ശങ്കരനാരായണന്മാരിൽ, ഇഹ ബുധാഃ അധമാധമപൂർവം ഉത്തമോത്തമപര്യന്തം നവധാ അഭിഷേചനം പരിപഠന്തേ – ഇവിടെ വിദ്വാന്മാർ അധമാധമം തുടങ്ങി ഉത്തമോത്തമം അവസാനമായിട്ട് ഒമ്പതു പ്രകാരം കലശത്തെ പറയുന്നു. അത് എങ്ങനെ എന്നാൽ അധമാധമം അധമമദ്ധ്യമം അധമോത്തമം മദ്ധ്യമാധമം മദ്ധ്യമമദ്ധ്യമം മദ്ധ്യമോത്തമം ഉത്തമാധമം ഉത്തമമദ്ധ്യമം ഉത്തമോത്തമം ഇങ്ങനെ ഒമ്പതുപ്രകാരം കലശങ്ങളെ പറയുന്നു.

തത്രാങ്ഗുലാദ്രിനവവർഗമിതാ ഘടാഃ സ്യു-
സ്ത്ര്യൂനം ശതം സനവവിംശതികം ശതം ച
തത്വോത്തരദ്വിശതകം ദ്വിശതീ സവിശ്വാ
സാ സപ്തസപ്തതിയുതാഽദ്രികൃതിസ്ത്രിശത്യാ. ൧൦൦

തത്ര അങ്ഗുലാദ്രിനവവർഗമിതാഃ - അവിടെ അംഗുലവർഗം ഇരുപത്തിയഞ്ച്, അദ്രിവർഗം നാല്പത്തിയൊമ്പത്, നവവർഗം എൺപത്തിയൊന്ന്, ത്ര്യൂനം ശതം – തൊണ്ണൂററിയേഴ്, സനവവിംശതികാ ശതം ച – നൂററിയിരുപത്തിയൊമ്പത്, തത്വോത്തരദ്വിശതകം – ഇരുനൂററി ഇരുപത്തിയഞ്ചു, സവിശ്വാ ദ്വിശതീ - ഇരുനൂററിപ്പതിമൂന്ന്, സപ്തസപ്തതിയുതാ സാ – ഇരുനൂററിയെഴുപത്തിയേഴ്, ത്രിശത്യാ അദ്രികൃതിഃ ച ഘടാഃ – മുന്നൂററിനാല്പത്തിയൊമ്പത്. ഇങ്ങനെ അധമാധമാദി ഉത്തമോത്തമാവസാനങ്ങളിൽ കലശങ്ങളുടെ സംഖ്യകൾ ഭവിക്കും.

ആജ്യാദിഭിർഹരിവദത്ര കഷായനിര്യൈ-
ർദ്രവ്യൈസ്തു സപ്തദശഭിസ്ത്ര്യധമാഭിഷേകാഃ
ശൈലാങ്കശങ്കരപുടാഹിതപഞ്ചസപ്ത-
ഗോവർഗസംഖ്യകലശൈർവിഹിതാഃ ക്രമേണ. ൧൦൧

അത്ര ഹരിവത് ആജ്യാദിഭിഃ കഷായനിര്യൈഃ സപ്തദശഭിഃ ദ്രവ്യൈഃ ത്ര്യധമാഭിഷേകാഃ – ഇവിടെ വിഷ്ണുവിങ്കലെ

പ്പോലെ നെയ്യു തുടങ്ങിയ കഷായാവസാനമായ പതിനേഴു ദ്രവ്യങ്ങളെക്കൊണ്ട് അധമാധമവും അധമമദ്ധ്യമവും അധമോത്തമവും ഈ മൂന്നു പ്രകാരം പറഞ്ഞ കലശങ്ങൾ, ശൈവാങ്കശരപുടാഢിതപഞ്ചസപ്തഗോവർഗസംഖ്യൈഃ കലശൈഃ ക്രമേണ വിഹിതാഃ — ഏഴു പുടങ്ങൾ ഇരുപത്തിയഞ്ചും ഒമ്പതു പുടങ്ങൾ നാല്പത്തിയൊമ്പതും പതിനൊന്നു പുടങ്ങൾ എൺപത്തിയൊന്നും കലശങ്ങളെക്കൊണ്ട് വിഷ്ണുവിങ്കലെപ്പോലെ ഉത്തമങ്ങളായി; പൂരണമന്ത്രങ്ങളും വിഷ്ണുവിങ്കലെപ്പോലെ.

ശിവകലശങ്ങൾക്കു വിശേഷമന്ത്രങ്ങളെ പറയുന്നു:—

സദ്യോജാതകവാമവക്ത്രബഹുരൂപേശാനപഞ്ചാക്ഷരാ-
ണ്യാപ്യായസ്വ പയോവധീഹ മധുവാതബ്രഹ്മഹൃദ്ഭ്യാം മധു
അംശുർഥ ശിരസാ ജിനാർണശിഖയാ പുഷ്പാവതീലോചനേ-
നാപോഹിഷ്ഠമയോർണനാ പുരുഷപദ്യൈർണ്ണാണനേത്രാക്ഷതം.
[൧൦൧

തന്മഹേശമശവർണ്ണത്ഥ പരം
വ്യോമജൈജനലിപിപങ്ക്തിവർണ്ണതഃ
ത്ര്യംബകാണ്ഡകവചേന മാനജ-
ഗച്ഛിഷ്ണുജൈജനലിപിനാ യഥോചിതം. ൧൦൨

പയോവധി സദ്യോജാതകവാമവക്ത്രബഹുരൂപേശാനപഞ്ചാക്ഷരാണി ആപ്യായസ്വ ച — മാംസത്തുകലേ പാദ്യാർഘ്യാചമനീയഗവ്യങ്ങൾക്ക് "സദ്യോജാതം പ്രപദ്യാമി" എന്നും "വാമദേവായ നമോ ജ്യേഷ്ഠായ" ഇത്യാദിയും "തത്പുരുഷായ വിദ്മഹേ" എന്നും "അഘോരേഭ്യോഥ ഘോരേഭ്യോ" എന്നും കഴിഞ്ഞാൽ ബ്രഹ്മകലശത്തിന് "ഈശാനസ്സർവ്വവിദ്യാനാം" എന്നും, പിന്നെ അഗ്നികോണിൽ തുടങ്ങി തെരിസ് പഞ്ചാക്ഷരവും, പാലിന് "ആപ്യായസ്വ" എന്നും; മധുവാതബ്രഹ്മഹൃദ്ഭ്യാം മധു — "മധുവാതാ ഋതായതേ" എന്ന മൂന്ന് ഋക്കും പഞ്ചബ്രഹ്മഹൃദയമന്ത്രവും കൂടി തേനിനേയും, അംശുർഥ ശിരസാ — "അംശുർഥ വോ നിഷദനം" എന്നും പഞ്ചബ്രഹ്മശിരോമന്ത്രവും കൂടി കഷായജലത്തെയുമാണ്. പിന്നെ ദൈവികങ്ങളുകലേ ഓക്കങ്ങളിലെ ഉച്ചോളകഫലമാർജ്ജനാക്ഷതങ്ങൾക്ക്, ജിനാർണശിഖയാ — സപ്ത

ഗായത്രിയും പഞ്ചബ്രഹ്മശിരോമന്ത്രവുംകൊണ്ട് ഉഷ്ണജലത്തെയും, പുഷ്പവതീശബ്ദമാനന — "പുഷ്പാവതീഃ പ്രസൂവരീഃ" എന്നും പഞ്ചബ്രഹ്മാംഗത്തിന്റെ നേത്രവും കൂടി ഫലജലത്തെയും, ആപോഹിഷ്ഠാമന്ത്രമെന്നും — "ആപോ ഹി ഷ്ഠാ മയോഭുവഃ" എന്നും പഞ്ചബ്രഹ്മാസ്ത്രവും കൂടി മാർജ്ജനജലത്തെയും, പുരുഷാങ്കത്യായനോ ഇതി ഷഡക്ഷരം — തത്പുരുഷായ വിദ്മഹേ എന്നും വ്യോമവ്യാപിശേഷപദംകൊണ്ട് അക്ഷതജലത്തെയും ആട്ടൂ. പിന്നെ കോണുകളിലും ഗന്ധോദകഗന്ധയവങ്ങൾക്ക്, തന്മഹേശവർണ്ണതഃ — "തന്മഹേശായ വിദ്മഹേ" ഇത്യാദിയും വ്യോമവ്യാപിമന്ത്രവും കൂടി ഗന്ധജലത്തെയും, വ്യോമജെലിപി പഞ്ചാവർണ്ണതഃ — "വ്യോമവ്യോമായ വിദ്മഹേ" ഇത്യാദിയും, വ്യോമവ്യാപിശേഷവും കൂടി പിന്നത്തെ ലോഹോദകത്തെയും, ത്ര്യംബകാനുഷ്ടുപ്പ — "ത്ര്യംബകം യജാമഹേ" ഇത്യാദിയും പഞ്ചബ്രഹ്മകവചവും കൂടി ഗന്ധോദകത്തെയും; മാനജ്ഞഗപിള്ള ജെലിപിനാ യവോദകം — "മാനസ്തോകേ തനയേ മാനഃ" ഇത്യാദിയും "നാരായണായ വിദ്മഹേ" ഇത്യാദി വിഷ്ണുഗായത്രിയും കൂടി യവോദകത്തെയും ആട്ടൂ.

ഇത്യുക്തസദ്യാദികമന്ത്രകാണാം
സഹസ്രശീർഷാദ്യുദിതോക്തമന്ത്രാൻ
ഏകൈകശോഽന്തേ സമുദീര്യ മന്ത്രീ,
സംസ്നാപയേച്ചാഭിഹിതക്രമേണ. ൧൦൪

ഇതി ഉക്തസദ്യാദികമന്ത്രകാണാം അന്തെ — ഇവ പറഞ്ഞ സദ്യോജാതാദികളായ കലശാഭിഷേകമന്ത്രങ്ങളുടെ ആദിയിങ്കൽ, സഹസ്രശീർഷാദ്യുദിതോക്തമന്ത്രാൻ — 'സഹസ്രശീർഷാ പുരുഷഃ' ഇത്യാദി വിഷ്ണുവിങ്കലേയ്ക്കു പറഞ്ഞ പതിനേഴമന്ത്രങ്ങളിൽ ഓരോരോ ഋക്കുകളെ, സമുദീര്യ - ചൊല്ലീട്ട് സഹസ്രസദ്യോജാതാദികളെക്കൊണ്ട്, അഭിഹിതക്രമേണ മന്ത്രീ സംസ്നാപയേത് — മാനുഷലിംഗബന്ധാലയെഃ ഇത്യാദി ക്രമത്തോടു കൂടി കലശങ്ങളെ ആട്ടൂ. ഇങ്ങനെ അധമത്രയം മൂന്നും.

അനന്തരം ഉത്തമമധ്യമങ്ങളെ പറയുന്നു—

ത്രിഷിസംഖ്യപൃഥഗുത്തമാധമം
[illegible]

നവകാന്യപി ദിശാവിദിക്ഷു തത്-
പരിതോദ്യാവിതി മദ്ധ്യമാധമം. ൧൦൭

തിര്യക്‌സംഖ്യപ്രകാരം മദ്ധ്യതഃ നൈശതംപുടനെ അധമാധമം രചയേത് - പതിനഞ്ച് പുടങ്ങളെ ഇട്ട് ചതുരശ്രം വന്നാൽ നടുവിൽ ഏഴ് പുടംകൊണ്ട് അധമാധമമായ ഏകപഞ്ചാശത്കലശത്തിന്റെ പത്മത്തെ ഉണ്ടാക്കി പുറവും ഒരു പുടം വീഥിയും ത്യജിച്ചാൽ, തത്പരിതഃ ദിശാവിദിക്ഷു അഷ്ടൗ നവകാനി അപി രചയേത് - പുറത്തുള്ള പുടവൃത്തത്തിൽ ദിക്കുകളിലും കോണുകളിലുമായി എട്ടു നവകങ്ങളെയുമുണ്ടാക്കുക; ശേഷം അന്തരാള സ്ഥാനത്ത് ശേഷിച്ച പുടങ്ങളെ വീഥിയായിട്ടു ത്യജിച്ചുകൊള്ളൂ. ഇതി മദ്ധ്യമാധമം - ഇങ്ങനെ തൊണ്ണൂറ്റിയേഴുകലശമായ മദ്ധ്യമാധമത്തിന്റെ പത്മം.

ഇക്ഷുക്ഷീരോദകതൈലശാന്തി-
മംഗല്യമൃത്സ്നജലാനി ബാഹ്യേ
ബ്രാഹ്മേണ ബീജേന ഘൃതാദികാന്തേ
ദിക്കോണകേഷ്വപി പൂരയേച്ച. ൧൦൮

ഘൃതാദികാന്തേ - അകത്തെ അധമാധമമായ ഏകപഞ്ചാശത് കലശങ്ങളിൽ ഘൃതാദികളായ പതിനേഴ്ദ്രവ്യങ്ങളെക്കൊണ്ടു പറഞ്ഞപോലെ നിറച്ചാൽ, ബാഹ്യേ ദിക്കോണകേഷു - പുറത്തു ദിക്കുകളിലേയും കോണുകളിലേയും നവകസ്ഥകലശങ്ങളിൽ, ബ്രാഹ്മേണ ബീജേന - കം നമഃ എന്നതുകൊണ്ട്, ഇക്ഷുക്ഷീരോദകതൈലശാന്തിമംഗല്യമൃത്സ്നജലാനി അപി പൂരയേത് - ശർക്കരയേയും കരിമ്പിനേയും തേങ്ങാവെള്ളത്തേയും എണ്ണയേയും ശാന്ത്യംബുസ്സിനേയും മംഗലാംബുസ്സിനേയും മണ്ണുകളേയും ഭസ്മജലത്തേയും നിറപ്പൂ.

തദ്വം വിഷ്ണോ ഇതി ദിക്ഷ്വാഗ്നേയിഷു പുനർവിഷ്ണോർന്നുകം ശന്നഃ-
ദൃശാചക്രാന്തല്ലൂർധ്വന്താസ്സി ച പുരോമുക്കൈതഃ ക്രമാദ് ബ്രഹ്മണഃ
കരോമാവധി സംഹാരതത്വ പൃഥക് ഭൂതൈശ്ച സദ്യാന്തികൈ-
ർമ്മൂലേനാങ്കുരസമന്വിതൈഃ സ്ഥാപയേത് സ്നാനേ യവോമ-
[ന്തികൈഃ. ൧൦൯

യവോമാന്തികൈഃ സ്നാനേ - അധമാധമത്തിങ്കലെ സഹസ്ര ശീർഷാദികളും സദ്യോജാതാദികളും കൂടി അകത്ത് പാല്യാദിയവോമ

ത്തിന്റെ [illegible] ആയി [illegible] മതിയാകും, ഷഡ് - പുറത്തു [illegible] അധികരിച്ചു [illegible] വിസ്തൃതി - [illegible] വിസ്ത്തൃ [illegible] വിശേഷ [illegible] എന്നും, പുറമേ [illegible] - [illegible] ഇതിന്റെ [illegible] "[illegible] വിസ്ത്തൃ" എന്നതിന്റെ [illegible] ഷഡ് [illegible] - [illegible] എന്ന [illegible] കൂട്ടി, [illegible] പുറത്ത് [illegible] മദ്ധ്യം കൂടി [illegible] പങ്ക്തി [illegible] വിസ്തൃതി [illegible] എന്നും കൂട്ടി [illegible] എന്നും കൂടി [illegible] - വാമദേവായ എന്നും [illegible] എന്നും കൂടി [illegible] - [illegible] എന്നും കൂടി [illegible] - ഒട്ടകം [illegible] ങ്ങളോട് കൂടി [illegible] - [illegible] ചെയ്യു.

[illegible]

ഷഡ്ഭിഃ വിംശതിസൂത്ര [illegible] മദ്ധ്യേ [illegible]
വീഥീം പങ്ക്തിയുക്തോത്തമം [illegible] ബഹി-
[illegible] ക്രമാത്
കത്രാത് [illegible]
വിന്യസ്യ [illegible] പ്രാഗ്വദ ചെയ്തി [illegible]

വിംശതിസൂത്രകേ ക്ഷേത്രേ - ഇരുപതു സൂത്രം തെറിച്ചു [illegible] ചതുരശ്രങ്ങളുകൾ, മദ്ധ്യേ ഇ മദ്ധ്യമം [illegible] അധമമവും മദ്ധ്യമം - നടുവിൽ മദ്ധ്യമമദ്ധ്യമമാകുമ്പോൾ [illegible] പുടംകൊണ്ട് അധമമദ്ധ്യമത്തിലെ നാലുതൊണ്ടുള്ള [illegible] ത്തിന്റെ [illegible] പങ്ക്തിയുടെ വീഥിം [illegible] - അതിന്റെ പുറവും [illegible] പുടംകൊണ്ട് വീഥിയെയുമുണ്ടാക്കു. ഉത്തമ [illegible] - മദ്ധ്യമോത്തമം ആകുമ്പോൾ നടുവിൽ പതിനൊന്ന പുടം കൊണ്ട് അധമോത്തമത്തിലെ [illegible] ത്തിന്റെ

പത്മത്തെ ഉണ്ടാക്കൂ. പശ്ചാദ്വീഥിം ച - അതിന്റെ പുറവും ഒരു പുടം കൊണ്ട് വീഥിയേയുമുണ്ടാക്കൂ. ഏതദ്ബഹിഃ - ഇതിന്റെ പുറത്തു പുറവും മൂന്നു പുടം ശേഷിച്ച് ഉള്ളതുകൊണ്ട്, തത്ക്രമാത് ഷോഡശപഞ്ചകാനി നവകാനി അപി - മദ്ധ്യമത്തുങ്കൽ പതിനാറു പഞ്ചകങ്ങളെയും ഉത്തമത്തിൽ പതിനാറു നവകങ്ങളെയും ദിക്കിലും കോണിലും അന്തരാളത്തിലും ആയി ഉണ്ടാക്കൂ. അപ്പോൾ ആറായിരത്തപത്തിരണ്ടാമതിന്റെയും ഇരുനൂറാറിരുപതഞ്ചിന്റെയും പത്മങ്ങളെയും ഉണ്ടാക്കൂ. അന്തരാഹരിമൂലതഃ ഗന്ധാഢ്യം വിന്യസേത് - ഇവിടെ അന്തരാളമുള്ളകത്തിൽ വെച്ചുള്ള വാസ്ത്വാക്ഷരം കൊണ്ട് അഷ്ടഗന്ധജലത്തെയും നിറപ്പൂ. അന്യത് അഖിലം പ്രാഗ്വത് - ശേഷം ദ്രവ്യങ്ങളും മുമ്പിൽ പറഞ്ഞതുപോലെ അകത്തു ആജ്യാദിപഞ്ചഗവ്യം പുറത്ത് ദിക്കോണുകളിൽ ഇളനീർക്കുടങ്ങൾ എട്ടിനേയും നിറപ്പൂ. ഇതി ഇതരാ പദ്ധതി - ഇപ്രകാരം മദ്ധ്യമമദ്ധ്യമവും മദ്ധ്യമോത്തമവും മുപ്പത്തിമൂന്നു ദ്രവ്യന്യാസത്തോടുകൂടി ഭവിക്കും.

അനന്തരം ഉത്തമോത്തമത്തെ പറയുന്നു:—

ക്ഷേത്രേ തത്ര ത്രയോവിംശതിപുട ഇഷുവർഗ്ഗാത്മകദ്രവ്യക്ഌപ്ത്യാ
മദ്ധ്യേ കൃത്വാഽഷ്ടയുക്തം ശതമഥ പരിതഃ പഞ്ചകോഷ്ഠേഷ്ടിതാനി
ദിക്കോണാദ്യന്തരാണ്യാരചയ ഇതി നവകാദ്യാനി വാ സത്യകാദി-
സ്ഥാനസ്ഥാനി ത്രികോണി ശിവയവിധിസമാന്യത്തമാവിശ്യ പശ്ചാ-
[ന്നീതി. ൫൦൯.

തത്ര ത്രയോവിംശതിപുടേ ക്ഷേത്രേ - അവിടെ ഇരുപത്തിമൂന്നു പുടത്തോടുകൂടിയ ക്ഷേത്രത്തിങ്കൽ, ചതുരശ്രമദ്ധ്യേ ഇഷുവർഗ്ഗാത്മകദ്രവ്യക്ഌപ്ത്യാ അഷ്ടയുക്തം ശതം കൃത്വാ - നടുവിൽ ൧൧ പുടം കൊണ്ടു പഞ്ചവിംശതി ദ്രവ്യത്തിങ്കൽ പറഞ്ഞിരിക്കുന്ന ൧൦൮ കലശത്തിന്റെ പത്മത്തെയുമുണ്ടാക്കി അതിന്റെ പുറവും ഒരു പുടംകൊണ്ടു വീഥിയേയുമുണ്ടാക്കിയാൽ, അഥ പരിതഃ ദിക്കോണാദ്യന്തരാണി പഞ്ചകോഷ്ഠേഷ്ടിതാനി ആരചയ - പിന്നെ പുറത്തു പുറവും ദിക്കുകളിലും കോണുകളിലും അന്തരാളങ്ങളിലും നവകം ഉണ്ടാക്കിയാൽ ആ നവകങ്ങളുടെ കോണിലെ പദങ്ങളെ കളഞ്ഞു പഞ്ചകങ്ങളെ ഉണ്ടാക്കൂ. നവകാദ്യാനി വാ - പതിനാറു നവകങ്ങളായിട്ടും ആം. സത്യകാദി

സ്ഥാനസ്ഥാനി ത്രികാണി - പിന്നെ നാലു ദിക്കിലുമുള്ള നവക ങ്ങളുടെ രണ്ടു പുറത്തും സത്യകാദി സ്ഥാനങ്ങളിൽ മുമ്മൂന്നായിട്ടും ഉണ്ടാക്കു. ഇതി ദ്വിവിധവർദ്ധിതസമാനി ഉത്തമാവരശ്ചമധ്യേ - ഇപ്രകാരം തുല്യങ്ങളായിരിക്കുന്ന ഉത്തമാധമം ഇരുനൂററിപ്പത്തിരു ന്നിന്റെയും ഇരുനൂററിയെഴുപത്തഞ്ചായും ഉത്തമമധ്യമത്തിന്റെ പത്മങ്ങൾ (?) മുദ്ഗമത്തിന്ന പാഠഭേദങ്ങളുമുണ്ടെന്നുണ്ടു്.

> തത്രോത്തമോത്തമവിധൌ ശതമഷ്ടയുക്തം
> മധ്യേ ബഹിർദിനകരാഷ്ടിദിശാസംഖ്യാഃ
> ദിക്കോണമധ്യനിഹിതാ ജലധിപ്രമാണാ-
> സ്തത്സത്യകാദിഷു ച തത്തപുടഘടാഃ സ്യുഃ. ൧൧൦

തത്ര ഉത്തമോത്തമവിധൌ - അവിടെ ഉത്തമോത്തമമായ കലശത്തുങ്കൽ, തത്തപുട - ഇരുപത്തിയഞ്ചു പുടമായ ചതുര ശ്രങ്ങളുങ്കൽ, മധ്യേ അഷ്ടയുക്തം ശതം - നടുവിൽ പതിനഞ്ചുപുട ങ്ങളിൽ പറഞ്ഞ നൂററിയെട്ടുകലശത്തിന്റെ പത്മത്തെ ഉണ്ടാക്കി ചുററും ഒരു പുടംകൊണ്ടു വീഥിയും ഉണ്ടാക്കിയാൽ, ബഹിഃ ദിക്കോണമധ്യനിഹിതാഃ ദിനകരാഷ്ടിദിശസംഖ്യാഃ - പുറത്തു് ചുററും നാലുപുടങ്ങളുള്ളതിൽ ദിക്കുകളിൽ പന്ത്രണ്ടിലും കോണുകളിൽ അഷ്ടി-പതിനാറിലും അന്തരാളങ്ങളിൽ പന്ത്ര ണ്ടിലുമുണ്ടാക്കു. തത്സത്യകാദിഷു - അവിടെ ദിക്കുകളുടെ രണ്ടു രണ്ടു പുറത്തും സത്യകാദ്യന്തരാളങ്ങളിൽ, ജലധിപ്രമാണാഃ ഘടാഃ സ്യുഃ - നാന്നാലായിട്ടും കലശങ്ങളെ വെയ്ക്കം. ഇങ്ങിനെ ഉത്തമോ ത്തമമായ മുന്നൂററിനാല്പത്തിയെട്ടുകലശത്തിന്റെ പത്മം. ഈ ഉത്തമത്രയങ്ങൾക്കും നാല്പത്തിയെട്ടു ദ്രവ്യങ്ങളും വേണം.

ഇവിടെ അധികം വേണ്ടുന്ന ദ്രവ്യങ്ങളെ പറയുന്നു;—

> ബലാം വചാം ചാതിബലാം ച ശംഖ-
> പുഷ്പീം ച സക്തുമകസിംഹികേ ച
> വ്യാഘ്രീം കശേരും ച ഘൃതാദികാന്തേ
> ബ്രഹ്മാംഗതോ/ന്തർന്യസതു ത്രികേഷു. ൧൧൧

ഘൃതാദികാന്തേ - ഈ ഉത്തമത്രയത്തുങ്കലും അകത്തെ നൂറെറട്ടു കലശത്തിങ്കൽ ഘൃതാദികളായ സപ്തദ്രവ്യങ്ങളെ നിറ

ച്ചാൽ, അതാതഃ ത്രികേഷു ദ്വ്യഗ്രഗേതഃ - അന്തരാളങ്ങളിൽ മുമ്മൂന്ന് ഉള്ളതിന്റെ നടുവിൽ സദ്യോജാതാദി പഞ്ചബ്രഹ്മത്തിന്റെ അംഗങ്ങളെക്കൊണ്ട്, ബലാം - കുറുന്തോട്ടിയേയും, വചാം - വയമ്പിനെയും, അതിബലാം - വലിയകുറുന്തോട്ടിയേയും, ശംഖപുഷ്പീം - ശംഖപുഷ്പിയേയും, സബൃഹതീസിംഹികേ - അരിവഴുതിനെയും ചെറുവഴുതിനയേയും, വ്യാഘ്രീം - വലിയ വഴുതിനയേയും, ന്യസ്യ - ന്യസിച്ചു.

ദിക്കോണകീർത്തിതഗുളാദ്യഭിപൂരണാന്തേ
തത്സത്യകാദിഷു ബഹിർന്ന്യസ്യ ക്രമേണ
അഷ്ടാക്ഷരേണ സലിലാനി നദീസമുദ്ര-
വാപ്യന്ധുവർഷഹിമതീർത്ഥകനിർഝരാണാം. ൧൧൮.

ബഹിഃ ദിക്കോണകീർത്തിതഗുളാദ്യഭിപൂരണാന്തേ - പിന്നെ പുറത്തെ വരിയിൽ ദിക്കോണങ്ങളിൽ മുമ്പു പറഞ്ഞ ഗുളുക്കുകേളകാദികളെ എട്ടിനേയും നിറച്ചാൽ, തത്സത്യകാദിഷു - കിഴക്കെ ദിക്കിന്റെ അടുക്കൽ ഉള്ള സത്യകാദ്യന്തരാളങ്ങളിൽ, അഷ്ടാക്ഷരേണ - ഓം നമോ നാരായണായ എന്നതുകൊണ്ട്, നദീസമുദ്രവാപ്യന്ധുവർഷഹിമതീർത്ഥകനിർഝരാണാം സലിലാനി ന്യസ്യ - പുഴയിലേയും സമുദ്രത്തിങ്കലേയും അഗാധമുള്ള ദിക്കിലേയും കിണററിലേയും വർഷത്തിങ്കലേയും മഞ്ഞിങ്കൽ ഉണ്ടാകുന്നതും തീർത്ഥത്തിങ്കലേയും അരുവിയിങ്കലേയും ഈ എട്ടു ദിക്കിൽനിന്നും ശുദ്ധമായിട്ട് എടുത്തുകൊണ്ടുവന്ന വെള്ളങ്ങളെ നിറച്ചു.

തത്രാന്തരിക്ഷാദ്യപരാന്തരേഷു
സ്വമൂലതോ ന്യസ്യ ച ബീജതോയം
സ്വർണ്ണം തിലം രൌപ്യകശാലിതണ്ഡു-
ലാംശ്ച ക്ഷീരപാദപുഷ്പജലം ക്രമേണ. ൧൧൯.

തത്ര അന്തരിക്ഷാദ്യപരാന്തരേഷു - അഗ്നികോണിന്റെ അടുത്തു വടക്കേ തുടങ്ങി കോണുകളുടെ അടുത്തുള്ള അന്തരിക്ഷാദി മറെറ അന്തരാളങ്ങളിൽ, സ്വമൂലതഃ - ശങ്കരനാരായണന്റെ മൂലംകൊണ്ട്, ബീജതോയം - ബീജദ്രവ്യത്തെയും, സ്വർണ്ണ

ത്തെയും, തിലം – എള്ളിനേയും, ശൈവ്യം ... ചീരക്കയേയും, ശാലിതണ്ഡുലാഃ – നെല്ലിനേയും തണ്ഡുലത്തേയും, ... മുത്തശ്ശപ്പാടിയേയും പുഷ്പങ്ങളേയും, ക്രമേണ ന്യസ്യേത് – ക്രമേണ ന്യസിപ്പൂ.

ഉത്തമത്രിതയേ/പീതി വ്യക്താക്തം പ്രപൂരണം
തതസ്തത് സ്ഥാപനം കുര്യാത് തത്തത് പൂരണമന്ത്രതഃ ॥ ൧൫൪

ഉത്തമത്രിതയേ അപി ഇതി പ്രപൂരണം വ്യക്താക്തം സമക്തം – ഉത്തമത്രയത്തിങ്കലും ഇപ്രകാരം പൂരണക്രമത്തെ വ്യക്തമാക്കിപ്പറഞ്ഞു. തതഃ തത്തത് പൂരണമന്ത്രതഃ തത് സ്ഥാപനം കുര്യാത് – സദ്യോജാതാദി ഇരുപത്തിയെട്ടു ദ്രവ്യങ്ങൾക്കും സ്നാനമന്ത്രം പറഞ്ഞതു് അപ്രകാരം ആടി ... ളായിട്ട് ഇരുപത്തിനാലു ... ബന്ധങ്ങളിലെയും കലശങ്ങൾ അവററിന്റെ പൂരണമന്ത്രംകൊണ്ടു തന്നെ സ്ഥാപനത്തെ ചെയ്‌വൂ.

സ്ഥാനേ/സ്മിൻ നവധാ/ഭിഹിതേ/പി തദ്വദ് ദ്രവ്യം സമസ്തം സമം
ന്യസ്യ ദ്രോണാവധേ സമസ്തമനിലേ സംപൂർയ്യ ഗന്ധാംഭസാ
ഇഷ്ട്വാ സമ്യഗനേന സർവ്വകലശാനേവ സ്ഥാപയേത സാധകഃ
... ജ്ഞാനാദ്യനുക്തഭദ്രസഹിതദ്രവ്യാന്നാനേശാച്യുതേ
॥ ൧൫൫ ॥

ഈശാച്യുതേ നവധാ ഉദിതേ അസ്മിൻ സ്ഥാനേ അപി – ശങ്കരനാരായണങ്ങൾ ഒമ്പതു പ്രകാരം പറഞ്ഞിരിക്കുന്ന ഇക്കലശത്തിങ്കൽ എല്ലാടവും, തദ്വദ് ദ്രോണാവധേ സമസ്തം ദ്രവ്യം സമസ്തമനിലേ സമം ന്യസ്യ ഗന്ധാംഭസാ സംപൂർയ്യ – വടക്കേ ഓവറ്റു് അഷ്ടദലപത്മത്തിൽ പീഠം വിരിച്ചു പീഠപൂജാദി ചെയ്തു പതിനാറിടങ്ങഴി കൊള്ളുന്ന വലിയ കുടത്തെ കമത്തി കുംഭസംസ്കാരാദികളുൾപ്പെട്ട ന്യാസാന്തം ചെയ്തു് അതാതു കലശങ്ങൾക്കു വേണ്ടുന്ന കലശദ്രവ്യങ്ങളെ ഒക്കെയും ഒന്നായിക്കൂട്ടി അതതിന്റെ ദേവതാമന്ത്രങ്ങൾ ഒക്കെയും ചൊല്ലി ദ്രവ്യത്തെ ന്യസിച്ചു് അഷ്ടഗന്ധജലം കൊണ്ടു നിറച്ചു്, സമ്യക് ഇഷ്ട്വാ – ലിപിപങ്കജമൂർത്ത്യാവാഹന കലാവാഹന തുടങ്ങി ദ്രവ്യകലശംപോലെ പൂജിച്ചു് കലശാധിവാസങ്ങൾ യഥോക്തം സ്പർശിച്ചു് അധിവസിപ്പൂ; സാധകഃ സർവ്വകലശാന്തേ യജ്ഞോപയുക്തന്യൂനതാമൃ...ഹിതദ്രവ്യാമാണെന്നാ

അന്നേന ദ്രോണഘടേന സ്നാപയേത് - ആചാര്യൻ മററുള്ള കലശങ്ങളെ ഒക്കയും ആടിക്കഴിഞ്ഞാൽ "യജ്ഞായജ്ഞാവഃ" ഇത്യാദി സൂക്തവും പുരുഷസൂക്തവും ഭദ്രസൂക്തവും ത്രിതത്വവും വ്യോമവ്യാപിമന്ത്രവും ചൊല്ലി ഈ ദ്രോണകലശത്തെ ബ്രഹ്മകലശന്യായേന ആടി ന്യാസങ്ങളും ചെയ്തു പൂജിപ്പു. ഇങ്ങനെ ശങ്കരനാരായണങ്കലെ കലശങ്ങളും മന്ത്രവും പറഞ്ഞു.

അനന്തരം ശിവങ്കലെ കലശത്തെ പറയുന്നു—

അത്യഷ്ടിസംഖ്യൈരിഷുവർഗസംഖ്യൈ-
ർദ്രവ്യൈരഥൈതൈഃ ക്രമവർദ്ധിതൈശ്ച
വക്ഷ്യാമി തൈലാദികഗന്ധകർപ്പൂ-
രാദ്യാന്വയേന സ്നപനം സ്മരാരേഃ. ൧൧൭

സ്മരാരേഃ അത്യഷ്ടിസംഖ്യൈഃ ഇഷുവർഗസംഖ്യൈഃ ദ്രവ്യൈഃ - ശിവങ്കൽ സപ്തദശദ്രവ്യങ്ങളെക്കൊണ്ടും പഞ്ചവിംശതിദ്രവ്യങ്ങളെക്കൊണ്ടും, തൈലാദികഗന്ധകർപ്പൂരാദ്യാന്വയേന ക്രമവർദ്ധിതൈഃ ഏതൈഃ ച സ്നപനം വക്ഷ്യാമി - തൈലാദി പതിനാറിനോടു കൂടീട്ടും തൈലാദിയും ഗന്ധാദിയും കർപ്പൂരാദിയും കൂടീട്ടും ഈ പഞ്ചവിംശതിദ്രവ്യങ്ങളെത്തന്നെ അധികമായിട്ടും ഇങ്ങനെ രണ്ടു പ്രകാരം ശിവങ്കലെ കലശത്തെ പറയുന്നേൻ.

അന്തഃ ശാന്ത്യുദകം പ്രദക്ഷിണതയേന്ദ്രാത് പഞ്ചഗവ്യം പയോ
ദധ്യാജ്യം മധു തോയം കുശജലം ഗന്ധാംബു ബാഹ്യാവൃതൌ
തദ്വത് ക്ഷീരഗുളാസവാജ്യദധിശുദ്ധാച്ഛോദഗന്ധാളിധാൻ
സങ്കല്പ്യാംബുനിധീൻ ലഘുസ്ഥിതഘടേഷ്വാപൂരയേദാച്ഛപി.
[൧൧൮

അന്തഃ ശാന്ത്യുദകം - നടുവിൽ ബ്രഹ്മകലശത്തിങ്കൽ ശാന്ത്യുദകത്തെ നിറപ്പൂ. ബാഹ്യാവൃതൌ ഇന്ദ്രാത് പ്രദക്ഷിണതയാ - പിന്നെ പുറത്തെ വരിയിൽ കിഴക്കുനിന്നുതുടങ്ങി പ്രദക്ഷിണക്രമമായിട്ട്, പഞ്ചഗവ്യം പയഃ ദധ്യാജ്യം മധു തോയം കുശജലം ഗന്ധാംബു ച ആപൂരയേത് - പഞ്ചഗവ്യത്തെയും പാലിനേയും തൈരിനേയും നെയ്യിനേയും തേനിനേയും തോയജലത്തെയും കുശോദകത്തെയും അഷ്ടഗന്ധജലത്തെയും നിറപ്പൂ. ലഘുസ്ഥിതഘടേഷു തദ്വത് - പിന്നെ ബ്രഹ്മന്റെ കൂടെയുള്ള ലഘുകലശങ്ങളിലും കിഴക്കുതുടങ്ങി പ്രദക്ഷിണക്രമമായിട്ട്, ക്ഷീരഗുളാസവാജ്യദധി

ഘോരൈസ്സപ്തമഗര്‍ഭാജിയാന്‍ തോയനിധീന്‍ സപ്ത വാരി ആപൂരയേത് - ഉപ്പുവെള്ളവും ശര്‍ക്കരവെള്ളവും മദ്യജലവും നെയ്യും തയിരും പാലും ശുദ്ധജലവും കാരണജലവും ഇങ്ങനെയുള്ള സമുദ്രജലങ്ങളെ ധ്യാനിച്ച് ജലദ്രോണിയിലെ വെള്ളം കൊണ്ടുതന്നെ നിറപ്പൂ. ഇങ്ങനെ സപ്തമദ്രവ്യങ്ങൾ.

സാവിത്രീ ശീതാംശുരുദ്രൌ ഹുതാശഃ
സ്കന്ദോ വിത്തേശശ്ച സപ്തര്‍ഷയശ്ച
ഇന്ദ്രശ്ച സ്യുര്‍ദ്ദേവതാ ബാഹ്യസംസ്ഥാ
ഈശാനോ ബ്രഹ്മകുംഭേƒമ്പുധിഷ്വംബുധീശഃ. ൧൧൪

സാവിത്രീ ശീതാംശുരുദ്രൌ ഹുതാശഃ സ്കന്ദഃ വിത്തേശഃ ച സപ്തര്‍ഷയഃ ച ഇന്ദ്രഃ ച ബാഹ്യസംസ്ഥാഃ ദേവതാഃ സ്യുഃ - സാവിത്ര്യൈ നമഃ, സോമായ നമഃ, രുദ്രായ നമഃ, അഗ്നയേ നമഃ, സ്കന്ദായ നമഃ, വൈശ്രവണായ നമഃ, സപ്തര്‍ഷിഭ്യോ നമഃ, ഇന്ദ്രായ നമഃ ഇങ്ങനെ പുറത്തെ പഞ്ചഗവ്യാദികം എട്ടിന്റെയും നിറപ്പാനുള്ള അധിദൈവതമന്ത്രങ്ങൾ. ബ്രഹ്മേശ ഈശാനഃ - ബ്രഹ്മകലശത്തുങ്കല്‍ "ഈശാനായ ഓം നമഃ ശിവായ ഓം ഹ്രീം ഹംസഃ സോഽഹം സ്വാഹാ ഓം നമഃ ശിവായ നമഃ" ഇങ്ങനെ ശാന്ത്യംശസ്സിന്റെ മന്ത്രം. അംബുധിഷു അംബുധീശഃ - കലശങ്ങളിലെ സമുദ്രജലങ്ങളെ നിറപ്പാൻ "വരുണായ നമഃ" എന്ന് മന്ത്രം.

സദ്യാദ്യാഃ പഞ്ചഗവ്യേ നിജനിജമനവോ ദുഗ്ദ്ധദധ്യാജ്യമാധ്വീ-
ഷ്വാസത്യേനാസ്തു തോയേ കുശമയസലിലേ സ്യാച്ച ദേവസ്യ മന്ത്രഃ
ഗന്ധദ്വാരേതി ഗന്ധാംബുനി സലിലനിധിഷ്വപ്സു സ്യുഃ സമുദ്ര-
ജ്യേഷ്ഠാദ്യാ ബ്രഹ്മകുംഭേ സ്നപനമനവഃ പ്രോദിതാ വ്യോമവിദ്യാ.
[൧൧൫

പഞ്ചഗവ്യേ സദ്യാദ്യാഃ - പുറത്തു കിഴക്കേ ദിക്കിലെ പഞ്ചഗവ്യത്തെ ആട്ടുവാൻ സദ്യോജാതാദി പഞ്ചബ്രഹ്മവും, ദുഗ്ദ്ധദധ്യാജ്യമാധ്വീഷു നിജനിജമനവഃ - അഗ്നികോണിലെ പാലിന് "ആപ്യായസ്വ" എന്നും, തെക്കെ ദിക്കിലെ തയിരിന് "ദധിക്രാവ്ണോ അകാരിഷം" എന്നും, നിര്യതികോണിലെ നെയ്യിന് "തേജോƒസി തേജോ മയി ധേഹി" എന്നും, പടിഞ്ഞാറേ ദിക്കിലെ തേനിന് മധുവാതാ ഋതായതേ ഇത്യാദി മൂന്ന് ഋക്കും, അസ്തു തോയേ ആസത്യേന - വായുകോണിലെ ശുദ്ധജലത്തിന് "ആ സത്യേന

ജസാ" എന്നും, കലശ [illegible] ദേവസ്യമന്ത്രം – വടക്കേദിക്കിലെ കലശജലത്തിന് "ദേവസ്യ ത്വാ സവിതുഃ പ്രസവേ" ഇത്യാദിമന്ത്രം, ഗന്ധാംബുനി ഗന്ധദ്വാരേതി – ഈശകോണിലെ അഷ്ടഗന്ധജലത്തിന് "ഗന്ധദ്വാരാം ദുരാധർഷാം" എന്നും, സലിലനിധിഷു അബ്ധിസ്യ സമുദ്രജ്യേഷ്ഠാദ്യാഃ – പിന്നെ അകത്തെ ജലകലശങ്ങൾക്ക് സമുദ്രജലം നിറച്ചതിന്ന ക്രമേണ "സമുദ്രജ്യേഷ്ഠാസ്സലിലസ്യ മധ്യാത്" എന്ന ഇരങ്ങിരിക്കുന്ന വർഗ്ഗത്തിലെ ഋക്കുകൾ എട്ടും സ്നപനമന്ത്രങ്ങൾ ഭവിക്കും. ബ്രഹ്മകുംഭേ സ്നപനമന്ത്രഃ വ്യോമവ്യാപ്യോദിതാ – നടുക്കത്തെ ബ്രഹ്മകലശത്തിന്ന ആദ്യവസാനേ പ്രണവോപചാരാദി ഒക്കെയും മഹാവ്യോമവ്യാപിമന്ത്രവും മൂലപ്രണവവും കൂടെ വേണം. ഇങ്ങനെ ശിവങ്കലെ സപ്തദശദ്രവ്യങ്ങളും മന്ത്രങ്ങളും.

അനന്തരം പഞ്ചവിംശതി [illegible] കലശത്തിനെ മുമ്പിൽ പറഞ്ഞ പത്മങ്ങളിൽ [illegible] –

തത്ത്വദ്രവ്യവിധയേ ശിവേ/ർദ്ധശതസംയുക്ത ഘടാനാം ശതേ
ക്ഷേത്രേ/ത്യഷ്ടിപുടേ ഘടാ നവ നിവേശ്യാ ബ്രഹ്മഭാഗേ/ംബുജേ
ദിക്കോണേഷു കൃശാനുഭൂമിപരിസംഖ്യാതാഃ ക്രമാദ് ശൈവികേ/
ഗാരാത്ര്യന്തരസംസ്ഥിതാ നവവികാരാവൃത്തിരത്രാനഘേ.

[പ്ര. ര

ശിവേ തത്ത്വദ്രവ്യവിധയേ – ശിവങ്കൽ പഞ്ചവിംശതിദ്രവ്യങ്ങളെക്കൊണ്ടുള്ള കലശത്തിങ്കൽ, അർദ്ധശതസംയുക്ത ഘടാനാം ശതേ – നൂററിനാല്പത്തിയൊമ്പതു കലശത്തിന്റെ പത്മങ്ങൾ, അത്യഷ്ടിപുടേ ക്ഷേത്രേ – പതിനേഴു പുടമിട്ട് ഇരുനൂററി എൺപത്തിയൊമ്പതു പദത്തോടു കൂടിയ ചതുരശ്രങ്ങളിൽ, ബ്രഹ്മഭാഗേ അംബുജേ നവ ഘടാഃ നിവേശ്യാഃ – നടുവിൽ ഒമ്പതുപദങ്ങളെക്കൊണ്ട് അഷ്ടദളത്തെ ഉണ്ടാക്കീട്ടാൽ അതിൽ ബ്രഹ്മനും ഉപകലശങ്ങൾ എട്ടും കൂടി ഒമ്പതുകലശങ്ങളെ വയ്ക്കണം. ശൈവികേ ദിക്കോണേഷു കൃശാനുഭൂമിപരിസംഖ്യാതാഃ – ശൈവികങ്ങൾ ദിക്കുകളിൽ മുമ്മൂന്നും കോണുകളിൽ ഓരോന്നും വീഥി ഇരുത്ത്, മന്തരേ അഗാരാത്ര്യന്തരസംസ്ഥിതാഃ നവവികാരാവൃത്തിതാഃ ഘടാഃ ക്രമാത് – മാനസങ്ങളുകൾ ദിക്കുകളിൽ പന്ത്രണ്ട വരുന്നതിൽ അകത്തെ വരി തുടർന്ന് നവകമാക്കുക. ഇങ്ങനെ ഈ നൂററിനാല്പത്തിയൊമ്പതു കലശത്തിന്റെ പത്മം.

അന്തർദിശാവിദിശോർബഹിശ്ച ശ്രുതിസ്വരേ/ശ്രുതരേ/ർദ്ധാക്ഷ-
ഷോഡശഭേദാഃ ഛിദ്രതേ ഖശ രൂപയുതേ നാഗാഗ്നീന്ദുപ്രപാദിപാഃ
മഴ്യാദ്യാവിലഖണ്ഡകേഷു നവകാഃ ദൃഗ്ദ്വാധികേ മാനുഷേ
കോണേഷ്വേകൈകാധികം ശരശതം പ്രാഗുക്തമന്യത് സമം.

[illegible]

ശ്രുതിസ്വരേ — പിന്നെ പത്മത്തോടു കൂടി മുൻപ്രകാരം പത്മമുണ്ടാകുവാൻ പറയുന്നേടത്ത്, ഛിദ്രതേ — ഇരുന്നൂററമ്പതു കലശം ആകുമാറ്, [illegible] ദിശാവിദിശോഃ ബഹിഃ ദിശാവിദിശോഃ നാല്വന്തരേ ച അക്ഷാക്ഷഷോഡശഭേദാഃ നവകാഃ — നടുവിൽ ഒമ്പതുപത്മംകൊണ്ട് അഷ്ടദളത്തിൽ ദ്രവ്യകലശത്തെയും അതിന്റെ പുറവും ദൈവികത്തുകൾ ദിക്കുകളിൽ പന്ത്രണ്ടിതും കോണുകളിൽ പതിനാറുവീതം എന്നതിന് ആകത്തെവശത്ത് മൂന്നു ദളപത്മം ഇരുന്ന് പന്ത്രണ്ടിലും മാനുഷത്തുകൾ ദിക്കുകളിൽ ആറാറു കോണുകളിൽ നന്നാലും അന്തരങ്ങളിൽ എട്ടെട്ടും കലശങ്ങളും വരെ മാറ് വീഥിയുണ്ടാക്കുക. ഇങ്ങനെ ഇരുനൂററമ്പതു കലശത്തുകളെ പത്മം. രൂപയുതേ ഛിദ്രതേ — ഇരുന്നൂററിപ്പത്തിയെട്ടു കലശമാകുമ്പോൾ, നാഗാഗ്നീന്ദുപ്രപാദിപാഃ — നടുവിൽ ഒമ്പതുകൊണ്ട് അഷ്ടദളത്തെയും ദൈവികത്തുകൾ ദിക്കുകളിൽ ആറാറും കോണുകളിൽ നന്നാലും മാനുഷത്തുകൾ ദിക്കുകളിൽ പന്ത്രണ്ടിതും കോണുകളിൽ പതിനാറിതും അന്തരാളങ്ങളിൽ എട്ടെട്ടിതും ആയിരുന്നെന്ന്. ഇങ്ങനെ ഇരുന്നൂററിപ്പത്തിയെട്ടുകലശത്തുകളെ പത്മം. ദൃഗ്ദ്വാധികേ ഛിദ്രതേ മഴ്യാദ്യാവിലഖണ്ഡകേഷു നവകാഃ — ഇരുന്നൂററിമുപ്പത്തിരണ്ടുകലശമാകുമ്പോൾ ഒമ്പതും നവകമാക്കി നടുവിൽ നവകംകൊണ്ടെങ്കിലും അഷ്ടദളത്തിൽ ബ്രഹ്മനും [illegible] കലശങ്ങളെയും വയ്പ്പൂ. അപ്പുറം ഇരുന്നൂററിമുപ്പത്തിരണ്ടുകലശത്തിന്റെ പത്മം വരും. മാനുഷേ കോണേഷു ഏകൈകാധികം ശരശതം — അഞ്ഞൂററിമൂന്നു കലശത്തിന്റെ പത്മത്തുകൾ മാനുഷത്തിന്റെ കോണുകളിൽ മുമ്പിലത്തേതിൽ ഓരോ കലശങ്ങളും അധികമാക്കി പതിനേഴിതേ വരുത്തൂ. അപ്പോൾ അഞ്ഞൂററിനാലു കലശമായിട്ടു വരും. അന്യത് പ്രാഗുക്തം സമം — ശേഷം നാല്പത്തിയൊമ്പതു തുടങ്ങി ആയിരം വരെയുള്ള പത്മങ്ങളും വിസ്തരിച്ചു പറഞ്ഞപ്പോലെ.

അഥ ദ്രവ്യന്യാസക്രമഃ—

ബ്രാഹ്മേ ശാന്ത്യംബു ശൈവേ ദിശി വിദിശി പുനഃ പാദ്യമാചാമ-
[മർഘ്യം
ഗവ്യാജ്യക്ഷൌദ്രഗന്ധം ന്യസതു ദധി ബഹിശ്ചോക്ഷുതോയം
[ഫലോദം
കഷായാംഭഃ സക്തു ഗന്ധാത്മകനകജലം രത്നമുക്താപ്രവാളം
ദിക്കോണാദ്യേഷ്വഥോ ദ്വേ യവതിലദൂർവ്വോത്പലം കൌശശാലീ
[പ്ര. വ. ക.

ബ്രാഹ്മേ ശാന്ത്യംബു - ബ്രഹ്മകലശത്തിങ്കൽ ശാന്ത്യംബുസ്സിനേയും, പുനഃ ശൈവേ ദിശി വിദിശി - പിന്നെ ശൈവികത്തിങ്കൽ ദിക്കുകളിലും കോണുകളിലും, പാദ്യം ആചാമം അർഘ്യം ഗവ്യാജ്യക്ഷൌദ്രഗന്ധം ദധി ച ന്യസതു - പാദ്യത്തേയും ആചമനത്തേയും അർഘ്യത്തേയും പഞ്ചഗവ്യത്തേയും നെയ്യിനേയും തേനിനേയും ചാലിനേയും തൈരിനേയും, ഫലോദം - ഫലദ്രവ്യത്തേയും, കഷായാംഭഃ - കഷായവെള്ളത്തേയും, സക്തു - അരി വറുത്തുപൊടിച്ച പൊടിയേയും, ഗന്ധാത്മകനകജലം - അഷ്ടഗന്ധത്തേയും, രത്നമുക്താപ്രവാളം - അഷ്ടരത്നങ്ങളേയും മുത്തിനേയും പവിഴത്തേയും, യവതിലദൂർവ്വോത്പലം - യവത്തേയും എള്ളിനേയും കറുകയേയും ചെങ്ങഴിനീർ പൂവിനേയും, കൌശശാലീ - കുശയേയും നെല്ലിനേയും ഈ പതിനാറു ദ്രവ്യങ്ങളെ അധിദൈവതാമന്ത്രങ്ങളെക്കൊണ്ട് ന്യസിപ്പൂ.

ഈശാനഃ പിതരോ ഹുതാശദയിതാ വാക് ചൈവ ച സാവിത്ര്യഥോ
വഹ്നിഃ ഷൺമുഖസോമരുദ്രമഹിഷാരിർഭാസ്വദിന്ദ്രേശ്വരാഃ
ജ്യേഷ്ഠാഖണ്ഡലവിഷ്ണുഭൈരവവിധിലയഃ പാശീ ദിനേശോ മരുത്
പ്രേതാധീശരമേ മഹീ ച മുനയോ വിശ്വേഽപി തദ്ദേവതാഃ
[പ്ര. വ. ഖ.

ബ്രഹ്മകലശത്തിങ്കൽ "ഈശാനായ ഓം നമഃ ശിവായ ഓം ഹ്രീം ഹംസഃ സോഹം സ്വാഹാ ഓം നമഃ ശിവായ നമഃ" എന്ന് അധിദൈവതാമന്ത്രം. ശൈവികത്തിങ്കൽ പിതരഃ ... ... വിശ്വേ ദേവാഃ - പിതൃഭ്യോ നമഃ, സ്വാഹായൈ നമഃ, സരസ്വത്യൈ നമഃ, സാവിത്ര്യൈ നമഃ, അഗ്നയേ നമഃ, ഷൺമുഖായ നമഃ, സോമായ നമഃ, രുദ്രായ നമഃ ഇങ്ങനെ എട്ടും, കോണങ്ങളിൽ

ദുർഗ്ഗായൈ നമഃ, ഗണപതയേ നമഃ, വിഷ്വക്സേനായ നമഃ, ജ്യേഷ്ഠാദേവ്യാദിവിഷ്ണുപാർഷദേഭ്യോ നമഃ ജ്യേഷ്ഠായൈ നമഃ, ഇന്ദ്രായ നമഃ, വിഷ്ണവേ നമഃ, ബ്രഹ്മണേ നമഃ, വൈശ്രവണായ നമഃ, പാശിനേ വരുണായ നമഃ, ആദിത്യായ നമഃ, വായവേ നമഃ, ഭൂതാധിപതയേ നമഃ, ശ്രിയൈ നമഃ, പൃഥിവ്യൈ നമഃ, സർവ്വേഭ്യോ ദേവേഭ്യോ നമഃ, സർവ്വേഭ്യഃ പാർഷദേഭ്യോ നമഃ, ഇത്യാദിമന്ത്രങ്ങൾ — ഇങ്ങനെ പൂർണ്ണക്രമേണ പാദ്യാദിദ്രവ്യങ്ങൾക്കു പൂജാമന്ത്രങ്ങൾ.

അനന്തരം ...

പാദ്യാദിഷ്വിദം വിഷ്ണുരാപഃ പുനന്തു
ത്വാപോ ഹിഷ്ഠാഗ്നിമീളേ ത്വിഷേത്വാ
മധ്വാദ്യേ മധുവാതാ ഉപതാ
മാനസ്തോകേ ശതമിത്യാകർഷണം. ഫ. വ. ൪

ഭൂയഃ സ്വമിത്രാഭ്യാമാപ്യായ—
സ്വാദ്യൈ പുഷ്പവതീമന്ത്രകഃ സ്യാത്
ധൂമായ ജാതവേദോ ഹിരണ്യവർണ്ണ—
മന്ത്രോ സമുദ്രാദിമന്ത്രകോ. ഫ. വ. ൫

ഭക്ഷ്യാദി ... പൂർവ്വകം ശ്രിയൈ ...
... വ്യാമമന്ത്രതോ ... ഫ. വ. ൬

പാദ്യാദി — ശൈവികത്തിലെ പാദ്യാദിദ്രവ്യങ്ങൾക്ക്, ഇദം വിഷ്ണുഃ ആപഃ പുനന്തു ഇതി ആപോഹിഷ്ഠാ ഇതി അഗ്നിമീളേ ഇതി ഇഷേത്വാ ഇതി, പാദ്യജലത്തിന് "ഇദം വിഷ്ണുർവിചക്രമേ" എന്നും, ആചാമജലത്തിന് "ആപഃ പുനന്തു പൃഥിവീം" എന്നും, അർഘ്യജലത്തിന് "ആപോഹിഷ്ഠാമയോ ഭുവഃ" എന്നും, പഞ്ചഗവ്യത്തിന് "അഗ്നിമീളേ പുരോഹിതം" എന്നും, നെയ്യിന് "ഇഷേത്വോർജ്ജേത്വാ" എന്നും, മധ്വാദി ആദി അന്തമന്ത്രാഃ — തേനിന് "മധുവാതാ ഋതായതേ" ഇത്യാദി മൂന്നും, പാലിന് "ആപ്യായസ്വ സമേതു" എന്നും, തൈരിന് "ദധിക്രാവ്ണോ അകാരിഷം" എന്നും ഇങ്ങനെ ശൈവികത്തിലെ മന്ത്രങ്ങൾ.

പിന്നെ മാന്ത്രഷഡ്ഭാഗങ്ങൾ, ഉപതാ മാനസ്തോകേ ശതമിതി ആകർഷണം — കരിവുനീരിന് "ഉപത്വാഗ്നേ ദിവേ ദിവേ" എന്നും, ഫലോദകത്തിന് "മാനസ്തോകേ തനയേ മാന"

എന്നും കഷായജലത്തിന് "അശ്വത്ഥേ വോ നിഷദനം" എന്നും. ഇവ സുമിത്ര്യാദ്യാഃ അംഗ ആയാഹ്യാദ്യാഃ അഥ പുഷ്പാവതീമന്ത്രാഃ - പിന്നെ സക്തുജലത്തിന് "സുമിത്രാന ആപ ഓഷധയഃ സന്തു" എന്നും, ഗന്ധജലത്തിന് "അംഗ ആയാഹി വീതയേ" എന്നും പുഷ്പജലത്തിന് "പുഷ്പാവതീഃ പ്രസൂവതീഃ" എന്നും, ബ്രഹ്മജജ്ഞാനഹിരണ്യവർണ്ണമന്ത്രൌ അഥ സമുദ്രാദികമന്ത്രാഃ - പഞ്ചഗവ്യജലത്തിന് "ബ്രഹ്മജജ്ഞാനം പ്രഥമം" എന്നും രത്നജലത്തിന് "ഹിരണ്യവർണ്ണാഃ ശുചയഃ" എന്നും, മൃത്തജലത്തിന് "സമുദ്രജ്യേഷ്ഠാഃ സലിലസ്യ" എന്നും, രക്ഷോഹണം ഓഷധയഃ പിതരഃ പാപപൂർവകം — പ്രവാളജലത്തിന് "രക്ഷോഹണം വാജിനം" എന്നും, യവജലത്തിന് "ഓഷധയഃ സംവദന്തേ" എന്നും, തിലജലത്തിന് "പിതരഃ പിതാമഹാഃ പരേ്യവരേ" എന്നും, ശ്രിയേ ദ്രുപദ ദേവസ്യ താ ആശുഃ ശാല്യന്തം — ദൂർവാജലത്തിന് "ശ്രിയേ ജാതഃ ശ്രിയ ആനിരിയായ" എന്നും, ഉത്പലജലത്തിന് "ജാതവേദസേ സുനവാമ" എന്നും, കുശജലത്തിന് "ദേവസ്യ ത്വാ സവിതുഃ" ഇത്യാദി മന്ത്രം, ശാലിജലത്തിന് "ആശുഃ ശിശാനോ വൃഷഭോ ന ഭീമഃ" എന്നും; മദ്ധ്യേ വ്യോമമന്ത്രഃ - നടുവിൽ ദ്രവ്യകലശത്തിന് പ്രണവോപചാരപീഠമന്ത്രമൂർത്തിമന്ത്രകലശാവാഹനമന്ത്രങ്ങൾ മഹാവ്യോമവ്യാപിമന്ത്രവും അദ്രവ്യകലശമൂലപ്രണവങ്ങളും. ഇങ്ങനെ കലശാഭിഷേകമന്ത്രക്രമങ്ങളേ.

ഇങ്ങനെ ദ്രവ്യങ്ങളെ പഞ്ചവിംശതിഭേദങ്ങളെ പറഞ്ഞിട്ട് സംഖ്യാവിശേഷം കലശങ്ങൾക്ക് പറയുന്നു:—

ദ്രവ്യൈസ്തത്ര മിതൈസ്തു ഷോഡശഭിരപ്യംഗൈശ്ച പൂർവ്വൈർയ്യുതാ
കുംഭാനാം ത്രിശതീ ച വിംശത്യപി സമായുക്താ ത്രിപഞ്ചാശതാ
ഭൂതസാപാർശ്വയുഗസ്ഥഗന്ധസലിലസ്യാസ്മിൻ കൃത്യേ ചതുസ്ത്രിംശ-
ത്യുക്താ പഞ്ചശതീ ച പഞ്ചസഹിതാ കർപ്പൂരകാദ്യന്വിതേ.
[൧൨൧

അത്ര തത്ത്വമിതൈ ദ്രവ്യൈ അംഗൈശ്ച പൂർവൈഃ ഷോഡശഭിഃ യുതാ — ഈ പഞ്ചവിംശതിദ്രവ്യങ്ങൾ തൈലാദിയായ പതിനാറുദ്രവ്യങ്ങളും കൂടിയ കലശങ്ങൾ, കുംഭാനാം ത്രിശതീ ത്രിപഞ്ചാശതാ സമായുക്താ വിംശതീ അപി — കലശങ്ങളുടെ സംഖ്യ മുന്നൂററിഒന്നായിട്ടും ഇരുന്നൂററിഅമ്പത്തിമൂന്നായിട്ടും ദ്വിവിധം.

[illegible] ഗന്ധമേവ [illegible] വാസ്സിൻ കൃത്യഭേദത്തി
ശതി [illegible] — ഈ തൈലാദിദ്രവ്യങ്ങൾ ഇക്കലശത്തിന്റെ
രണ്ടുപുറത്തും ഗന്ധജലത്തോട് കൂടിയ ഗന്ധാദികലശങ്ങൾ
മുന്നൂറെറ്റിഇരുപത്തിന്നായിട്ടും, കർപ്പൂരകാര്യമിതി — ഈ
ഗന്ധാദികൾ കർപ്പൂരാദിദ്രവ്യങ്ങളെക്കൂട്ടിയുള്ള കലശങ്ങൾ,
പഞ്ചസപ്തതി പഞ്ചശതീ ച — അഞ്ഞൂറെറ്റിഎഴുപത്തഞ്ചുകലശങ്ങളാ
യിട്ടും, ഉഭയാ - കലശത്തിന്റെ സംഖ്യ പറയപ്പെട്ടു.

ക്ഷേത്രേ തത്ര ത്രയോവിംശതിപുട ഇഷ്ടവർഗ്ഗാത്മകദ്രവ്യ-
[ക്ഷേപൂ
തിപൂർവാഷ്ടയുക്തം ശതമഥ പതിതം കല്പയേദ്വീഥികാന്തേ
ദിക്കോണാന്തസ്ഥലസ്ഥിതനവകനവസാമിതാൻ നവ-
[സംഖ്യാൻ
വാ കുംഭാൻ പ്രാഗുദഗഗ്രാൻ [illegible] കലശാൻ പൂരയേത്തൈല-
[പൂർവൈഃ. ൫൯ വൃ

തത്ര ത്രയോവിംശതിപുടേ ക്ഷേത്രേ — അതൈതാലാദി കൂടിയ
കലശങ്ങൾ — ഇരുപത്തിമൂന്ന പുടമായിട്ട് ക്ഷേത്രമുണ്ടാ
ക്കിയാൽ, ഇഷ്ടവർഗ്ഗാത്മകദ്രവ്യക്ഷേപൂ തിപൂർവാഷ്ടയുക്തം
ശതം കൃതാ — നടുവിൽ പഞ്ചവിംശതിദ്രവ്യങ്ങൾ പറഞ്ഞിരി
ക്കുന്നതുപോലെ നൂറെറ്റിയെട്ടുകലശത്തിന്റെ പത്മത്തെ പതി
നഞ്ചുപുടംകൊണ്ട് ഉണ്ടാക്കിയാൽ, അഥ വീഥികാന്തേ പിന്നെ
പുറവും ഒരു പുടംകൊണ്ടു വീഥിയേയുമുണ്ടാക്കിയാൽ, പതിതഃ
ദിക്കോണാന്തസ്ഥലസ്ഥിതനവകനവസാമിതാൻ കുംഭാൻ —
പുറം പുറമെ മൂന്ന പുടങ്ങളുള്ളതിൽ ദിക്കുകളിൽ പതിനഞ്ചീതും
കോണുകളിൽ ഒമ്പതീതും അന്തരാളങ്ങളിൽ പന്ത്രണ്ടീതും കലശ
ങ്ങളെ വയ്ക്കാനുള്ള പത്മങ്ങളെ ഉണ്ടാക്കൂ. അപ്പോൾ മുന്നൂറെറ്റി
മൂന്നകലശത്തിന്റെ പത്മം വരും. നവസംഖ്യാൻ വാ കല്പയേത് —
ഇവിടെത്തന്നെ ദിക്കുകളിൽ രണ്ടുപുറത്തും മുമ്മൂന്നപദം കളഞ്ഞു
നവകമാക്കൂ. അന്തരാളങ്ങളിൽ ദിക്കിന്റെ അടുത്തഭാഗത്തു മൂന്ന
പദം കളഞ്ഞു അവിടെയും നവകമാക്കൂ. അപ്പോൾ ഒക്കെയും
നവകങ്ങളായി വരും. അപ്പോൾ അത് ഇരുനൂറെറ്റിഅമ്പത്തിമൂന്ന
കലശത്തിന്റെ പത്മം, അതു പ്രാഗഗ്രം — അകത്തെ നൂറെറ്റി
എട്ടും മുമ്പിലേപ്പോലെ പഞ്ചവിംശതിദ്രവ്യങ്ങളെക്കൊണ്ട് നിറ

പ്പു. ബഹിഃ കലശാൻ തൈലാപൂരൈഃ പൂരയേത് - പുറത്ത് പതിനാറു ഖണ്ഡങ്ങളിലെയും ദ്രവ്യകലശങ്ങളെ തൈലാദി പതിനാറു കൊണ്ടും നിറപ്പൂ.

> തൈലം ഗുളം ക്ഷീരരസാംഭസീ ച
> തീർത്ഥം സരിദ്വാരി തടാകവാരി
> കൂപാംബു ച ന്യസ്യ ദിഗാദികേഷു
> ശർവ്വാദിമന്ത്രൈർവ്വിഷമൈഃ സമൈശ്ച. ൭൨

ദിഗാദികേഷു വിഷമൈഃ സമൈഃ ശർവ്വാദിമന്ത്രൈഃ - ദിക്കുകളിൽ ശർവ്വായ നമഃ, പശുപതയേ നമഃ, ഭവായ നമഃ, മഹാദേവായ നമഃ ഇങ്ങനെ വിഷമങ്ങളായ ശർവ്വാദിമന്ത്രങ്ങളെക്കൊണ്ട്, തൈലം ഗുളം ക്ഷീരരസാംഭസീ ച - എണ്ണ, ശർക്കര, തേങ്ങാപ്പാല, തേങ്ങാവെള്ളം ഇവയേയും നിറപ്പൂ. കോണുകളിൽ രുദ്രായ നമഃ, ഈശാനായ നമഃ, ഉഗ്രായ നമഃ, ഭീമായ നമഃ ഈ സമങ്ങളായ ശർവ്വാദിമന്ത്രങ്ങളെക്കൊണ്ട്, തീർത്ഥം സരിദ്വാരി തടാകവാരി കൂപാംബു ച ന്യസ്യ - തീർത്ഥജലത്തേയും നദീജലത്തേയും, കുളത്തിലെ വെള്ളത്തേയും കിണററിലെ വെള്ളത്തേയും നിറപ്പൂ.

> ന്യസ്യേത് ഈശാദിഷ്വചലോക്ഷശൃംഗ-
> വേദ്യുദ്ധൃതാഃ ക്ഷേത്രഖലോദ്ധൃതേ ച
> നദ്യബ്ധിതീർത്ഥപ്രഭവാശ്ച മൃദഃ
> ക്രമേണ വിദ്യേശ്വരനാമമന്ത്രൈഃ. ൭൩

ഈശാദിഷു വിദ്യേശ്വരനാമമന്ത്രൈഃ - ഇന്ദ്രന്റെയും അഗ്നിയുടേയും മദ്ധ്യത്തുങ്കൽ ഈശപദത്തുങ്കൽ തുടങ്ങിയുള്ള അന്തരാളാഷ്ടകങ്ങളിൽ അനന്തസൂക്ഷ്മാദികളായ വിദ്യേശ്വരപൂജയിങ്കലെ മന്ത്രങ്ങളെക്കൊണ്ട്, അചലോക്ഷശൃംഗവേദ്യുദ്ധൃതാഃ - പർവ്വതങ്ങൾ നിന്നും, കാളക്കൊമ്പിൽനിന്നും, അഗ്നിഹോത്രവേദിയിങ്കൽ നിന്നും, ക്ഷേത്രഖലോദ്ധൃതേ ച - വിളഭൂമിയിങ്കൽ നിന്നും, കളപ്പുരയിങ്കൽനിന്നും, നദ്യബ്ധിതീർത്ഥപ്രഭവാഃ - പുഴയിൽ നിന്നും, സമുദ്രത്തിൽനിന്നും, തീർത്ഥത്തിൽനിന്നും എടുത്തുകൊണ്ടുവന്നു, മൃദഃ - മണ്ണുകളെ, ന്യസ്യേത് - ന്യസിപ്പൂ. ഇങ്ങനെ നാല്പത്തിരണ്ടു ദ്രവ്യങ്ങളെക്കൊണ്ട് തൈലാദി രണ്ടുപ്രകാരം പറഞ്ഞു.

അനന്തരം ഗന്ധാദികലശപൂരണം:—

ക്ഷേത്രേ തത്ര പ്രാഗ്വത് കവർഗ്ഗപുടരാജി മദ്ധ്യകോഷ്ഠേ ശതം

മത്സ്യാംശാദ്രിവിക്ലൃപ്തകാവ്യഘടയുഗ്മസ്യാന്തരാ തദ്ബഹിഃ

ദിക്ഷു ദ്വാദശ ഷോഡശാഗ്നിഷു ചതുർവ്വിംശമന്തരാളേ തതഃ

ക്രമാ ന്യസ്യ മൂലതോഽഭിമന്ത്രിതപഞ്ചഗവ്യം ഗ-

[ന്ധകം . ൩൧

തത്ര പ്രാഗ്വത് കവർഗ്ഗപുടരാജി ക്ഷേത്രേ – അവിടെ ഗന്ധാദിയുക്തമായ ഇരുനൂറ്റി ഇരുപത്തഞ്ചു കലശത്തിങ്കൽ ഇരുപത്തഞ്ചു പുടങ്ങളോടു കൂടിയ ചതുരശ്രക്ഷേത്രങ്ങൾ, മത്സ്യാംശാദ്രി വിക്ലൃപ്തകാവ്യഘടയുഗ്മസ്യ മദ്ധ്യകോഷ്ഠേ ശതം ആധായ – നടുവിൽ നൂറ്റെട്ടുകലശത്തിന്റെ പത്മത്തെ ഉണ്ടാക്കണമെന്നത്രെ; മത്സ്യങ്ങളുടെ കോണുകളിൽ ഓരോ പദങ്ങളെ കളഞ്ഞിട്ട് ഉള്ളതിനെ വൃത്തങ്ങളായ രണ്ടു പത്മത്തിലെ കലശങ്ങളോടു കൂടി ഇരിക്കുന്ന നവകംതന്നെ ആക്കി പതിനഞ്ചു പുടംകൊണ്ട് നൂറ്റെട്ടു തികയുന്ന കലശത്തിന്റെ പത്മത്തെ ഉണ്ടാക്കി പുറമേ വീഥിയിട്ടാൽ, തദ്ബഹിഃ – അതിന്റെ പുറത്തു നാലു പുടങ്ങളുള്ളതിൽ, ദിക്ഷു ദ്വാദശ – ദിക്കുകളിൽ പന്ത്രണ്ടിലും, അഗ്നിഷു ഷോഡശ – കോണുകളിൽ പതിനാറിലും, അന്തരാളേ ചതുർവ്വിംശതിഃ – അന്തരാളങ്ങളിൽ നടുവിലും രണ്ടു പുറത്തും ആയിരുന്ന സ്ഥാനത്തും നന്നായിട്ടു വരാക്കി ശേഷം വീഥിയും ഉണ്ടാക്കുക. പിന്നെ അകത്തു പഞ്ചവിംശതിദ്രവ്യങ്ങൾ കൊണ്ടും പുറത്തു ദിക്കോണാന്തരാളങ്ങളിൽ തൈലാദി പതിനാറു ദ്രവ്യങ്ങളും ന്യസിച്ച്, മൂലതഃ അഭിമന്ത്രിതപഞ്ചഗവ്യഗന്ധകം ന്യസ്യ – മൂലമന്ത്രംകൊണ്ട് ജപിച്ചു ന്യസിച്ചതിന്റെ രണ്ടു പുറത്തുമുള്ള അന്തരാളങ്ങളിൽ സത്വകാന്തരിക്ഷാദിസ്ഥാനങ്ങളിൽ അഷ്ടഗന്ധത്തെ മൂലംകൊണ്ടു ന്യസിച്ചു വെള്ളം നിറപ്പൂ. ഇവിടെ അമ്പത്തെഴു ഗന്ധദ്രവ്യകലശങ്ങളും വരും. ഇങ്ങനെ ഗന്ധാദിമായ കലശങ്ങളും.

അനന്തരം കർപ്പൂരാദിയെ പറയുന്നു:—

ഏകത്രിംശത് പുടൈർന്നവയുതശതമേതദ്ബഹിർദ്ദിഗ്വിദിക്ഷ-

[സ്ഥാ

ഷട്പൂർവ്വപ്രോക്തരീത്യാ നവകമഥ സഹാഷ്ടാന്തരാളത്രികം ച

ഏതദ് ബാഹ്യേ ചതുർത്ഥികേപി ഘടനവകാന്യഷ്ടിസംഖ്യാനി
[കൃത്വാ
കർപ്പൂരാദ്യൈഃ സമാപൂരയേച്ച മന്ത്രയുഗദ്രവ്യൈകൈശ്ച ക്രമേണ.

[ഗ്രന്ഥ

ഏകത്രിംശത്പുടേ – കർപ്പൂരാദികൂടിയ അമ്പത്താറു അഞ്ചു കലശങ്ങളുൾപ്പെത്തിയൊന്ന പുടത്തോടു കൂടിയ ചതുരശ്രങ്ങൾ, അന്തഃ നവശതം – അകത്തു പതിനഞ്ചു പുടങ്ങളെക്കൊണ്ട് ഉണ്ടാക്കിയ നൂററിയമ്പതു കലശത്തേയും, ഏതദ്ബഹിഃ – അതിന്റെ പുറത്ത് ഒരു പുടം വീഥിയുമുണ്ടാക്കിയാൽ പുറത്ത്, ദിഗ്വിദിക്ഷു നവകം സമാദ്യന്തരേഷു ത്രികം ച – ദിക്കോണുകളിലെ നവകങ്ങളേയും അന്തരാളങ്ങളിൽ മൂന്നിനേയും മുമ്മൂന്നിനേയും, പ്രോക്തരീത്യാ ആപൂര്യ – പറഞ്ഞ ക്രമംപോലെ അകത്ത് പഞ്ചവിംശതി ദ്രവ്യംകൊണ്ടും പുറത്ത് ദിക്കോണാദികളിൽ പതിനാറിനേയും അന്തരാളങ്ങളിൽ അഷ്ടഗന്ധജലംകൊണ്ട് പതിനാറും നിറച്ചാൽ, ഏതദ്ബാഹ്യേ – ഇതിന്റെ പുറത്ത്, ചതുർത്ഥികേ അഷ്ടിസംഖ്യാനി ഘടനവകാനി കൃത്വാ – ഇതിന്റെയും പുറത്ത് വീഥിക്കു പുറമേ ഈശകോണിൽ തുടങ്ങി അഗ്നികോണോളം ഏഴു നവകത്തെയും, അഗ്നികോണിൽ തുടങ്ങി നിരൃതികോണോളം ഏഴു നവകത്തെയും, നിരൃതിയിങ്കൽ തുടങ്ങി വായുവിങ്കലോളം ഏഴു നവകത്തെയും, വായുവിങ്കൽ തുടങ്ങി ഈശാനങ്കലോളം ഏഴു നവകത്തെയും, ഇങ്ങനെ നാലുപുറത്തും ഏഴു നവകങ്ങളേയും ഇടയിൽ വീഥിയോടും കൂടി ഉണ്ടാക്കിയാൽ, കർപ്പൂരാദ്യൈഃ മന്ത്രയുഗദ്രവ്യൈഃ ച ക്രമേണ സമാപൂരയേത് – ഇരുപത്തിയെട്ടു ദ്രവ്യങ്ങളെക്കൊണ്ട് ഈശാനാദി പ്രദക്ഷിണക്രമേണ നിറപ്പൂ.

പുംസേന്ദ്രവാനരപരാഗപടീരവാരി-
കസ്തൂരഗന്ധഹരിദ്രശിലാമലികാഃ
വൈഡൂര്യനീലമണിവിദ്രുമവജ്രമുക്താ-
ഗാരുത്മതാനി യമരാഡ്ദിശി ഗോലകാനാം.

[ഗ്രന്ഥ

ന്യഗ്രോധപിപ്പലശിരീഷപലാശബില്വ-
പ്ലക്ഷാമ്രജംബുകപിത്ഥവാർജ്ജുനാഃ പ്രതീച്യാം
ഗോധൂമശാലിയവമുദ്ഗതിലപ്രിയങ്ഗു-
നിഷ്പാവകാൻ ന്യസതു വാമത ഉത്തരസ്യാം. ഏലർ

ഹരിദിശി ഗന്ധോദകാദികൈരിന്ദ്രേണ — കിഴക്കേദിക്കിലു-
ള്ള നവകങ്ങളിൽ ഈശകോണിൽ തുടങ്ങി തത്പുരുഷനെ-
ക്കൊണ്ട്, ഇന്ദ്രവാരുണപുരോഭാഗാദിവാദികസ്ഥഗന്ധാൻ - കർപ്പൂര-
ത്തെയും കസ്തൂരിയെയും കുങ്കുമത്തെയും ചന്ദനത്തെയും
ഇരുവേലിയെയും കൊട്ടത്തെയും അകിലിനെയും ന്യസിപ്പൂ.
യമദിശി രത്നൈരഘോരേണ — തെക്കേ നവകങ്ങളിൽ അഗ്നികോ-
ണിൽ തുടങ്ങി അഘോരനെക്കൊണ്ട്, വൈഡൂര്യനീലമണിവിദ്രുമവജ്രമുക്താഗോമേദകപുഷ്യരാഗങ്ങളെ
- വൈഡൂര്യത്തെയും ഇന്ദ്രനീലത്തെയും മാണിക്യത്തെയും പവി-
ഴത്തെയും വൈരത്തെയും മുത്തിനെയും ഗോമേദപുഷ്യരാഗത്തെയും
ന്യസിപ്പൂ. പ്രതീച്യാം വാ അജാതഃ — പടിഞ്ഞാറെ നിരൃ-
തികോണിൽ തുടങ്ങി സദ്യോജാതനെക്കൊണ്ട്, ന്യഗ്രോധാശ്വത്ഥ-
പ്ലക്ഷശിരീഷപലാശബില്വചൂതോത്ഥകഷായതോയൈഃ — പേ-
രാലും, അരയാലും, വാകയും, പ്ലാശും, കൂവളവും, ഇത്തിയും,
മാവും ഇവററിന്റെ തോലി ഇട്ടു വേകിച്ച കഷായജലത്തെ
നിറപ്പൂ. ഉത്തരസ്യാം വാമതഃ — വടക്കേ ദിക്കിൽ വായുകോണിൽ
തുടങ്ങി വാമദേവനെക്കൊണ്ട്, ഗോധൂമശാലിയവമുദ്ഗതിലപ്രി-
യംഗുനിഷ്പാവകാൻ — ഗോതമ്പിനെയും, നെല്ലിനെയും, യവ-
ത്തെയും, ചെറുപയറിനെയും, എള്ളിനെയും, തിനയെയും, തുവര-
യെയും ന്യസിപ്പൂ. ഇങ്ങനെ പുറത്തെ നവകങ്ങളും ഇരുപത്തെ-
ട്ടിന്റെ ദ്രവ്യങ്ങളും.

തൈലാദിത്രിവിധോക്തദ്രവ്യാണാം പൂരണേ പ്രോക്താഃ
മന്ത്രാ ഏതേ സ്നപനേ സ്നപനമിതീശേ/ഭ്യധായി പഞ്ചവിധം.

[എബ. ൭

തൈലാദിത്രിവിധോക്തദ്രവ്യാണാം സ്നപനേ — തൈലാ-
ദിയും ഗന്ധാദിയും കർപ്പൂരാദിയും ഇങ്ങനെ മൂന്നുപ്രകാരം ദ്രവ്യ-
ങ്ങളെ പറഞ്ഞിരിക്കുന്ന കലശങ്ങളെ ആടുന്നതിങ്കൽ, പൂരണേ
പ്രോക്താഃ മന്ത്രാഃ ഏതേ — നിറപ്പാൻ പറഞ്ഞ അധിദേവതാമന്ത്ര-
ങ്ങളും തന്നെ ഉള്ളു. ഇതി ഈശേ പഞ്ചവിധം സ്നപനം അഭ്യ-
ധായി — ഇപ്രകാരം ശിവങ്കൽ സപ്തമേ പഞ്ചവിധേന
തൈലാദി ഗന്ധാദി കർപ്പൂരാദി ഇങ്ങനെ അഞ്ചുപ്രകാരം കലശാ-
ഭിഷേകം പറയപ്പെട്ടു.

അനന്തരം പൂർവ്വോക്ത കലശപ്രകാരത്തെ പറയുന്നു:—

ഇഷ്ടപ്രകൃതിപരിസംഖ്യദ്രവ്യകൈർമ്മൂർത്ത്യാ-
സ്നപനമഭിദധേ'സ്മിൻ കലശസംഖ്യാദിക്ലൃപ്തം
പ്രാഗ്‌നിഗദിതമേവ സ്യാദഥ ദ്രവ്യമന്ത്ര-
ക്രമപരിഗതമേതദ്‌ ഭേദമാത്രം വദാമി. ൧൩൭

അത്ര ഇഷ്ടപ്രകൃതിപരിസംഖ്യദ്രവ്യകൈഃ മൂർത്ത്യാസ്നപനം അഭിദധേ - ഞാനിപ്പോൾ പഞ്ചവിംശതിദ്രവ്യങ്ങളെക്കൊണ്ട് മൂർത്തിയുടെ കലശത്തെ പറയുന്നു. അസ്മിൻ കലശസംഖ്യാദികം ക്ലൃപ്തം പ്രാഗ്‌നിഗദിതമേവ — ഈ പഞ്ചവിംശതിദ്രവ്യങ്ങളുടെ കലശങ്ങളുടെ സംഖ്യയും പത്മങ്ങളും ഈ പടലത്തിന്റെ ആദിക്ക് മുമ്പുള്ളപ്രകാരം പറഞ്ഞിട്ടുള്ളതു തന്നെ, സ്യാത് - ഭവിക്കും. അഥ ദ്രവ്യമന്ത്രക്രമപരിഗതം ഏതദ് ഭേദമാത്രം വദാമി - അനന്തരം ഇവിടെ ദ്രവ്യങ്ങളുടെയും മന്ത്രങ്ങളുടെയും ക്രമത്തിങ്കലെ ഭേദത്തെ തന്നെ പറയുന്നു.

ബ്രാഹ്മേ സ്യാദ്ഗന്ധപുഷ്പൗഷധിഫലമണിഹേമാംബു
[ശർവ്വാദി ശൈവേ
സക്തുഗുളം ഖണ്ഡമാക്ഷീ തിലലവണസഗുളശർക്കരദൂർവ്വാശ്വത്ഥരൂപ്യം
പാല്യാർഘ്യം പഞ്ചഗവ്യാന്യപി പൃഥക് കൗശകാഷായര-
[ത്നം
ഗാംഗേയം ധാതുഗന്ധാർത്തവഫലമപി ദിക്കോണമദ്ധ്യേഷു
[ബാഹ്യേ. ൧൩൮

ബ്രാഹ്മേ ഗന്ധപുഷ്പൗഷധിഫലമണിഹേമാംബു സ്യാത് - ബ്രഹ്മകലശത്തുങ്കൽ അഷ്ടഗന്ധവും പുഷ്പവും ഫലവും ഓഷധിദ്രവ്യങ്ങളും നവരത്നസുവർണ്ണവും ന്യസിച്ച വെള്ളം നിറപ്പൂ. ശൈവേ ശർവ്വാദി - പിന്നെ ശൈവികത്തിങ്കൽ ഈശകോണിൽ തുടങ്ങി പ്രദക്ഷിണമായി വടക്ക് അവസാനമായിട്ട്, സക്തുഗുളം ഖണ്ഡമാക്ഷീ തിലലവണസഗുളശർക്കരദൂർവ്വാശ്വത്ഥരൂപ്യം - അരി വറുത്തു പൊടിച്ചതിനെയും, ലവണത്തെയും, തേനിനെയും, എള്ളിനെയും, ശർക്കരയെയും, അരയാൽത്തളിരിനെയും, കറുകയെയും, രജതത്തെയും ന്യസിപ്പൂ. അന്തരാളങ്ങളിൽ ത്രിശാഖിയായിട്ട്, കൗശകാഷായരത്നം ഗാംഗേയം ധാതുഗന്ധാർത്തവഫലം അപി - കുശജലത്തെയും കഷാ

ദധിജലത്തെയും മധുജലത്തെയും സ്വർണ്ണജലത്തെയും ധാതുജലത്തെയും അഷ്ടഗന്ധജലത്തെയും പുഷ്പജലത്തെയും ഫലജലത്തെയും ന്യസിച്ചു.

മൂലം ബ്രാഹ്മേ പൂരണേ ശൈവികേ ത-
ന്ത്യാക്ഷരൈർവ്വർണ്ണാ മാനുഷാംഗാനി ദിക്ഷു
ചത്വാര്യസ്ത്രം കോണദേശേ തഥൈഷ ന്യാ-
ന്നേത്രം ത്വഷ്ടാസ്വന്തരാളേഷു ഭൂയഃ [പ്ര.മ.വ്യ]

ബ്രാഹ്മേ പൂരണേ മൂലം – ബ്രഹ്മകലശത്തെ നിറപ്പാൻ മൂലംതന്നെ. ശൈവികേ തന്ത്യ അക്ഷരൈ വർണ്ണാൻ – ശൈവികങ്ങളെ മൂലത്തിന്റെ അക്ഷരങ്ങൾ ഓരോന്നുകൊണ്ടും; മാനുഷാംഗാനി ദിക്ഷു – മാനുഷങ്ങളെ ദിക്കുകളിൽ ഹൃദയാദികവചാന്തം നാലുകൊണ്ടും, കോണദേശേ ചത്വാരി അസ്ത്രം(?) – നാലു കോണിലും അസ്ത്രമന്ത്രവും, ഇഹ അഷ്ടസു അന്തരാളേഷു നേത്രം – ഇവിടെ എട്ട് അന്തരാളങ്ങളിൽ നേത്രമന്ത്രം തന്നെയും നിറപ്പാൻ മന്ത്രങ്ങൾ ചൊല്ക.

അഷ്ടകലശങ്ങളെ പറയുന്നു:—

പാദ്യേ ഇദം വിഷ്ണുരർഘ്യേ പര ആപോഹിഷ്ഠാഗ്നിമീളേ ഇതി ഗവ്യേ
ദധ്യാദിഷു നിശ്വാസാഃ പയസ്യാപ്യായസ്വാജ്യ ഇഷേ ത്വാ കുശേ തു തത്സവിതുഃ.
[പ്രമൻ

പുറത്തു ദിക്കുകളിലെ, പാദ്യേ ഇദം വിഷ്ണുഃ – പാദ്യജലത്തിന് ഇദം "വിഷ്ണുർവിചക്രമേ" എന്നും, പര ആപോഹി – അർഘ്യജലത്തിന് "ആപോഹിഷ്ഠാ മയോഭുവഃ" എന്നും, ഗവ്യേ അഗ്നിമീളേ ഇതി – പഞ്ചഗവ്യത്തിന് "അഗ്നിമീളേ പുരോഹിതം" എന്നും, ദധ്യാദിഷു നിശ്വാസാഃ – തൈരു കഴിഞ്ഞവോളം സ്ഥാനങ്ങൾ. ഗോമൂത്രത്തിന്, "തത്സവിതുഃ" എന്നും, ഗോമയജലത്തിന് "ഗന്ധദ്വാരാം" എന്നും, പാലിന് "ആപ്യായസ്വ" എന്നും, തൈരിന് "ദധിക്രാവ്ണോ അകാരിഷം" എന്നും, ആജ്യേ ഇഷേ ത്വാ – നെയ്യിന് "ഇഷേ ത്വോർജ്ജേ ത്വാ" എന്നും പിന്നെ അന്തരാളങ്ങളിൽ, കുശേ തു തത്സവിതുഃ – കുശജലത്തിന് "തത്സവിതുർവ്വരേണ്യം" എന്നും.

അശ്വമഥ ത്ര്യംബകമഥ ഹിരണ്യഗർഭസ്സൂക്തഃ പരം ക്രമശഃ
മാനസ്തോകേ ശന്നഃ പുഷ്പാവത്യോ പുഷ്പഫലജലയോഃ.
[പ്ര ൾ ം

കഷായജലത്തിന്ന് "അശ്വത്ഥേ വോ നിഷദനം" എന്നും മൃജ്ജലത്തിന്ന് "ത്ര്യംബകം യജാമഹേ" എന്നും, അഥ ഹിരണ്യഗർഭഃ – സ്വർണ്ണജലത്തിന്ന "ഹിരണ്യഗർഭഃ സമവർത്തതാഗ്രേ" എന്നും, തതഃ പരം മാനസ്തോകേ ശന്നഃ – ധാതുജലത്തിന്ന "മാനസ്തോകേ തനയേ" എന്നും ഗന്ധജലത്തിന്ന് "ശന്നോ ദേവീഃ" എന്നും, പുഷ്പഫലജലയോഃ പുഷ്പാവതീഃ ഏവ – പുഷ്പജലത്തിന്നും ഫലജലത്തിന്നും "പുഷ്പാവതീഃ പ്രസൂവതീഃ" എന്നും ഇങ്ങനെ മാനുഷത്തിങ്കലെ മന്ത്രങ്ങൾ.

സക്തൂദകേ സുമിത്രാ ദ്രുതിർദ്രീർദ്ദസ്സൂകേ മധൌ സ്വാഹഃ
തൈലേ വിശ്വാനിന ഇതി ഗൌഡേഽഗ്നേ ത്വം ച പൈപ്പലേ–
[ശ്വത്ഥ. ൧൮൧

ശന്നോ ദേവീരഗ്നേ ത്വം പരയോർമദ്ധ്യമേ തു ചിത്തിസ്രുക്
ത്രിഷ്ടുബ്ഭിരേകൈകാർണ്ണൈഃ പരിഖണ്ഡൈർമ്മദ്ധ്യമേഽന്വിതം
[ശൈവൈഷ. ൧൮൨

പിന്നെ ദൈവികത്തുങ്കൽ ഈശകോണിൽ തുടങ്ങി ക്രമേണ, സക്തൂദകേ സുമിത്രാഃ – സക്തുജലത്തിന്ന് "സുമിത്രാ ന ആപ ഓഷധയഃ സന്തു" എന്നും, ദസ്സൂകേ ദ്രുതിദ്രീഃ – ദസ്സുജലത്തിന്ന "ദ്രുതിദ്രീഃ പിംഗലോ ബഭ്രുഃ" ഇത്യാദി പന്ത്രണ്ടാം പടലത്തിൽ പറയുന്നതും, മധൌ സ്വാഹഃ – തേനിങ്കൽ "മധുവാതാ" ഇത്യാദി മൂന്നും, തൈലേ വിശ്വാനിനഃ ഇതി – എണ്ണയ്ക്ക "വിശ്വാനിനോ ദുർഗ്ഗഹാ ജാതവേദഃ" എന്നും, ഗൌഡേ അഗ്നേ ത്വം – ശർക്കരയിങ്കൽ "അഗ്നേ ത്വം പാരയ നവ്യഃ" എന്നും, പൈപ്പലേ അശ്വത്ഥേ – പിപ്പലജലത്തിന്ന് "അശ്വത്ഥേ വോ നിഷദനം" എന്നും, പരയോഃ ശന്നോ ദേവീഃ അഗ്നേ ത്വം – ദ്വീപജലത്തിന്ന് "ശന്നോ ദേവീഃ" എന്നും രൌപ്യജലത്തിന്ന് "അഗ്നേ ത്വം പാരയ നവ്യഃ" എന്നും, മദ്ധ്യമേ തു ചിത്തിസ്രുക് – നടുവിലെ ബ്രഹ്മകലശത്തിന്ന് "ചിത്തിസ്രുക് ചിത്തമാജ്യം" എന്നും ഇങ്ങനെ പഞ്ചവിംശതിദ്രവ്യത്തിന്റെ ഉദ്ധാരക്രമം. പരിഖണ്ഡൈഃ ത്രിഷ്ടുഭ്ഭിഃ ഏകൈകാർണ്ണൈഃ – പരിഖണ്ഡങ്ങൾ എല്ലാടവും "ജാതവേദസേ" ഇത്യാദിത്രിഷ്ടുപ്പിന്റെ ഓരോ അക്ഷരങ്ങളോട്ടു കൂടീട്ടും, മദ്ധ്യമേ ശൈവൈഷ അന്വിതം

ച-റലിയ ദ്രവ്യകലശങ്ങളിൽ "പാപ്മതി ഭർഗ്ഗാണി വിശ്വാ" ഇത്യാദി അധികം വരുന്ന നാക്ഷരങ്ങളോട് കൂടീട്ടു കലശങ്ങളെ ആട്ടു. ഇങ്ങനെ ദുർഗ്ഗയിങ്കലെ പഞ്ചവിംശതിദ്രവ്യകലശക്രമം.

അത്യഷ്ടിസംഖ്യദ്രവിണാഭിഷേകേ
സദ്രവ്യകംഭക്രമമന്ത്രക്ഌപ്തിഃ
സ്യാച്ഛിഷ്ടമാഗാദിഹിതാ കമാഖ്യാ-
മിതീരിതഃ സ്നാനവിധിർദ്വിധാത്ര. ൧൪൩

അത്യഷ്ടിസംഖ്യദ്രവിണാഭിഷേകേ കമാഖ്യാം – ദുർഗ്ഗയിങ്കൽ സപ്തദശദ്രവ്യങ്ങളെക്കൊണ്ടുള്ള കലശസ്ഥാനത്തിങ്കൽ, സദ്രവ്യകംഭക്രമമന്ത്രക്ഌപ്തിഃ വിഷ്ണോരാഗാദിഹിതാ സ്യാത് – സപ്തദശദ്രവ്യങ്ങളും മന്ത്രങ്ങളും ദ്രവ്യന്യാസക്രമങ്ങളും കലശസംഖ്യയും വിഷ്ണുവിങ്കൽ ആജ്യാദി സപ്തദശദ്രവ്യങ്ങളെക്കൊണ്ടുള്ളതു തന്നെ വേണ്ടതു. കമാഖ്യാം ഇതി സ്നാനവിധിഃ ദ്വിധാ ഈരിതഃ – ഇങ്ങനെ ദുർഗ്ഗയിങ്കൽ രണ്ടു പ്രകാരം കലശാഭിഷേകം പറയപ്പെട്ടു.

അനന്തരം സുബ്രഹ്മണ്യന്റെ കലശത്തെ പറയുന്നു —

ഉത്തമത്രിതയമുത്തമദ്വയം
മദ്ധ്യമദ്വയമഥാധമദ്വയം
ബാഹുലേയകലശാഭിഷേചനം
പ്രാഹുരത്ര നവധാ ബുധോത്തമാഃ. ൧൪൪

ബുധോത്തമാഃ അത്ര – വിദ്വാന്മാരായിരിക്കുന്ന ആചാര്യന്മാർ ഇവിടെ, ഉത്തമത്രിതയം ഉത്തമദ്വയം മദ്ധ്യമദ്വയം അധമദ്വയം ബാഹുലേയകലശാഭിഷേചനം നവധാ പ്രാഹുഃ – ഉത്തമോത്തമം ഉത്തമമദ്ധ്യമം ഉത്തമാധമം ഇങ്ങനെ ഉത്തമത്രയമായും, മദ്ധ്യമോത്തമം അധമോത്തമം ഇങ്ങനെ ഉത്തമദ്വയമായും, മദ്ധ്യമമദ്ധ്യമം അധമമദ്ധ്യമം ഇങ്ങനെ മദ്ധ്യമദ്വയമായും, അധമദ്വയം– മദ്ധ്യമാധമം അധമാധമം ഇങ്ങനെ അധമദ്വയമായുമിരിക്കുന്ന സുബ്രഹ്മണ്യന്റെ കലശാഭിഷേകത്തെ ഒമ്പതു പ്രകാരമായി പറയുന്നു.

ശരഗതശതസംഖ്യൈരേതൈർദ്വാത്രിംസംഖ്യൈ-
ന്നവയുതശതസംഖ്യൈരഷ്ടിമത്യാ നവത്യാ
നവകൃതിശരഷഷ്ടിഭ്യാം ഘടൈസ്സത്പ്രഭേദാ
നവ ഗിരിശതവർഗ്ഗാഭ്യാം ച സദ്രവ്യകൈഃ. ൧൪൫

ഏകോത്തരശതസംഖൈ്യഃ - അഞ്ഞൂററിഒന്ന സംഖ്യയായിട്ടും, ഏതദർദ്ധാംഘ്രിസംഖൈ്യഃ - ഇതിന്റെ പാതി ഇരുനൂററിനാല്പത്തിഒൻപത് സംഖ്യയായിട്ടും നാലൊന്ന് നൂററിയിരുപത്തഞ്ചു സംഖ്യയായിട്ടും, നവയുതശതസംഖൈ്യഃ - ഒരുനൂററിഒമ്പതു സംഖ്യയായിട്ടും, അദ്രിമത്യാ നവത്യാ - തൊണ്ണൂററിഏഴ സംഖ്യയായിട്ടും, നവകൃതിശരഷഷ്ട്യാം - എണ്പത്തിഒന്നും, അറുപതിയഞ്ചും സംഖ്യകളായിട്ടും, ഗിരിശരവർഗ്ഗ്യാം ച - നാല്പത്തിഒമ്പത് ആയിട്ടും, ഇരുപത്തിഅഞ്ചായിട്ടും, കലശൈഃ - കലശങ്ങളെക്കൊണ്ടു, സദ്രവ്യകൈഃ തത്പ്രഭേദാഃ നവ - ദ്രവ്യന്യാസഭേദങ്ങളോടുകൂടി ഉത്തമോത്തമം തുടങ്ങി അധമാധമാന്തം ഒമ്പതു പ്രകാരം കലശങ്ങൾ ഭവിക്കും.

ഉത്തമോത്തമത്തെ പറയുന്നു:—

ത്രിംശത്സൂത്രയുതേ ഘടീശശശതേ ക്ഷേത്രേ വിധായാഖിലാ
വീഥീഃ പഞ്ചപുടാന്തരേഷ്ടകൃതികോഷ്ഠേഷ്വേഷു ഖണ്ഡേഷ്വഥ
ഏകൈകോപപദാന്വിതാനി രചയേന്മദ്ധ്യാംശകോണാനി ഷ-
ഡ്വിംശത്യാ കലശൈര്യുതാനി നവകാഢ്യാന്യന്തരാളാനി ച.
[ഫർന്ന

ഘടീശശതേ ത്രിംശത്സൂത്രയുതേ ക്ഷേത്രേ - അഞ്ഞൂററിന്ന കലശത്തിനുള്ള സൂത്രമിട്ടു ഇരുപത്തിഒമ്പതു പദങ്ങളോടുകൂടിയ ചതുരശ്രത്തിങ്കൽ, അഖിലാഃ പഞ്ചപുടാന്തരേ വീഥീഃ വിധായ - നാലുപുറത്തുനിന്നും അഞ്ചഞ്ചു പുടങ്ങൾ ഇടയിൽ വച്ചോരോ വീഥികളുണ്ടാക്കിയാൽ, അഷ്ടകൃതികോഷ്ഠേഷു ഏഷു ഖണ്ഡേഷു - ഇരുപത്തഞ്ചീതു പദങ്ങളോടുകൂടിയ ബ്രാഹ്മം ദൈവികം മാനുഷം ഈ സ്ഥാനങ്ങളിൽ ഖണ്ഡങ്ങൾ ഉണ്ടായിരിക്കുന്നതിൽ, അഥ മദ്ധ്യാംശകോണാനി ഏകൈകോപപദാന്വിതാനി ഷഡ്വിംശത്യാ കലശൈര്യുതാനി രചയേത് - പിന്നെ മാനുഷത്തിലെ കോണുകൾ നാലിലും പുറത്തെ കോണിൽ ഓരോ പദങ്ങൾ കൂടെ വേറെ ഉണ്ടാക്കി യോജിപ്പിച്ച് ഇരുപത്താറു കലശങ്ങളെക്കൊണ്ടു കൂട്ടംവണ്ണം ഉണ്ടാക്കൂ. അന്തരാളാനി നവകാഢ്യാനി ച - കിഴക്കുഭാഗത്ത് ദിക്കിന്റെ വടക്കെ പാർശ്വന്യസ്ഥാനത്തു തുടങ്ങിയുള്ള അന്തരാളങ്ങൾ എട്ടും പുറത്തെ വരിയിലെ പതിനാറു പദങ്ങളെ മുററത്ത് വീഥിയിൽ കൂട്ടി നവകലശത്തെ വയ്ക്കുമാറ്

ഉണ്ടാക്കൂ. ഇവിടെ ബ്രഹ്മസ്ഥാനത്തും ദൈവികത്തിങ്കലെ ദിക്കോണുകളിലും മാനുഷത്തിങ്കലെ ദിക്കുകളിലും ഇരുപത്തഞ്ചീതു കലശങ്ങൾ വരും. ഇങ്ങനെ ഉത്തമോത്തമം ആയിരത്തൂററിരുന്ന കലശത്തിന്റെ പത്മം.

ഉപന്യാസത്തെ പറയുന്നു—

ബ്രാഹ്മേ ദൈവികദിഗ്വിദിക്ഷ്വപി തഥാ ഗവ്യാജ്യദുഗ്ദ്ധം ദധി
ക്ഷൌദ്രം തൈലഗുളേക്ഷുതീർത്ഥസലിലം ചാപൂരയേന്മൂലതഃ
തത്ത്വോപാഘടാഷ്ടകാന്യുദിതക്ലൃപ്ത്യാ രത്നകാദ്യഷ്ടകേ-
ഷ്വേകൈകദ്രവിണേന ശുദ്ധസലിലൈഃ ശേഷാനലിത്ര്യന്തി-
[മാൻ. ൫൪ ൧

